# ഞാൻ സ്ത്രീയാണ്;  വെറും പെണ്ണല്ല

*മഹേശ്വരി അനന്തകൃഷ്ണൻ*
*മാന്നാർ സി.ഡി.എസ്.*

അന്നു ഞാനാരാ, ഇന്നു ഞാനാര്
ബന്ധനത്തിൽ നോവറിയും
വിവേചനത്തിൻ കയ്പറിയും
തിരിച്ചറിവിൻ മാധുര്യമൂറും
പെൺമകളെ ചൊല്ലൂ
ഞാൻ മഹേശ്വരി, മാന്നാറിൽ പ്രിയപുത്രി.
    കൃത്യമായ് ചൊല്ലിയാൽ
    ആറാണ്ടുകൾക്കു മുമ്പ്
    കരിയോടും ചെളിയോടും മല്ലിട്ട്
    ഓടുരുക്കും ചൂളകൾക്കും
    കരിചാക്കുകൾക്കും അടുക്കളയ്ക്കും
    ഇടയിൽ, ഓടിനടന്നിരുന്ന
    വെറും പെണ്ണായിരുന്നു ഞാൻ
ഇന്നു ഞാൻ
കുടുംബശ്രീയാം അമ്മതൻ
പൊൻകൈ പിടിച്ച്, പിച്ചവെച്ച്
മാന്നാർ പഞ്ചായത്തേഴാം വാർഡിൽ
അജയ്യാ കുടുംബശ്രീതൻ സെക്രട്ടറിയായി
മൂന്നാം മാസത്തിൽ കുടുംബശ്രീ സംരംഭകയായി
കവറിൽ നിന്നും ഹാൻഡ് ബാഗിലെത്തി
മൂന്നാമാണ്ടിൽ സ്ത്രീപദവിപഠനത്തിൽ ഡി.ആർ.പി.യായി
ജെൻഡർ കോർ ടീം മെമ്പറായി
ക്ലാസ്സുകൾ നയിക്കുന്ന റിസോഴ്സ് പേഴ്സണായി
എഴുത്തുകാരിയായി പ്രാസംഗികയായി
അക്ഷരങ്ങളിൽ നിന്നും കമ്പ്യൂട്ടറിലേക്കെത്തി
ഞങ്ങൾക്കുണ്ടായി വെബ് പോർട്ടൽ
ഞങ്ങൾതൻ, സ്ത്രീ തൻ ശക്തിയാം
ശ്രീശക്തി പോർട്ടൽ
ഞങ്ങൾതൻ അഭിപ്രായങ്ങൾ
ആശയങ്ങൾ, അവകാശങ്ങൾ
നിഷേധങ്ങൾ, അതിക്രമങ്ങൾ
ഞങ്ങൾ അനുഭവിക്കും പീഡനങ്ങൾ
ലോകത്തിൻ ശ്രദ്ധയിൽപ്പെടുത്താൻ
അരുതുകളിൽ നിന്നും വിലക്കുകളിൽ
നിന്നും പൊരുതിനേടാൻ, കരകയറാൻ
ഞങ്ങൾക്കുണ്ടായി വെബ് പോർട്ടൽ
    തീർന്നില്ല, തീർന്നില്ല
    അഞ്ചാമാണ്ടിൽ അമൃതം കൺസോർഷ്യ
    സംസ്ഥാന ഭാരവാഹിയായ്
എന്നിട്ടോ ?
നിനക്കീ പദവി തരില്ല എന്നു പറഞ്ഞ
സമുദായ നേതൃത്വത്തിനോടാഞ്ഞടിച്ച്

എന്തുകൊണ്ടെനിക്കീ പദവി തരില്ലെന്നു
ചോദിച്ചുകൊണ്ട്, പിടിച്ചുവാങ്ങിച്ചുകൊണ്ട്.
ഞങ്ങൾ വിശ്വജ്ഞരാം വിശ്വകർമ്മജർതൻ
സമുദായസംഘടനതൻ തലപ്പത്തെത്തി
പിന്നാലെയെത്തി പുരുഷാധിപത്യം
പറ്റില്ല, നിന്നെയിരുത്തില്ലെന്നായ് ഗർജ്ജിച്ചു
നേതൃനിരകൾക്ക് പരാതിതൻ പ്രവാഹമായ്
ഇവളെ നേതാവായ് അംഗീകരിക്കില്ല ഞങ്ങൾ
കാരണമെന്തെന്നു തിരക്കി നേതാക്കൾ
അപ്പോൾ പുറത്തായ് പുരുഷാധിപത്യത്തിൻ പുറംപൂച്ച്
അവർതൻ മറുപടി കേട്ടോളൂ
ഇവൾ, സംസാരിക്കും വേദികളിൽ
ആരെയും വിമർശിക്കും
സമുദായ നടപടികൾ ചോദ്യം ചെയ്യും
അപ്പോൾ ഞാൻ ചോദിച്ചു
പിന്നെന്താണ് വിശ്വകർമ്മ സമുദായത്തിലെ സ്ത്രീ ശാക്തീകരണം.
മിണ്ടുന്ന പെണ്ണ് കൊള്ളില്ലെന്നു പറയുന്നവരെ
നിങ്ങൾ നേർക്കുനേർ നിന്ന്
വാക്കാലെന്നെ തോൽപ്പിച്ചാൽ
ഒഴിയാം ഞാനീസ്ഥാനം
കാരണം കുടുംബശ്രീ ശാക്തീകരിച്ച
സ്ത്രീയാണുഞാൻ, വെറും പെണ്ണല്ല!
കുടുംബശ്രീ പകർന്നുതന്ന അറിവുള്ള
തിരിച്ചറിവ് ആയുധമാക്കിയ
ആത്മവിശ്വാസമുള്ള അഭിമാനമുള്ള
എന്റെ ഇടം ചോദിച്ചുവാങ്ങുവാൻ തന്റേടമുള്ള
പദവി നിലനിർത്തുവാൻ പ്രാപ്തിയുള്ള
അവസ്ഥയല്ല പദവിയെന്നു തിരിച്ചറിഞ്ഞ
നല്ല അമ്മയായ, കുടുംബിനിയായ
കുടുംബശ്രീ നട്ടുവളർത്തിയ സ്ത്രീയാണുഞാൻ
വെറും പെണ്ണല്ല ഓർത്തോളൂ

പിന്നെന്തൊക്കെ തന്നു ചൊല്ലൂ
ചൊല്ലാം ചൊല്ലാം കേട്ടോളൂ
കുടുംബശ്രീ തന്ന ബിരുദങ്ങളിൽ നിന്നും
സാധാരണ സ്ത്രീയോടിടപെടാനുള്ള ഇടം കണ്ടെത്തി
സ്ത്രീകളിൽ നിന്നും പാഠം ഉൾക്കൊണ്ട്
അടുക്കളയിൽ നിന്നും അരങ്ങത്തെത്തി
മൗനസാന്നിദ്ധ്യമല്ല, ഇടപെടുന്ന സാന്നിദ്ധ്യമായ്
തെറ്റിൻ നേരേ വിരൽ ചൂണ്ടി
പൊതുവേദിയിൽ, സ്ത്രീതൻ ശാക്തീകരണത്തെ
സെക്കന്റുകളുടെ പുരുഷവികാരശമനത്തിനുള്ള
ഉപകരണമായ് തരംതാഴ്ത്തിയ വേളയിൽ
ശരിയായ് ചൊല്ലാം കേട്ടോളൂ,
കുടുംബശ്രീതൻ വിജയാനുഭവ സംഗമവേദിയിൽ
ഒരുകൂട്ടം പുരുഷന്മാർ കൂടിച്ചേർന്ന്

അതിലൊരാൾ എന്നോടു ചൊല്ലീ കൂടുതൽ ചൊല്ലേണ്ട നീ കാരണം
അഞ്ചുനിമിഷം പുരുഷൻ ശാക്തീകരിച്ചാൽ
പെണ്ണേ നീ ശാക്തീകരിച്ചെണ്ണിക്കാൻ
പത്തുമാസം വേണ്ടിവരും.

അതുകേൾക്കെ എന്നിലെ സ്ത്രീത്വം ചൊല്ലി
ഹേ അധമനാം വിഡ്ഢി കുശ്മാണ്ഠമേ
ദൈവത്തിൻ സൃഷ്ടിയിൽ
കൊടുക്കാനുള്ള അവയവം നിനക്ക് തന്ന
പ്രകൃതി, സ്വീകരിച്ച് ഉരുവാക്കി സൃഷ്ടി
പൂർത്തീകരണത്തിൻ മഹനീയ കർത്തവ്യം
ഏല്പിച്ചു പ്രകൃതി ഞങ്ങളിൽ
ഓർത്തോളൂ നിങ്ങൾ ജാഗരൂഗരായ്
കാരണം നിങ്ങൾ വികാരശമനത്തിനു മാത്രമാം
കാണും ഉപകരണമല്ല ഞങ്ങൾ
പണ്ട് നിൻ കാൽചുവട്ടിൽ പുഴുവായ്
ചവിട്ടിയരയ്ക്കപ്പെട്ടിട്ടുണ്ടാകാം
എന്നാൽ ഇന്നു നീ ചവിട്ടാനോങ്ങും
കാൽ ഞങ്ങൾ നേരേ ഉയരും മുമ്പ്
പ്രതികരിച്ചിരിക്കും ഞങ്ങൾ ഏതു രീതിയിലും
കാരണം കുടുംബശ്രീ വളർത്തിയ സ്ത്രീകളാണ് ഞങ്ങൾ
ഞങ്ങൾ വെറും പെണ്ണുങ്ങളല്ല.

യാത്രകൾ യാത്രകൾ എന്തെന്തു യാത്രകൾ
അന്ന് പത്തു കിലോമീറ്റർ തനിച്ച്
യാത്രചെയ്യാൻ ഭയന്നിരുന്ന ഞാൻ
ഇന്നു യാത്ര ചെയ്യുന്നതോ പതിനാലു ജില്ലകളിലും

കൂട്ടുകാർ കൂട്ടുകാർ എണ്ണിയാൽ തീരാത്തവർ
എവിടെ കുടുംബശ്രീയുണ്ടോ അവിടെല്ലാം കൂട്ടുകാർ
അവർ എൻ ശക്തി, ഊർജ്ജം, പ്രചോദനം
അവസരങ്ങൾ അവസരങ്ങൾ കുടുംബശ്രീ തന്ന അവസരങ്ങൾ
എണ്ണിയാലൊടുങ്ങില്ല, ചൊല്ലിയാൽ തീരില്ല
മടിച്ചു നിൽക്കല്ലേ സോദരിമാരേ
കുടുംബശ്രീയിൽ അണിചേരൂ

ഇത്രയും കുത്തിക്കുറിക്കാനുള്ള അറിവും
ആർജ്ജവവും എനിക്കു തന്ന കുടുംബശ്രീ
നിനക്ക് നൂറുകോടി പ്രണാമം.

പഠനത്തിന് പ്രായപരിധിയില്ലെന്ന്
എന്നെ മനസ്സിലാക്കിയ കുടുംബശ്രീ
നിനക്ക് നന്ദിതൻ പൂച്ചെണ്ടുകൾ

ഈ നാൽപ്പതാം വയസ്സിലും ഞാൻ
പഠിച്ചുകൊണ്ടിരിക്കുന്നു സോഷ്യൽ

വർക്കിൽ ഡിഗ്രി അതിനുള്ള
ഊർജ്ജം തന്നത് അമ്മേ നീയാണ് നീയാണ്.

നിനക്ക് പ്രണാമം, പ്രണാമം, പ്രണാമം.

**അന്ന്**
മഹേശ്വരി അനന്തകൃഷ്ണൻ
അനന്തകൃഷ്ണന്റെ ഭാര്യ
വീട്ടമ്മ

**ഇന്ന്**
മഹേശ്വരി അനന്തകൃഷ്ണൻ
1. അമൃത കുടുംബശ്രീ സെക്രട്ടറി
2. അമൃതം കൺസോർഷ്യം സംസ്ഥാന എക്സ്. മെമ്പർ
3. ജെൻഡർ കോർ ടീം മെമ്പർ
4. ജില്ലാ റിസോഴ്സ് പേഴ്സൺ
5. വി. എസ്. എസ്. സംസ്ഥാന മെമ്പർ
6. ഗായത്രി കോ-ഓർഡിനേറ്റർ

**എന്നെ ഞാൻ ആക്കിയ കുടുംബശ്രീ**

***ലിസമ്മ സ്കറിയ***

***ബ്ലോക്ക് മെമ്പർ, രാമങ്കരി***

എന്റെ പേര് ലിസമ്മ സ്കറിയ. രാമങ്കരി പഞ്ചായത്തിലെ 1-ാം വാർഡായ മണലാടിയിലെ താമസക്കാരിയാണ്. മങ്കൊമ്പിൽ നിന്നാണ് ഞാൻ വിവാഹിതയായി ഇവിടെ എത്തിയത്. ഗൾഫുകാരനായിരുന്നു ഭർത്താവ്. ആദ്യകാലങ്ങളിൽ വളരെ സന്തോഷകരമായിരുന്നു ജീവിതം. എന്നാൽ പിന്നീട് അദ്ദേഹം ഗൾഫിലേക്ക് തിരികെ പോയില്ല. അതിനിടയിൽ രണ്ട് കുഞ്ഞുങ്ങളുമായി ജീവിതം വളരെ ദുസ്സഹമായി. ഭർത്താവിന് കൃത്യമായി ജോലിയില്ലാത്തതിനാൽ ഞങ്ങൾ ശരിക്കും വിഷമിച്ചു. എന്റെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സഹായം കൊണ്ട് ഞങ്ങൾ ഒരുവിധത്തിൽ കഴിഞ്ഞു.

ഈ സാഹചര്യത്തിലാണ് ഞാൻ കുടുംബശ്രീയെ കുറിച്ച് അറിഞ്ഞത്. അതുവരെ ഒരു കാര്യത്തിനും പുറത്തോട്ടു വിടാതെ കൂട്ടിൽ അടച്ച പക്ഷിയെ പോലെ വിങ്ങിപ്പൊട്ടി കഴിഞ്ഞ എനിക്ക് ആശ്വാസത്തിന്റെ കിരണങ്ങൾ കാട്ടിത്തന്നത് അന്നത്തെ എന്റെ വാർഡ് എ.ഡി.എസ്. ആണ്. സാമ്പത്തിക ബുദ്ധിമുട്ടും സാമൂഹിക പ്രവർത്തനവാഞ്ചയും എന്നെ കുടുംബശ്രീയിലേക്ക് വരാൻ പ്രേരിപ്പിച്ച മുഖ്യ ഘടകം ആണ്.

എന്റെ സമാന ചിന്താഗതിക്കാരായ വനിതകളോടുകൂടി ഉത്സാഹപൂർവ്വം പ്രവർത്തിച്ച ഞാൻ അവരെ മനസ്സിലാക്കിയപ്പോൾ എനിക്ക് ഞാൻ അറിയാതെ തന്നെ ഒരു ഉൾവിളി ഉണ്ടായി. അങ്ങനെയാണ് ഞാൻ എന്റെ വാർഡിന്റെ എ.ഡി.എസ്. ആവുന്നത്. 6 അയൽക്കൂട്ടമായി എന്നെ ഏൽപിച്ച എന്റെ വാർഡിൽ 11 അയൽക്കൂട്ടം ഉണ്ടാക്കുവാൻ എനിക്കു സാധിച്ചു. അന്ന് യാതൊരു പ്രതിഫലവും കിട്ടാതെ നടന്നു പ്രവർത്തിച്ചു. എ.ഡി.എസ്. അതായത് ഇപ്പോഴത്തെ ചെയർപേഴ്സൺ ഉൾപ്പടെ ഉള്ള ഞങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനം ആണ് ഇന്ന് നല്ല രീതിയിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന നമ്മുടെ കുടുംബശ്രീ.

അന്നത്തെ ഞങ്ങളുടെ ഗ്രാമസേവികയുടെ സേവനം ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. പുറത്തേയ്ക്ക് ഇറങ്ങുവാൻ അറിയാത്ത, ഒരു ബാങ്കിൽ പോയി കാര്യങ്ങൾ സാധിക്കാൻ പോലും, അങ്ങേയറ്റം ഒരാളോട് കാര്യങ്ങൾ തന്റേടത്തോടുകൂടി സംസാരിക്കുവാൻ പോലും സാധിക്കാത്ത എനിക്ക് കുടുംബശ്രീയുടെ പ്രവർത്തനത്തിൽ കൂടി അതെല്ലാം നേടിയെടുക്കുവാനായി സാധിച്ചു. കുടുംബശ്രീയിൽ പ്രവർത്തിക്കുവാൻ ഇറങ്ങിയതിനുശേഷം എന്തെങ്കിലും ചെറിയ തൊഴിൽ ചെയ്യണമെന്ന് എനിക്കു തോന്നി. അങ്ങനെ അയൽക്കൂട്ടത്തിൽ നിന്നും ലോണും എന്റെ സഹോദരങ്ങളുടെ സഹായവും ഉപയോഗിച്ച് ഞാൻ പാൽ വാങ്ങി, തൈര് ഉണ്ടാക്കി കടകളിലും വീടുകളിലും വിൽക്കാൻ തുടങ്ങി. പിന്നീട് കുടുംബശ്രീ വഴി കല്യാണങ്ങൾ, കടകൾ എന്നിവയുമായി ബന്ധപ്പെട്ട് തൈര് നൽകാൻ തുടങ്ങി.

ഞങ്ങളുടെ ചാർജ്ജ് ഓഫീസറായ ഗ്രാമസേവിക ബ്ലോക്ക് തലത്തിൽ പി.എം.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ലോൺ തരപ്പെടുത്തി അതിലൂടെ ഞാൻ വളരെ നല്ല രീതിയിൽ കച്ചവടം നടത്തുവാൻ തുടങ്ങി. കുടുംബശ്രീയിൽ നിന്നും എനിക്ക് വളരെയധികം സഹായം ലഭിച്ചു. അന്യായ പലിശയ്ക്ക് പണം വാങ്ങിയ എനിക്ക് കുടുംബശ്രീയുടെ അയൽക്കൂട്ടത്തിൽ നിന്നും 1 രൂപ പലിശയ്ക്ക് 6–ാം മാസം വീതം ലോൺ നൽകി. വീണ്ടും വീണ്ടും ലോൺ അടയ്ക്കുന്ന ക്രമത്തിൽ എടുത്ത് എന്റെ കുട്ടികളുടെയും കുടുംബത്തിന്റെയും എന്റെ ബിസിനസ്സിന്റേയും കാര്യങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ എനിക്കു കഴിഞ്ഞു.

എന്റെ സഹോദരങ്ങൾ എന്റെ കാര്യത്തിന് തന്ന് സഹായിച്ചതല്ലാതെ എന്റെ ഭർത്താവിനോട് ഒന്നും തന്നെ എന്റെ ആവശ്യങ്ങൾക്ക് ചോദിക്കേണ്ടി വന്നിട്ടില്ല. ഈ സാഹചര്യത്തിൽ ലോൺ കൃത്യമായി തിരിച്ചടയ്ക്കുന്നത് കണ്ടപ്പോൾ മാനേജർ എന്റെ കുട്ടിയ്ക്ക് പഠിക്കുവാൻ ലോൺ തന്നു. അങ്ങനെ എന്റെ ചെറിയ വരുമാനവും ലോണുമായി മകൾ പഠിച്ചു. കുടുംബശ്രീയുടെ പ്രവർത്തനത്തിൽ ഞാൻ വളരെയേറെ മുൻകൈ എടുത്തത് ഞാൻ വളരെ അഭിമാനത്തോടുകൂടിയും എടുത്തുപറയുകയാണ്. അങ്ങനെയിരിക്കെ കുടുംബശ്രീ വഴി ഞങ്ങൾ 4 പേർ ചേർന്ന് ഒരു ഹോട്ടൽ ഇട്ടു. ഏകദേശം 4 വർഷക്കാലവും ആ ഹോട്ടൽ നല്ല രീതിയിൽ പ്രവർത്തിച്ചു. നല്ല, മായം ചേരാത്ത ഭക്ഷണവും സ്നേഹമായ പെരുമാറ്റവും കൊണ്ട് മനുഷ്യഹൃദയങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലാനും കഴിഞ്ഞു. അങ്ങനെയിരിക്കെ പഞ്ചായത്തിലെ ഓരോ അംഗത്തേയും പരിചയപ്പെട്ട എനിക്ക് എന്റെ കുടുംബശ്രീ പ്രസ്ഥാനത്തിൽ നിന്നു തന്നെ ഉയർന്നുവരുവാൻ ഒരു നല്ല അവസരം ലഭിച്ചു.

ബ്ലോക്കു പഞ്ചായത്തിന്റെ രാമങ്കരി ഡിവിഷനിൽ മത്സരിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. എന്റെ കുടുംബശ്രീയുടെ അംഗങ്ങൾ എന്നെ നല്ല രീതിയിൽ സഹായിച്ചു. എനിക്ക് ഇന്ന് ഒരു അഭിമാനിക്കത്തക്ക നിലയിൽ എത്തുവാൻ ഇടമായി. ഇതിനിടയിൽ ഞാൻ ഒന്നു പറയട്ടെ, ജീവിതം അവസാനിപ്പിക്കുവാൻ ഒരുങ്ങിയ കാലങ്ങൾ ഒന്നും തന്നെ ഓർക്കുവാൻ പോലും കഴിയുന്നില്ല.

രണ്ട് മക്കളെ ഓർത്ത് കൈയിൽ തൂക്കിയ സഞ്ചിയുമായി യാതൊരു നാണക്കേടും കൂടാതെ ഓരോ കടയിലും അന്നന്നത്തെ അപ്പത്തിനു വേണ്ടി എന്നെ നടക്കുവാൻ പ്രേരിപ്പിച്ചത് എന്റെ കുടുംബശ്രീ ആണ്. ഈ മെംബർ സ്ഥാനത്തു നിന്നുകൊണ്ട് ഞാൻ പറയട്ടെ, ചെറിയ ഒരു വീടു വയ്ക്കുവാനും മകളുടെ വിവാഹം നടത്താനും എനിക്ക് സാധിച്ചത് കുടുംബശ്രീയുടെ സഹായം കൊണ്ടാണ്. എന്റെ കുടുംബശ്രീയോട് മരണം വരെ കടപ്പെട്ടിരിക്കും. ഇപ്പോഴും ഞങ്ങളുടെ കുടുംബശ്രീ വീട്ടുമുറ്റത്തെ ഒരു ബാങ്ക് ആയിട്ട് പ്രവർത്തിക്കുന്നു. മരണം വരെ ഇതിൽ തന്നെ.

***

**കുടുംബശ്രീ സാമൂഹിക അസമത്വത്തിനെതിരെ**

***പാണ്ടനാട് ഗ്രാമപഞ്ചായത്ത്,***

***കുടുംബശ്രീ സി.ഡി.എസ്***

സ്ത്രീ അബലയാണ്. അവൾ കുടുംബത്തിന്റെയും ഭർത്താവിന്റെയും കാര്യങ്ങൾ മാത്രം ശ്രദ്ധിച്ച് വീട്ടിൽ കഴിയേണ്ടവരാണ്. അവർക്ക് സമൂഹത്തിനു വേണ്ടി മറ്റൊന്നും ചെയ്യാനില്ല. അഥവാ അങ്ങനെയുള്ള കാര്യങ്ങൾ ഏൽപ്പിച്ചാൽ വിജയിക്കുക ഒട്ടകത്തെ സൂചിക്കുഴലിലൂടെ കടത്തുന്നതിനു തുല്യമാണെന്നും കരുതുന്ന ഒരു ഇടുങ്ങിയ ചിന്താഗതിയുള്ള സമൂഹത്തിൽ സ്ത്രീ ഇന്ന് വളർച്ചയുടെ പടവുകൾ കയറുന്നതിൽ പുരുഷനോടൊപ്പം എത്തിയിരിക്കുന്നു. നമ്മുടെ സമൂഹത്തിന്റെ നിലനിന്ന

വേദകാലഘട്ടത്തിൽ സ്ത്രീയ്ക്കും പുരുഷനും ഒരേ സ്ഥാനമുണ്ടായിരുന്നത്. സ്ത്രീയും പുരുഷനും വേദം പഠിക്കുന്നതിനുള്ള സാഹചര്യമുണ്ടായിരുന്നു. ഭരണരംഗത്തും സ്ത്രീസാന്നിധ്യം ഉണ്ടായിരുന്നു. ഝാൻസിറാണിയെപ്പോലെ ധീരയായ വനിതകൾ നമ്മുടെ സമൂഹത്തിൽ ജീവിച്ചിരുന്നു എന്ന കാര്യം പലപ്പോഴും വിസ്മരിക്കപ്പെട്ടു പോകുന്നു.

തൊഴിൽ മേഖലയിൽ കൂലിയുടെ കാര്യത്തിലും തൊഴിലിൽ സ്ത്രീപുരുഷ വ്യത്യാസം ഉണ്ടായിരുന്നത് ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ കാർഷിക മേഖലയിലെ ഏറ്റവും വലിയ പ്രശ്നമായിരുന്നു യഥാസമയം തേങ്ങയുടെ വിളവെടുപ്പ് നടത്താൻ കഴിയാതിരുന്നത്. എന്നാൽ സ്ത്രീകൾ പുരുഷാധിപത്യം മാത്രം നിലനിന്നിന്ന മേഖലയിലേക്ക് ചുവടുറപ്പിച്ചത്. ആദ്യം തെല്ലൊരു അതിശയത്തോടെയും പു:ഛത്തോടെയും നോക്കിയവർ ഇന്ന് ജോലിയിലുള്ള അവരുടെ ആത്മാർത്ഥതയും ആത്മവിശ്വാസവും കണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നു. ജോലിസ്ഥലങ്ങളിലും വാഹനയാത്രകളിലും അശ്ലീലസംസാരങ്ങൾ എന്നിവ സ്ത്രീയ്ക്ക് നേരിടേണ്ടിവരുന്ന സാഹചര്യം കുറവല്ല. എന്നാൽ മുള്ളു വന്നു ഇലയിൽ വീണാലും ഇല വന്നു മുള്ളിൽ വീണാലും കേട് ഇലയ്ക്കു മാത്രം എന്നതാണ് നമ്മുടെ സമൂഹത്തിന്റെ തത്വചിന്ത. ആരെങ്കിലും അത്തരം ദുരനുഭവങ്ങളിൽ പ്രതികരിച്ചാൽ (സ്ത്രീകൾ ഉൾപ്പെടുന്ന) പൊതുസമൂഹം കുറ്റപ്പെടുത്തുന്നത് പുരുഷനെയല്ല, മറിച്ച് സ്ത്രീയെയാണ്. എന്നാൽ സ്ത്രീയും നിയമവും എന്ന പരിപാടിയിലൂടെ നമ്മുടെ നിയമവ്യവസ്ഥ സ്ത്രീകൾക്കു നൽകുന്ന സംരക്ഷണവും നിയമസഹായങ്ങളും മനസ്സിലാക്കിയ സ്ത്രീകൾ തങ്ങൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നിയമത്തിന്റെ സഹായത്തോടെ നേരിടുന്നതിനു പ്രാപ്തരായിരിക്കുന്നു.

ഗാർഹിക പീഡനത്തെ ചൊല്ലിയുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്കെതിരെ പോലീസ് സ്റ്റേഷനിൽ നേരിട്ടു പോയി പരാതി നൽകുന്നതിനും നിയമം തനിക്ക് അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനും സ്ത്രീ ഇന്നു പ്രാപ്തയായിരിക്കുന്നു. ഇന്ത്യൻ വംശജയായ സുനിത വില്യംസ് ബഹിരാകാശനിലയത്തിൽ ഏറ്റവും കൂടുതൽ സമയം ചെലവഴിച്ച വ്യക്തി എന്ന വാർത്ത നാം അബിമാനത്തോടെയാണ് വായിക്കുന്നത്. ഒരു പക്ഷേ നമ്മുടെ ശരീരം രോമാഞ്ചം കൊള്ളുന്നുണ്ടാകും. എന്നാൽ സ്വന്തം വീട്ടിൽ കഴിയുന്ന സ്ത്രീയുടെ കഴിവുകളെ തിരിച്ചറിഞ്ഞ് തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിക്കാനുള്ള മനസ്സ് നമ്മുടെ സമൂഹത്തിനില്ല. എന്തിന് ഏറെ പറയുന്നു, ഒരു നല്ല ഭക്ഷണം പാകം

ചെയ്താൽ, നന്നായിരുന്നു എന്നു പറയുന്ന സാമാന്യ മര്യാദപോലും നമുക്കില്ല. പാചകരംഗത്ത് കേറ്ററിംഗ് യൂണിറ്റുകൾ തുടങ്ങി തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളെ നമുക്ക് ഇന്നു കാണാൻ കഴിയും. അവരുടെ രുചിക്കൂട്ടുകൾ ഇന്ന് സമൂഹത്തിന് ഏറെ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു.

ഏറിയ ശതമാനം സ്ത്രീകളും വിവാഹത്തിനു മുമ്പ് അവർ ഏർപ്പെട്ടിരുന്ന തൊഴിൽമേഖലയിൽ നിന്നും കലാരംഗത്തു നിന്നും മാറി വിവാഹശേഷം കുടുംബത്തിനുള്ളിലേയ്ക്ക് ഉൾവലിയുന്നത് കാണാൻ കഴിയുന്നത്. എന്നാൽ കുടുംബശ്രീയുടെ വരവിലൂടെ സ്ത്രീകളെ അവരുടെ കഴിവുകൾക്കനുസരിച്ച് പുതുജീവൻ നൽകുകയാണ് ചെയ്തത്. സ്ത്രീ അബലയല്ല, സ്ത്രീ ശക്തിയാണ് എന്ന് സമൂഹത്തെ അറിയിക്കുകയാണ് കുടുംബശ്രീ പ്രവർത്തനം.

***

**എന്റെ ജീവിതയാത്ര**

ഒരു നിർദ്ധന കുടുംബത്തിലെ 4 പെൺകുട്ടികളിൽ മൂത്ത കുട്ടിയായിരുന്നു ഞാൻ. വളരെ ചെറുപ്പത്തിലേ അച്ഛൻ മരിച്ചുപോയ എനിക്ക് വിദ്യാഭ്യാസം 8–ാം ക്ലാസ്സിൽ അവസാനിപ്പിക്കേണ്ടി വന്നു. അമ്മ പാടത്തുപോയി പണിയെടുത്തും മറ്റ് വീടുകളിൽ പോയി വേല ചെയ്തുമാണ് ഞങ്ങളെ വളർത്തിയത്.

പഠിത്തം നിർത്തിയതോടെ ഞാനും അമ്മയ്ക്കൊപ്പം വീട്ടുജോലിക്ക് പോയിത്തുടങ്ങി. കിട്ടുന്ന ചെറിയ വരുമാനവും വേലയ്ക്കു നിൽക്കുന്ന വീട്ടിലെ

ഭക്ഷണവും കൊണ്ട് ഞാനും അമ്മയും അനിയത്തിമാരും പട്ടിണിയില്ലാതെ കഴിഞ്ഞുപോന്നു. എന്റെ അനിയത്തിമാരും 10–ാം ക്ലാസ്സിൽ പഠനം നിർത്തി.

മുപ്പതു വയസ്സായിട്ടും എന്റെ കല്യാണം കഴിഞ്ഞില്ല. കല്യാണം ആലോചിച്ച് വരുന്ന എനിക്ക് കൊടുക്കാൻ സ്ത്രീധനം ഇല്ലാതിരുന്നതായിരുന്നു കാരണം. അങ്ങനെയിരിക്കെ 30 വയസ്സു കഴിഞ്ഞവർക്ക് സാധാരണ വരുന്നതുപോലെ ഒരു കല്യാണ ആലോചന എന്നെയും തേടിയെത്തി. ഒരു മൂന്നാം കെട്ടുകാരൻ. വയസ്സ് 45. അനിയത്തിമാരെ ഓർത്ത് ഞാൻ സമ്മതിച്ചു. ആ മനുഷ്യന്റെ മൂന്നാം ഭാര്യയായിരുന്നു ഞാൻ. അയാൾക്ക് രണ്ടാമത്തെ കല്യാണത്തിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളെ കല്യാണം കഴിപ്പിച്ച് അയയ്ക്കേണ്ടത് എന്റെ ഉത്തരവാദിത്വമായി മാറി. കല്യാണപ്രായമായ പെൺകുട്ടി, അച്ഛൻ കല്യാണം കഴിച്ചുകൊണ്ടുവന്ന എന്നോട് ഒരു ശത്രുവിനെപ്പോലെ പെരുമാറി.

ഒരു വർഷം കഴിഞ്ഞപ്പോൾ ഞാനെന്റെ മൂത്ത മകനെ പ്രസവിച്ചു. അതിനുശേഷം ഭർത്താവിന്റെ സ്വഭാവത്തിൽ മാറ്റം വന്നു. നന്നായി മദ്യപിക്കുവാൻ തുടങ്ങി. ഭർത്താവും മകളും എന്നോടും മകനോടും ക്രൂരമായി പെരുമാറാൻ തുടങ്ങി. എന്നെ അടിക്കുകയും ചീത്തപറയുകയും രാത്രി വീടിനു പുറത്തിറക്കി നിർത്തുകയും പതിവായി.

താമസിക്കുന്ന വീടും പറമ്പും വിറ്റ് അദ്ദേഹം മകളെ കല്യാണം കഴിപ്പിച്ചു. ബാക്കി തുക കൊണ്ട് 2 സെന്റ് സ്ഥലം വാങ്ങി ഒരു ചെറിയ വീട് വച്ചു. അടിയും വഴക്കും നിത്യസംഭവമായപ്പോൾ ഞാൻ മകനെ എന്റെ അടുത്താക്കി. രണ്ടാമത്തെ അനിയത്തി ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ കൂടെ താമസമാക്കി. പിന്നീട് അവളെ അയാൾ വിവാഹം ചെയ്തു. 2 വർഷത്തിനു ശേഷം ഞാൻ രണ്ടാമത്തെ മകനു ജന്മം നൽകി. അതോടെ ഞാൻ ഭർത്താവിന്റെ ശത്രുവായി മാറി. മഴ, മഞ്ഞ് എന്നിവ വകവയ്ക്കാതെ അയാൾ എന്നെയും മകനെയും രാത്രിയിൽ വീടിനു പുറത്താക്കി കതക് അടയ്ക്കും. അങ്ങനെ അയാളുടെ ആട്ടും തുപ്പും ചവിട്ടുമേറ്റ് ഞാൻ എന്റെ മകനെ വളർത്തി. പത്താം ക്ലാസ്സ് നല്ല മാർക്കോടെ രണ്ടാമൻ പാസ്സായി. എന്നാൽ മൂത്ത മകൻ എട്ടാം ക്ലാസ്സിൽ പഠനം ഉപേക്ഷിച്ച് എന്റെ അടുത്തേയ്ക്ക് മടങ്ങിവന്നു. 15 വയസ്സു മുതൽ മൂത്ത മകൻ പണിക്കു പോകാൻ തുടങ്ങി. അവന്റെ കൂലിയും ഭർത്താവ് കുടിച്ചുകഴിഞ്ഞ് മിച്ചം തരുന്ന തുകയും ആക്കിക്കഴിച്ച് ഞാൻ കുടുംബം ഒരു വിധത്തിൽ ഉന്തി തള്ളി മുന്നോട്ടു കൊണ്ടുപോയി. അങ്ങനെയിരിക്കെയാണ് കുടുംബശ്രീയെക്കുറിച്ച് ഞാൻ അറിഞ്ഞത്. അതിൽ പ്രവർത്തിക്കുന്നവർക്ക് ബാങ്ക് ലോൺ ലഭിക്കും എന്നറിഞ്ഞ ഞാൻ എന്റെ

അടുത്തുള്ള കുടുംബശ്രീയിൽ അംഗമായി. ആദ്യമൊക്കെ വായ്പ തരാൻ കുടുംബശ്രീ അംഗങ്ങൾക്ക് മടിയായിരുന്നു. എടുക്കുന്ന വായ്പ ഞാൻ കൃത്യമായി അടയ്ക്കാൻ തുടങ്ങിയതോടെ അവർ എന്റെ ആവശ്യം അനുസരിച്ച് കൂടുതൽ വായ്പ തരാൻ തുടങ്ങി. അഹ്ങനെ ഞാൻ ഭർത്താവറിയാതെ ഒരു മാലയും മോതിരവും വളയും വാങ്ങി. മാല കൊടുത്ത് മൂന്നാമത്തെ അനിയത്തിയെ വിവാഹം കഴിച്ചയച്ചു. രണ്ടാമത്തെ മകനെ നല്ല രീതിയിൽ പഠിപ്പിച്ചു. ഇപ്പോൾ അവന് ഒരു ജോലിയായി. മൂത്ത മകൻ വിവാഹം കഴിച്ചു. പറഞ്ഞിരുന്ന സ്വർണ്ണം പോലും കല്യാണത്തിന് പെൺകുട്ടിക്ക് കൊടുക്കാൻ അവളുടെ വീട്ടുകാർക്ക് കഴിഞ്ഞില്ല. ഞാൻ അനുഭവിച്ച കഷ്ടപ്പാടുകൾ നന്നായി അറിഞ്ഞ എന്റെ മകൻ യാതൊരു മടിയുമില്ലാതെ ആ കുട്ടിയെ വിവാഹം ചെയ്തു.

ഭർത്താവിന് ഇപ്പോൾ വാർദ്ധക്യസഹജമായ അസുഖങ്ങൾ ഉണ്ട്. പണിയെടുക്കുവാനും വയ്യ. മക്കൾ വലുതായി അച്ഛനെതിരെ തിരിയാൻ തുടങ്ങിയതോടെ എന്നെ ഉപദ്രവിക്കുന്നത് നിർത്തി. എന്നാലും മക്കൾ കേൾക്കാതെ ചീത്തവിളിക്കാറുണ്ട്.

എന്നാലും ഭൂമിയോളം ക്ഷമിച്ച്, ആ മനുഷ്യന്റെ കൂടെ ജീവിച്ച് രണ്ടാണ്മക്കളെയും വളർത്തി ഇതുവരെ എത്തിയില്ലേ? അതിന് എന്റെ കുടുംബശ്രീ എന്നെ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ എന്റെ അമ്മയെയും സുഖമില്ലാത്ത ഇളയ അനിയത്തിയെയും എന്റെ മക്കളാണ് സംരക്ഷിക്കുന്നത്. ഇപ്പോൾ ഞാൻ സംതൃപ്തയാണ്.

***

## രോഗിയായ ഡോക്ടർ

പത്താം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയും 6–ാം ക്ലാസ്സിൽ പഠിക്കുന്ന ഒരാൺകുട്ടിയും ഉള്ള ഒരമ്മയാണ് ഞാൻ. എന്റെ ഭർത്താവ് വിദേശത്താണ്. വീട്ടിൽ അമ്മായി അമ്മയും അമ്മായി അച്ഛനും ഉണ്ട്.

ഒരു വർഷം മുൻപ് എനിക്ക് കഠിനമായ ഒരു പനി വന്നതിനെ തുടർന്ന് ആലപ്പുഴയിലെ ഒരു ഡോക്ടറെ കാണാൻ പോയി. ആദ്യ ദിവസം എന്റെ നാത്തൂനെ കൂട്ടിയാണ് ഞാൻ പോയത്. അന്ന് എന്റെ വീട്ടുകാര്യങ്ങളെല്ലാം അദ്ദേഹം ചോദിച്ചു. ചോദ്യങ്ങൾക്കെല്ലാം ഉത്തരവും പറഞ്ഞു. പൊതുവേ ഗൗരവക്കാരനായ അദ്ദേഹം വളരെയേറെ സംസാരിച്ചു. എനിക്ക് പ്രത്യേകിച്ച് ഒരു കുഴപ്പവും തോന്നിയില്ല.

എന്റെ പനി കുറഞ്ഞു. എന്നാൽ ഒരു മാസം കഴിഞ്ഞ് വീണ്ടും വന്ന് കാണണമെന്ന് പറഞ്ഞതിനാൽ ഞാൻ എന്റെ നാത്തൂനെയും കൂട്ടിപ്പോയി.

അന്ന് എന്നെ കണ്ടയുടനെ, ആ വന്നല്ലോ എന്നൊരു ആഹ്ലാദസ്വരമാണ് ഞാൻ കേട്ടത്. അയാൾക്ക് ഭയങ്കര സന്തോഷഭാവം. എന്നോട് നാത്തൂൻപോര് ഉണ്ടോ എന്നും മറ്റുമുള്ള തമാശകൾ ചോദിച്ചു. അയാളുടെ പരിശോധന അതിരു കടന്നു. എന്നാൽ എന്റെ നാത്തൂന് അതു മനസ്സിലായില്ല.

ഡോക്ടറല്ലേ, പരിശോധിച്ചതാവും എന്നാണ് കരുതിയത്. എന്നാൽ അയാളുടെ പരിശോധനയിലെ കുഴപ്പം എനിക്ക് പെട്ടെന്നു മനസ്സിലായി. ഞാൻ ചാടി എഴുന്നേറ്റു. ഒരടി കൊടുക്കാനാണ് എനിക്കു തോന്നിയത്. എന്നാൽ ഒരു നിമിഷം ഞാൻ എന്നെക്കുറിച്ചും മക്കളെക്കുറിച്ചും ഭർത്താവിനെക്കുറിച്ചും എന്റെ കുടുംബത്തിന്റെ നിലയെക്കുറിച്ചും ചിന്തിച്ചു.

ഭർത്താവ് വിദേശത്തായി പോയി എന്നതു കൊണ്ടു മാത്രമാണ് കൂടെ നാത്തൂനെയും കൂട്ടിപ്പോയത്. വിദേശത്ത് ഭർത്താവുള്ള സ്ത്രീകളെല്ലാം ഒരുപോലെയാണ് എന്ന അബദ്ധ ധാരണ നമ്മുടെ ഇടയിൽ നിലനിൽക്കുന്നതുകൊണ്ടാണ് ഇങ്ങനെ ഒരു പെരുമാറ്റം ഒരു ഡോക്ടറുടെ ഭാഗത്തുനിന്നും എനിക്കുണ്ടായത്.

പുറത്തു കാത്തു നിൽക്കുന്ന ഒരു പറ്റം രോഗികൾ, അവരുടെ ബന്ധുക്കൾ, പത്രക്കാർ, ചാനലുകൾ, അവരുടെ ചോദ്യശരങ്ങൾ ഇവയൊക്കെ ചിന്തിച്ചുപോയ ഞാൻ ഡോക്ടറോടു മാത്രമായി – ഇനി മേലാൽ ആരോടും ഈ രീതിയിൽ താൻ പെരുമാററുത്. എന്നു മാത്രം പറഞ്ഞ് നാത്തൂനെയും കൂട്ടി പുറത്തിറങ്ങി പോന്നു.

ഈ വിവരങ്ങൾ എന്റെ ഭർത്താവിനോട് പറഞ്ഞു. നിനക്ക് അയാൾക്കിട്ട് കൊടുക്കാമായിരുന്നു എന്നാണ് ഭർത്താവ് എന്നോട് പറഞ്ഞത്.

ആ മറുപടി എനിക്ക് എന്തെന്നില്ലാത്ത ഒരു ശക്തി തന്നു. തല്ലിയില്ലെങ്കിലും വാക്കുകൾ കൊണ്ട് ഞാൻ കൊടുത്ത തല്ല് ആ ഡോക്ടറിന്റെ മനസ്സിലൊന്ന് കൊണ്ടുകാണണം. ഇനിയും ഒരു സ്ത്രീയുടെയും നേർക്ക് ഇങ്ങനെ അയാൾ പെരുമാറില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ഉണ്ടായാൽ എനിക്കു പകരം അന്ന് ആ സ്ത്രീ അയാൾക്ക് അർഹിക്കുന്നത് നൽകും. കാരണം കുടുംബശ്രീ നൽകുന്ന കരുത്ത് എല്ലാവർക്കും ഒരുപോലെയാണല്ലോ?

## കൂട്ടായ്മ നൽകിയ ആത്മവിശ്വാസം

ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ പ്രയാസപ്പെടുമ്പോഴാണ് കുടുംബശ്രീ പ്രസ്ഥാനം എന്റെ ജീവിതത്തിന്റെ വെളിച്ചമായി മാറിയതെന്നു പറയാൻ എനിക്കു മടിയില്ല. ഭർത്താവും രണ്ടു കുട്ടികളുമടങ്ങുന്നതാണ് എന്റെ കുടുംബം. ഹൈസ്ക്കൂൾ നിലവാരത്തിൽ പഠിക്കുന്ന എന്റെ കുട്ടികൾക്ക് പഠനച്ചിലവിനുപോലും തികയുന്നതായിരുന്നില്ല ആട്ടോ ഡ്രൈവറായ എന്റെ ഭർത്താവിന്റെ വരുമാനം. പോരാത്തതിന് നിത്യവും തൊഴിലും ഉണ്ടാവുമെന്നുറപ്പുമുണ്ടായിരുന്നില്ല. എല്ലാവരെയും പോലെ ഞങ്ങളും സാമ്പത്തിക പ്രതിസന്ധികളിൽ നിന്ന് എളുപ്പത്തിൽ രക്ഷപെടാൻ പലിശക്കാരെത്തന്നെയായിരുന്നു ആശ്രയിച്ചിരുന്നത്. എത്ര കിട്ടിയാലും വീട്ടിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടാതിരിക്കാൻ ഇതും ഒരു കാരണമായിരുന്നു.

ആയിടയ്ക്കാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ ഞങ്ങളുടെ പ്രദേശത്തും സജീവമായത്. ആദ്യമാദ്യം അതിനോട് എനിക്കും എന്റെ കുടുംബത്തിലുള്ളവർക്കും യാതൊരു താല്പര്യവും ഉണ്ടായിരുന്നില്ല. നാടു നീളെ അലഞ്ഞു നടക്കുക, സർക്കാരിനെ കബളിപ്പിക്കുക എന്നൊക്കെയായിരുന്നു കുടുംബശ്രീ പ്രവർത്തകരെക്കുറിച്ചുണ്ടായിരുന്ന എന്റെ പരിമിതമായ അറിവ്.

എന്നാൽ എന്നെയും വീട്ടുകാരെയും അത്ഭുതപ്പെടുത്തും വിധം മാറ്റങ്ങൾ ജീവിതത്തിൽ വരുത്താൻ കുടുംബശ്രീയിലെ പല പ്രവർത്തകർക്കും കഴിഞ്ഞുവെന്നത് ഞങ്ങൾ കാണുന്നുണ്ടായിരുന്നു. ശാരീരികക്ഷമത തീരെയില്ലാഞ്ഞിട്ടും മൺവെട്ടിയും കൈക്കോട്ടുമായി കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമാകുന്ന ഭാരതിയമ്മയ്ക്കൊപ്പം പ്രായഭേദമന്യേ തൊഴിലിടങ്ങളിലേയ്ക്കിറങ്ങുന്ന പെൺകരുത്ത് വീടിനും വിത്തിനും വിളവിനും വെളിച്ചമായിത്തീരുന്നതും അതുവഴി അവരുടെ ജീവിതത്തിന് പുതുവെളിച്ചം ലഭിക്കുന്നതും എനിക്കും കുടുംബത്തിനും കുടുംബശ്രീ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനു പ്രേരണയായി.

പലിശ കൊടുക്കാൻ തന്നെ ബുദ്ധിമുട്ടിയിരുന്ന ഞങ്ങൾക്ക് സമ്പാദ്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയാതിരുന്നപ്പോഴാണ്, കുടുംബശ്രീയിലൂടെ ആഴ്ചയിൽ ഒരിക്കൽ എന്ന ക്രമത്തിൽ ഒരു ചെറിയ സംഖ്യ ബാങ്കുനിക്ഷേപമാക്കാൻ കഴിഞ്ഞത്. മരുന്നിനും പച്ചക്കറിക്കും മറ്റു നിത്യോപയോഗ സാധനങ്ങൾക്കും പൊള്ളുന്ന വിലയുള്ളപ്പോൾ

ആഴ്ചയിലൊരിക്കൽ നിക്ഷേപിക്കുന്ന 10 രൂപ വെറും ചെറിയ ഒരു സംഖ്യയായിരിക്കാം. പക്ഷെ, പലതുള്ളി പെരുവെള്ളം എന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുമാറ്, എന്റെ ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ ആ ചെറു നിക്ഷേപം വലിയ സഹായമായി മാറി എന്നതാണ് നേര്.

ദാരിദ്ര്യരേഖയ്ക്കും താഴെ വരുമാനമുള്ളവർക്ക് ബാങ്ക് അക്കൗണ്ടും പാസ്സ്ബുക്കുകളും അന്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വലിയ പണക്കാർക്കു മാത്രമേ ലഭിക്കൂ എന്നു കരുതിയിരുന്ന ബാങ്ക് അക്കൗണ്ടും പാസ്സ്ബുക്കും കേവലം കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ നേടിയെടുക്കുവാൻ എനിക്കും കുടുംബത്തിനും കഴിഞ്ഞുവെന്നതാണ് സത്യം.

നേരത്തേതന്നെയുണ്ടായിരുന്ന സൗഹൃദങ്ങൾക്കും അയൽബന്ധങ്ങൾക്കും കൂടുതൽ ഇഴയടുപ്പം നൽകാൻ കുടുംബശ്രീ പ്രവർത്തനങ്ങൾക്കു കഴിഞ്ഞുവെന്നതാണ് അനുഭവം. അപ്രതീക്ഷിതമായി ജീവിതത്തിൽ വന്നുചേരുന്ന പ്രതിസന്ധികൾക്കിടയിൽ ഒറ്റപ്പെട്ട, നിസ്സഹായരായി വിലപിക്കേണ്ടി വന്ന സന്ദർഭങ്ങൾ നിരവധി ഞങ്ങളുടെ ജീവിതത്തിലൂടെ കടന്നുപോയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവപങ്കാളിയായതിനു ശേഷം അത്തരം സന്ദർഭങ്ങളിൽ മുമ്പനുഭവിച്ച മാനസിക സംഘർഷങ്ങളോ പ്രയാസങ്ങളോ അനുഭവിക്കേണ്ടി വന്നിട്ടില്ല എന്നതും പ്രത്യേകം എടുത്തുപറയേണ്ടതാണ്. നമുക്ക് ആരൊക്കെയോ ഉണ്ടെന്ന് സ്വയം ബോധ്യപ്പെടാൻ കുടുംബശ്രീയിലെ അംഗങ്ങൾക്ക് കഴിയുന്നുണ്ട്.

കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം. അരിയും കറിയും വെച്ച് കുട്ടികളെ ഊട്ടിയും ഉറക്കിയും കഴിയുന്നതു മാത്രമല്ല ജീവിതമെന്നും, ഏതു തൊഴിലിനും അതിന്റേതായ മാന്യതയുണ്ടെന്നും മനസ്സിലാക്കിത്തന്നത് കുടുംബശ്രീയാണ്. ചെയ്യുന്ന തൊഴിലിനോട് ആത്മാർത്ഥത കാട്ടുക, ആസ്വദിച്ച് തൊഴിൽ ചെയ്യുക, എന്നാൽ നമുക്ക് വിജയിക്കാനാകും. ഇതാണ് ഇത്രയും കാലത്തെ കൂട്ടായ്മയിലൂടെ എനിക്ക് ബോദ്ധ്യപ്പെട്ടത്. പഠിപ്പോ അനുഭവ പരിചയമോ ഇതിൽ പ്രസക്തമല്ല. മനോഭാവമാണ് പ്രധാനം.

സ്ത്രീയാണ് കുടുംബത്തിന്റെ വിളക്ക് എന്നു പറയാറില്ലേ. അത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന അനുഭവങ്ങളുടെ ആകെത്തുകയെ നമുക്ക് കുടുംബശ്രീയെന്ന് വിളിക്കാമെന്നു തോന്നുന്നു.

***

## എന്റെ സ്വപ്നം

ആറാട്ടുപുഴ കിഴക്കേ കരയുടെ കിഴക്കൻ ഭാഗത്തോട് ചേർന്നു കിടക്കുന്ന ഒരു ചെറു ഗ്രാമമാണ് ചിങ്ങോലി. ചിങ്ങോലിയുടെ പടിഞ്ഞാറ് ഭാഗത്തായി നീണ്ടുനിവർന്നു കിടക്കുന്ന വാർഡാണ് ഞങ്ങളുടെ 10-ാം വാർഡ്.

1990 മുതൽ സംഘടനാ സംവിധാനത്തിൽ പ്രവർത്തിച്ച് ബാങ്കിലും ആഫീസുകളിലുമൊക്കെ കയറി ഇറങ്ങിയിട്ടുണ്ട്. അതൊക്കെ അങ്ങനെ നിൽക്കട്ടെ.

പിന്നീട് അയൽക്കൂട്ടത്തിൽ പ്രവർത്തിച്ചു തുടങ്ങി. ഈ സംഘടനാ സംവിധാനത്തിൽ എന്നെ കൈപിടിച്ച് കൊണ്ടുവന്നു കൂടെനിർത്തിയത് ശ്രീമതി. സുഷമാ പണിക്കർ (മുതുകുളം പഞ്ചായത്ത് പ്രസിഡന്റ്) പിന്നീട് കുടുംബശ്രീയിലേക്ക് എത്തിച്ചതും ആ നല്ല മനസ്സുതന്നെ. ഓർക്കുമ്പോൾ വളരെയേറെ അഭിമാനമാണ് എനിക്ക്. നന്ദി... ഒരായിരം നന്ദി... 11 – 2003 ൽ തുടങ്ങി കുടുംബശ്രീയുടെ പ്രവർത്തനം. വ്യത്യസ്ത സംസ്കാരത്തിലും ചുറ്റുപാടുകളിൽ നിന്നും ഒത്തുകൂടിയ അഭ്യസ്തവിദ്യരായ 23 വനിതകളെ ഉൾപ്പെടുത്തി രൂപീകരിച്ച സംഘടനയാണ് കരിമരത്തിങ്കലമ്മ എന്ന കുടുംബശ്രീ. ഇന്നും 23 അംഗങ്ങളെ നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകുന്ന, അഭിമാനത്തോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ. തുടക്കം മുതൽ ഇന്നുവരെ ഈ നിലയിൽ എത്തിച്ചതിൽ, ഒരുപക്ഷേ നിലനിർത്താൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ടെനിക്ക്. കൂടുതൽ കാലം പ്രസിഡന്റായും പിന്നീട് സെക്രട്ടറിയായും പ്രവർത്തിച്ചു. അയൽക്കൂട്ടമായിരുന്ന സമയത്ത് അയൽക്കൂട്ടങ്ങളുടെ കോ-ഓർഡിനേറ്ററായി കുറേക്കാലം പ്രവർത്തിച്ചു. ആ സമയത്ത് നിർധനയായ ഒരു

വീട്ടമ്മയുടെ പരാതി കാരണം (ഭർത്താവ് മദ്യപിച്ചു വീട്ടുകാർക്കും അയലുകാർക്കും ബുദ്ധിമുട്ടുണ്ടാക്കിയിരുന്ന) ആ വീട്ടിൽ പോയി അദ്ദേഹത്തെ കണ്ട് സംസാരിച്ചു. എന്നോട് നല്ല പെരുമാറ്റമായിരുന്നു. ഏറ്റവും അവസാനം എനിക്ക് ഉറപ്പുതന്നു ഇനി മേലിൽ മദ്യപിച്ചു വീട്ടിലും നാട്ടിലും ഒരു പ്രശ്നവും ഉ്ടാക്കുകയില്ല് എന്ന് സത്യം. ഇന്നും അതേപോലെ പാലിച്ചുപോകുന്ന നല്ലവനായ ഒരു പാവം മനുഷ്യൻ. വളരെയേറെ അഭിമാനം തോന്നുന്നു ഇന്നും... ഈ സംഘടനയിൽ നിന്നു കിട്ടിയ ധൈര്യം.

കമ്പ്യൂട്ടർ കണ്ടാൽ അറിയാമായിരുന്ന സാധാരണക്കാരായ വീട്ടമ്മമാർക്ക് – അത് എന്താണ്? എങ്ങനെ പ്രവർത്തിപ്പിക്കാം? കാര്യങ്ങൾ എങ്ങനെ അറിയാം? ഇതേക്കുറിച്ച് വ്യക്തമായ ഒരു ചിത്രം ഉണ്ടാക്കിക്കൊടുത്തത് ഈ സംവിധാനത്തിലൂടെയാണ്. നന്ദി.... ഈ മഹത് സംഘടനാ സംവിധാനത്തിന് നന്ദി.... അനേകം സൗഹൃദങ്ങൾ, പുതിയ പുതിയ ട്രെയിനിംഗുകൾ, പഠനക്ലാസ്സുകൾ, നിയമബോധന ക്ലാസ്സുകൾ.. എന്തിന് സ്ത്രീയ്ക്ക് അവളുടെ രക്ഷയ്ക്കും കൂട്ടിനും ഇന്ന് നിയമസംരക്ഷണം. സ്വന്തമായി ഒരു പിടി മണ്ണോ, കയറിക്കിടക്കാൻ ഒരിടമോ ഇല്ലാതിരുന്ന എല്ലാവർക്കും ആശ്വാസമായി. കുടുംബശ്രീയിലൂടെ.

കിടപ്പാടം കടപ്പെടുത്തി അനേകം ഓഫീസുകൾ കയറി ഇറങ്ങി സാക്ഷ്യപത്രങ്ങളും ഹാജരാക്കി ആവശ്യത്തിന് പണം കിട്ടാതിരുന്ന സാഹചര്യത്തിൽ കുടുംബശ്രീയുടെ കൂട്ടായ നിക്ഷേപത്തിന്റെ ഉറപ്പിൽ ലക്ഷക്കണക്കിന് രൂപ ലഭിക്കുന്നു. അടക്കുന്ന പലിശയും അവർക്കുതന്നെ തിരികെ കിട്ടുന്ന രൂപത്തിൽ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് സ്വപ്നം പോലും കാണാൻ കഴിയാതിരുന്ന ഒരു വൻ ജനത ഇന്ന് അഭിമാനത്തോടെ സ്വന്തം പേരിൽ അക്കൗണ്ട് തുടങ്ങി ചെക്ക് എഴുതി, എ.ടി.എം. കാർഡ് ഒക്കെ ഉപയോഗിക്കുന്നു. തുല്യ ജോലിക്ക് തുല്യ വേതനം, ഇതെല്ലാം ഈ സംഘടനാ സംവിധാനത്തിന്റെ നേട്ടമല്ലാതെ മറ്റെന്താണ്? നന്ദി... ഇതിൽ അംഗമാകാൻ കഴിഞ്ഞതിൽ.

ജാതി–വർഗ്ഗ–വർണ്ണ വ്യത്യാസമില്ലാതെ രാഷ്ട്രീയ വിമുക്തമായ ഒരു സംവിധാനമായി തുടങ്ങി അന്ന് ആത്മാഭിമാനത്തോടെ കുടുംബശ്രീയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ചു. എന്നാൽ ത്രിതല സംവിധാനത്തിലേയ്ക്ക് നിയമം മൂലം തെരഞ്ഞെടുപ്പ് വന്നപ്പോൾ രാഷ്ട്രീയം എന്റെ മേൽ അടിച്ചേൽപ്പിച്ച്, നാണംകെടുത്തി, പുകച്ച് പുറത്തുചാടിച്ചവരാണ് അന്നത്തെ രാഷ്ട്രീയക്കാർ. എന്റെ പൊതുജീവിതത്തിലെ ഏക പരാജയം. പിന്നീട് അങ്ങോട്ട്

കുടുംബശ്രീകളുടെ യോഗങ്ങളിൽ പോലും ഞാൻ അപഹസിക്കപ്പെട്ടിരുന്നു. ഈ അവസരത്തിലാണ് സ്ത്രീപദവി സ്വയം പഠന പ്രക്രിയ പ്രവർത്തനം ആരംഭിച്ചത്. ഇതുമായി ബന്ധപ്പെടുത്തി – കുടുംബശ്രീയിൽ പിടിച്ചുനിൽക്കാൻ എന്നെ സഹായിച്ചത് അന്നത്തെ ചെയർപേഴ്സണായിരുന്നു. ഒരിക്കലും അവരെ മറക്കുകയില്ല. തന്നെയുമല്ല, നന്മയോടെ, നന്ദിയോടെ എന്നും ഓർക്കും.

ഇന്ന് സ്ത്രീപദവി സ്വയം പഠന പ്രക്രിയ പല മേരുകളും താണ്ടി – നിർഭയയിലെത്തി നിൽക്കുമ്പോൾ, ആത്മാഭിമാനത്തോടെ പ്രശ്നങ്ങളിൽ ഇടപെടാനും അതിക്രമങ്ങൾക്ക് ഇരയായ ചില കുടുംബങ്ങളെ നിയമത്തിന്റെ സംരക്ഷണയിലെത്തിച്ചുകൊടുക്കുവാനും കഴിഞ്ഞു. പലർക്കും നിയമോപദേശങ്ങൾ വാങ്ങിക്കൊടുക്കുവാനും എനിക്ക് കഴിഞ്ഞു.

ഇപ്പോൾ നിർഭ പദ്ധതി നടപ്പാക്കാൻ ജില്ലാ ടീം അംഗങ്ങളോട് ചേർന്ന് ക്ലാസ്സുകൾ എടുക്കുവാനും പരിപാടിയുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും എത്തിക്ുവാനും ഉള്ള തീവ്രമായ യത്നത്തിലാണ്.

രാഷ്ട്രീയ വിമുക്തമായ ഒരു കുടുംബശ്രീ സംവിധാനം ആഗ്രഹിക്കുന്ന ഒരുപാട് സുമനസ്സുകളുണ്ട് കുടുംബശ്രീയിൽ. അവരിലൊരാളായി നിന്നുകൊണ്ട് ഏറ്റെടുത്ത ദൗത്യം, മുഖം നോക്കാതെ, ബന്ധം നോക്കാതെ, സൗഹൃദം നോക്കാതെ, രാഷ്ട്രീയം നോക്കാതെ ഫലപ്രാപ്തിയിലെത്തിക്കാൻ നമുക്ക് കഴിയട്ടെ. അതിനായി ഒന്നിച്ച് ഒന്നായി.....

***

**അനുഭവക്കുറിപ്പ്**

പ്രകൃതിരമണീയമായ തെങ്ങോലകളാലും വയലോലകളാലും നിറഞ്ഞു നിൽക്കുകയും മന്ദമാരുതന്റെ തലോടലുകളാൽ കുട്ടനാടിന്റെ തനിമയെ എടുത്തുകാണിക്കുന്നതായ മന്ദമായി ഒഴുകുന്ന നദീതീരത്ത് സ്ഥിതിചെയ്യുന്ന ഗീവർഗീസ് സഹദായുടെ അനുഗ്രഹമഴ ചൊരിയുന്ന എടത്വാ എന്ന ഗ്രാമത്തിൽ വന്നതുതന്നെ എന്റെ അനുഗ്രഹമെന്ന് ഞാൻ കരുതുന്നു.

ഞാൻ 1986 ൽ ക്രിസ്റ്റ്യൻ ഏജൻസി ഫോർ ഡെവലപ്മെന്റ് എന്ന സന്നദ്ധസംഘടനയിലൂടെ സംഘടനാ പ്രവർത്തനം ആരംഭിച്ചു. ആ കാലഘട്ടത്തിൽ ഞാൻ എല്ലാ ആഴ്ചയിലും എന്റെ വീട്ടിൽ പോകുമായിരുന്നു. ആ പോക്ക് ഇല്ലാതാക്കാം എന്നു പറഞ്ഞ് എല്ലാവരും എന്നെ പ്രസിഡന്റായി തിരഞ്ഞെടുത്തു. അന്നു മഹിളാസമാജമായിരുന്നു. പിന്നീട് സ്വയംസഹായ സംഘമായി. എന്നാൽ ഇപ്പോൾ കുടുംബശ്രീയിലായിട്ട് 14 വർഷമായി. ഈ കാലഘട്ടങ്ങളിലെല്ലാം ഞാൻ പ്രസിഡന്റായി തന്നെ കാലാകാലങ്ങളിലുള്ള തെരഞ്ഞെടുപ്പോടുകൂടി ഭരണം നടത്തിപ്പോരുന്നു. ആദ്യ പ്രവർത്തനഘട്ടത്തിൽ ഒരു പേപ്പർ കയ്യിലെടുത്തുപിടിച്ച് വായിച്ചാൽ കൈയും പേപ്പറും ഒരുപോലെ വിറയ്ക്കുമായിരുന്നു. എന്നാൽ പിന്നീട് എടത്വാ ജംഗ്ഷനിൽ നിന്ന് സ്ത്രീ പീഡനത്തിനെതിരായി സംസാരിക്കുവാൻ സാധിച്ചു.

കഴിഞ്ഞ കാലങ്ങളിൽ സമീപ പ്രദേശങ്ങളിൽ ആരെങ്കിലും മരിച്ചാൽ അതു നമ്മുടെ ആരുമല്ല, നമ്മുടെ ജാതിയുമല്ല എന്നുകരുതി ഒന്നു കാണുവാൻ കൂടി കൂട്ടാക്കുമായിരുന്നില്ല. എന്നാൽ അയൽക്കൂട്ട പ്രവർത്തനത്തിൽ വന്നശേഷം ആ വീട്ടിൽ ചെല്ലുകയും അവരുടെ ദു:ഖത്തിൽ പങ്കാളികളാവുകയും എന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്യുന്നു. കൂടാതെ രോഗികളായവരെ സന്ദർശിക്കുകയും ആശ്വാസ വാക്കുകൾ നൽകി അവരെ പ്രത്യാശയിലേക്ക് നയിക്കുന്നു.

പണ്ടുകാലങ്ങളിൽ കോഴി അപ്പുറത്തെ പറമ്പിൽ കയറി, കുട്ടികൾ തമ്മിൽ വഴക്കുണ്ടാക്കി എന്നു പറഞ്ഞ് രാത്രികാലങ്ങളിൽ കുടുംബനാഥന്മാർ വീട്ടിൽ വന്നാലുടനെ അതെ ചൊല്ലി വഴക്കായി പിന്നീടത് കുടിപ്പകയായി കൊലപാതകങ്ങളിൽ വരെ എത്തിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയുള്ള സന്ദർഭമുണ്ടായാൽ അമ്മമാർ തന്നെ അക്കാര്യങ്ങൾ പരിഹരിക്കുവാൻ സാധിച്ചത് ഈ കൂട്ടായ്മയുടെ ഫലം മാത്രമാണ്.

ആദ്യ കാലഘട്ടങ്ങളിൽ അന്നന്നു കൊണ്ടുവരുന്ന രൂപ മുഴുവൻ അന്നനുതന്നെ തീർക്കുമായിരുന്നു. എന്നാലിപ്പോൾ അങ്ങനെയല്ല. കുടുംബശ്രീയിൽ ആഴ്ചയിലുള്ള ലഘുസമ്പാദ്യത്തിൽ നിക്ഷേപിക്കാൻ ഓരോ ദിവസവും സ്വരൂപിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ എന്നു വിചാരിച്ച് മിച്ചം പിടിക്കുവാൻ കഴിയുന്നു. ഓണഫണ്ടിൽ നാം പലപ്പോഴായി നിക്ഷേപിക്കുന്ന തുഛമായ തുക ഓണക്കാലമാകുമ്പോൾ നാം അറിയാതെ തന്നെ വൻ തുക ഓമം ആഘോഷിക്കുവാൻ ലഭിക്കുന്നത് വേനലിൽ ഒരു മഴ എന്നതുപോലെയാണ്. കൂടാതെ ചിട്ടി നടത്തുന്നത് കുറി വീഴുന്ന ആൾ അതിനേക്കാൾ ആവശ്യം പറഞ്ഞാൽ അവർക്ക് നൽകാനുള്ള ഒരു മനസ്സുണ്ടായി. കുടുംബശ്രീ വഴിയുള്ള ലോൺ കുറഞ്ഞ പലിശനിരക്കിൽ നമുക്ക് ലഭിക്കുന്നതിനാൽ കൊള്ളപലിശക്കാരിൽ നിന്നും നമ്മെ രക്ഷിക്കുവാൻ സാധിക്കുന്നു. ഇങ്ങനെ പല വിധത്തിൽ കുടുംബനാഥന്മാരെ സഹായിക്കുവാൻ കഴിയുന്നു.

തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കിയതോടെ ആളുകൾക്ക് വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുവാൻ സാധിച്ചു. എല്ലാവർക്കും സ്വന്തമായി ബാങ്ക് അക്കൗണ്ട് ഉണ്ടായി. ബാങ്കിൽ പോയി രൂപ നിക്ഷേപിക്കുവാനും പിൻവലിക്കുവാനും പഠിച്ചു. ഇതിനെല്ലാം സ്ത്രീകളെ പ്രാപ്തരാക്കിയത് കുടുംബശ്രീ പ്രവർത്തനമാണ്.

എന്റെ കുടുംബശ്രീ പ്രവർത്തനത്തിന്റെ ഫലമായി ഏതു വേദിയിലും ഇപ്പോൾ രണ്ടു വാക്കു സംസാരിക്കുവാൻ എന്നെ പ്രാപ്തരാക്കിയ കുടുംബശ്രീയെ ഞാനെന്നും അഭിമാനപൂർവ്വം സ്മരിക്കുന്നു. എന്റെ കുടുംബജീവിതത്തിലും സാമൂഹ്യ, സാമ്പത്തിക, സാഹോദര്യം എന്നീ നിലകളിൽ എല്ലാ ഉയർച്ചയും നൽകി എന്റെ ജീവിതശൈലിയെ തന്നെ മാറ്റിമറിച്ച് ഒരു പുത്തനുണർവ് നൽകിയ കുടുംബശ്രീയെയും ഇതിന്റെയെല്ലാം പിന്നിൽ ചുക്കാൻ പിടിച്ചു നിൽക്കുന്ന കുടുംബശ്രീ മിഷനെയും സ്നേഹത്തിന്റെ ഭാഷയിൽ ആയിരമായിരം പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ടും അതോടൊപ്പം എന്നെയും കുടുംബശ്രീ പ്രവർത്തകരെയും നിസ്സീമമായി അനുഗ്രഹിച്ച ജഗതീശ്വരനോടും നന്ദി അർപ്പിച്ചുകൊണ്ട് എന്റെ അനുഭവകഥയ്ക്ക് ഇവിടെ യവനിക വീഴുന്നു.

***കുഞ്ഞമ്മ ജോസി***

***പൊരുമാതയിൽ***

***

**സൂര്യതേജസ്സ്**

2001 ൽ ഞങ്ങളുടെ യൂണിറ്റ് ആരംഭിച്ചു. ആദ്യമായി സെക്രട്ടറി സ്ഥാനവും ലഭിച്ചു. സ്വാഗതം പറയുവാനും ഗ്രൂപ്പിലെ അംഗങ്ങളുമായി സൗഹൃദബന്ധം സ്ഥാപിക്കുവാനും സാധിച്ചു. നാൾവഴി, മിനിട്ട്സുകൾ കൈകാര്യം ചെയ്യുവാൻ പഠിച്ചു. ഗ്രൂപ്പിൽ നിന്നും പല കാര്യങ്ങൾക്കും പഞ്ചായത്തിലും ബ്ലോക്കിലും പോകേണ്ടിവന്നതിനാൽ എല്ലാവരുമായും നല്ല ബന്ധം സ്ഥാപിക്കുവാനും കഴിഞ്ഞു. സ്ത്രീശാക്തീകരണത്തിലൂടെ ആരുടെ മുമ്പിലും കാര്യങ്ങൾ സംസാരിക്കുവാനുള്ള ധൈര്യം ഉണ്ടായി. ഗ്രൂപ്പിലെ പ്രവർത്തനത്തിലൂടെ ഞാൻ എ.ഡി.എസി. ന്റെ സെക്രട്ടറിയായി. അങ്ങനെ വാർഡിലെ കുടുംബശ്രീ അംഗങ്ങളുടെ പ്രിയപ്പെട്ട ഒരാളായി മാറിക്കഴിഞ്ഞു. അവരുടെ നേട്ടങ്ങൾക്കായി പ്രവർത്തിക്കുവാൻ എനിക്ക് താല്പര്യം വർദ്ധിച്ചു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ മേറ്റായി തീരുകയും ചെയ്തു. അടുക്കളയിൽ ഒതുങ്ങി കഴിഞ്ഞിരുന്നെങ്കിൽ പഠിച്ചതെല്ലാം മറന്നുപോകുമായിരുന്നു. ജില്ലാ മിഷനിൽ നിന്നും അലിയാർ സാർ, മോൾജി മാഡം, മനു സാർ, തുടങ്ങിയവരുടെ നല്ല ക്ലാസ്സുകൾ കേൾക്കാൻ സാധിക്കുകയും അതിലൂടെ അറിവുകൾ കൈവരിക്കുവാനും സാധിച്ചു. ബ്ലെയിഡു കമ്പനികളെ ആശ്രയിക്കുന്നതിൽ നിന്നും മാറി ഗ്രൂപ്പിൽ നിന്നും പരസ്പരജാമ്യത്തിൽ 1 രൂപ പലിശയ്ക്ക് സാധിച്ചു. ബാലസഭ കുട്ടികളുമായി കൂട്ടുചേരുവാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുവാനും സാധിച്ചു. 2012 ജനുവരി 7 ന് നടന്ന എ.ഡി.എസ്. മത്സരത്തിൽ പട്ടണക്കാട് പഞ്ചായത്ത് 14-ാം വാർഡിൽ നിന്നും വീണ്ടും എ.ഡി.എസ്. സെക്രട്ടറിയായി തെരഞ്ഞെടുത്തു. അതിൽ നിന്നും സി.ഡി.എസ്. മെമ്പറാകുവാനുള്ള ഭാഗ്യം ലഭിച്ചു. അയൽക്കൂട്ടത്തിൽ നിന്നും ഇത്ര ഉയരങ്ങളിൽ പ്രവർത്തിക്കുവാൻ സാധിച്ചു എന്നുള്ളത് ഒരു മഹത്തായ കാര്യം തന്നെയാണെന്നുള്ളതിന് യാതൊരു സംശവുമില്ല. കലാപരിപാടികളിൽ സമ്മാനം നേടുവാൻ സാധിച്ചിട്ടുണ്ട്. എന്നിലെ സ്ത്രീക്ക് ശക്തിയും ധൈര്യവും ലഭിച്ചത് കുടുംബശ്രീയിലൂടെയാണ്.

*പുഷ്പ രാജു*

*പട്ടണക്കാട് സി.ഡി.എസ്*

***

**ജീവിത തോൽവിയിൽ തളരാതെ**

കുടുംബശ്രീ രൂപീകൃതമായിട്ട് ഇന്നേയ്ക്ക് 14 വർഷം തികയുകയാണ്. സംസ്ഥാനത്ത് കേവലം ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നേതൃത്വത്തിൽ പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾ അംഗങ്ങളായുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ രൂപീകരണം ഞങ്ങളുടെ പഞ്ചായത്തിൽ (തഴക്കര ഗ്രാമപഞ്ചായത്ത് മാവേലിക്കര ബ്ലോക്ക് ആലപ്പുഴ ജില്ല) 2002 ജൂൺ മാസത്തിലായിരുന്നു.

ഞാൻ സുശീല.കെ.ജെ. എന്റെ കുടുംബം അമ്മ, സഹോദരൻ (സംസാരശേഷി ഇല്ല, മാനസിക വൈകല്യം, വികലാംഗൻ) എന്റെ മകൻ (13 വയസ്സ്) എന്നിവരടങ്ങുന്നതാണ്.

എന്റെ ജീവിതത്തിൽ ഇടയ്ക്കുണ്ടായ തോൽവിയിൽ നിന്നും എന്നെ ഞാനാക്കിയ കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിന് നന്ദി പറഞ്ഞുകൊണ്ട് എന്റെ കുടുംബശ്രീ പ്രവർത്തനത്തിൽ പച്ചയായ അനുഭവങ്ങൾ തിക്തമായിട്ടുള്ള അനുഭവങ്ങൾ കൈവരിച്ച് നേട്ടങ്ങൾ വ്യക്തിജീവിതത്തിൽ എനിക്കുണ്ടായ മാറ്റങ്ങൾ കോർത്തിണക്കിയ എന്റെ കഥ ഇവിടെ തുടങ്ങട്ടെ.

എന്റെ ജീവിതം നഷ്ടപ്പെട്ടു. അതിലുണ്ടായ ഷോക്കിൽ നിന്നും എന്റെ കുഞ്ഞിനെയും കൊണ്ട് എങ്ങനെ ജീവിക്കും എന്ന ചോദ്യചിഹ്നവുമായി ജീവിതം

തള്ളിനീക്കവേ ആണ് 2002 ൽ കുടുംബശ്രീ ഞങ്ങളുടെ വാർഡിൽ രൂപീകരിക്കുന്നത്. ആദ്യം മെമ്പറും ഒരു സാമൂഹ്യപ്രവർത്തകനും കൂടി എന്റെ വീട്ടുമുറ്റത്തുവച്ച് 20 സ്ത്രീകളെ കൂട്ടി കുടുംബശ്രീ കൂടി. ഞങ്ങൾക്ക് കുടുംബശ്രീയെക്കുറിച്ച് വളരെ കുറച്ചു കാര്യങ്ങൾ പറഞ്ഞുതന്നു. അഞ്ചംഗം കമ്മറ്റിയെ തെരഞ്ഞെടുത്തപ്പോൾ അടിസ്ഥാന വാളണ്ടിയർ എന്ന സ്ഥാനത്തു വന്നു.

പിന്നെ വാർഡിൽ അന്നു രൂപീകരിച്ച 8 കുടുംബശ്രീ യൂണിറ്റിൽ നിന്നും 7 അംഗ കമ്മറ്റിയിൽ വന്നു. ആ സമയത്ത് 9 അംഗങ്ങളാണ് സി.ഡി.എസ്. കമ്മറ്റിുയിൽ വരേമ്ടത്. അങ്ങവനെ 7–ാം വാർഡിൽ നിന്നും സി.ഡി.എസ്. മെമ്പറായി സെലക്ഷൻ കിട്ടി. ആകെ 18 വാർഡുകൾ മാ ത്രമാണ് ഉണ്ടാായി രുന്നത്. ഒരാൾക്ക് 2 വാർഡുകൾ വീതം.

പക്ഷെ എന്നെ സി.ഡി.എസ്. മെമ്പർ സ്ഥാനത്തേക്ക് കൊണ്ടുവരാതിരിക്കാൻ അസൂയാലുക്കളായ നാലഞ്ചു സ്ത്രീകൾ രഹസ്യയോഗം ചേർന്നു പഞ്ചായത്തിൽ പരാതി കൊടുത്തു. പക്ഷെ തെരഞ്ഞെടുത്ത അംഗങ്ങളെ വാർഡിൽ അടിയന്തിരമായി വിളിച്ചുകൂട്ടി വാർഡുമെമ്പർ പറഞ്ഞു. എ.ഡി.എസ്. പ്രസിഡന്റും സെക്രട്ടറിയും ജനറൽ വിഭാഗത്തിൽ ഉള്ളവരാണല്ലോ, സി.ഡി.എസ്. മെമ്പറായി എസ്.സി. വിഭാഗത്തിലുള്ള ഒരാൾ തന്നെ ആകട്ടെ എന്നു യോഗത്തിൽ പറഞ്ഞപ്പോൾ പിന്നെ എതിർപ്പില്ല. – ആദ്യത്തെ ചവിട്ടുപടി കടന്നു.

ആ കാലയളവിൽ സി.ഡി.എസ്. മെമ്പർ സ്ഥാനത്തേക്ക് ഉള്ള അംഗത്വം ലഭിക്കാൻ കാരണം അന്നത്തെ 7–ാം വാർഡുമെമ്പർ ആണ്. അദ്ദേഹത്തിനോട് ഇപ്പോഴും കടപ്പാടുണ്ട്. (അദ്ദേഹം ഇപ്പോൾ 9–ാം വാർഡ് മെമ്പർ ആണ്).

ആദ്യമൊക്കെ വളരെ കഷ്ടപ്പാടുകൾ സഹിച്ചു. രണ്ടു വാർഡുകളിലെ പ്രവർത്തനങ്ങളിൽ പങ്കാളിയായി. പഞ്ചായത്തുകളിൽ വച്ചു നടത്തിയ കുടുംബശ്രീ സംഘടനാ സംവിധാനത്തെക്കുറിച്ചുള്ള പരിശീലനക്ലാസ്സുകൾ, വാർഡു മെമ്പറന്മാരിൽ നിന്നും ലഭിച്ച അറിവുകൾ എല്ലാം എ.ഡി.എസ്. കൂടുമ്പോഴും അയൽക്കൂട്ടം കൂടുമ്പോഴും അംഗങ്ങൾക്കു പകർന്നുകൊടുക്കും.

പഞ്ചായത്തിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വാർഷികം ഞങ്ങളുടെ വാർഡിലും കൂടുകയുണ്ടായി. ഒരു യൂണിറ്റിൽ വച്ച് വാർഷികം നടന്നപ്പോൾ പ്രസിഡന്റ് അടക്കമുള്ള ആൾക്കാർ ഇരിക്കുന്നിടത്ത് എ.ഡി.എസ്. പ്രസിഡന്റ്, സെക്രട്ടറി, മറ്റ്

യൂണിറ്റിലെ അംഗങ്ങൾ എല്ലാവരും ഉണ്ട്. ഞാൻ എന്റെ കുഞ്ഞിനെ അമ്മയെ ഏൽപ്പിച്ചിട്ട് (അന്ന് എന്റെ മകന് 3 വയസ്സ്) അൽപ്പം ാമസിച്ചാണ് ചെന്നത്. മറ്റുള്ള ആൾക്കാർ ഇരിക്കുന്നിടത്ത് ഞാൻ ഇരുന്നു. ആശംസ പറയുവാൻ വേണ്ടി എന്നെ ക്ഷണിച്ചപ്പോഴാണ് എന്നെ എല്ലാവരും ശ്രദ്ധിച്ചത്. എന്തു പറയണമെന്ന് അറിയില്ല. ഒരു സീറ്റ് കൊടുക്കാഞ്ഞത് വളരെ മോശമായിപ്പോയി എന്ന് വാർഡുമെമ്പർ പറഞ്ഞപ്പോൾ (ഒരു എ.ഡി.എസ്. അംഗം പറയുകയാണ്) ഞങ്ങൾ എ.ഡി.എസ്. കാരുടെ സ്ഥാനം കഴിഞ്ഞിട്ടേയുള്ളൂ സി.ഡി.എസ്. കാർക്ക്. ആദ്യത്തെ അപമാനം അങ്ങനെ. പക്ഷെ ഈ പറഞ്ഞ വ്യക്തിക്ക് എന്റെ പ്രവർത്തന മേഖലയിൽ നിന്നുകൊണ്ട് എന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിച്ച് മിക്കവാറും പഞ്ചായത്തിൽ പോയി കുടുംബശ്രീ പ്രവർത്തനവുമായി മുന്നോട്ട് പോകവേ 2006 – 08 കാലയളവിലേക്കുള്ള സി.ഡി.എസ്. ഇലക്ഷൻ അന്ന് പഞ്ചായത്ത് ഭരണസമിതിയുടെ ഭൂരിപക്ഷം നോക്കിയായിരുന്നു ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നുള്ള സ്ഥാനം ലഭിക്കുന്നത്. ഭാഗ്യവശാൽ പഞ്ചായത്തു കമ്മറ്റി ഐകകണ്ഠേന ചെയർപേഴ്സണായി എന്നെ തെരഞ്ഞെടുത്തു.

പല പ്രാവശ്യം അമ്മ എന്നോടു ചോദിക്കും വെറുതെ പഞ്ചായത്തിൽ പോകുന്നത് എന്തിനാണ്. മറ്റുള്ളവരുടെ അപഹാസ്യം കേൾക്കാൻ. കുഞ്ഞിനെ വളർത്തേണ്ടേ? നമുക്കാരെങ്കിലും ചെലവിനു കൊണ്ടു തരുന്നുണ്ടോ? ശരിയാണ് ഒരു നിമിഷം ചിന്തിച്ചു. കുറെ കുട്ടികൾക്ക് ട്യൂഷൻ എറുത്തും അമ്മയും ഞാനും ചേർന്ന് കുട്ടയും മുറവും വിറ്റ് ജീവിതം ഒരുവിധം മുന്നോട്ടുകൊണ്ടുപോയി. അങ്ങനെയിരിക്കെയാണ് ചെയർപേഴ്സൺമാർക്ക് ഹോണറേറിയം അനുവദിച്ചത്. 750 രൂപ ഒരു മാസം. സർക്കാരിന്റെ തുക ആദ്യമായി കൈപ്പറ്റുകയാണ്. കിട്ടിയ തുകയോടൊപ്പം കുറച്ചു തുകയും ചേർത്ത് ജീവിതത്തിൽ ആദ്യമായി ഒരു മൊബൈൽ ഫോൺ വാങ്ങി. ഈ മൊബൈൽ ഫോൺ കുടുംബശ്രീ പ്രവർത്തനത്തിന് എന്നെ വളരെയധികം സഹായിച്ചു.

**മനസ്സിൽ തട്ടിയ അനുഭവങ്ങൾ**

മിക്കവാറും ജില്ലാതല പി.ആർ.എം. വിളിച്ചു പറയുന്നത് നേരത്തെയൊക്കെ രാത്രി 9 മണി 10 മണി ആകുമ്പോഴായിരിക്കും. ഇവിടുന്ന് ആലപ്പുഴ വരെ പോകണമെങ്കിൽ വണ്ടിക്കൂലി എങ്ങനെ ഉണ്ടാക്കും. നേരം വെളുത്താൽ ആരോടു ചോദിക്കും. ഇത് എന്റെ അമ്മയോടും മകനോടും പറയുമ്പോൾ എന്റെ സഹോദരനു മനസ്സിലാകും. ഭിക്ഷ യാചിച്ചു നടക്കുന്ന എന്റെ സഹോദരന്റെ കയ്യിൽ നിന്നും വണ്ടിക്കൂലിക്കുള്ള പൈസ തന്നിട്ട് നാക്കു തിരിയുന്ന ഭാഷയിൽ പറയും പോയിട്ടുവരാൻ. എന്റെ മനസ്സു വിങ്ങിപ്പോയ അവസ്ഥയായി. ഒരു നിമിഷം ഞാൻ ചിന്തിക്കും എന്റെ പ്രവർത്തനത്തിന് പ്രചോദനം നൽകുന്ന കരങ്ങളല്ലേ എന്ന്.

പിന്നീടുള്ള ഒരു ദിവസം പി.ആർ.എം. കഴിഞ്ഞ് ആലപ്പുഴയിൽ നിന്നും വീട്ടിലെത്തുമ്പോഴേക്കും രാത്രി 8.30 – 9 മണിയാകും. വിഷമത്തോടെ ബസ്സിറങ്ങി. ചിലപ്പോൾ ഓട്ടോ കാണുകയില്ല. തനിയെ നടക്കും. റോഡിലെങ്ങും ആരും കാണുകയില്ല. അൽപ്പം ഭയത്തോടെയാണെങ്കിലും ധൈര്യത്തോടെ പെട്ടെന്നു നടന്നുപോകും. പ്രതീക്ഷയോടെ എന്നെ കാത്തിരിക്കുന്ന അമ്മയും മകനും സഹോദരനും.

സ്ത്രീകൾക്ക് എത്ര സ്വാതന്ത്ര്യമുണ്ടായാലും ശാക്തീകരിക്കപ്പെട്ടാലും രാത്രിയിൽ ഒറ്റയ്ക്കു നടക്കുവാൻ പേടിയുണ്ട്. എന്നാൽ ജംഗ്ഷനിൽ വന്നാൽ എന്നെ അറിയാം. പഞ്ചായത്തിലെ ഇന്ന ആളാണല്ലോ. സന്ധ്യ കഴിഞ്ഞാൽ മുഖഛായ മാറുന്ന ഈ അവസരത്തിലും ഒരു വാക്കു കൊണ്ടോ നോട്ടം കൊണ്ടോ ആരും എന്നെ ശല്യപ്പെടുത്തിയിട്ടില്ല. അതു കുടുംബശ്രീ പ്രവർത്തനം ഒന്നുകൊണ്ടു മാത്രമാണ്.

കുടുംബശ്രീ പ്രവർത്തനവുമായി ബന്ധപ്പെട്ട് മനസ്സിൽ സൂക്ഷിക്കുവാൻ കുറെ നേട്ടങ്ങൾ സമ്പാദിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ ബാലസഭയിലെ 7 കുട്ടികളെയും (എന്റെ മകൻ ഉൾപ്പെടെ) ഞാൻ ജില്ലാതല ബാല പാർലമെന്റ് കൂടുവാൻ ലിയോ തേർട്ടീൻത്ത് സ്ക്കൂൾ ആലപ്പുഴയിൽ പങ്കെടുക്കുവാൻ പോയതും കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടു മനസ്സിലാക്കുവാൻ കഴിഞ്ഞത്. അന്ന് എന്റെ മകന് സ്വന്തമായി നടക്കുവാൻ കഴിയില്ലായിരുന്നു. കയ്യിൽ പിടിച്ചു വേണം നടത്തിക്കാൻ. അന്നു വന്ന മിക്ക കുട്ടികളും എന്റെ മകനെ വളരെ സന്തോഷത്തോടെയാണ് സ്വീകരിച്ചത്.

4 ദിവസത്തെ ട്രെയിനിംഗ് കഴിഞ്ഞ് അവസാനദിവസം അന്നത്തെ ജില്ലാ കളക്ടറായ ബഹു: കെ.ആർ. വിശ്വംഭരൻ സാർ ആ മീറ്റിംഗിൽ പങ്കെടുക്കുകയും അദ്ദേഹം വന്നപ്പോൾ എല്ലാവരും എഴുന്നേറ്റു കയ്യടിച്ചപ്പോൾ എന്റെ കുഞ്ഞിനു മാത്രം എഴുന്നേൽക്കാൻ കഴിഞ്ഞില്ല. കസേരയിൽ ഇരിക്കുന്ന എന്റെ കുഞ്ഞിന്റെ അടുത്തുവന്ന് കയ്ക്കുപിടിച്ച് എഴുന്നേൽപ്പിച്ചു. മോനും ബാലസഭയിലെ അംഗമാണോ? മകന്റെ വിഷമം മനസ്സിലാക്കിയപ്പോൾ, സാരമില്ല, മോൻ നല്ല മിടുക്കനാവും കേട്ടോ. ഞാൻ ശ്വാസമടക്കി തൊട്ടടുത്തു നിൽക്കുകയാണ്. കാരണം കളക്ടർ എന്ന വാക്ക് പാഠപുസ്തകത്തിൽ മാത്രമാണ് കണ്ടിട്ടുള്ളത്. കളക്ടർ എന്ന ബഹുമാന്യ പവിയിലുള്ള വ്യക്തിയെ ആദ്യം നോക്കി കാണുകയാണ്. എനിക്കു വളരെയധികം സന്തോഷം തോന്നി. കുട്ടികളുടെ ചോദ്യങ്ങൾക്കു മുന്നിൽ അദ്ദേഹം പകച്ചു. കുടുംബശ്രീ സംവിധാനത്തിലൂടെയാണ് ഇങ്ങനെയൊരു കൂട്ടായ്മയിൽ പങ്കെടുക്കാൻ സാധിച്ചതെന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് അദ്ദേഹം കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ പദവിയിൽ ആയി എന്നും അറിഞ്ഞു. തൊട്ടടുത്ത വർഷം തന്നെ സോഷ്യോ എക്കണോമിക്സ് സെന്റർ (സർവ്വോദയപുരം)

ബാലപാർലമെന്റ് കൂടുന്നതിനുള്ള തീരുമാനം അറിയിച്ചതനുസരിച്ച് ടി സ്ഥലത്ത് 7 കുട്ടികളെയും കൊണ്ട് ഞാനും എന്റെ മകനും കൂടിയാണ് പോയത്. അന്ന് ബഹു: ജില്ലാ കളക്ടർ കെ.ബാലകൃഷ്ണൻ സാർ കുട്ടികളുമായി നേരിട്ട് സംവാദം നടത്തുകയും എന്നോടൊപ്പം കൂട്ടിത്തിലുള്ള ബാലസഭാംഗം കാളിദാസ് ബഹു: കളക്ടറോട് നേരിട്ടൊരു അഭ്യർത്ഥന നടത്തി. അദ്ധ്യാപകർ പഠനസമയത്ത് മൊബൈൽഫോൺ ഉപയോഗിക്കുന്നത് നിരോധിക്കണമെന്ന്. ആ ഒരു ചോദ്യം ഇന്നും എന്റെ മനസ്സിലുണ്ട്. ഒന്നും മറക്കാൻ പറ്റുന്നില്ല. ഇതിൽ നിന്നെല്ലാം എന്നെ അത്ഭുതപ്പെടുന്ന മറ്റൊരു സത്യം ഞാൻ മനസ്സിലാക്കി. ബഹു: ജില്ലാ കളക്ടർമാരായ കെ.ആർ.വിശ്വംഭരൻ സാർ (5–ാം വാർഡ്, കുന്നം) കെ.ബാലകൃഷ്ണൻ സാർ (17–ാം വാർഡ്) ഞങ്ങളുടെ തഴക്കര പഞ്ചായത്തിൽ ജനിച്ചുവളർന്നവരും പഞ്ചായത്തിന് അഭിമാനമായ ഐ.എ.എസ്. കാരാണെന്നും ഇതിൽപ്പരം ഒരു സന്തോഷമില്ല.

അതുപോലെ തന്നെ ഇപ്പോഴത്തെ ജില്ലാ കളക്ടറായ ബഹു: പി.വേണഉഗോപാൽ സാറിനെ കഴിഞ്ഞ കുടുംബശ്രീ പി.ആർ.എം. ലേക്കു വന്നു. ജില്ലയിലെ സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയത് മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ്. ആലപ്പുഴ ജില്ല – ലഹരിവിമുക്ത ജില്ല എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു യോഗം ബഹു: കളക്ടർ പി.വേണുഗോപാൽ സാറിന്റെ

കോൺഫറൻസ് ഹാളിൽ കൂടിയപ്പോൾ ആ യോഗത്തിൽ ബഹുമാന്യ വ്യക്തികളോടൊപ്പം പങ്കെടുക്കുവാൻ ചെയർപേഴ്സൺമാരോടൊപ്പം ഭാഗ്യം ലഭിച്ചത് വലിയൊരു അനുഭവമാണ്.

ആലപ്പുഴ ജില്ല പഞ്ചായത്തുകളിൽ ബാല പാർലമെന്റു കൂടുവാൻ അവസരം ലഭിച്ചതും ജില്ലാ പാർലമെന്റ് കഴിഞ്ഞ് തിരികെ കുട്ടികളെ എല്ലാം കൂട്ടി എങ്ങനെ വരും അങ്ങനെ വിഷമിച്ചു നിൽക്കുമ്പോഴാണ് ഞങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റ് ടി പരിപാടിയിൽ പങ്കെടുത്തിട്ട് തിരികെ പോകുവാൻനേരം ഞങ്ങളെയെല്ലാരെയും പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിൽ ഇവിടെ എത്തിച്ചത്. ഞാനും കുട്ടികളും ബഹു. പ്രസിഡന്റിനോട് നന്ദി പറഞ്ഞ. പുതിയൊരു അനുഭവമായിരുന്നു അത്.

കേരളത്തിന്റെ ഭൂപടത്തിൽ മാത്രം കണ്ടിട്ടുള്ള എൻ.എച്ച്. 47 ദേശീയപാത, തോട്ടപ്പള്ളി സ്പിൽവേ, അറബിക്കടൽ ഇതിന്റെയെല്ലാം തീരത്തുകൂടി മിക്കവാറും ജില്ലാ മിഷന്റെ ഓഫീസിലും യോഗങ്ങളിലും പോകുമ്പോഴുള്ള യാത്ര.

12–ാം വാർഷികത്തിൽ ആദ്യമായി ആലപ്പുഴ കടപ്പുറത്തു പോയതും മുൻ മുഖ്യമന്ത്രി ആയിരുന്ന ബഹു: വി.എസ്.അച്യുതാനന്ദൻ സാറിനെയും സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ നായകന്മാരെയും കാണുവാൻ സാധിച്ചു.

കുടുംബശ്രീപരമായ ട്രെയിനിംഗുകളിൽ പങ്കെട്ക്കുവാൻ സാധിച്ചതും മാർഗ്രിഗോറിയോസ് ട്രെയിനിംഗ് സെന്റർ, ഇ.റ്റി.സി. കൊട്ടാരക്കര, സോഷ്യോ എക്കണോമിക് സെന്റർ എക്സാത്ത്, കെ.എ.എസ്.എസ്. സ്മാർട്ട് സ്റ്റീംസ് ഇൻ പത്തനംതിട്ട ജില്ലാ മിഷൻ ടീം പഴകുളം പാസ്സിൽവെച്ചു നടന്ന ട്രെയിനിംഗിൽ പങ്കെടുക്കുവാൻ സാധിച്ചത്.

കുടുംബശ്രീ അവലോകനയോഗവുമായി സംബന്ധിച്ച് വിവിധ ബ്ലോക്കുതലങ്ങളിൽ പോകുവാൻ സാധിച്ചതും അവിടുത്തെ പ്രവർത്തന രീതികൾ നോക്കിക്കണ്ട് മനസ്സിലാക്കുവാനും കഴിഞ്ഞത് നല്ലൊരു അനുഭവമാണ്.

13–ാം വാർഷികത്തോടനുബന്ധിച്ച് അനുഭവകഥകൾ പറയുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവസരം ലഭിച്ചു. സംസ്ഥാന സമ്മേളനത്തിൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വെച്ചും ഇോഴത്തെ മുഖ്യമന്ത്രിയായ ബഹു: ഉമ്മൻ ചാണ്ടി, പഞ്ചായത്തു മന്ത്രി ഡോ: എം.കെ.മുനീർ സാർ എന്നിവരേയും നനേരിൽ കാണുവാനും പ്രത്യേകിച്ച് ഒരു ഗായകൻ കൂടിയായ ഡോ:

എം.കെ.മുനീർ സാർ ആ വേദിയിൽ വെച്ച് പാടിയ പാട്ടു കേൾക്കുവാനും സാധിച്ചത് വിലപ്പെട്ട അനുഭവമാണ്. ഈ അവസരത്തിൽ വച്ചു തന്നെ പല ജില്ലകളിൽ നിന്നു വന്ന ചെയർപേഴ്സൺമാരെ കാണുവാനും കുറച്ചുപേരെ പരിചയപ്പെടുകയും (കണ്ണൂർ, കാസർകോട്) സംസാരശൈലി മനസ്സിലാക്കുവാനും സാധിച്ചു.

എന്റെ പ്രവർത്തനത്തിൽക്കൂടി കുറച്ചു നേട്ടങ്ങൾ ലഭിച്ചു.

ഭവനശ്രീ ലോണുമായി ബന്ധപ്പെട്ട് 20 കുടുംബാംഗങ്ങൾക്ക് ലോൺ വാങ്ങിക്കൊടുത്തു. (40,000) (കുടിശിഖ നിലനിൽക്കെ കഴിഞ്ഞ ഗവൺമെന്റ് കുടിശിഖ മൊത്തവും എഴുതിത്തള്ളിയത് വളരെ ഉപകാരപ്രദമായി.)

പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ബാങ്കുകളുമായും ബന്ധപ്പെടുവാനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലോൺ സബിസിഡി ലോൺ വിവിധ സംരംഭങ്ങൾക്കുള്ള ലോൺ മാച്ചിംഗ് ഗ്രാന്റ് എന്നിവ വാങ്ങി നൽകുന്നതിനും ലോൺ കുടിശിഖ ഉള്ളവരെ അദാലത്തിൽ ഉൾപ്പെടുത്തി കുടിശിഖ അടയ്ക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ബന്ധപ്പെടുത്തി.

ജെ.എൽ.ജി. സംഘകൃഷി, മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതി പരിഗണന അർഹിക്കുന്ന ഒരു അയൽക്കൂട്ടം രൂപീകരിക്കുന്നതിനും ഭാഗഭാക്കാകാൻ സാധിച്ചതും ഒരു നേട്ടമായി കാണുന്നു.

വിവിധ സർക്കാർ ഓഫീസുകളിൽ പോകുന്നതിനും അവിടുത്തെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

21 വാർഡിന്റെ മുക്കും മൂലയും കണ്ടറിയുവാനും സ്ക്കൂളുകൾ സ്ഥാപനങ്ങൾ നേരിട്ടു കാണുവാൻ സാധിച്ചതും.

ജില്ലാ കൃഷിത്തോട്ടം, സീഡ് ഫാം, ഹോർട്ടികോർപ്പ് (തഴക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നത്) എന്നിവിടങ്ങളിൽ പോകുവാനും കൃഷിരീതികൾ നോക്കി മനസ്സിലാക്കുവാൻ സാധിച്ചതും നേട്ടമാണ്.

പഞ്ചായത്തിൽ വച്ചു നടത്തുന്ന വിവിധ മീറ്റിംഗുകളിലും പഞ്ചായത്തിന്റെ വികസനവുമായി സംബന്ധിച്ച സെമിനാറുകളിൽ പങ്കെടുക്കുവാൻ സാധിച്ചതും.

ഇക്കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷനോടനുബന്ധിച്ചാണ് 13-ാം വാർഡിൽ ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ ശിങ്കാരിമേളം ഉദ്ഘാടനം ചെയ്യുവാൻ അവസരം ലഭിച്ചത്.

കെൽസ ട്രെയിനിംഗുമായി സംബന്ധിച്ച് മാവേലിക്കര മജിസ്ട്രേറ്റ് കോടതിയിലെ കമ്മറ്റിക്ക് പങ്കെടുക്കുവാൻ സാധിച്ചത് കോടതിയുടെ പരിപാവനത്വം കാത്തുസൂക്ഷിക്കുന്ന ജഡ്ജിമാരെയും ഉദ്യോഗസ്ഥരെയും കാണുവാൻ സാധിച്ചത്.

ബിരുദാനന്തരബിരുദം കൈമുതലായിട്ടും ഒരു ജോലി നേടാൻ സാധിച്ചില്ല. ഇപ്പോൾ എനിക്ക് അതിൽ വിഷമമില്ല. കാരണം സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുവാനും പൊതു അറിവുകൾ കരസ്ഥമാക്കുവാനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുവാനും എനിക്കു കഴിഞ്ഞു. എന്റെ അച്ഛൻ എനിക്കു കൈമുതലായി തന്നതാണ് എന്റെ വിദ്യാഭ്യാസം. കുറേ പുസ്തകങ്ങൾ വാങ്ങി തന്നു. എന്നാൽ വിദ്യാഭ്യാസം ചെയ്തതിനേക്കാൾ ഉപരി കുടുംബശ്രീ പ്രവർത്തനത്തിൽ കൂടി ലഭിച്ച അറിവുകളാണ്.

എന്റെ കുടുംബശ്രീ പരിചയം കൊണ്ടാകാം ഞാൻ ഉൾക്കൊള്ളുന്ന എന്റെ സമുദായ അംഗങ്ങൾ ഐകകണ്ഠേന ശാഖാസെക്രട്ടറിയായി തെരഞ്ഞെടുത്തു. എന്റെ മകനും ഒപ്പം പഠിക്കുന്ന കുട്ടികൾക്ക് കുടുംബശ്രീയുടെ പ്രോജക്ട് ചെയ്തു കൊടുക്കുന്നതിനും സാധിച്ചും. ങ.ജവശഹ, ആ.അ. വിദ്യാർത്ഥികൾക്ക് കുടുംബശ്രീ പ്രോജക്ടുകൾ ചെയ്തുകൊടുക്കുവാൻ സാധിച്ചതിൽ വളരെ അഭിമാനം ഉണ്ട്.

കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ കണക്കു കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ സംസ്ഥാന ഗവൺമെന്റ് അതാതു പഞ്ചായത്തുകളിൽ അക്കൗണ്ടന്റുമാരെ നിയമിച്ചത് കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടമാണ്. ഈ നിയമനം എന്റെ പ്രവർത്തനമേഖലയ്ക്ക് വളരെ ആശ്വാസമായി. നിങ്ങൾക്കറിയാമോ, പ്രായാധിക്യവും സുഖമില്ലാത്തതുമായ എന്റെ അമ്മ, വികലാംഗനും മാനസിക വൈകല്യവും സംസാരശേഷിയുമില്ലാത്ത സഹോദരൻ, 50% അസ്ഥിവൈകല്യമുള്ള, കാൽ ഉപ്പൂറ്റി ഉറപ്പിച്ചു നടക്കാൻ പറ്റാത്ത അവസ്ഥയിലുള്ള എന്റെ മകൻ ഇപ്പോൾ 8-ാം ക്ലാസ്സിൽ പഠിക്കുന്നു. ഇവരുടെയെല്ലാം കാര്യങ്ങൾക്കും അത്താണിയായി ഞാൻ മാത്രം. പല ദിവസങ്ങളിലും എന്റെ സഹോദരൻ വൈലന്റാകും. തന്നെത്താനെ കല്ലുകൊണ്ട് ശരീരത്തിൽ ഇടിക്കും, അമ്മയെ ഉപദ്രവിക്കും, വീടിനു നാശം വരുത്തും. പലപ്പോഴും വിചാരിക്കും എന്തിനിങ്ങനെ ജീവിക്കുന്നുവെന്ന്. കുറച്ചു

കഴിയുമ്പോൾ സഹോദരൻ നോർമലാകും. സമാധാനിപ്പിച്ചിട്ടാണ് പഞ്ചായത്തിലേക്ക് പോകുന്നത്. അന്നത്തെ ദിവസം തരിച്ചു വീട്ടിൽ വരുന്നതുവരെ വേവലാതിയാണ്.

ചിലപ്പോൾ താമസിച്ചാണ് പഞ്ചായത്തിലേക്ക് പോകുന്നത്. എന്നെക്കൊണ്ടു പല കാര്യങ്ങളും സാധിക്കാൻ വരുന്നവർക്ക് വലിയ പുച്ഛഭാവമാണ്. ചിലർ ചോദിക്കും ഇപ്പോഴാണോ വരുന്നത്. ഇവർ അറിയുന്നില്ലല്ലോ എന്റെ ദുരവസ്ഥ. വരുന്നവരോടെല്ലാം സ്നേഹത്തോടെയും സമാധാനത്തോടെയും പെരുമാറാൻ എനിക്ക് മനക്കരുത്തുണ്ടാകണമെന്ന് പ്രാർത്ഥിക്കും. കഴിഞ്ഞ സി.ഡി.എസ്. ഇലക്ഷനു മുമ്പ് (ഡിസംബർ 2011) ഞാൻ 2 ദിവസം അവധിയെടുത്തു. വീട്ടിലെ ബുദ്ധിമുട്ടു കാരണം, കുട്ട, മുറം, വട്ടി എന്നിവ നെയ്യുന്നതിനാവശ്യമായ ഒട്ടൽ (കുളഞ്ഞി) വെട്ടിയെടുക്കുന്നതിന് എന്റെ പഞ്ചായത്തിലുള്ള വാർഡിൽ അടുത്ത വീട്ടിലെ അമ്മയോടൊപ്പം പോയി. ആറിന്റെയും പുഞ്ചയുടെയും തീരത്തുള്ള കുറ്റിക്കാടുകളിലാണ് ഈ ഒട്ടൽ വളർന്നു നിൽക്കുന്നത്.

ആ സ്ഥലത്തു ചെന്ന് ഒട്ടലു വെട്ടിക്കൊണ്ടു നിൽക്കുമ്പോളാണ് തൊഴിലുറപ്പു പദ്ധതിയിൽ ജോലിചെയ്യുന്ന കുടുംബശ്രീ സഹോദരിമാരെ കണ്ടത്. അവർക്ക് വളരെ അതിശയമായിപ്പോയി. ചിലർ പരസ്പരം പുച്ഛഭാവത്തോടെ നോക്കുന്നു. അയ്യേ, ചെയർപേഴ്സണേ ഈ ജോലിക്കെന്തിനാണു വരുന്നത്. അപ്പോൾ ഞാൻ അവരോടു പറഞ്ഞു : നിങ്ങൾ തൊഴിലുറപ്പു പണി ചെയ്യുന്നു, അതുപോലെയാണ് ഞാനും എനിക്കറിയാവുന്ന കൈത്തൊഴിൽ ചെയ്തു ജീവിക്കുന്നതിൽ എനിക്കഭിമാനമേയുള്ളൂ. സ്ഥാനമാനങ്ങൾ അല്പസമയത്തേക്കു മാത്രമേ ഉള്ളൂ. പ്രായമുള്ള ഒരമ്മ പറഞ്ഞു ചെയ്യുന്ന ജോലിക്ക് അതിന്റേതായ മഹത്വമുണ്ട്. അതിനുശേഷം എ.ഡി.എസ്. കൂടുവാൻ ആ വാർഡിൽ ചെല്ലുമ്പോൾ നേരത്തെ എന്നോടുണ്ടായിരുന്ന മനോഭാവമല്ല എന്നോടു കാണിച്ചത്.

അതുപോലെതന്നെ 13-ാം വാർഷികത്തോടനുബന്ധിച്ച് കുടുംബശ്രീയിൽ ഉണ്ടായ അനുഭവകഥകൾ വളരെ സത്യസന്ധമായി അവതരിപ്പിച്ചു. അതിനുശേഷം ഞാൻ ഒറ്റപ്പെട്ടുപോയി എന്ന തോന്നൽ എനിക്കുണ്ടായി. എന്റെ അവസ്ഥ പറയേണ്ടിയിരുന്നില്ല എന്ന തോന്നൽ എനിക്കുണ്ടായി. എല്ലാവരോടും ക്ഷമാപണത്താൽ ഞാൻ പറയട്ടെ ഞാൻ എന്റെ പച്ചയായ ജീവിതസത്യമാണ്. ആരുടെയും സഹതാപം ഏറ്റുവാങ്ങുന്നതിനുവേണ്ടി അല്ലായിരുന്നു. അതുപോലെ ചെയർപേഴ്സൺ സ്ഥാനത്തേക്ക് വന്നപ്പോഴും എന്നെയും എന്റെ കുടുംബത്തേയും ഒറ്റപ്പെടുത്തിയിട്ടുള്ള

ഒരുപാട് സംഭവങ്ങൾ ഉണ്ട്. എന്റെ സഹോദരങ്ങളും ബന്ധുജനങ്ങളും അയലത്തുകാരും അവരവരുടെ വീടുകളിൽ എന്തെങ്കിലും വിശേഷം ഉണ്ടെങ്കിൽ എന്റെ വീടൊഴിച്ച് എല്ലാവരെയും ക്ഷണിക്കും. എല്ലാവരും ആഘോഷത്തോടെ പോകുമ്പോൾ എന്റെ മകൻ എന്നോടു ചോദിക്കും എന്താ അമ്മേ നമ്മളെ ആരും വിളിക്കാത്തത്. ഞാൻ അപ്പോൾ പറയും നമുക്ക് പണവും പ്രതാപവും ആഡംബരവും ഇല്ലാഞ്ഞിട്ടായിരിക്കും. ദൈവം നമ്മെ മറക്കത്തില്ലല്ലോ. ഈ ചെയർപേഴ്സൺ സ്ഥാനത്തേക്കു വന്നപ്പോൾ കുറച്ചാൾക്കാർ കാര്യസാധ്യത്തിനുവേണ്ടി ക്ഷണിക്കാറുണ്ട്.

## എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത അനുഭവക്കാഴ്ചകൾ

2004 – 05 കാലയളവിലാണ് ഞങ്ങളുടെ പഞ്ചായത്തിൽ അഗതി ആശ്രയപദ്ധതി നടപ്പിലാക്കിയത്. തുടക്കത്തിൽ 42 അഗതികളെ തിരഞ്ഞെടുത്തു. അന്നത്തെ വാർഡു മെമ്പറും പ്രസിഡന്റും എന്റെ കഷ്ടാവസ്ഥ അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി. അഗതികളെ നേരിട്ടുകണ്ട് മനസ്സിലാക്കി ഫോട്ടോ എടുക്കുന്നതിനും ഞാനും അന്നത്തെ ചെയർപേഴ്സണും എന്നോടൊപ്പമുള്ള 2 സി.ഡി.എസ്. അംഗങ്ങളുമാണ് സർവ്വേ നടത്തുന്നതിനുവേണ്ടി പോയത്. ഏറ്റവുമൊടുവിൽ എന്റെ വീട്ടിൽ വന്നപ്പോൾ അവർ അതിശയിച്ചു. കാരണം 100 ശതമാനവും അർഹതയുള്ളതാണെന്ന് ബോധ്യ പ്പെട്ടു. 3 സെന്റ് വസ്തു ഉള്ളതിനാൽ എന്റെ സഹോദരന്റെ പേര് അഗതി ആശ്രയ ലിസ്റ്റിൽ ഗൃഹനാഥനായി തെരഞ്ഞെടുത്തത്. വീടും മറ്റ് അതിജീവന ആവശ്യങ്ങൾക്കാണ് തെരഞ്ഞെടുത്തത്. ലഭിച്ച വീടിന്റെ അറ്റകുറ്റപ്പണികൾ തീർക്കുവാൻ സാധിച്ചില്ല. സ്വന്തമായിട്ടുള്ളത് കാലപ്പഴക്കമുള്ള ഒരു വീട് ചോർന്നൊലിക്കുന്നതാണ്. എല്ലാവരും ചോദിക്കും നീ പഞ്ചായത്തിൽ പോകുന്നതല്ലേ, ഒരു വീടിന് അപേക്ഷ കൊടുത്താലെന്താണെന്ന്. പറയുന്നവർ വിചാരിക്കുന്നുണ്ടോ അതിന്റെ പിന്നീടുള്ള ബുദ്ധിമുട്ടുകൾ.

സി.ഡി.എസ്. ഇലക്ഷന് പങ്കെടുക്കുന്നില്ല എന്ന് ഉറച്ചു തീരുമാനിച്ചതാണ്. എന്നാൽ അഗതി ആശ്രയിലെ അംഗങ്ങൾ മിക്കവരും എന്നെ കണ്ടുപറഞ്ഞു അയ്യോ ഇനി എങ്ങനെയാണ് ഞങ്ങളുടെ കാര്യം. സാരമില്ല, ഞാൻ മാറിയാൽ വേറൊരാൾ വരും.

വിഷമിക്കേണ്ട. അപ്പോൾ അവരുടെ ദയനീയ മുഖം മാത്രമാണ് എന്റെ മനസ്സിൽ തെളിഞ്ഞത്. ഞാൻ വീണ്ടും മത്സരിക്കുവാനുള്ള പ്രചോദനമാണ് എന്ന് മനസ്സു മന്ത്രിച്ചു. ഞങ്ങളുടെ പഞ്ചായത്തിലുള്ള ഒരു അഗതിയെ ചെങ്ങന്നൂർ ശരണാലയത്തിലാണ് പാർപ്പിച്ചിരിക്കുന്നത്. അഗതിയെക്കാണാനും ഭക്ഷണക്കിറ്റ് കൊടുക്കാൻ പോകുവാനും എനിക്ക് സാധിച്ചിട്ടുണ്ട്. അവിടെ ചെല്ലുമ്പോൾ ഓരോരുത്തരുടേയും ദയനീയ മുഖം കാണുമ്പോൾ എനിക്ക് വേദനയുണ്ടാകും. ആ വ്യക്തി മരിച്ചപ്പോൾ ബന്ധുക്കളായി എന്നെ മാത്രമാണ് അറിയിച്ചത്. തക്കസമയത്തുതന്നെ ഞാൻ അവിടെയെത്തി ഒരു പ്രായമുള്ള അച്ഛൻ എന്നോടു പറഞ്ഞു, ഈ മരിച്ചയാളിന് ബന്ധുവായി മകളെങ്കിലും ഉണ്ടല്ലോ എന്ന്.

ഭാര്യയും മക്കളും ഉപേക്ഷിച്ച വൃദ്ധരായ ആൾക്കാരും പെരുവഴിയിൽ ഉപേക്ഷിക്കപ്പെട്ടവരുമാണ് അവിടെ കഴിഞ്ഞത്. നല്ലവരായ ആൾക്കാരുടെ സന്മനസ്സുകൊണ്ടും ആ സ്ഥാപനം നടത്തിപ്പോരുന്നത്. ഒരു കാര്യം നാം എല്ലാവരും ചിന്തിക്കണം. ജീവിതത്തിന്റെ എല്ലാ സുഖസൗകര്യങ്ങളും കെട്ടിപ്പടുക്കുന്നവരോട് വിശപ്പടക്കാൻ ഒരു പിടി അരി മാറ്റിവച്ച് അഗതി മന്ദിരങ്ങളിൽ കൊടുത്താൽ നൂറു പുണ്യം കിട്ടും. അവിടുത്തെ അവസ്ഥ കണ്ട് വീട്ടിൽ തിരിച്ചുവന്നാലും ഓരോരുത്തരുടെയും ദയനീയ മുഖം മനസ്സിൽ നിന്ന് മാറുകയില്ല.

ഇതിനെല്ലാം നിമിത്തമായത് എന്റെ കുടുംബശ്രീ അംഗത്വവും പഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതിയിൽ പങ്കാളിയാകാനും വിശിഷ്യ അഗതി ആശ്രയ കുടുംബത്തിലുള്ള അംഗത്വവും എനിക്ക് ജീവിതത്തിൽ കിട്ടാവുന്ന പുണ്യ പ്രവർത്തനമായി കാണുന്നു. ഞാൻ എപ്പോഴും ഓർക്കും എന്നെക്കൊണ്ട് മറ്റുള്ളവർക്ക് സഹായവും സേവനവും ചെയ്യുമ്പോൾ എനിക്ക് സ്വന്തമായി ലഭിക്കുന്നത് കഷ്ടപ്പാടുകളും അവഹേളനവും സാമ്പത്തിക ബാദ്ധ്യതയും നിറഞ്ഞ ജീവിതമാണ്. എന്റെ ഏറ്റവും വലിയ ആഗ്രഹം അഗതി ആശ്രയ പദ്ധതി നടത്തിപ്പ് പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും സംയുക്ത സഹകരണത്തോടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊടുക്കാൻ ഞാൻ ആത്മാർത്ഥമായി പ്രയത്നിക്കും. ഈ സാമൂഹ്യ പ്രവർത്തനം കഴിഞ്ഞാണ് എന്റെ വീട്ടിലേക്കുള്ള കാര്യങ്ങൾ നടത്തുന്നത്. എന്റെ അച്ഛനും അമ്മയും പഠിപ്പിച്ച പരമ്പരാഗത കൈത്തൊഴിൽ ചെയ്ത് ഞാൻ എന്റെ വീട്ടിലെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. പലരും കളിയാക്കും നിനക്ക് ഹോണറേറിയം കിട്ടുന്നുണ്ടല്ലോ, പിന്നെന്തിനാണ് ഈ പണിക്കു പോകുന്നത്. എന്നെ എത്രപേർ

കളിയാക്കിയാലും ഈ സംരംഭം മുന്നോട്ടു കൊണ്ടുപോകുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ ഞാൻ ആഗ്രഹിക്കുകയാണ്.

ഞാൻ ചെയ്യുന്ന പ്രവർത്തനങ്ങളെ ഞാൻ കൊട്ടിഘോഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. സ്ഥാനമാനങ്ങൾ ഒരു മഴവെള്ളപ്പാച്ചിലിൽ നഷ്ടപ്പെട്ടുപോകും.

എന്റെ ജീവിതത്തിൽ ഞാൻ ഒറ്റപ്പെട്ടപ്പോൾ എന്റെ പെറ്റമ്മ മാത്രമായിരുന്നു എന്നെ താങ്ങായി നിർത്തിയത്. കുടുംബശ്രീ പ്രസ്ഥാനത്തെ എന്റെ പെറ്റമ്മെയപ്പോലെയാണ് ഞാൻ കാണുന്നത്. എത്ര നമിച്ചാലും മതിയാക്കില്ല.

ആദ്യകാലങ്ങളിലെ പ്രവർത്തനങ്ങൾക്ക് ആലപ്പുഴ ജില്ലയിലെ 11 (പതിനൊന്നാമത്തെ) പഞ്ചായത്തായി തെരഞ്ഞെടുക്കുകയും സംസ്ഥാന ഗവ. പുരസ്കാരവും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇടയ്ക്കുവച്ച് ഒരു മന്ദതയുണ്ടായി. ചെയ്യുന്ന പ്രവർത്തനങ്ങൾ ഒന്നും തന്നെ പുറത്തേയ്ക്ക് അറിയാത്തതിനാലാകാം.

ഒരു സന്തോഷം കൂടി അറിയിക്കട്ടെ.

കഴിഞ്ഞ രണ്ടു വർഷത്തിനു മുമ്പ്, ഞങ്ങളുടെ പഞ്ചായത്തിലെ 50 കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തി ഓണത്തിന് ഒരു മുറം നെല്ല് പദ്ധതി പ്രകാരം കരനെൽകൃഷി ചെയ്ത് വിജയകരമായി വിളവെടുപ്പ് നടത്തിയതിന് ആകാശവാണി തി രുവനന്തപുരം നിലയത്തിന്റെ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ വരികയും പഞ്ചായത്ത് പ്രസിഡന്റ് കൃഷി ഓഫീസർ എന്നിവർക്കൊപ്പം ശ്രോതാക്കൾക്കുവേണ്ടി ഒരു അഭിമുഖസംഭാഷണം നടത്തുവാൻ അവസരം ലഭിച്ചു.

ഇതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തനത്തിൽ ഇപ്പോൾ വളരെയധികം പ്രോത്സാഹനവും സഹായസഹകരണങ്ങളും ബഹു. പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടുന്ന ഭരണസമിതിയും ഉദ്യോഗസ്ഥന്മാരും ആണ്. പഞ്ചായത്ത് പ്രസിഡന്റിന്റെ ബൃഹദ് പദ്ധതിയായ കൃഷിക്കൂട്ടം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഏറ്റെടുത്തു വിജയിപ്പിച്ചു.

മനസ്സിൽ ചിതറിക്കിടക്കുന്ന ആശയങ്ങൾ, അനുഭവങ്ങൾ , കഥകളായി കോർത്തിണക്കിയപ്പോൾ സങ്കടം കൊണ്ടോ, സന്തോഷം കൊണ്ടോ കണ്ണുകൾ അറിയാതെ നനഞ്ഞുപോയി. മനസ്സിന്റെ ഭാരം ഇറങ്ങിപ്പോയതുപോലെ. ഒരു പുതിയ പ്രത്യാശയുടെ വെളിച്ചം അനുഭവപ്പെട്ടു.

സംസ്ഥാനത്തെ ലക്ഷോപലക്ഷം കുടുംബശ്രീ വനിതകളുടെ അനുഭവക്കുറിപ്പ് എഴുതുവാനുള്ള അവസരം ഇപ്പോഴാണ് ലഭിച്ചത്. അതുതന്നെ ഒരു ഭാഗ്യമല്ലേ.

ഇത്രയും പ്രേരണയും പ്രോത്സാഹനവും നൽകിയ സംസ്ഥാന മിഷനോടും ആലപ്പുഴ ജില്ലാ മിഷൻഡറെയും ഉദ്യോഗസ്ഥരുടെയും അകമഴിഞ്ഞ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ഒരു അഹങ്കാര ബബുദ്ധിയോടെയല്ല ഈ അനുഭവസാക്ഷ്യം. എന്റെ അനുഭവകഥകളിലൂടെ അറിഞ്ഞോ, അറിയാതെയോ വിമർശിച്ചിട്ടുണ്ടെങ്കിൽ ക്ഷമാപണം. അങ്ങനെയില്ല എന്നാണ് വിശ്വാസം.

ജീവിതത്തിൽ ഒന്നുമില്ലാതിരുന്ന എനിക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങി പ്രവർത്തിക്കുവാനുള്ള പ്രചോദനം ഏറ്റവും വലുതായി ഞാൻ കാണുന്നത് എന്റെ അച്ഛന്റെയും അമ്മയുടെയും മകളായി ജനിക്കാൻ കഴിഞ്ഞതാണ്. എന്റെ ജീവിതത്തിൽ ഉണ്ടായ തോൽവിയിൽ നിന്നും മനസ്സിനെ തളർത്താതെ മുന്നോട്ടു നയിച്ചത് കുടുംബശ്രീയിലുള്ള അംഗത്വമാണ്. കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തിന് ആയിരമായിരം നന്ദി പറഞ്ഞുകൊണ്ട് ഇനിയും എഴുതുവാൻ ബാക്കി നിൽക്കെ തല്ക്കാലം നിർത്തുന്നു.

***സുശീല.കെ.ജെ.***

***കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ***

അനുഭവക്കുറിപ്പുകൾ

# *നടുങ്ങുന്ന ഓർമ്മകൾ*

ഞാൻ ഗീതാരാമചന്ദ്രൻ, ആല പഞ്ചായത്തിൽ പത്താം വാർഡിൽ പ്രവർത്തിക്കുന്ന മഹാത്മാ കുടുംബശ്രീയുടെ സെക്രട്ടറിയാണ്. ഞങ്ങളുടെ കുടുംബശ്രീ രൂപീകരിച്ചിട്ട് എട്ടുവർഷമായി. അന്നു മുതൽ ഇന്നുവരെ ഞാൻ തന്നെയാണ് ഞങ്ങളുടെ വാർഡിന്റെ ഏ.ഡി.എസ്. ചെയർപേഴ്സണായി എന്നെ തെരഞ്ഞെടുത്തു. ഞങ്ങളുടെ കുടുംബശ്രീയിൽ ഇപ്പോൾ ഞങ്ങൾ ഇരുപത് അംഗങ്ങളാണുള്ളത്. ഞങ്ങളുടെ കുടുംബശ്രീ രൂപീകരിച്ച നാൾ മുതൽ ഇന്നുവരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എല്ലാ യോഗങ്ങളിലും എന്തെങ്കിലുമൊക്കെ വരുമാനദായക പ്രവർത്തനങ്ങൾ ഞങ്ങൾ ചെയ്തുവരുന്നു. ബാങ്കുമായി ലിങ്കേജു രണ്ടു പ്രാവശ്യം ചെയ്ത പലചരക്കു കച്ചവടവും, റെഡിമെയ്ഡു തുണികളുടെ ബിസിനസ്സും നടത്തി. തരക്കേടില്ലാത്ത വരുമാനം ഉണ്ടാക്കുകയും ലാഭം ബിസിനസിൽ അംഗങ്ങൾ പങ്കെടുക്കുന്നതിന്റെ ആനുപാതത്തിൽ വീതിച്ചു നൽകുകയും ചെയ്തു വരുന്നു. രണ്ടു പ്രാവശ്യത്തെയും ലിങ്കേജുലോൺ കുടിശ്ശിഖ വരുത്താതെ ഞങ്ങൾ അടച്ചു തീർത്തു. മൂന്നാമതും ലോൺ എടുത്ത് ബിസിനസ്സ് ചെയ്യുന്നതിനായിട്ട് ബാങ്കിനേയും സി.ഡി.എസ് നേയും സമീപിച്ചു. അവർ തരാം തരാം എന്നു പറയുന്നതല്ലാതെ ഒന്നും ശരിയാകുന്നില്ല. അതുകൊണ്ട് ഞങ്ങളുടെ ത്രിഫ്റ്റിൽ നിന്നും ലോണെടുത്ത് വരുമാനദായക പ്രവർത്തനങ്ങൾ നടത്തുന്നു. അതിന്റെ ലാഭം അംഗങ്ങൾക്കു വീതിച്ചു നൽകുകയും ചെയ്യുന്നു.

ഇപ്പോൾ എന്റെ വാർഡിൽ 4 കുടുംബശ്രീകളാണുള്ളത്. എല്ലാ കുടുംബശ്രീകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഞങ്ങൾ രണ്ടു കുടുംബശ്രീകൾ സംഘകൃഷി നടത്തുന്നുണ്ട്. കാലാവസ്ഥ വ്യതിയാനത്താൽ നഷ്ടമാണു സംഭവിച്ചത്. മുടക്കിയ മുതലു പോലും കിട്ടാത്ത  അവസ്ഥയാണ്. അതുകൊണ്ട് കൃഷി ചെയ്യാൻ അംഗങ്ങൾക്ക് താല്പര്യമില്ലാതെ വരികയാണ്. ഞങ്ങൾ മൂന്നു കുടുംബശ്രീയിലെ അംഗങ്ങൾ ചേർന്ന സബ്സിഡി ലോൺ എടുത്ത് പശു വളർത്തൽ, തയ്യൽ യൂണിറ്റ് എന്നിവ ചെയ്യുന്നു. ഇത്രയും എന്റെ കുടുംബീയിലെ അംഗങ്ങൾക്ക് മക്കളുടെ കല്യാണത്തിനും, വിദ്യാഭ്യാസത്തിനും, വീട് പണിക്കും അങ്ങനെ പല ആവശ്യങ്ങൾക്കും ഞാൻ അംഗങ്ങളുടെ ത്രിഫ്റ്റു നോക്കാതെ ആവശ്യം അനുസരിച്ച് അവർക്ക് ലോൺ കൊടുക്കുന്നു. അത് വലിയ ഒരു അനുഗ്രഹമായി നന്ദിയോടെ അംഗങ്ങൾ ഓർക്കുന്നു അവരതു പറയുമ്പോൾ ഞാൻ ചെയ്യുന്ന പ്രവർത്തിയിൽ എനിയ്ക്ക് സന്തോഷവും, ആത്മാഭിമാനവും തോന്നുന്നു. ഞാൻ കഷ്ടപ്പെടുന്നതിൽ എനിക്ക് സംതൃപ്തി അനുഭവപ്പെടുന്നു. എന്നാൽ ഒരു ദിവസം ഒരിക്കലെങ്കിലും എനിക്കു മറക്കാൻ പറ്റാത്ത ഒരു സംഭവമുണ്ടായി. ഞങ്ങളുടെ കുടുംബശ്രീയിലെ രാധാപിള്ള എന്ന അംഗത്തിന്റെ മരണം അല്ല ആത്മഹത്യ, അല്ലെങ്കിൽ കൊലപാതകം. ഇതിൽ ഏതാണ് ഈ ചേച്ചിക്കു സംഭവിച്ചതെന്ന് ഇപ്പോഴും അജ്ഞാതം. അവർ മരിക്കുന്നതിന്റെ തലേ ദിവസം അവരുടെ വീട്ടിൽ

സമൻസു വരികയും, നാളെ കോടതിയിൽ ഹാജരാകണമെന്നും അറിയിച്ചിട്ടുപോയി. (അവരുടെ ഭർത്താവ് മരിച്ചുപോയതാണ് മക്കളും ഇല്ല.) അവർ അവരുടെ ആൾക്കാരേയും മെമ്പറന്മാരെയുമൊക്കെ വിളിച്ച് വിവരം പറഞ്ഞു. നേരം വൈകിയതു കാരണം എല്ലാവരും പറഞ്ഞു നാളെ നേരം വെളുക്കട്ടെ നമുക്കു വേണ്ടതു ചെയ്യാമെന്ന്. അതല്ല എന്നെ അതിശയിപ്പിക്കുന്നത്. ആ രാത്രിയിൽ ചേച്ചി എന്നെ ഫോണിൽ വിളിച്ചു. (എനിക്കു സുഖമില്ലാതിരിക്കുകയായിരുന്നു ആ സമയത്ത്. ആ ആഴ്ചയിലെ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നില്ല. എല്ലാ ആഴ്ചയിലും 10 രൂപാ മാത്രമാണ് അവർ ത്രിഫ്റ്റ് അടച്ചിരുന്നത്. അന്ന് 50 രൂപ ത്രിഫ്റ്റ് അടച്ചിരുന്നു) ഫോണിൽ ഒത്തിരി സമയം സംസാരിച്ചു. എന്റെ അസുഖത്തെക്കുറിച്ചും കുഞ്ഞുങ്ങളുടെ കാര്യവും ഗീത മരുന്നു കഴിക്കണം, കുഞ്ഞുങ്ങളെ നോക്കേണ്ടതല്ലിയോ, തന്നല്ലയോ, അങ്ങനെ ഒത്തിരി കാര്യങ്ങൾ ഒത്തിരിസമയം സംസാരിച്ചു. കുടുംബശ്രീ തുടങ്ങി ഇത്രയും നാളായിട്ടും ഒരുദിവസംപോലും ഫോൺ ചെയ്തിട്ടുള്ള വ്യക്തിയല്ലായിരുന്നു അവർ. എനിക്കതിശയം തോന്നി രാധച്ചേച്ചി എന്താ ഇത്രയും നേരം ഇങ്ങനെ സംസാരിക്കുന്നതെന്ന്. ആ കൂട്ടത്തിൽ കേസിന്റെ കാര്യവും പറഞ്ഞു. ഞാൻ ഇനിയും കുടുംബശ്രീയിൽ വരുന്നില്ല ഗീതേ. എന്റെ ത്രിഫ്റ്റ് ഇങ്ങുതരണം കേസ്സു പറയാൻ കാശുവേണം അതിനാ ചോദിച്ചതെന്ന്. ഞാൻ പറഞ്ഞു അതെന്തിനാ ചേച്ചി ത്രിഫ്റ്റ് പിൻവലിച്ച് പൈസ എടുക്കുന്നത് നാളെ നേരം വെളുക്കട്ടെ ഞാൻ ചേച്ചിക്ക് ലോൺ തരാം. അല്ലെങ്കിൽ ആവശ്യത്തിനുള്ള പൈസ രാവിലെ ഞാൻ കൊണ്ടുതരാം. അല്ലെങ്കിൽ ചേച്ചി ഇങ്ങോട്ട് വന്നാൽ മതി. നമ്മൾക്ക് ആരെയെങ്കിലുമൊക്കെ ചെന്ന്കണ്ട് കേസ്സിന്റെ കാര്യം ഒത്തുതീർപ്പാക്കാം. ചേച്ചി ഒന്നുകൊണ്ടും വിഷമിക്കരുത്. തന്നെ കിടക്കാൻ പേടിയാണെങ്കിൽ ആരെ എങ്കിലും കൂട്ടിനു വിളിച്ച് കിടത്തണം വിഷമിക്കരുത്. എല്ലാത്തിനും നേരം വെളുത്തിട്ടു നമ്മൾക്ക് തീരുമാനം ഉണ്ടാക്കാം എന്നൊക്കെ പറഞ്ഞ് ഒത്തിരി സമാധാനം പറഞ്ഞുകൊടുത്തു. എഹ്കിൽ ശരി ഗീതേ അങ്ങനെ ചെയ്യാം എല്ലാത്തിനും നാളെ നേരം വെളുക്കട്ടെ എന്ന് പറഞ്ഞ് ഫോൺ വച്ചു.

എന്നാൽ നേരം വെളുത്തപ്പോൾ ഞാൻ കേൾക്കുന്നതു രാധാപിള്ള മരിച്ചുപോയി, അല്ല ആത്മഹത്യ ചെയ്തു, അതുമല്ലെങ്കിൽ അവരെ സാഹചര്യങ്ങൾ കൊലപ്പെടുത്തി. ആ വാർത്ത കേട്ട് നിമിഷങ്ങളോളം ഞാൻ എന്തു ചെയ്യണമെന്നറിയാതെ ഇരുന്നുപോയി. വിവരം വന്നുപറഞ്ഞ ആൾ എന്നെ കുലുക്കിലിളിക്കുമ്പോഴാണ് എനിക്ക് പരിസരബോധം തന്നെ ഉണ്ടായതും ഞാൻ പൊട്ടിക്കരഞ്ഞുപോയതും. എത്ര സമയം കരഞ്ഞു എന്ന് എനിക്കറിയില്ല. എന്റെ കൂട്ടുകാരും വീട്ടുകാരും എന്നെ ഒത്തിരി വഴക്കുപറഞ്ഞു. നീ ഇങ്ങനെ വിഷമിക്കരുത് നിനക്ക് സുഖമില്ലാത്തതല്ലയോ എന്നൊക്കെ പറഞ്ഞ് എന്നെ സമാധാനിപ്പിച്ചു. എന്നാൽ എന്നെ അതിശയിപ്പിച്ച മറ്റൊരു കാര്യം അവരടച്ച ത്രിഫ്റ്റ് അനന്തരാവകാശിക്ക് പിൻവലിച്ചുകൊടുത്തപ്പോൾ ഉറുമ്പ് അരിമണി തേടി സൂക്ഷിച്ചുവയ്ക്കുന്നതുപോലെ അവരു സമ്പാദിച്ച പണം ആ അവകാശി ഒരു കൂസലുപോലും കൂടാതെ വാങ്ങിച്ചുകൊണ്ടുപോയപ്പോൾ ഞങ്ങളെല്ലാവരും പറഞ്ഞു. ഈശ്വരാ! ഇത്രയുമേയുള്ളല്ലോ മനുഷ്യന്റെ കാര്യം. എന്തിനിങ്ങനെ മനുഷ്യരായിട്ടു ജീവിക്കുന്നു

എന്ന്. ഇപ്പഴും ഒരു ദിവസം ഒരിക്കലെങ്കിലും ഞാൻ ആ സംഭവം ഓർക്കും. അന്നേരം എന്തെന്നറിയില്ല ഒരു അദൃശ്യശക്തിപോലെ എനിക്കു തോന്നും എന്തിനായിരുന്നു അവരെന്നെ തലേദിവസം വിളിച്ച് ഇത്രയും സംസാരിച്ചത്. അന്ന് ചെന്ന് അവർക്ക് കൂട്ടുകിടന്നിരുന്നെങ്കിൽ ചിലപ്പോൾ അവർ മരിക്കത്തില്ലായിരുന്നിരിക്കാം. എന്നൊക്കെ മനസ്സിൽ തോന്നും. എല്ലാം ഈശ്വരനിശ്ചയം. അതല്ലേ നടക്കൂ. അപ്പോൾ പിന്നെ നമ്മൾ എന്തൊക്കെ ചിന്തിച്ചിട്ടോ ആഗ്രഹിച്ചിട്ടോ കാര്യമുണ്ടോ? എല്ലാം ഈശ്വരൻ നിശ്ചയിച്ചതുപോലൊക്കെ തന്നെ സംഭവിക്കട്ടെ എന്ന് സമാധാനിക്കുന്നു.

ഗീതാ രാമചന്ദ്രൻ
X-ാം വാർഡ്, ഏ.ഡി.എസ്. ചെയർപേഴ്സൺ
ആലാ സി.ഡി.എസ്
അറിവിന്റെ തൂവൽ

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം പഞ്ചായത്തിലെ ഇപ്പോഴത്തെ 8-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന ജയലക്ഷ്മി കുടുംബശ്രീയിലെ സ്ഥിരം സെക്രട്ടറിയാണ് ഞാൻ. അന്നു മുതൽ എ.ഡി.എസ്. മെമ്പർ ആയും സി.ഡി. എസ് മെമ്പർ ആയും ഇപ്പോഴും അങ്ങനെതന്നെ പ്രവർത്തിച്ചുവരുന്നു. എന്റെ കുടുംബശ്രീയിലേക്കും വാർോഡിലേയ്ക്കും എല്ലാ അംഗങ്ങളും എന്നിൽ വിശ്വാസം അർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ എനിക്ക് ഒരു ആത്മവിശ്വാസം ഉണ്ടായി. എന്നിലുള്ള വിശ്വാസത്തിന് ഒരു കളങ്കവും വരുത്താതെ ഞാൻ അവർക്കു വേണ്ടി പ്രവർത്തിക്കുകയാണ്.

1999 ഏപ്രിൽ 17-ാം തീയതി എന്റെ ഭർത്താവ് അപകടം മൂലം മരണം സംഭവിച്ചു. അന്നുമുതൽ ഒന്നിനോടും ഒരു താല്പര്യവുമില്ലാതെ മനംനൊന്ത് കഴിയുന്ന കാലഘട്ടത്തിലാണ് കുടുംബശ്രീയെന്ന ഈ മഹാസംരംഘം നിലവിൽ വന്നത്. അന്ന് എന്റെ മക്കൾക്ക് 7-ഉം 9-ഉം വയസായിരുന്നു. രണ്ടുപേരും ആൺകുട്ടികളാണ്. എന്റെ മൂത്ത മകന് ബുദ്ധിമാന്ദ്യം സംഭവിച്ചതാണ്. അതോടുകൂടി ഞാൻ തളർന്നുപോയതാണ്. ഭർത്താവിന്റെ മരണവും കൂടി ആയപ്പോൾ ഒന്നിലും ഒരു വിശ്വാസവും ഇല്ലാതെ ജീവിതം തന്നെ മുരടിച്ച ഒരു അവസ്ഥയിലാണ് ഈ കുടുംബശ്രീ പ്രസ്ഥാനം നിലവിൽ വന്നത്.

ആ വിഷയം ഞങ്ങളുടെ വാർഡ് മെമ്പറും പഞ്ചരായത്തു പ്രസിഡന്റുമായ ശ്രീ ബൈദു കലാശാല ഒരു കുടുംബശ്രീ പൂരീകരണത്തെപ്പറ്റി പറഞ്ഞതും ഒരു കുടുംബശ്രീ രൂപീകരിക്കുകയും ചെയ്തു. അന്നു മുതൽ ഞാൻ ആ കുടുംബശ്രീയുടെ സെക്രട്ടറിയാണ്. മറ്റൊരംഗങ്ങളും സെക്രട്ടറിയാകാൻ മുതിരുന്നില്ല. കാരണം എല്ലാവർക്കും എന്നെ അത്രയക്ക് വിശ്വാസമാണ്. ആ വിശ്വാസം ഒരിയ്ക്കലും ഞാൻ കളങ്കപ്പെടുകത്താതെ ഇന്നും കാത്തു സൂക്ഷിക്കുന്നു. അങ്ങനെ എനിക്ക് സമൂഹത്തിലെ മുഖ്യധാരയിലേക്ക് ധൈര്യപൂർവ്വം കടന്നു ചെല്ലാമെന്നു ധൈര്യം ഈ കുടുംബശ്രീ മുഖാന്തിരം ഉണ്ടായി.

എന്റെ ഭർത്താവ് മരിക്കുമ്പോൾ എന്റെ കുട്ടികൾ 2 പേരും 2–ാം ക്ലാസ്സിൽ ആയിരുന്നു. ഇന്ന് എന്റെ ബുദ്ധിമാന്ദ്യമുള്ള കുട്ടിയുടെ +2 തലം വരേയും ഇളയ കുട്ടിയെ ൊൊ് ചിനീയറിംഗ് വരെയും വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ആത്മധൈര്യം ഉണ്ടായത് ഈ കുടുംബശ്രീയെന്ന മഹാപ്രസ്ഥാനത്തിലൂടെയാണ്.

ഈ പ്രവർത്തനത്തിലൂടെ തന്നെ എനിക്ക് ഡ്രൈവിംഗിന് പോകാനുള്ള ധൈര്യം ഉണ്ടായി. അങ്ങനെ എനിക്ക് ഡ്രൈവിംഗ് ലൈസൻസ് കിട്ടി. അതിനു ശേഷം 2008 ൽ ഒരു എൽ.ഐ.സി ഏജന്റ് ആകാനുള്ള ഭാഗ്യവും ഉണ്ടായി. അതോടുകൂടി എനിക്ക് എന്റെ വീട് പുനരുദ്ധരിക്കാനും സാധിച്ചു. ഇതിനെല്ലാം പ്രചോദനം ഈ കുടുംബശ്രീയെന്ന മഹാ പ്രസ്ഥാനമാണ്. കുടുംബശ്രീ മുഖാന്തരം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗമാകാൻ സാധിച്ചു.

ഈ കുടുംബശ്രീ പ്രസ്ഥാനം വന്നതോടുകൂടി എന്നെപ്പോലെയുള്ള അശരണരായ സ്ത്രീകൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നെത്തുവാൻ സാധിക്കുമെന്ന് ഞാൻ മനസിലാക്കി. അതുപോലെ വീട്ടിനകത്ത് പാചകം മാത്രം ചെയ്തിരുന്ന സ്ത്രീകൾക്ക് ഇന്ന് എന്തു ജോലിയും ചെയ്യാമെന്ന മട്ടായി. അതിനുദാഹരണമാണ് തൊഴിലുറപ്പ്. തൊഴിലുറപ്പിന്റെയും എ.ഡി.എസ്. മേറ്റ് ആയ ഞാൻ ട്രെയിനിംഗിൽ പങ്കെടുക്കുകയും അതിന്റെ സർട്ടിഫിക്കറ്റും ബാഡ്ജും കരസ്ഥമാക്കുകയും എ.ഡി.എസ്. മേറ്റ് ആയി പ്രവർത്തിക്കുകയും ചെയ്തു.

ഈ കുടുംബശ്രീ പ്രസ്ഥാനം നിലവിൽ വന്നതോടുകൂടി സ്ത്രീകൾ ശാക്തീകരിക്കുകയും സാമൂഹികമായും സാമ്പത്തികമായും നേട്ടങ്ങൾ കൈവരിക്കുവാനും ഒരു പരിധി വരെ ദാരിദ്ര്യം ലഘൂകരിക്കുവാനും കഴിഞ്ഞു എന്നത് ഒരു അഭിമാനകരമായ ചരിത്രനേട്ടമാണ്. സ്ത്രീകൾ എല്ലാവരും തന്നെ മാറിക്കഴിഞ്ഞു. അവർക്ക് പ്രതികരിക്കുവാനുള്ള ശേഷി കൈവന്നു, അവർ സ്വയം പര്യാപ്തത നേടുകയും ചെയ്തു. സാമ്പത്തികമായി കുറേ നേട്ടവും ഉണ്ടായി. ഇപ്പോൾ കാർഷിക മേഖലകളിലും അവർ വരുമാനം ഉണ്ടാക്കുന്നുണ്ട്. കന്നുകാലി വളർത്തലിൽ കൂടിയും വരുമാന മാർഗ്ഗം ഉണ്ടാക്കുന്നു ഇന്ന്. എല്ലാ മേഖലകളിലും സ്ത്രീകൾ എത്തപ്പെടും. തെങ്ങുകയറ്റം മുതൽ ഡ്രൈവിംഗ് വരെ സ്ത്രീകൾ കഴിവ് കാട്ടിതുടങ്ങി. അതിനുള്ള പരിശീലനവും നേടിയെടുത്തു എന്ന് അങ്ങിമാനത്തോടുകൂടി സ്ത്രീകൾ എൻരെ ബുദ്ധിമാന്ദ്യമുള്ള മകന് ഒരു ജോലി എന്നതാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട നമ്മുടെ ഭരണകർത്താക്കൾ മറ്റു വികലാംഗർക്കുള്ള സംവരണംപോലെ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കു കൂടി ഒരു സംവരണം ഏർപ്പെടുത്തി അവരെക്കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അഭ്യർത്ഥന ബഹുമാനപ്പെട്ട ഭരണകർത്താക്കൾ ചെയ്യണമെന്നും വിനീതമായി അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ ജീവിത അനുഭവങ്ങൾ ഇവിടെ സമർപ്പിക്കുന്നു.

എൽ. സരോജിനിയമ്മ, സി.ഡി.എസ്. മെമ്പർ
ജയലക്ഷ്മി കുടുംബശ്രീ സെക്രട്ടറി
താമരക്കുളം, വാർഡ് 8, ആലപ്പുഴ ജില്ല.

# *അനുഭവക്കുറിപ്പ്*

''കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി എന്ന സ്ഥലത്ത് നിന്ന് 12 വർഷം മുമ്പ് വിവാഹിതരായി ആലപ്പുഴയിലെ മുഹമ്മ എന്ന കൊച്ചു ഗ്രാമത്തിലെത്തി. വളരെ ചെറുപ്പത്തിലെ ഗ്രാമീണ ലൈബ്രേറിയനായി ജോലി നോക്കിയ എനിക്ക് പൊതു പ്രവർത്തനം ജീവരക്തമായിരുന്നു. ഒരു വർഷം കുടുംബശ്രീ പ്രവർത്തനം ദൂരെ നോക്കി നിന്ന് വീക്ഷിച്ച ഞാൻ 2001 നവംബർ മാസത്തിൽ ഇന്നത്തെ മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ദീപാ അജിത്കുമാർ, മുൻ വാർഡ് മെമ്പർ എം.കെ. സഹദേവൻ അവർകളുടേയും നിർദ്ദേശപ്രകാരം വിശ്വകേരള എന്ന കുടുംബക്ഷീ രൂപീകരിച്ചു. അതിന്റെ പ്രസിഡന്റായി. ഏ.ഡി.എസ്, പ്രസിഡന്റായി 3 വർഷം. സി.ഡി.എസ്. വൈസ് പ്രസിഡന്റായി 3 വർഷം. അതിനുശേഷം 9 മാസം സി.ഡി.എസ് പ്രസിഡന്റായി. അപ്പോഴാണു പുതിയ ബൈലോ അനുസരിച്ച് രണ്ടാം തവണയും ചെയർപേഴ്സണായി െതരഞ്ഞെടുക്കപ്പെട്ടത്. ഈ കാലഘട്ടത്തിൽ മുഹമ്മ പഞ്ചായത്ത് സി.ഡി.എസിൽ എടുത്തു പറയത്തക്ക സംരംഭങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. കാരണം ഈ സ്ത്രീയും പരിശീലനത്തിനു വീട്ടിൽ നിന്നും മാറി നിൽക്കാൻ തയ്യാറല്ലായിരുന്നു. കുറെ സ്ത്രീകൾ കൂടിയിരിക്കുന്നു. പണം പിരിച്ചു ആവസ്യങ്ങൾ നടത്തുന്നു. അതിലപ്പുറം ആർക്കും കുടുംബസ്ത്രീയെക്കുറിച്ച് നല്ല അറിവില്ലായിരുന്നു. ചെയർപേഴ്സണായി ചാർജ്ജ് എടുത്തു. 2 മാസം പിന്നിട്ട ഒരു ദിവസം ജില്ലാമിഷൻ ആഫീസിൽ നിന്നു ഒരു ഫോൺകോൾ. 18 നും 35നും മദ്ധ്യേ പ്രായമുള്ള ഇരുപതു പേരെ ന്യൂട്രിമിക്സിന്റെ പരിശീലനത്തിനായി കായംകുളത്തെ പത്തിയൂർ ട്രെയിനിംഗ് സെന്ററിൽ 7 ദിവസം റസിഡൻഷ്യൽ പരിശീലനത്തിനയയ്ക്കണം. ''സർ അതു ഞാൻ ......., '' ''ഇനി ഒന്നും പറയണ്ട'' '' ADMC സത്യപ്രകാശ് സാറിന്റെ ആക്രോശം'' ഞാൻ വിഷമത്തിലായി. പ്രസിഡന്റുമായി ആലോചിച്ചു മെമ്പറന്മാരുടെ സഹായത്തോടെ വാർഡിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 20 പേരെ ട്രെയിനിംഗ് സെന്ററിലെത്തിച്ചു. കൂടെ ഞാനും പോയി ബസിലിരുന്നപ്പോൾ എല്ലാവരേയും ശ്രദ്ധിച്ചു. പിഞ്ചുകുഞ്ഞുങ്ങളെ ഇട്ടിട്ടു വന്ന വിഷമത്തോടെ ചിലർ കണ്ണു തുടയ്ക്കാനും ചിലർ ചിരിക്കാനും ശ്രമിക്കുന്നുണ്ട്. സങ്കടം കാരണം ചിരിവരുന്നില്ല. ട്രെയിനിംഗ് സെന്ററിലെത്തി അരമണിക്കൂറിനുശേഷം പരിശീലനം തുടങ്ങി. ആദ്യം കഴിവു തെളിയിക്കൽ റൗണ്ട് ആയിരുന്നു. കൂട്ടത്തിലെ മഞ്ജുളാ ലക്ഷ്മി ഐശ്വര്യാറായിക്ക് ഭ്രാന്തു പിടിച്ചാൽ എങ്ങനെയിരിക്കും എന്നത് മുടിയഴിച്ചിട്ട് അസലായി അഭിനയിച്ചു. മറ്റുള്ളവർ കൂട്ടച്ചിരിയായി. കൂടെവന്ന എന്നെ എല്ലാവരും മറന്നു. കുട്ടികളേയും വീടും മറന്നുള്ള അവരുടെ നിൽപ് ഇപ്പോഴും മനസ്സിൽ ചിറക് വിടർത്തി നിൽക്കുന്നു. പരിശീലനം കഴിഞ്ഞു വന്ന അവർക്ക വീടിനടുത്ത് ഒരു വാടകവീട് സംഘടിപ്പിച്ചുകൊടുത്തു. ജില്ലാ മിഷൻ 10000 പായ്ക്കറ്റ് ന്യൂട്രിമിക്സ് ഓർഡർ പറഞ്ഞിരുന്നു. എന്നാൽ പണമില്ലാത്തതിനാൽ താലിമാല വരെ പണയം വച്ചാണ് അവർ ഓർഡർ ചെയ്തത്. അപ്പോഴാണ്

ഓർഡർ അത്രയും വേണ്ട എന്നറിയിച്ചത്. അവർ ആകെ വിഷമത്തിലായി. മുൻ പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഭാസ്കരൻ അവർകളെ വിളിച്ച് കാര്യങ്ങൾ ധരിപ്പിച്ചു. മീറ്റിംഗ് കൂടി എല്ലാം കുടുംബശ്രീ അംഗങ്ങളും ന്യൂട്രിമിക്സ് എടുത്ത് ഇവരെ സഹായിക്കാൻ ആവസ്യപ്പെട്ടു. അങ്ങനെ മുഴുവൻ ന്യൂട്രിമിക്സ് എടുത്ത് ഇവരെ സഹായിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ മുഴുവൻ ന്യൂട്രിമിക്സും ചിലവായി. ആശ്വാസവാക്കുകൾ പറഞ്ഞ് അവരെ ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ചു. ഈ സാഹചര്യത്തിൽ പ്രതിസന്ധിയിൽ തളരാതെ പിടിച്ചുനില്ക്കാൻ കഴിഞ്ഞതു കുടുംബശ്രീയിൽ വന്നതിന്റെ നേട്ടം തന്നെ കൂടാതെ, പഞ്ചായത്ത് വാടക വാങ്ങിക്കാതെ അവർക്ക് കെട്ടിടം നല്കി. ഇന്ന് 5000രൂപ വരെ വരുമാനം ഓരോരുത്തരും വാങ്ങിക്കുന്നു. എന്റെ പേരു പറയുമ്പോൾ ആയിരം നാവാണ്. സ്നേഹം ചൊരിയുന്ന വാക്കുകൾകൊണ്ട് അവരെന്നെ സന്തോഷിപ്പിക്കാറുണ്ട്. ഇതൊക്കെ എന്റെ കടമയാണെന്നു മാത്രം അവരോട് പറയുമ്പോൾ ആ സഹോദരിമാരുടെ മുഖത്ത് സംതൃപ്തിയുടെ കിരണങ്ങൾ ഞാൻ കാണാറുണ്ട്.

ചില പാവപ്പെട്ട സ്ത്രീകളുടെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും കഥകൾ ഞാൻ കേട്ടു. അവരുടെ പരിഹരിക്കാൻ പറ്റുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊടുത്തു. ലഘു സമ്പാദ്യത്തിലൂടെയും ലിങ്കേജ് വായ്പയിലൂടെയും ജീവിതവിജയം കണ്ടെത്തിയവർ, ഇതിനു സഹായകമായി. എസ്.ഡി.ബി. 1670, എസ്.ഡി.ബി. 1300 ബാങ്കുകളുടെ സഹായം, കുട്ടികളെ വിദ്യാസമ്പന്നരാക്കിയവർ. ജന്റർ എന്ന പഠനപ്രക്രിയയിലൂടെ ഇന്നത്തെ സ്ത്രീകൾ എവിടെ നിൽക്കുന്നു. എന്ന ആശയം പകർന്നു നൽകുന്ന മോൾജി മാഡം, ''ഓരോ സ്ത്രീക്കും സമൂഹത്തിൽ ജീവിക്കാനൊരിടം എന്ന മുൻജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശ്രീ. എം. അലിയാർ സാറിന്റെ വാക്കുകൾ'' വിദ്യാഭ്യാസ - സംസ്ക്കാരിക - ആരോഗ്യ- സാമൂഹിക രംഗങ്ങളിൽ, കുടുംബശ്രീ വന്നതിനു ശേഷം നിറഞ്ഞ സ്ത്രീ സാന്നിദ്ധ്യം ജെ.എൽ.ജി. ഗ്രൂപ്പിലൂടെ 80 ജൈവ പച്ചക്കറിഗ്രീപ്പുകൾ, 40 തൊഴിൽ സംരംഭ ഗ്രൂപ്പുകൾ, മായം കലരാത്ത ഉൽപ്പന്നങ്ങൾ ഹോം ഷോപ്പിലൂടെ നാട്ടിൻപുറങ്ങളിൽ നല്കി സഹോദരിമാർക്ക് നിത്യവരുമാനം ഉറപ്പാക്കി. ബാലപഞ്ചായത്ത് പ്രവർത്തനം, കുട്ടികളുടെ കൊട്ടാരം പരിപാടിക്ക് 2008ൽ മികച്ച ബാലസഭ അവാർഡ്, മികച്ച 10 സി.ഡി.എസിൽ നിന്ന് 8-ാം സ്ഥാനം മുഹമ്മ സി.ഡി.എസിന് ലഭിച്ചു. മഴവിൽ മനോരമ ചാനലിൽ കോമഡി ഫെസ്റ്റിവൽ ,ോയിൽ ഓഡിയൻസ് ആയി പോകാൻ സാധിച്ചു. നിലവിലുള്ള അഗതി ആശ്രയ പ്രോജക്ടിലെ 16 അഗതികൽക്കും വീടും അതിജീവനാവശ്യവും നല്കി 80% ഫിസിക്കൽ ആക്ച്ചീവ്മെന്റ് നേടിയതിന്റെ അഭിമാനം 2012 ആഗസ്റ്റ് മാസത്തിൽ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും വെറും 4% പലിശയ്ക്ക് 13 കുടുംബശ്രീ യൂണിറ്റിലെ 260 സ്ത്രീകൾക്ക് തൊഴിൽ സംരംഭയൂണിറ്റാരംഭിക്കാൻ 25 ലക്ഷം രൂപ വാങ്ങിച്ചു നല്കി. ഇതെല്ലാം അനുഭവിച്ചറിഞ്ഞ് ഒരു സാധാരണ മനുഷ്യസ്നേഹിയായി ഞാൻ പ്രവർത്തിക്കുന്നു.

***''ഇക്കാലയളവിലെ ഏറ്റവും ഹൃദയസ്പർശിയായ ഒരു അനുഭവം കൂടി ഞാൻ പങ്കുവയ്ക്കട്ടെ. മുഹമ്മ സി.ഡി.എസിന്റെ അഗതി ആശ്രയ പോഷകാഹാകര കിറ്റ്***

*വിതരണ ഉദ്ഘാടനവേളയിൽ ഭവാനി എന്ന അഗതിയായ അമ്മ പഞ്ചായത്ത് പ്രസിഡന്റ് നല്കിയ പോഷകാഹാര കിറ്റ് വാങ്ങിക്കാതെ സി.ഡി.എസ് പ്രസിഡന്റായ എന്നെ കെട്ടിപ്പിടിച്ച് നിലവിളിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു. ''എന്റെ ഷൈലമോൾ വീടുവെച്ചു തന്നു, മരുന്നു തരുന്നു, ഇപ്പോൾ ഭക്ഷണവും തരുന്നു. തൃപ്തിയായി മകളേ....., അമ്മയ്ക്ക് .. തൃപ്തിയായി'' അവിടെ നിന്നവരുടെ എല്ലാം കണ്ണു നിറഞ്ഞു, എന്റെയും, കുടുംബശ്രീ കൊണ്ടുള്ള വലിയ നേട്ടം എന്റെ ചെറിയ കഴിവും.''*

അതുപോലെ അഗതിആശ്രയ പദ്ധതിയിൽപ്പെട്ട ശ്രീ. ത്യാഗരാജൻ ഭാഗവതരെ ഞങ്ങൾ ഓണച്ചന്തയിൽ വെച്ച് ആദരിച്ചു. ചടങ്ങിനുശേഷം അദ്ദേഹം ഒരു കീർത്തനം പാടി. ഹാർമോണിയത്തിൽ അദ്ദേഹത്തിന്റെ വിരലുകൾ സ്പർശിച്ചപ്പോൾ, സന്തോഷവും അതോടൊപ്പം ഹൃദയത്തിൽ വല്ലാത്തൊരു വിങ്ങലും ഉണ്ടായി. അദ്ദേഹത്തിന്റെ മുഖം പ്രകാശമാനമായി. ആരൊക്കെയോ അദ്ദേഹത്തിനുണ്ടെന്ന തോന്നൽ ആ പാവം മനുഷ്യനിൽ പ്രതീക്ഷയുടെ പൊൻകിരണങ്ങൾ ഉണ്ടാക്കി. ആയിരം ക്ഷേത്രത്തിൽ പോയി ദർശനം നടത്തിയാലും ലഭിക്കാത്ത സംതൃപ്തിയാണ് ഈ പാവങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുമ്പോൾ ലഭിക്കുന്നത്. എൺപതാം വയസ്സിലും നല്ല സ്വരശുദ്ധിയോടെ പാടുന്ന ഭാഗവതരുടെ കണ്ണുകളിൽ ആയിരം സൂര്യോദയം ഞാൻ കണ്ടു. എന്റെ കണ്ണുകൾ നിറയുന്നു. ഇനി ഒന്നും എഴുതാൻ വയ്യ. ഈ കാലഘട്ടത്തിൽ എന്റെ സ്നേഹനിധിയായ അമ്മ, അച്ഛൻ, ആക്സിഡന്റിൽ മരിച്ച ഏക സഹോദരൻ ഇവരുടെ വേർപാടുകൾ എന്നെ തളർത്തിയെങ്കിലും കുടുംബശ്രീയിലൂടെ ലഭിച്ച കഴിവും എന്റെ കഴിവുകൾ തിരിച്ചറിഞ്ഞ് എന്നെ ചുമതല ഏല്പിച്ച പ്രസ്ഥാനത്തിന്റേയും , ഭർത്താവ് ഉൾപ്പടെയുള്ള കുടുംബാംഗങ്ങളുടേയും പിന്തുണ എന്നെ സഹായിച്ചു. പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ, കുടുംബശ്രീമിഷൻ, സമൂഹത്തിലെ പ്രമുഖരായ വ്യക്തികൾ, എന്നെ ഞാനാക്കിയ എല്ലാവർക്കും ഹൃദയത്തിൽ ഒരായിരം പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

ഷൈലജാ ചന്ദ്രൻ
സി.ഡി.എസ്. പ്രസിഡന്റ്, മുഹമ്മ ഗ്രാമപഞ്ചായത്ത് സി.ഡി.എസി.

## *പുതിയ ലോകം*

അന്നൊരു തിങ്കളാഴ്ചയായിരുന്നു. പ്രഭാതകർമ്മങ്ങൾക്കുശേഷം വീട്ടുജോലികൾ തുടങ്ങി. പാത്രങ്ങൾ തേച്ചുകഴുകി ഭക്ഷണം തയ്യാറാക്കുവാൻ തുടങ്ങി. തലേദിവസം കടയിൽ നിന്നും കടലാസ്സിൽ പൊതിഞ്ഞുവാങ്ങിയ ഗോതമ്പുപൊടി ചരുവത്തിലേക്ക് ഇട്ടശേഷം പേപ്പർ നിവർത്തി ഒന്ന് കണ്ണോടിച്ചു. അതിൽ ഒരു ഭാഗത്ത് 'കുടുംബശ്രീ യൂണിറ്റ് രൂപീകരിച്ചു' എന്നുള്ള തലക്കെട്ട് ഞാൻ കണ്ടു. ഞാൻ അതു വായിച്ചു. കേരള

ത്തിലെ പല പഞ്ചായത്തുകളിലും കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിച്ചതായും ഇത് സ്ത്രീകളുടെ സംഘടനയാണ് എന്നും തിരിച്ചറിഞ്ഞു. എന്റെ അന്വേഷണത്തിന് ഒടുവിൽ മാന്നാർ പഞ്ചായത്തിൽ ഏഴാം വാർഡിൽ 28 അംഗങ്ങൾ ഉള്ള ഒരു കുടുംബശ്രീ യൂണിറ്റ് വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സംഘടിപ്പിച്ചു. അതിന്റെ സെക്രട്ടറിയായി എന്നെ യോഗം തെരഞ്ഞെടുത്തു. ബി.എ. പാസ്സായ ഞാൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ടീച്ചർ ആയിരുന്നു. ഒരു കുട്ടിയുള്ള ഞാൻ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട അവസരത്തിൽ കുട്ടിയെ നോക്കാൻ ആളില്ലാത്തതിനാൽ ജോലി ഉപേക്ഷിച്ചു. ട്യൂഷൻ പഠിപ്പിക്കലായിരുന്നു പിന്നീട്. ഈ അവസരത്തിൽ യൂണിറ്റിന്റെ സെക്രട്ടറി സ്ഥാനവും ലഭിച്ചു.

ഞങ്ങളുടെ വാർഡിൽ 4 കുടുംബശ്രീ യൂണിറ്റുകൾ കൂടി രൂപീകരിച്ചു. എന്നാൽ ഇതിന്റെ പൂർണ്ണമായ ഉള്ളടക്കം അന്നും മനസ്സിലായില്ല. മാന്നാർ പഞ്ചായത്തിൽ ആകെ 60 യൂണിറ്റുകൾ പ്രവർത്തനം തുടങ്ങി. ഏറെ താമസിയാതെ എ.ഡി.എസ്., സി.ഡി.എസ്., എന്ന തലങ്ങൾ ഉണ്ടെന്ന് മനസ്സിലായി. പെട്ടന്നായാരുന്നു എ.ഡി.എസ്., സി.ഡി.എസ്., അംഗങ്ങളെ തെരഞ്ഞെടുത്തതും, സി.ഡി.എസ്. ചെയർപേഴ്സണായി എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. പിന്നീടുള്ള കുടുംബശ്രീ പരിശീലനങ്ങളിലൂടെ കുടുംബശ്രീ പ്രസ്ഥാനത്തെക്കുറിച്ച് പലതും മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് സി.ഡി.എസ്. ലൂടെ എ.ഡി.എസ്. വഴി കുടുംബശ്രീ യൂണിറ്റിലേക്ക് പകർന്നു നൽകി.

2003 ആഗസ്റ്റ് മാസം ഒരു തിങ്കളാഴ്ചയാണ് എന്ന് തോന്നുന്നു. ആലപ്പുഴ ജില്ലാ മിഷനിൽ ഞാൻ പി.ആർ.എം. ന് പോയി. തിരിച്ച് 7.30 ആയപ്പോൾ മാന്നാർ കുരട്ടിയിൽ അമ്പലമുക്കിന് ബസ്സിറങ്ങി വേഗം മുന്നോട്ട് നടന്നപ്പോൾ എനിക്ക് മുമ്പേ എന്നേക്കാൾ പൊക്കംകുറഞ്ഞ ഒരു സ്ത്രീ വളരെ പ്രയാസപ്പെട്ട് ഒരു സഞ്ചിയിൽ എന്തോ സാധനങ്ങൾ കൊണ്ടുപോകുന്നു. ഞാൻ ഒപ്പം നടന്ന് അവരുടെ അടുത്തെത്തി. പരിചയപ്പെട്ടു. എന്നോടൊപ്പം നാലാംക്ലാസ്സിൽ പഠിച്ച സരസ്വതിയുടെ അനുജത്തി സുമതിയാണ് ഈ സ്ത്രീ എന്ന് തിരിച്ചറിഞ്ഞു. എവിടെ പോയിവരികയാണ് സുമതി എന്ന് ഞാൻ ചോദിച്ചപ്പോൾ ഒരു പൊട്ടിക്കരച്ചിലായിരുന്നു ആദ്യത്തെ മറുപടി. ഞാൻ സുമതി പിടിച്ചിരുന്ന സഞ്ചിയുടെ ഒരു കാതിൽ പിടിച്ചു. മറ്റേക്കാതിൽ സുമതിയും പിടിച്ചു. സുമതിക്കൽപ്പം ആശ്വാസമായി. ഞങ്ങൾ ഇരുട്ടിലൂടെ മുന്നോട്ടു നടക്കുമ്പോഴും സുമതി കരഞ്ഞുകൊണ്ട് പല കാര്യങ്ങൾ എന്നോടു പറഞ്ഞു. ചേച്ചീ, എനിക്ക് അഞ്ചുവയസ്സുള്ള മകനുണ്ട്. ഭർത്താവ് ഉപേക്ഷിച്ചു. അമ്മ മരിച്ചു. സ്വന്തമായി ഒന്നുമില്ല വാടകവീട്ടിലാണ് താമസം. അന്ധനും രോഗിയുമായ അച്ചൻ പറഞ്ഞു. വിഷമിക്കാതെ സുമതി എന്ന് എന്റെ മകനെ അച്ഛന് കൂട്ടിരുത്തിയിട്ടാണ് ഞാൻ ചേച്ചിയുടെ (സരസ്വതിയുടെ) വീട്ടിൽ പോയത്. അവിടെ നിന്നു കിട്ടിയ അരിയതേങ്ങയുമാണ് ഈ സഞ്ചിയിൽ എന്ന് കരച്ചിലിനിടെ എന്നോട് സുമതി പറഞ്ഞു.

ശാന്തമ്മ ചേച്ചി പഞ്ചായത്തിൽ പോകുന്ന ആളല്ലേ, എനിക്ക് സ്ഥലവും വീടും ഇല്ല. എന്നെ ഒന്നു സഹായിക്കാൻ പഞ്ചായത്ത് പ്രസിഡന്റിനോട് പറയാമോ എന്ന് സുമതി എന്നോട് ആവശ്യപ്പെട്ടു. പറയാം. സുമതീ എന്നു മറുപടി പറഞ്ഞു. എന്നെക്കൊണ്ട്

ചെയ്തുതരാൻ പറ്റുന്ന എന്തു സഹായവും ചെയ്തുതരാം എന്ന് ഞാൻ മറുപടി പറഞ്ഞു. അപ്പോഴേക്കും ഞങ്ങൾ സുമതിയുടെ താമസസ്ഥലത്ത് എത്തി. ചേച്ചി വീട്ടിലേക്ക് വരുന്നോ എന്ന് ചോദിച്ചതും ഞാനും സുമതിയുടെ വീട്ടിലേക്ക് കയറുകയാണ്. എന്നു പറഞ്ഞതും ഒരുമിച്ചായിരുന്നു. സുമതിയുടെ വാടകവീട്ടിലേക്ക് കയറുകയാണ് എന്നുപറഞ്ഞതും ഒരുമിച്ചായിരുന്നു. സുമതിയുടെ വാടക വീട്ടിൽ ഞാൻ കണ്ട കാഴ്ച വളരെ ദയനീയമായിരുന്നു. സുമതിയുടെ 5 വയസ്സുള്ള മകൻ കരഞ്ഞുകലങ്ങിയ കണ്ണും കവിളുമായിരുന്നു. മകൻ പൊട്ടിക്കരഞ്ഞുകൊണ്ട് ഓടിവന്ന് സുമതിയെ കെട്ടിപ്പിടിച്ചു. അച്ഛൻ തറയിൽ വിരിച്ച പായിൽ മൂത്രത്തിൽ മുങ്ങിക്കിടക്കുന്നു. പരസഹായം ഇല്ലാതെ എഴുന്നേൽക്കാൻ പറ്റാത്ത അവസ്ഥ. ഞാൻ മനസ്സിൽ ഒരു തീരുമാനം എടുത്താണ് ആ വീട്ടിൽ നിന്ന് ഇറങ്ങിയത്. ഞാൻ വീട്ടിലെത്തിയപ്പോൾ സമയം 9 കഴിഞ്ഞു. ഞാൻ എന്റെ വീട്ടിൽ എത്തിയപ്പോൾ അമ്മ ചോദിച്ചു. സമയം ഇരുട്ടിയത് നീ അറിഞ്ഞില്ലേ? എന്താ താമസിച്ചത് എന്ന്? സുമതിയെ കുടുംബശ്രീക്കാർ സഹായിക്കണം. കഷ്ടമാണ് അതിന്റെ ജീവിതം എന്ന് അമ്മയും പറഞ്ഞ് പിന്നീട് എങ്ങനെയാണ് സുമതിയെ സഹായിക്കേണ്ടത് എന്നായിരുന്നു. എന്റെ ചിന്ത.

അങ്ങനെയിരിക്കെ ജില്ലാമിഷന്റെ അഗതികൾക്കുള്ള ഒരു പ്രോജക്ട് ഉള്ളതായി പി.എം. ന് അറിയാൻ കഴിഞ്ഞു. ഈ പ്രോജക്ട് എടുത്താൽ സുമതിയും സുമതിയെപ്പോലുള്ള അംഗങ്ങളും ആശ്രയയിൽപ്പെട്ടവർക്ക് ഒരു തണലാകും എന്നുകരുതി., ഏറെ താമയിയാതെ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കി. ഇപ്പോൾ സുമതിക്ക് സമാധാമായി സ്ഥലവും വീടും അടിസ്ഥാന സൗകര്യങ്ങളും നൽകി. അതുപോലെ 41 കുടുംബങ്ങൾക്കു വീടും സ്ഥലവും അടിസ്ഥാന സൗകര്യങ്ങൾ നൽകിയും ചികിത്സ ഭക്ഷണം  വിദ്യാഭ്യാസ സഹായങ്ങൽ എല്ലാം അഗതികൾക്ക് നൽകി. ഇന്ന് സുമതിയുടെ മകൻ എസ്.എസ്. എൽ.സിയ്ക്ക് പഠിക്കുകയാണ്. പക്ഷേ കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് സുമതിയുടെ അച്ഛൻ ഒലിച്ചുപോയി എന്ന ദു:ഖം മാത്രമാണ് സുമതിക്കുള്ളത്. സുമതിയും രോഗിയായിരുന്നു. അതിനും ഭേദമുണ്ടായി. അഗതി ആശ്രയ പദ്ധതി കുടുംബശ്രീ വളർച്ചയുടെ നാഴികക്കല്ലായി മാറി. സി.ഡി.എസ്. ലൂടെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കാൻ കഴിഞ്ഞ അനുഭവം എന്റെ ജിവിതത്തിന് ഒരി പൊൻതൂവൽ ചാർത്തിയതായി അനുഭവപ്പെടുകയാണ്. എല്ലാവരുടേയും ശാന്തമ്മച്ചേച്ചിയാകാൻ കഴിഞ്ഞത് എന്റെ ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. കുടുംബശ്രീ എന്ന വാക്കിന്റെ അർത്ഥം പൂർണ്ണരൂപത്തിൽ എന്റെ പ്രവർത്തനത്തിലൂടെയും അനുഭവത്തിലൂടെയും ഞാൻ മനസ്സിലാക്കി. ഞാൻ പണ്ട് ഗോതമ്പുപൊടി വാങ്ങിക്കൊണ്ടുവന്ന പേപ്പർ കഷണത്തിൽ കണ്ട കുടുംബശ്രീ എന്ന വാക്കിന്റെ വലിപ്പം ഞാൻ അറിയുന്നു അതിന്റെ വലിപ്പം വർണ്ണാനാതീതമാണ്.

ചെങ്ങന്നൂർ താലൂക്കിലെ സാമൂഹ്യ ക്ഷേമ വകുപ്പിലെ അംഗനവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനായി അന്നത്തെ ആലപ്പുഴ ജില്ലാ ഡി.എം.സി. ശ്രീ. റഹ്മത്തുള്ള സാറും എ.ഡി.എം.സി. ശ്രീ. സത്യപ്രകാശ് സാറും കൂടി മാന്നാർ

പഞ്ചായത്തിനെ ചുമതലപ്പെടുത്തി. കുടുംബശ്രീയെപ്പറ്റി സമൂഹത്തിന് വലിയ ധാരണ യില്ലാത്ത കാലം. 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതികളെ കണ്ടെത്തി 10 ദിവ സത്തെ പരിശീലനത്തിനായി ജില്ലയ്ക്ക് പുറത്ത് ഞാൻ കൊണ്ടുപോയി. തിരിച്ചുഞാൻ പോന്നു. അന്ന് പരിശീലത്തിനായി ഭർത്താക്കന്മാർ ചിലർ എന്നെ തെറ്റിദ്ധരിക്കുകയും നിങ്ങൾ എന്റെ ഭാര്യയെ എവിടെ കളഞ്ഞിട്ടാണ് വന്നതും എന്നും മോശമായ വാക്കു കൽ ഉപയോഗിച്ച് എന്നോട് സമസാരിച്ചപ്പോൾ പഥറാതെ നിന്നതും തിരിച്ച്  സമാധാന പരമായി സമസാരിക്കാൻ എന്നെ പ്രേരിപ്പിച്ച ശക്തി കുടുംബശ്രീ അല്ലാതെ മറ്റൊന്നുമ ല്ല.

# എന്നെ ഞാനാക്കിയ പ്രസ്ഥാനം

കടക്കരപ്പള്ളിയെന്ന കൊച്ചു ഗ്രാമം ഇവിടെ ഞാൻ വന്നിട്ട് ഇരുപത്തിയൊന്ന് വർഷമാകുന്നു. പുതിയ ജീവിതം തുടങ്ങി ആദ്യ കാലങ്ങൾ..........,

വളരെ ഇടുങ്ങിയ ചിന്താഗതിയുള്ള വീട്ടുകാരും ഭർത്താവും. അയൽവീടുകളിൽ പോകുവാനോ അവരോട് സംസാരിക്കുവാനോ വീട്ടുകാർ സമ്മതിച്ചിരുന്നില്ല. അങ്ങനെയിരിക്കെയാണ് കുടുംബശ്രീ എന്ന കൂട്ടായ്മയെ കുറിച്ച് അറിവ് ലഭിച്ചത്. ഞാനും കൂടി പൊയ്ക്കോട്ടെ എന്ന് ചോദിച്ചപ്പോൾ വേണ്ട എന്നാണ് ആദ്യം മറുപടി ലഭിച്ചത്. എന്നാൽ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഭാഗ്യമെന്ന് പറയട്ടെ ഞങ്ങൾ കുടുംബവീട്ടിൽ നിന്നും മാറി താമസിച്ചു. അപ്പോൾ അവിടെയുള്ള എന്റെ തരക്കാർ എന്നോടു പറഞ്ഞു, കോമളം എല്ലാ സ്ഥലങ്ങളിലും കുടുംബശ്രീ എന്ന ഒരു കൂട്ടായ്മയുണ്ട്. അധികം പണച്ചിലവില്ല. പഞ്ചായത്തിന്റേതാണ് അപ്പോൾ ആനുകൂല്യങ്ങളും കിട്ടും. 10 രൂപ ആഴ്ചയിൽ അടയ്ക്കണം എന്നും പറഞ്ഞു. ഈ വിവരം അടുത്തുള്ള കുടുംബിനികളോടും പറഞ്ഞു. അവർക്ക് കുഴപ്പമില്ല കാരണം അവർക്ക് സ്വന്തമായി കയർ പിരിക്കാൻ അറിയാം. എന്നാൽ എന്റെ അവസ്ഥ അതല്ല കൊച്ചു കുഞ്ഞാണ് എനിക്കുള്ളത്. ചകിരിയുടെ പണി ഞങ്ങളുടെ നാട്ടിൽ ഇല്ലാത്തതാണ്. ഉടനെ പഠിച്ചെടുക്കാനും സാധിക്കില്ല. ഭർത്താവിന് സ്ഥിരമായി ഒരു തൊഴിലില്ലായിരുന്നു. അദ്ദേഹം വളർന്ന വീട്ടിലെ അന്തരീക്ഷം മോശമായിരുന്നു. കുടിയനായ ജ്യേഷ്ടൻ അതായിരുന്നു മുഖ്യം. അങ്ങനെ പേടിച്ച് പേടിച്ച് അദ്ദേഹം മാനസികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുമാണ്. കുടുംബശ്രീയിൽ ചേരുവാനോ കയർ പിരിത്തം പഠിക്കുവാനോ എന്നെ അനുവദിച്ചില്ല. െങ്കിലും കുടുംബത്തിന്റെ ദാരിദ്ര്യം, എന്റെ കുഞ്ഞിനെ വളർത്തുവാനുള്ള ബുദ്ധിമുട്ട് ഇവയെല്ലാം കൂടാതെ അദ്ദേഹത്തിന് മരുന്ന് വാങ്ങണം ഇതെല്ലാം എന്റെ ചുമലിലാണ്. എന്റെ വീട്ടുകാർ അല്ലാതെ ആരും സഹായത്തിനില്ല. എപ്പോഴും അവരെ ബുദ്ധിമുട്ടിക്കുന്നതിൽ എനിക്ക് വളരെ വിഷമം തോന്നി. അങ്ങനെ എന്തു വിഷമം ഉണ്ടായാലും കയർ പിരിത്തം പഠിക്കണമെന്ന് ഔരേ വാശിയിൽ അടുത്തുള്ള വീട്ടിൽ റാഡിൽ കയർ പിരിത്തം പഠിക്കുവാൻ പോയി. ഇതിനിടയിൽ കൈകൊണ്ട് തൊണ്ട് തല്ലി പിരിച്ച് നോക്കി. വിജയിച്ചില്ല. അന്നന്നുള്ള ആഹാരത്തിന് പോലും വകയില്ലാതെ വിഷമിച്ച കാലങ്ങളായിരുന്നു ആ വർഷങ്ങൾ.....

കയർ പിരിത്തം പഠിച്ചു വീണ്ടും കുടുംബശ്രീയെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞു. ഗ്രാമസഭ അടുത്ത വീട്ടിൽ കൂടിയപ്പോൾ കുടുംബശ്രീയിൽ ചേരണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. അങ്ങനെ കുടുംബശ്രീയിൽ ചേർന്നു. 10 പേർ അടങ്ങുന്നതായിരുന്നു ആദ്യത്തെ യോഗം. അന്ന് എന്നെ തന്നെ അവർ പ്രസിഡന്റാക്കി. അതിൽ നിന്നും ഏ.ഡി.എസ് എന്ന കുടുംബശ്രീ സംവിധാനത്തിന്റെ അടുത്ത തലത്തിലേയ്ക്ക് പോയി. 12 വർഷത്തോളം ഏ. ഡി. എസ് അംഗം, ഏ. ഡി. എസ് പ്രസിഡന്റ്, സി. ഡി. എസ്

എന്നീ നിലകളിലേയ്ക്ക് ഞാൻ ഉയർന്നു. പഞ്ചായത്തിൽ പോവുകയും മീറ്റിങ്ങുകൾ, ട്രെയിനിങ്ങുകൾ എന്നിവയിൽ പങ്കെടുത്ത് ഒത്തിരി അറിവ് എനിക്ക് കിട്ടുകയും മറ്റുള്ള വർക്ക് ധാരാളം കാര്യങ്ങൾ നടത്തിക്കൊടുക്കുവാനപം കഴിഞ്ഞു. കുടുംബശ്രീയിൽ ഒരു സംരഭം തുടങ്ങണമെന്ന് വി. ഇ. ഒ അനിൽ സാർ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ചിട്ടി തുടങ്ങി. അതിന്റെ അഴിവു ചിട്ടിപ്പണവും പഞ്ചായത്തിൽ നിന്ന് കിട്ടിയ 2500 രൂപ ആർ.എഫും ചേർത്ത് നിത്യോപയോഗ സാധനങ്ങൾ വാങ്ങി. ഗ്രൂപ്പംഗങ്ങൾക്കും പുറ ത്തുള്ളവർക്കും വിറ്റു. അതിനു മുഴുവൻ സമയവും എന്നെയാണ് ഏർപ്പാടാക്കിയത്. അതിൽ നിന്നും തുച്ഛമായ ഒരു വരുമാനം എനിക്ക് അവർ തന്നു. അന്നു മുതൽക്ക് പഞ്ചായത്തിൽ പോകുന്നതിന് ഭർത്താവിന് പ്രശ്നമില്ലാതായി. അപ്പോഴാണ് സി.ഡി. എസി ൽ നിന്ന് പിരിഞ്ഞാലും നമുക്കെല്ലാവർക്കും കാണുവാനും സഹകരിക്കുവാനും കഴിയണമെന്ന ആശയത്തോടെ എന്നെപ്പോലെ ബുദ്ധിമുട്ടമുഭവിക്കുന്ന സി.ഡി.എസ് മെമ്പറിന് ഒരു താങ്ങായി കുടുംബശ്രീ ഉണ്ടാവണമെന്ന ആശയത്തോടെ എന്നെപ്പോലെ ബുദ്ധിമുട്ടനുഭവിക്കുന്ന സി.ഡി.എസ് മെമ്പറിന് ഒരു താങ്ങായി കുടുംബശ്രീ ഉണ്ടാവണ മെന്ന ഉദ്ദേശത്തോടെയും അന്ന് സി.ഡി.എസ് ചെയർ പേഴ്സൺ ആയിരുന്ന ഉഷ സുനി ലിന്റെ നിർദ്ദേശം വന്നത്. അങ്ങനെ 10 വാർഡുകളിൽ നിന്നുള്ള 10 സി.ഡി.എസ് മെമ്പർമാർ ഒത്തുകൂടി ഒരു വനിതാ ക്യാന്റീൻ പ്രവർത്തനം ആരംഭിച്ചു. അതിൽ എല്ലാ സി.ഡി.എസും ഉണ്ടായിരുന്നെങ്കിലും ഓരോരുത്തർക്കും ഓരോ വർക്കുള്ളതുകാരണം ഇപ്പോൾ സ്ഥിരം അത് നോക്കി നടത്തുന്നത് ഞാനാണ്. ഇത്രയും നാൾക്കുള്ളിൽ എന്റെ മകളുടെ വിദ്യാഭ്യാസം വളരെ നല്ല രീതിയിൽ നൽകാൻ കുടുംബശ്രീ എന്നെ സഹാ യിച്ചു. ഇതിനിടയിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വന്നപ്പോൾ ഞാൻ മേറ്റ് എന്ന തലത്തിലായി. കുടുംബശ്രീയുടെ ട്രെയിനിംങ്ങിൽ പങ്കെടുത്ത് ആ വിവര ങ്ങൾ വീട്ടിൽ വ്ന്ന് പറയുകയും നല്ല രീതിയിലുള്ള ചിന്താഗതി എന്റെ ഭർത്താവിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തുകയും തൊഴിലുറപ്പിൽ ഞാനും ഭർത്താവും പങ്കെടുക്കുക വഴി ഞങ്ങളുടെ കുടുംബത്തിന്റെ ദാരിദ്ര്യം മാറ്റുവാൻ കഴിയുയും ചെയ്തു. അവിടെ നിന്നും തുച്ഛമായ വരുമാനമേ ലഭിക്കുകയുള്ളുവെങ്കിലും ഒത്തിരി ആളുകളെ പരിചയ പ്പെടുവാനും പഞ്ചായത്തിന് പുറമേ നിന്ന് വരുന്ന മറ്റ് പഞ്ചായത്ത് അംഗങ്ങളേയും ഓഫീസർമാരെയും പരിചയപ്പെടാനും നാട്ടിലുള്ള ജനങ്ങൾക്ക് ആനുകൂല്യങ്ങൾ കിട്ടു ന്നതിനുള്ള കാര്യങ്ങൾ ചോദിച്ച് അവർക്ക് അത് നടപ്പിലാക്കി കൊടുക്കുവാനും കഴി ഞ്ഞിട്ടുണ്ട് ഏഴാം വാർഡാണ് എന്റേത്. ആ വാർഡിലെ നൂറോളം വരുന്ന കുടുംബ ങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി നൽകുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീയിലൂടെ വന്ന മിക്കവാറും ആളുകൾ നല്ല രീതിയിൽ അറിയപ്പെടുന്ന ഒരു വ്യക്തിയായി ഞാൻ മാറി. അതിന് കുടുംബശ്രീയെന്ന മഹത് സംഘടനയോട് എന്നും എനിക്ക് നന്ദിയുണ്ട്. വരും തലമുറയോടും കുടുംബശ്രീ എന്ന സംഘടനാ സംവിധാന ത്തെക്കുറിച്ച് കഴിയുംവിധം പറഞ്ഞു മനസ്സിലാക്കാനും ആവുന്നുണ്ട്. ഇതിലെല്ലാം ഉപരി യായി ആശ്രയ പദ്ധതിയിൽ വീടില്ലാതെ കഷ്ടപ്പെടുന്ന ഒകു കുടുംഭബത്തിന് വീട് വയ്ക്കുവാൻ അൻപതിനായിരം രൂപ കുടുംബശ്രീവഴി ലഭിച്ചുവെങ്കിലും അതിന് നൽകേ

ണ്ടുന്ന പ്രമാണത്തിന്റെ കോപ്പി, കരം അടച്ച രസീത് മുതലായവ അന്വേഷിച്ച് ചെന്ന പ്പോൾ ആ വസ്തു പോക്കുവരവുപോലും ചെയ്യാത്ത രീതിയിലായിരുന്നു. അതെല്ലാം ശരിയാക്കി രണ്ടു മുറിയുള്ള ഒരു വീട് വെച്ച് നൽകി. ഇനിയവർക്ക് കുടിവെള്ളം, കരന്റ്, കക്കൂസ് എന്നിവ നൽകുന്നതിന്റെ തിരക്കിലാണ് ഞാൻ. ഇന്നും ആ വഴിപോകുമ്പോൾ 'അമ്മേ' എന്ന് ആ വൃദ്ധ വിളിക്കുമ്പോൾ വളരെയധികം സന്തോഷം തോന്നാറുണ്ട്. ഈ സന്തോഷം നിങ്ങളോടൊപ്പം പങ്കുവച്ചുകൊണ്ട് നിർത്തുന്നു.

കോമളം
എൽ.ആർ.ജി.എസ് കൺവീനർ
ശ്രീരഞ്ജിനി കുടുംബശ്രീ
വാർഡ് 7

# *ധീരമായി മുന്നോട്ട്*

എന്റെ പേര് സുശീല. ചെറുതന ഗ്രാമപഞ്ചായത്തിലെ 6–ാം വാർഡിൽ ജനിച്ചു വളർന്ന് വിവാഹശേഷം രണ്ടാൺമക്കൾക്ക് 6 ഉം 3 ഉം വയസ്സുള്ളപ്പോൾ ഭർത്താവിന്റെ പണി സംബന്ധമായി കണ്ണൂർ ജില്ലയിൽ താമസമാക്കി പല സ്ഥലങ്ങളിൽ വാടകയ്ക്ക് താമസിച്ച് ഒടുവിൽ നാറാത്ത് പഞ്ചായത്തിലെ കാക്കത്തുരുത്തി എന്ന പ്രദേശത്ത് 10 സെന്റ് സ്ഥലം സ്വന്തമായി വാങ്ങി വീടുവെച്ച് താമസിച്ചു വരവെ 2002 ൽ കുടുംബശ്രീ സംവിധാനം പഞ്ചായത്തിൽ പ്രാവർത്തികമായി. ഞാനവിടെ പ്രാദേശിക രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുമന്നതിനാൽ അംഗങ്ങളെ സംഘടിപ്പിക്കുവാനും കുടും ബശ്രീ രൂപീകരണത്തിനും മുൻനിരയിൽതന്നെ പ്രവർത്തിച്ച് സാഗരം എന്ന പേരിൽ 34 അംഗങ്ങളിലെ ചേർത്ത് ഒരു അയൽക്കൂട്ടം രൂപീകരിക്കുകയും അതിന്റെ പ്രസിഡന്റായും പിന്നീട് എ.ഡി.എസും, സി.ഡി.എസ് വൈസ് ചെയർ പേഴ്സണായി പ്രവർത്തിച്ച് വരവെ ജില്ലാ മിഷൻ നൽകുന്ന എല്ലാ ക്ലാസ്സുകൾക്കും പരിശീലനങ്ങൾക്കും ഞാൻ കൃത്യമായും പങ്കെടുക്കുമായിരുന്നു. അതുകൊണ്ട് പഞ്ചായത്തിലെ എല്ലാ വാർഡുകലി ലെയും കുടുംബശ്രീ യൂണീറ്റുകളിൽ ഇടപെടാൻ എനിക്ക് സാധിക്കുമായിരുന്നു. അങ്ങനെ 2008 ൽ സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ജില്ലാ തല ആർ.പി ആയി എന്റെ വാർഡിലെ കുടുംബശ്രീയുടെ കീഴിൽ ഞാൻ നാലു ബാല സഭകൾ രൂപീകരിച്ച് അവരെ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പാട്ടും ഡാൻസും എല്ലാം പഠിപ്പിച്ച് അവർക്കുള്ള വേദികൾ സംഭടിപ്പിച്ച് പരിപാടികൾ നടത്തി അവരുടെ കഴിവിനെ പരി പോഷിപ്പിച്ചിരുന്നു. പൊതുവെ സമൂഹത്തിലേയ്ക്കിറങ്ങി പ്രവർത്തിക്കാൻ മടി കാണിച്ചി രുന്ന സ്ത്രീകളായിരുന്നു കൂടുതലും. ഞാൻ താമസിച്ചിരുന്ന പ്രദേശം കള്ളഉ ചെത്തിന്റെ കേന്ദ്രമായിരുന്നു. മറ്റു പ്രദേശങ്ങളിൽ നിന്നും ചെത്തു തൊഴിലാളികൾ

ഇവിടെ വന്നാണ് തൊഴിൽ ചെയ്തിരുന്നത്. അവർക്ക് പകൽ താമസിക്കുവാനും പണി ഉപകരണങ്ങൾ വെയ്ക്കുവാനും ധാരാളം ഷെഡുകൾ (ചാപ്പ) ഉണ്ട്. ഷാപ്പിൽ കൊടുത്ത തിന്റെ ബാക്കി കള്ള് അവിടെ വിൽപ്പന നടത്തും കൂടാതെ ബന്ധും ഹർത്താലും വന്നാൽ മറ്റു പ്രദേശങ്ങളിലുള്ളവർ ഇവിടെ വന്ന് പാട്ടും തെറിവിളിയും അടിയും ബഹ ളവുമാണ്. അവിടെ താമസിക്കുന്ന സാധാരണക്കാരായ ഞങ്ങൾക്ക് ഇത് വളരെ ശല്യവു മാണ്. ആരും ഇവരെ ഭയന്ന് ഒന്നും മിണ്ടാറില്ല. എന്നാൽ അയൽക്കൂട്ടം കൂടിയ സമ യത്ത് ഞാൻ ഈ വിഷയം ചർച്ചയ്ക്ക് വച്ചു. എല്ലാവരും ഇതിനെതിരെ പ്രതികരിക്കു വാനും തീരുമാനിച്ചുല്ലാവരും പറഞ്ഞെങ്കിലും ആർക്കും ധൈര്യമില്ലായിരുന്നു. എന്നാൽ ഞാൻ മുമ്പിൽ ഉറച്ചു തന്നെ നിന്നു. എല്ലാ ചാപ്പയിലും പോയി ഞങ്ങൾ താക്കീത് നൽകി. എന്തിനും തയ്യാറായി വന്ന ഒരു കൂട്ടം സ്ത്രീകളെ കണ്ട അവർ ഭയന്നു പോയി, പിന്നീടൊരിക്കലും ചാപ്പയിൽ കള്ളു കച്ചവടം നടത്തിയിട്ടില്ല. അങ്ങനെയിരിക്കെ എന്റെ പ്രദേശത്തെ ഒരു കുടുംബം പുതുതായി താമസത്തിനു വന്നു. അവിടെ രണ്ടു സുന്ദരി പെൺകുട്ടികൾ ഉണ്ടായിരുന്നു. സാമൂഹ്യവിരുദ്ധന്മാരായ കുറപ്പേർ തങ്ങളുടെ ഇംഗിത ത്തിന് തയ്യാറാകാത്തതിന്റെ വൈരാഗ്യത്തിൽ അവരുടെ വീടിനു മുൻപിൽ വന്നു നിന്ന് മൂത്രമൊഴിക്കുക, അശ്ലീല പാട്ടുകൾ പാടുക, രാത്രിയിൽ പഠക്കം പൊട്ടിക്കുക, വീടിനു നേരെ കല്ലെറിയുക എന്നീ ശല്യങ്ങൾ പതിവാക്കി പൊതു പ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും എല്ലാം ഇടപെട്ടെങ്കിലും അവർക്ക് വാശി കൂടുകയും ഒരു ദിവസം രണ്ടു പെൺകുട്ടികളുടെ അശ്ലീല കട്ടൗട്ടുകൾ അവരുടെ വീടിനു മുമ്പിലുള്ള  പോസ്റ്റിൽ കെട്ടി വെച്ചിരുന്നു. അവ ർ എന്നെ ഫോണിൽ വിളിച്ച് കാര്യം പറയുകയും സങ്കടപ്പെടുകയും ചെയ്തു. ഞാൻ എന്റെ അയൽക്കൂട്ട അംഗങ്ങിളയും ബാല സഭ കൂട്ടുകാരെയും വിളിച്ചു ചേർത്ത് വടിയും അരിവാളുമൊക്കെയായി കട്ടൗട്ടുകൾ കീറി മുറിച്ച്  ബാല സഭ കുട്ടി കൾ ആർത്തു വിളിച്ച് ഞങ്ങൾ തിരിച്ചു വന്നു. എന്നാൽ രാത്രി വെളുക്കും വരെ ആ സാമീഹിക ദ്രോഹികൾ എന്നെയും എന്റെ ഭർത്താവിനെയും മക്കളെയും ചീത്തവിളി ക്കുകയും ഭീഷണി മുഴക്കുകയും ചെയ്തുകൊണ്ടേയിരുന്നു. എന്നാൽ എന്റെ കുടും ബശ്രീ അംഗങ്ങൾ എൻരെ പിന്നിൽ ഉറച്ചു നിന്നു. ആ കൂട്ടായ്മയും കരുതലും എനിക്ക് ഏറ്റവും വലിയ ആശ്വാസമായി അതുപോലെ കുടുംബശ്രീയുടെ മുൻനിരാ പ്രലർത്തന ങ്ങളിൽ എനിക്ക് ഓർക്കാൻ ഒരു അനുഭവസമായി.  ഞാൻ താമസിക്കുന്ന കാക്കത്തുരു ത്തിയിൽ വർഷങ്ങളായി ആന്ധ്രായിൽ നിന്നും മീൻ പിടിക്കാൻ വന്ന അഞ്ച് കുടുംബ ങ്ങൾ ഉണ്ടായിരുന്നു. അവരുടെ കുട്ടികൾക്ക് സ്കൂളിൽ പോകാനോ വിദ്യാഭ്യാസം ചെയ്യാനോ അവസരമില്ലായിരുന്നു. നാട്ടുകാരും പഞ്ചായത്തും, സാക്ഷ.രതാ മിഷനും ചേർന്ന് ആ കുട്ടികളെ സാക്ഷരത പഠിപ്പിക്കുവാൻ തീരുമാനിച്ചു. സി.ഡി.എസ് ചെയർ പേഴ്സണായ എന്നെയാണ് അവരെ പഠിപ്പിക്കുവാൻ നിയോഗിച്ചത്. പകൽ മീൻ പിടി ക്കാൻ പോകുന്ന കുടുംബത്തോടൊപ്പം കുട്ടികളും പോകും. വൈകുന്നേരം തിരിച്ചു വരുന്ന ഇവരെ  6 മുതൽ 8 മണിവരെ പഠിപ്പിക്കുവാനായിരുന്നു തീരുമാനം. പഠിതാക്ക ളുടെ സൗകര്യപ്രകാരം ഞാനെന്റെ ജോലി കൾ തീർത്ത് ഒരു കിലോമീറ്റർ നടന്ന് അഞ്ച് കുട്ടികളെ ആറു മാസം സാക്ഷരത പഠിപ്പിച്ച് നാലാം തരം തുല്യതാ പരീക്ഷ എഴുതിച്ച്

സർട്ടിഫിക്കറ്റ് വാങ്ങികൊടുത്തു. എന്റെയും, പഠിതാക്കളുടെയും ഫോട്ടേ സഹിതം പത്ര ങ്ങളിൽ വന്നു. സി.ഡി.എസ് വൈസ് ചെയർ പേഴ്സൺ എന്ന് എന്റെ പേരിനൊപ്പം എഴുതി ചേർത്തിരുന്നത് എനിക്ക് കിട്ടിയ ഏറ്റവും വലിയ ബഹുമതിയായിരുന്നു.

ഇപ്പോൾ ഞാനും എൻരെ കുടുംബവും ആലപ്പുഴ ജില്ലയിലെ ചെറുതനയിലാണ് താമസം. ഇവിടെ വന്നതിനു ശേഷം ഞാൻ എന്റെ പ്രദേശത്തുള്ള അയൽക്കൂട്ടത്തിൽ ഒരഗമാകാൻ താൽപര്യപ്പെട്ടു. എന്നാൽ ആരും എന്നെ പങ്കെടുപ്പിക്കുവാൻ തയ്യാറായില്ല. എന്നാൽ ഇതുവരെയും അയൽക്കൂട്ടമഗമാകാതിരുന്ന 16 കുടുംബങ്ങളിലെ വനിതകളെ സംഘടിപ്പിച്ച് അയൽക്കൂട്ടം രൂപീകരിക്കുകയും ലിങ്കേജ് ലോൺ വാങ്ങിക്കൊടുക്കു കയും ചെയ്തു. ഇപ്പോൾ ഞാൻ ആലപ്പുഴ ജില്ലാ  സ്ത്രീ പദവി സ്വയം പഠന പ്രക്രിയ യുടെ ആർ.പി ആണ്. കുടുംബ കലഹം മൂലം വിവാഹ മോചനത്തിലെത്താറായ ഒരു കുടുംബത്തെ ഗാർഹിക പീഡന നിരോധന നിയമ പ്രകാരം കൗൺസിലിങ്ങിന് കൊണ്ടുപോയി അവരെ കുടുംബജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരാൻ എനിക്ക് സാധിച്ചു.

കുടുംബശ്രീ എന്ന മഹാ വൃക്ഷത്തിന്റെ അനേകായിരം ശിഖരങ്ങളുള്ളതിൽ ഒരി ലയാകാൻ സാധിച്ചത് ഞാൻ അഭിമാനിക്കുന്നു.

ജി. സുശീല

****

# *കുടുംബശ്രീയിലൂടെ മുന്നേറ്റം*

ന്റെ പേര് രാധാമണി ഞാൻ കടയ്ക്കാപ്പള്ളിൽ അയൽക്കൂട്ടത്തിലെ അംഗമാണ്. കുടുംബശ്രീയിൽ അംഗമായതിൽപിന്നെ ഒരുപാടു നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടു ണ്ട്. ആരും തുണയില്ലാതിരുന്ന എന്റെ ജീവിതത്തിൽ എനിക്ക് ഒരു തണലായി മുന്നിലു ണ്ടായിരുന്നത് കുടുംബശ്രീയാണ്. എനിക്ക് സ്വന്തമെന്നു പറയാൻ ഒരു തുണ്ടുഭൂമി പോലുമില്ലായിരുന്നു. എന്നാൽ ഇപ്പോൾ സ്വന്തമായി ഭൂമി ഉണ്ട്, ചെറുതാണെങ്കിലും ഒരു വീടുണ്ട്. ബന്ധുക്കൾ എന്നു പറയാൻ കുടുംബശ്രീ മക്കളുമുണ്ട്. വിവാഹം കഴിഞ്ഞ് 38 ാമത്തെ വയസ്സിൽ ഭർത്താവ് മരിച്ചു. എനിക്കൊരു മകനുണ്ട്. എന്റെ ഏക പുത്രൻ അശോക് പഠിക്കാൻ മിടുക്കൻ എല്ലാ കാര്യത്തിലും ഒന്നാമൻ. എസ്.എസ്.എൽ.സി ക്ക് ഉയർന്ന മാർക്കോടെ അവൻ പാസായി. അച്ഛനില്ലാതിരുന്ന മകനെ പഠിപ്പിക്കാൻ ഞാൻ ആകെ പ്രയാസപ്പെട്ടു. അടുക്കളപ്പണിചെയ്ത് ഞാൻ മകനെ പഠിപ്പിച്ചു. വീട്ടു ജോലിക്കു പോകുന്നത് മകന് ഇഷ്ടമല്ലായിരുന്നു. മറ്റൊരു ജോലിയും അറിയാത്ത ഞാൻ പിന്നെ

എന്തു ചെയ്യും. മകനാണ് എനിക്ക് പറഞ്ഞു തന്നത് തെക്കേലെ ശാന്ത അക്ക സ്വന്ത മായി ബിസിനസ്സ് ചെയ്യുന്നതിനെക്കുറിച്ച്,. പക്ഷെ അതിന് കുറെ പണം ചെലവാകില്ലേ പണത്തിന് എവിടെ പോകും. അമ്മേ നമുക്ക് സ്വന്തമായി ഒരുസെന്റ് ഭൂമി ഉണ്ടല്ലോ അത് ബാങ്കിൽ പണയം വെച്ച് ലോണെടുക്കാം. അതുകൊണ്ടോരു ബിസിനസ്സ് ചെയ്ത് ജീവി ക്കാം. അമ്മയിനി അടുക്കളപ്പണിക്ക് പോകണ്ടെന്ന് മകൻ നിരന്തരം പറഞ്ഞുകൊണ്ടിരു ന്നു. അവന്റെ നിർബന്ധപ്രകാരം ഉള്ള കിടപ്പാടം ബാങ്കിന് പണയം വെച്ച് ലോണെടു ത്തു. 2500 രൂപ ലോൺ കിട്ടിയതുകൊണ്ട് ഒരു ചെറിയ ബിസിനസ്സ് ആരംഭിച്ചു. അതിൽ നിന്ന് ചെറിയ വരുമാനം കിട്ടിത്തുടങ്ങി. കിട്ടുന്നതിൽ പകുതി ലോണടയ്ക്കും. പിന്നെ മകന്റെ പഠനകാര്യത്തിനും ചിലവാക്കും. അങ്ങനെ 6  മാസം വരെ ബിസിനസ്സ് കുഴപ്പമി ല്ലാതെ മുന്നോട്ടു പോയി. ഒന്നു പച്ചപിടിച്ചുവന്ന ഞങ്ങബളുടെ ജീവിതത്തിൽ പെട്ടെ ന്നാണ് ദുരന്തം വന്നത്. പഠിക്കാൻ പോയ എന്റെ മകനെ ആരൊക്കയോ ചേർന്ന് വെട്ടി പരുക്കേൽപ്പിച്ചു. ചോരയിൽ കുതിർന്ന അവന്റെ ശരീരം കണ്ട് വിറങ്ങലിച്ചു നിന്നു പോയി ഞാൻ. എന്തിനാണ് എന്റെ മകനോട് ഈ ക്രൂരത ചെയ്തതെന്നോർത്തു പൊട്ടി ക്കരഞ്ഞു. രണ്ടുമാസം മകനുമായി ആശുപത്രിയിൽ ചിലവനിച്ചു കൈയിലുണ്ടായിരുന്ന പണം തീർന്നുകൊണ്ടിരുന്നു. ആശുപത്രി ചിലവിനും മറ്റും കൂടുതൽ തുക വേണ്ടി വന്നു. ലോൺ മുടങ്ങി ബിസിനസ്സ് ചെയ്യാൻ കഴിയാതെ വന്നു. ഉള്ള കിടപ്പാടം ബാങ്ക് ജപ്തി ചെയ്തു ഇനിയെന്തു ചെയ്യും. സുഖമില്ലാത്ത മകനുമായി ഞാൻ എവിടെ പോകും. അവന്റെ ആരോഗ്യം വീണ്ടെടുക്കണം. എന്റെ വസ്തുവും, വീടും ബാങ്കിൽ നിന്നും തിരിച്ചു പിടിക്കണം. ഇതുമാത്രമാണ് എപ്പോഴും എന്റെ ചിന്ത. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തു എന്തുചെയ്യും, മകനുമായി വീടിന്റെ മുന്നിൽ വന്നു. വീടു പൂട്ടി സീൽ വെച്ചിരിക്കുന്നു. ഞാൻ അതിന്റെ മുന്നിൽ നിന്ന് പൊട്ടിക്കരഞ്ഞു. എന്റെ സങ്കടം സഹിക്കാൻ വയ്യാതെ മകനുമായി അവിടെ നിന്ന് ഇറങ്ങി നടന്ന് ശാന്ത യുടെ വീട്ടിലേയ്ക്കാണ് പോയത്. അവിടെ ചെന്നപ്പോൾ ഒരാൾക്കൂട്ടം ഞാൻ മകനോടു പറഞ്ഞു. മോനെ അവിടെ എന്താണെന്ന് അറിഞ്ഞില്ല കുറെ പെണ്ണുങ്ങൾ കൂടിയിരിക്കു ന്നു അമ്മ അന്വേഷിച്ചിട്ടു വരാം. മോൻ ഇവിടെയിരിക്കൂ ശാന്തയുടെ വീടിന്റെ വരാന്ത യിൽ കൂട്ടംകൂടിയിരിക്കുന്ന സ്ത്രീകളുടെ അടുത്തേയ്ക്ക് പോയി. അവിടെ ചെന്നപ്പോ ഴാണ് അറിഞ്ഞത് അവർ കുടുംബശ്രീ കൂടുന്നതാണെന്ന് മനസ്സിലായത്. എന്റെ അവ സ്ഥയും പ്രയാസവും ഞാൻ അവരോടു പറഞ്ഞു. അങ്ങനെ അവരുടെ അവരുടെ കുടും ബശ്രീയിൽ അംഗത്വം ലഭിച്ചു. തൽക്കാലം എനിക്കും മകനും കിടക്കാൻ ശാന്തയുടെ വീട്ടിലൊരു മുറിയും തന്നു. ഒരു മാസം കഴിഞ്ഞു. കുടുംബശ്രീ നന്നായി നടക്കുന്നുണ്ട്. ശാന്തയുടെ ചിലവിൽ എത്ര നാൾ കഴിയും. ഓരോ ആഴ്ചയിലും മുടങ്ങതെ കുടുംബ ശ്രീയിൽ പോകുന്നുണ്ട്. വീണ്ടും ഞാൻ അടുക്കളപ്പണിക്ക് പോയിതുടങ്ങി. മകന് ഇഷ്ട മില്ലെങ്കിൽകൂടി പോകാതിരിക്കാൻ നിവൃത്തിയില്ലല്ലോ. അങ്ങനെയിരുന്നപ്പോഴാണ് കുടും ബശ്രീയിലെ പെണ്ണുങ്ങൾ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് പറഞ്ഞത്. ഞാൻ മകനു മായി ആലോചിച്ചു. മകൻ പറഞ്ഞു അമ്മ തൊഴിലുറപ്പിനു പോകണം. വല്ലവന്റെയും അടുക്കളയിൽ നിന്നും അമ്മയിറങ്ങണം. തൊഴിലുറപ്പു പദ്ധതിയിൽ അംഗമാകണം.

അതിനൊരന്തസുണ്ടമ്മേ. മകന്റെ വാക്കുകൾ എനിക്ക് ധൈര്യവും ആത്മ വിശ്വാസവും തന്നു. അങ്ങനെ ഞാൻ തൊഴിലുറപ്പിനു പോയി തുടങ്ങി. എനിക്ക് നല്ല വേതനവും ലഭിച്ചുതുടങ്ങി. എന്റെ മകന് മരുന്നിനും നല്ല ഭക്ഷണത്തിനും വേണ്ടി ഒരു വരുമാനം ലഭിച്ചു തുടങ്ങി. കുടുംബശ്രീ മിഷനിൽ ഞങ്ങൾ അഞ്ച് പേർ ചേർന്നൊരു പ്രോജക്ട് വച്ചിട്ടുണ്ട്. കുടുംബശ്രീയിൽ നിന്നും ഒരുപാടു നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു. ഭവന പദ്ധതിയിൽ ഉളഅ്പ്പെടുത്തി എനിക്ക് സ്വന്തമായി ഒരു കിടപ്പാടം ലഭിച്ചു. ജില്ലാ മിഷൻ വഴി അഞ്ച് ആടുകലെ ലഭിച്ചു. ആട് വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് എനിക്ക് ട്രെയിനിംങ്ങ് ലഭിച്ചു. അതിൽ നിന്നും വരുമാനം ലഭിച്ചുതുടങ്ങി എത്രയെത്ര നേട്ടങ്ങളാണ് കുടുംബശ്രീവഴി നേടിയത്. പടുകുഴിയിൽ നിന്നും കരകയറ്റിയ വടവൃക്ഷമാകുന്ന കുടുംബശ്രീയെ മരിക്കുവോലം മറക്കാൻ കഴിയില്ല എനിക്ക്.

എന്റെ ജീവിതത്തിൽ പച്ചപ്പുകാട്ടിതന്ന കുടുംബശ്രീയെ നിനക്ക് ഒരായിരം ആശംസകൾ നേർന്നുകൊണ്ട് എന്ന്,

സ്വന്തം

രാധാമണി

വാർഡ് 32

****

# *വൃദ്ധർക്കൊപ്പം ഒറ്റക്കെട്ടായി*

ദീപാ വിനോദ്

എന്റെ പേര് ദീപാ വിനോദ് എന്നാണ്. 10 വർഷം മുമ്പ് ഒരു മാവിൻ ചുവട്ടിലായിരുന്നു കുടുംബശ്രീ യോഗം കൂടിയിരുന്നത്. ആദ്യം ഞങ്ങളുടെ നിക്ഷേപം 10 രൂപയായിരുന്നു. ഇപ്പോൾ അത് 50 രൂപയാകുകയും ഓരോ അംഗങ്ങളുടെ വീട്ടിൽ വെച്ച് യോഗം കൂടുകയും ചെയ്യുന്നു. ഞങ്ങളുടെ കുടുംബശ്രീയുടെ പേര് ഐശ്വര്യ എന്നാണ്. ഈ കുടുംബശ്രീയിൽ അംഗമായതിൽ എനിക്ക് അഭിമാനം തോന്നുന്നു. കാരണം മറ്റുള്ളവരോട് സംസാരിക്കുവാനും പിന്നെ വില്ലേജ്, പഞ്ചായത്ത് മറ്റെവിടെയെങ്കിലും എനിക്ക് ഒറ്റയ്ക്കു പോകുവാൻ ധൈര്യമില്ലായിരുന്നു. ഈ കുടുംബശ്രീയിൽ വന്നതിനു ശേഷമാണ് സംസാരിക്കുവാനുള്ള അറിവും കഴിവും കിട്ടിയത്. പല സാമ്പത്തിക സഹായങ്ങളും ഈ കുടുംബശ്രീയിൽ നിന്ന് കിട്ടിയിട്ടുണ്ട്. നേരത്തെ ബ്ലേഡിൽ നിന്നും വൻ പലിശയ്ക്ക് കടം വാങ്ങിയാണ് എന്റെ കടങ്ങളെല്ലാം തീർത്തത്. ഈ കുടുംബശ്രീയിൽ ഒരംഗമായതിൽപിന്നെ കുറഞ്ഞ പലിശനിരക്കിൽ ലോണെടുത്ത് കടബാദ്ധ്യതകളൊക്കെ ഒഴിവാക്കി ബ്ലേഡുകാരനിൽ നിന്ന് ഒഴിവായപ്പോൾ എനിക്ക് സമാധാനമായി അതു കൂടാതെ തന്നെ തൊഴിലുറപ്പു പദ്ധതിയിൽ ഒരംഗമാകതുവാൻ സാധിച്ചു. അന്നത്തെ സെക്രട്ടറിയാണ് തൊഴിൽ കാർഡെടുക്കുവാൻ എന്നെ സഹായിച്ചത്. ഇതിൽ നിന്ന്

കിട്ടുന്ന വരുമാനം വീട്ടുകാര്യങ്ങൾ, ചെറിയ ചെറിയ കാര്യങ്ങൾ കടങ്ങൾ വീട്ടുവാൻ സാധിച്ചു. കുടുംബശ്രീ യൂണീറ്റിൽ നിന്ന് കിട്ടുന്ന ധനസഹായവും അതുപോലുള്ള ചികിത്സാ സഹായങ്ങളും ഞങ്ങലിൽ വളരെയധികം സന്തോഷം ഉളവാക്കുന്നു. എനിക്ക് ഏറ്റവും മറക്കാനാവാത്ത അനുഭവം എന്നു പറഞ്ഞാൽ എനിക്കൊരു ചെറിയ വീടായിരുന്നു. മഴ വന്നാൽ വെള്ളം മൊത്തം അകത്തു വരുമായിരു്ന്നു. രണ്ടു മക്കളുമായി ഞാൻ ഒരുപാട് കഷ്ടപ്പെട്ടു. ഈ കുടുംബശ്രീയിൽ വന്നതിനുശേഷം പഞ്ചായത്തിൽ ഭവന നിർമാണത്തിന് അപേക്ഷ കൊടുക്കുകയും എനിക്ക് വീട് ലഭിക്കുകയും ചെയ്തു. അതിന് കുടുംബശ്രീയാണ് എന്നെ സഹായിച്ചത്. ഞങ്ങളുടെ സെക്രട്ടറിയോടും, മെമ്പറിനോടും എനിക്കും എന്റെ വീട്ടുകാർക്കും വളരെ നന്ദിയുണ്ട്. വീടുപണി പൂർത്തിയായിട്ടില്ല അതിൻരെ ഓരോ ആവശ്യത്തിനും പണം വേണ്ടി വന്നപ്പോൾ എന്റെ കുടുംബശ്രീയിൽ നിന്നാണ് പണമെടുത്തത്.അതിന് ഈ കുടുംബശ്രീയോട് എനിക്ക് നന്ദിയുണ്ട്. കുടുംബശ്രീയൂണീറ്റിൽ ഏതൊരഗംത്തിൻരെയും വീടുകളിൽ ഒരടിയന്തിര ആവശ്ം വന്നാൽ ഞങ്ങൾ അവിടെ ചെല്ലുകയും കഴിയാവുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഞങ്ങബൾ 953-ാം നമ്പർ എഴുപുന്ന സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോണെടുത്തത് ബാഗ്, കുട നിർമ്മാണത്തിനായിരുന്നു. ഞങ്ങൾ കുറച്ചുപേർ ബാഗ് തയ്യലിൽ കോടംതുരുത്ത് പഞ്ചായത്തിൽ പോകുകയും തയ്യൽ പഠിക്കുകയും ചെയ്തു. എന്നാൽ ഞങ്ങബളെകൊണ്ട് ഒറ്റയ്ക്ക് തയച്ചുകൊടുക്കുവാൻ പറ്റുമായിരുന്നില്ല. അതിനാൽ ഞങ്ങൾ ബാഗും കുടയും കടയിൽ പോയി എടുത്ത് വില്പന നടത്തുവാൻ തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ ഒരു കടമുറി വാടകയ്ക്കെടുത്തു. ഞങ്ങളോരോ അംഗവും ഒരു ദിവസം വെച്ച് കടയിലിരുന്ന് ബാഗും കുടയും വിറ്റഴിച്ചു. നഷ്ര്യമൊന്നുമില്ലാത്ത രീതിയിൽ അചത് മുന്നോട്ടു പോയി. എന്നാൽ പട്ടണക്കാട് ബ്ലോക്കിൽ നിന്ന് ഓഫീസർ വന്നു പറഞ്ഞു അത് പറ്റില്ല ബാഗ് ഞങ്ങൾ തന്നെ തയ്ച്ചുകൊടുക്കണമെന്ന്. എന്നാൽ ഞങ്ങളുടെ കുടുംബശ്രീയിൽ അമ്മമാർക്ക് അത് സാധിക്കുകയില്ലായിരുന്നു. അങ്ങനെ ആ കട ഞങ്ങൾ നിർത്തി. സബ്സിഡി ലോൺ തിരിച്ചു പിടിക്കുമെന്ന് ആ ഓഫീസർ പറഞ്ഞു. പിന്നെ ഞങ്ങൾ അരിക്കച്ചവടം നടത്തിയിരുന്നു. അതിൽ ഞങ്ങൾക്ക് ലാഭമായിരുന്നു. ഞങ്ങൾക്ക് ലോൺ തന്ന 953-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിനോട് ഞങ്ങൾ നന്ദി പറയുന്നു. ഈ ഐശ്വര്യാ കുടുംബശ്രീ ഇതിലും നല്ല രീതിയിൽ വളർന്ന് വലുതാകുവാൻ മറ്റുള്ള അംഗങ്ങലെപ്പോലെ ഞാനും എല്ലാ സഹായവും ചെയ്യാൻ തയ്യാറായിരിക്കും.

****

## *തുളുമ്പുന്ന അമൃതകുംഭം*

എന്റെ പേര് ലതികാ തിലകൻ എന്നാണ്. ഞാൻ രണ്ടാം വാർഡിലെ ചൈതന്യ കുടുംബശ്രീയിലെ അംഗമാണ്. ഞാൻ 2002 ജനുവരി 5 മുതൽ കുടുംബശ്രീ അംഗമായി

കുടുംബശ്രീ സെക്രട്ടറിയായിട്ടാണ് പ്രവർത്തനം തുടങ്ങിയത്. 24 അംഗങ്ങളാണ് യൂണീറ്റിൽ ഉണ്ടായിരുന്നത്. പിന്നീട് നല്ല പ്രവർത്തനം കാഴ്ചവെയ്ക്കാൻ സാധിച്ചു. ഒരു കുടുംബിനിയായിരുന്ന എനിക്ക് മറ്റങ്ങഗളെ മനസ്സിലാക്കാനും നിയന്ത്രിക്കാനും ഒരു പരിധിവരെ സാധിച്ചു. എന്നെ ഒരു നല്ല കുടുംബശ്രീ പ്രവർത്തകയെന്ന നിലയിൽ അംഗീകരിച്ച്ു. ബാങ്കുകളിൽ പോകാനും മറ്റ് സേവനപരമായ കാര്യങ്ങബൾക്കായും ഉദ്യോഗസ്ഥരെ കാണാനും യൂണീറ്റിന് അതുവഴി കൂടുതൽ അറിവ് കൊടുക്കുവാനും സാധിച്ചു.

എനിക്ക് തുടക്കത്തിൽ വളരെ കയ്പ്പേറിയ അനുഭവങ്ങളാണ് ജീവിതത്തിൽ അനുഭവിക്കേണ്ടി വന്നത്. കാരണം എനിക്ക് 90 വയസ്സുള്ള അമ്മയാണ് വീട്ടിലുള്ളത്. ഏതെങ്കിലും കാരണത്തിന് പുറത്തു പോകുമ്പോൾ അടുത്ത വീട്ടിലെ അമ്മംമാർ പറയും ഇവൾക്ക് വേറെ ഫണിയൊന്നുമില്ല. ഇതങ്ങനെ നടന്നോളും അവരുടെ മക്കൾ ഒന്നും പുറത്തു പോകുന്നില്ലായെന്ന് ഇതു കേൾക്കുമ്പോൾ അമ്മയ്ക്ക് ദേഷ്യം വരും വീട്ടിൽ വന്നാൽ എന്നെ വഴക്കിടും എന്നിട്ടും ഞാൻ കൂട്ടാക്കിയില്ല. അത് ജീവിതത്തിൻരെ ഒരു ഭാഗമാണെന്ന് മനസ്സിലാക്കി പ്രവർത്തനം തുടർന്നു. അതിനാൽ കാര്യങ്ങൾ പറയുവാനും പഠിച്ചു. കുടുംബശ്രീ പ്രവർത്തനം വഴി ലഭിച്ച പരിജയം മൂലം എനിക്ക് സഹകരണസംഘം ബോർഡ് മെമ്പറാകാനും തൊഴിലുറപ്പു പദ്ധതിയിൽ മേറ്റ് ആയിട്ടും സോഷ്യൽ ഓഡിറ്ററായി പ്രവർത്തിക്കുവാനും ഇപ്പോൾ സി.ഡി.എസ് പ്രവർത്തിക്കാനും സഹായിച്ചത് അങ്ങേയറ്റം ചെയർ പേഴ്സൺ വരെയെത്തിച്ചത്. എന്റെ കുടുംബശ്രീയിലെ പ്രവർത്തനത്തിൽ ജനങ്ങൾ നല്കിയ അംഗീകാരമാണിത് കുടുംബശ്രീ പ്രവർത്തനം വഴി ഞങ്ങളുടെ കൂട്ടായ്മയിലൂടെ അനേകം നല്ല പ്രവർത്തികൾ ചെയ്തിട്ടുണ്ട്. ആരോരും തുണയില്ലാത്ത എന്റെ യൂണിറ്റംഗമായ വള്ളിപരമേശ്വരൻ തന്റെ മകളുടെ കല്യാണത്തിന് ഒരു 90 ശതമാനം കാര്യ്തതിലും മുഖ്യ പങ്ക് വഹിച്ച് ഒരു നല്ല തുക വായ്പയായി കൊടുത്തു. എല്ലാ അംഗങ്ങളും വതന്റെ കൂട്ടുകാരിയുടെ നിസ്സഹായത മനസ്സിലാക്കി ഓരോരുത്തരും തന്നാലാകുന്നതും പണം കൊണ്ടും പ്രവൃത്തി കൊണ്ടും സഹായിച്ചു. വിജയിപ്പിച്ചു. അവർക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു അത്.

അതു പോലെ ഒരംഗത്തിന് സുഖമില്ലാതെ ആരുംെ നോക്കാനില്ലാത്ത അവസ്ഥയിൽ കൊണ്ടുപോകുകയും മരുന്നു വാങ്ങാൻ പൈസ കൊടുത്ത് സഹായിക്കുകയും താങ്ങി ഏൽപ്പിക്കുവാനും വീട്ടുകാര്യങ്ങൾക്ക് സഹായിക്കുവനും എല്ലാ അംഗങ്ങളും പരമാവധി സമയം കണ്ടെത്തി സഹായിച്ചിരുന്നു. എല്ലാവരും ഒരുമിച്ച് ചെറിയകൃഷികൾ നടത്തിയും മേളകളിൽ പങ്കെടുത്തു. സന്തോഷത്തിനായി നമുക്ക് കിട്ടിയ ലാഭതച്തിൽ നിന്ന് ന മുക്കായി ഒരേയിനം സെറ്റ് വാങ്ങിച്ചും എല്ലാവർക്കും സന്തോഷമായി പിന്നീട് കൂട്ടായ്മയോടെ എല്ലാ അംഗങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുത്തു. ആഘോഷങ്ങൾ ഭംഗിയായി. ഇതുവരെ ആർക്കും പരാതിയില്ല. 24 അംഗങ്ങൾ ഉണ്ടായിരുന്നതിൽ രണ്ടു പേർ വയസ്സായപ്പോൾ ഞങ്ങൾക്കിനി തുടരാൻ സാധിക്കുകയില്ലെന്നും പറഞ്ഞ്

സ്വയം ലെറ്റർ തന്ന് പിരിഞ്ഞു. എങ്കിലും ഞങ്ങൾ എന്ത് ഫങ്ഷൻ നടത്തിയാലും അറിയിക്കുകയും അവർ സന്തോഷത്തോടെ വരികയും ചെയ്യും.

ഇതോടൊപ്പം എൻ.ആർ.ജി.ഇ.എസ് ൽ കുറയധികം കുടുംബങ്ങളെ ചേർക്കാനും അവർക്ക് ഒരു വരുമാന മാർഗ്ഗം കാണിച്ചു കൊടുക്കാനും സാധിച്ചു.

പിന്നീട് ഒന്നും രണ്ടും കുടുംബശ്രീ അംഗമായി ചേരാൻ പറഞ്ഞപ്പോൾ അവർ പറഞ്ു എൻരെ ചേട്ടൻ വഴക്കു പറയും. ചേട്ടന് ജോലി ഉള്ളതാണ് ഞാൻ ഇതിലൊന്നും ചേരുന്നില്ല എന്നും പറഞ്ഞ് കളിയാക്കി . എന്നാൽ അന്ന് കളിയാക്കിയ അംഗങ്ങൾ ഇന്ന് എന്റെ അടുത്തുവന്ന് എന്നെയും നിങ്ങളുടെ കാടെ ചേർക്കണം. എനിക്കും തൊഴിലുറപ്പു പദ്ധതിയിൽ അംഗമാകണം എന്നു പറഞ്ഞ് പിറകേ നടക്കുന്നു. എന്നാൽ ഞാൻ എതിർത്തു പറഞ്ഞില്ല. ഇതെല്ലാം പറയിക്കുന്നത് ദൈവമാണെന്നേ കരുതിയുള്ളൂ. ഇത് ഞങ്ങളുടെ കുടുംബശ്രീ പ്രവർത്തനത്തിൻരെ നേട്ടമൊന്നു മാത്രമാണ്.

പിന്നീട് എനിക്ക് ഒരു കാര്യം മനസ്സിലായി ഒറ്റയ്ക്ക് നിന്നാൽ ഒന്നും നടക്കുകയില്ല്. ഒന്നിച്ചുനിന്നാൽ എല്ലാം നേടാൻ സാധിക്കുമെന്ന് അതിന് തെളിവാണ്. ഒരു വീടിന്റെ പണിയിൽ ഞങ്ങൾ കുടുംബശ്രീ അംങ്ങങ്ങൾ സാമ്പത്തികമായി ഒന്നും വാങ്ങാതെ ആരുമില്ലാത്തവർക്ക് ഒരു വീടു പണിയാൻ എഴുതികൊടുത്ത് ഗ്രാമസഭയിൽ അംഗീകാരം നേടുകയും വീടു പണിയിൽ ഓടു കൊണ്ടുവരുവാനും വെള്ളം കോരിക്കൊടുക്കുവാനും ഭക്ഷണം പാകം ചെയ്യാനും പട്ടിക എടുത്ത് കൊടുക്കാനും മറ്റെല്ലാകാര്യങ്ങളിൽ സഹായിച്ച് അവർക്കത്താണിയായി. എലിപ്പനി ബാധിച്ച കിടപ്പിലായ ഒരു കുടുംബശ്രീ അംഗത്തിന്റെ മകന് ഞങ്ങളാലാകും വിധം പൈസ കൊടുത്ത് സഹായിക്കുകയും ആശ്വസിപ്പിക്കുകയും ആ കുടുംബത്തെ സഹായിക്കുകയും ചെയ്തു.

വാർഷികങ്ങൾ നടത്തുകയും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച പ്രസിഡന്റിനും സെക്രട്ടറിക്കും പാരിതോഷികങ്ങൾ സന്തോഷത്തോടെ നൽകുകയും അത് തന്റെ പ്രവർത്തനം കൊണ്ടാണ് കിട്ടിയതെന്നും അഭിമാനിക്കുകയും ചെയ്തു. മനസ്സിൽ സന്തോഷം നിറഞ്ഞു തുളുമ്പി.

ചില അംഗങ്ങൾ ഞങ്ങബളുടെ യൂണീറ്റിൽ 10 രൂപ നിക്ഷേപിച്ച് ഒരു തുയുണ്ടാക്കണം എന്ന ല്കഷ്യത്തോടെയായിരുന്നു വന്നത്. എന്നാൽ ഒരു പ്രത്യേക മനോഭാവം ഉണ്ടായിരുന്നു. എനിക്ക് ഇവരെയൊന്നും അനുസരിക്കേണ്ട ഞാൻ അവരെക്കാൾ മുകളിലാണ് സാമ്പത്തികം കൊണ്ട് എന്ന ഭാവമായിരുന്നു ആദ്യമൊക്കെ എപ്പോഴും താമസിച്ചേ യൂണീറ്റിൽ വരികയുള്ളൂ പൈസയെടുത്തെ എനിക്ക് വീട്ടിൽ പിടിപ്പത് പണിയുണ്ട് എന്നൊക്കെ പറയുമായിരുന്നു. എന്നാൽ കുറെയാഴ്ചകൾക്ക് ശേഷം ആദ്യമൊക്കെ സ്നേഹഭാവത്തിൽ വഴക്കു പറഞ്ഞിരുന്നു. അവർക്ക് മനസ്സിലായി. ഞാൻ ആരുമല്ല ഈ കൂട്ടായ്മ തന്നെയാണ് എനിക്കുമേൽ അതുകൊണ്ട് തന്നെ ഒരു അനുസരണയുള്ള അംഗമാകാൻ സാധിച്ചു. ഇതും ഒരു നേട്ടമാണ്. എത്ര പറഞ്ഞാലും കേൾക്കാത്ത ആരെയും അംഗീകരിക്കാത്ത ഒരു പ്രകൃതം പക്ഷെ അവരുടെ കുടുംബശ്രീ അംഗത്വം വളരെ എളിമ അനുസരണം, അംഗീകാരം, നന്മ, വരുമാനം, കൂട്ടായ്മ എന്താണെന്ന് മനസ്സിലാക്കാനും നല്ലൊരു കുടുംബശ്രീ പ്രവർത്തകയാകാനും സാധിച്ചു.

കുടുംബശ്രീ പ്രവർത്തനങ്ങളിൽ എല്ലാ വൃദ്ധന്മാരെയും ആദരിക്കുകയും, സഹായിക്കുകയും. ബഹുമാനിക്കുകയും ചെയ്യുക എന്നത് ചർച്ചകളിൽ വെച്ചിരുന്നു. അതുകൊണ്ട് അംഗങ്ങളെല്ലാവരും ഒരുവിധം പരാധിയില്ലാതെ അവരെ അനുസരിച്ചിരുന്നു. ഞങ്ങളുടെ കുട്ടികളുടെ ബാലസഭയിൽ അംഗങ്ങൾ ആക്കുകയും പാർലമെന്ററി സംവിധാനത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുവാനും സാധിച്ചു. അവരിലുള്ള സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുകയും ഭാവി ഇന്ത്യയുടെ നല്ല പൗരന്മാരായിത്തീരാൻ അവരെ പ്രാപ്തരാക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാനും സാധിച്ചു.

****

# *എന്നെ ഞാൻ ആക്കിയ കുടുംബശ്രീ*

എന്റെ പേര് ലിസമ്മ സ്കറിയ. രാമങ്കരി പഞ്ചായത്തിലെ ഒന്നാം വാർഡായ മണലാടിയിലെ താമസക്കാരിയാണ്. മങ്കൊമ്പിൽ നിന്നാണ് ഞാൻ വിവാഹിതയായി ഇവിടെ എത്തിയത്. ഗൾഫുകാരനായിരുന്നു ഭർത്താവ്. ആദ്യകാലങ്ങളിൽ വളരെ സന്തോഷകരമായിരുന്നു ജീവിതം എന്നാൽ പിന്നീട് അദ്ദേഹം ഗൾഫിലേയ്ക്ക് തിരികെ പോയില്ല. അതിനിടയിൽ രണ്ടുകുഞ്ഞുങ്ങളുമായി ജീവിതം വളരെ ദുസ്സഹമായി ഭർത്താവിന് കൃത്യമായി ജോലിയില്ലാത്തതിനാൽ ഞങ്ങൾ ശരിക്കും വിഷമിച്ചു. എന്റെ നാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സഹായം കൊണ്ട് ഞങ്ങൾ ഒരു വിധത്തിൽ കഴിഞ്ഞു.

ഈ സാഹചര്യത്തിലാണ് ഞാൻ കുടുംബശ്രീയെക്കുറിച്ച് അറിഞ്ഞത്. അതുവരെ ഒരു കാര്യത്തിനും പുറത്തോട്ടു വിടാതെ കൂട്ടിലടച്ച പക്ഷിയെപ്പോലെ വിങ്ങിപ്പൊട്ടി കഴിഞ്ഞ എനിക്ക് ആശ്വാസത്തിന്റെ കിരണങ്ങൾ കാട്ടി തന്നത് അന്നത്തെ എന്റെ വാർഡ് എ.ഡി.എസ് ആണ്. സാമ്പത്തിക ബുദ്ധിമുട്ടും സാമൂഹിക പ്രവർത്തനവാഞ്ചയും എന്നെ കുടുംബശ്രീയിലേയ്ക്ക് വരാൻ പ്രേരിപ്പിച്ച മുഖ്യഘടകമാണ്.

എന്റെ സമാനചിന്താഗതിക്കാരായ വനിതകളോടുകൂടി ഉത്സാഹപൂർവ്വം പ്രവർത്തിച്ച ഞാൻ അവരെ മനസ്സിലാക്കിയപ്പോൾ എനിക്ക് ഞാൻ അറിയാതെ തന്നെ ഒരു ഉൾവിളിയുണ്ടായി അങ്ങനെയാണ് ഞാൻ എന്റെ വാർഡിന്റെ എ.ഡി.എസ് ആകുന്നത് ആറ് അയൽക്കൂട്ടമായി എന്നെ ഏൽപ്പിച്ച എന്റെ വാർഡിൽ 11 അയൽക്കൂട്ടം ഉണ്ടാക്കുവാൻ എനിക്ക് സാധിച്ചു അന്ന് യാതൊരു പ്രതിഫലവും കിട്ടാതെ നടന്നു പ്രവർത്തിച്ചു. എ.ഡി.എസ് അതായത് ഇപ്പോഴത്തെ ചെയർപേഴ്സൺ ഉൾപ്പെടെയുള്ള ഞങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനമാണ് ഇന്ന് നല്ലരീതിയിൽ പടർന്ന് പന്തലിച്ചു നിൽക്കുന്ന നമ്മുടെ കുടുംബശ്രീ.

അന്നത്തെ ഞങ്ങളുടെ ഗ്രാമ സേവികയുടെ സേവനം ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. പുറത്തേക്കിരറങ്ങുവാനറിയാത്ത, ഒരു ബാങ്കിൽ പോയി

കാര്യങ്ങൾ സാധിക്കുവാനും അങ്ങേയറ്റം ഒരാളോട് കാര്യങ്ങൾ തന്റേടത്തോടുകൂടി സംസാരിക്കുവാൻ പോലും സാധിക്കാത്ത എനിക്ക് കുടുംബശ്രീയുടെ പ്രവർത്തനത്തിൽകൂടി അതെല്ലാം നേടിയെടുക്കുവാനും സാധിച്ചു. കുടുംബശ്രീയിൽ പ്രവർത്തിക്കുവാൻ ഇറങ്ങിയതിനു ശേഷം എന്തെങ്കിലും ചെറിയ തൊഴിൽ ചെയ്യണമെന്ന് എനിക്ക് തോന്നി. അങ്ങനെ അയൽക്കൂട്ടത്തിൽ നിന്നും ലോണും എന്റെ സഹോദരങ്ങളുടെ സഹായവും ഉപയോഗിച്ച് ഞാൻ പാൽ വാങ്ങി തൈര് ഉണ്ടാക്കി കടകളിലും വീടുകളിലും വിൽക്കുവാൻ തുടങ്ങി പിന്നീട് കുടുംബശ്രീ വഴി കല്യാണങ്ങൾ കടകൾ എന്നിവയുമായി ബന്ധപ്പെട്ട് തൈര് നൽകുവാൻ തുടങ്ങി.

ഞങ്ങളുടെ ചാർജ്ജ് ഓഫീസറായ ഗ്രാമസേവികബ്ലോക്ക് തലത്തിൽ പി.എം. ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ലോൺ തരപ്പെടുത്തി അതിലൂടെ ഞാൻ വളരെ നല്ലരീതിയിൽ കച്ചവടം നടത്താൻ തുടങ്ങി. കുടുംബശ്രീയിൽ നിന്നും എനിക്ക് വളരെയധികം സഹായം ലഭിച്ചു. അന്യായ പലിശയ്ക്ക് പണം വാങ്ങിയ എനിക്ക് കുടുംബശ്രീയുടെ അയൽക്കൂട്ടത്തിൽ നിന്നും 1 രൂപ പലിശയ്ക്ക് 6 –ാം മാസം വീതം ലോൺ നൽകി വീണ്ടും വീണ്ടും ലോൺ അടയ്ക്കുന്ന ക്രമത്തിൽ എടുത്ത് എന്റെ കുട്ടികളുടെയും കുടുംബത്തിന്റെയും കാര്യങ്ങൾ നല്ലരീതിയിൽ കൊണ്ടുപോകാൻ എനിക്ക് കഴിഞ്ഞു.

എന്റെ സഹോദരങ്ങൾ എന്റെ കാര്യത്തിന് തന്ന പണമല്ലാതെ എന്റെ ഭർത്താവിനോട് ഒന്നും തന്നെ എന്റെ ആവശ്യങ്ങൾക്ക് ചോദിക്കേണ്ടി വന്നിട്ടില്ല. ഈ സാഹചര്യത്തിൽ ലോൺകൃത്യമായി തിരിച്ചടയ്ക്കുന്നതു കണ്ടപ്പോൾ മാനേജർ എന്റെ കുട്ടികൾക്ക് പഠിക്കുവാൻ ലോൺ തന്നു. അങ്ങനെ എന്റെ ചെറിയ വരുമാനവും ലോണുമായി മകൾ പഠിച്ച് കുടുംബശ്രീയുടെ പ്രവർത്തനത്തിൽ അവർ വളരെയേറെ മുൻകൈയെടുത്തത് ഞാൻ വളരെ അഭിമാനത്തോടുകൂടിയും അതിലുപരി സന്തോഷത്തോടുകൂടിയും എടുത്തു പറയുകയാണ്. അങ്ങനെയിരിക്കെ കുടുംബശ്രീവഴി ഞങ്ങൾ 4 പേർ ചേർന്ന് ഒരു ഹോട്ടൽ ഇട്ടു. ഏകദേശം 4 വർഷക്കാലവും ആ ഹോട്ടൽ നല്ല രീതിയിൽ പ്രവർത്തിച്ചു. നല്ല മായം ചേരാത്ത ഭക്ഷണവും സ്നേഹമായ പെരുമാറ്റവും കൊണ്ട് മനുഷ്യഹൃദയങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനും കഴിഞ്ഞു അങ്ങനെയിരിക്കെ പഞ്ചായത്തിലെ ഓരോ അംഗത്തെയും പരിജയപ്പെട്ട എനിക്ക് എന്റെ കുടുംബശ്രീ പ്രസ്ഥനത്തിൽ നിന്ന് തന്നെ ഉയർന്നുവരുവാൻ ഒരു നല്ല അവസരം ലഭിച്ചു.

## മദ്യനിരോധനം

ലളിതമ്മ രാജപ്പൻ, സൗപർണ്ണിക കുടുംബശ്രീ, വാർഡ് 6

മുട്ടാർ ഗ്രാമപഞ്ചായത്തിൽ 6 –ാം വാർഡിൽ സൗപർണ്ണിക കുടുംബശ്രീയിൽ 2000 മുതൽ പ്രവർത്തിക്കാൻ തുടങ്ങി. ആദ്യം കുടുംബശ്രീ അംഗവും പിന്നീട് പ്രസിഡന്റും

ഇപ്പോൾ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. കൂടാതെ സി.ഡി.എസ് മെമ്പർ, ഇപ്പോൾ വൈസ്ചെയർപേഴ്സൺ എന്ന നിലയിലും പ്രവർത്തിച്ചു വരുന്നു. സ്വന്തമായി ബാങ്കിൽ പോകുന്നതിനും ചെക്കെഴുതി പൈസയെടുക്കുന്നതിനും മറ്റും കുടുംബശ്രീ പ്രവർത്തനം കൊണ്ട് എനിക്ക് സാധിച്ചു.

തൊഴിലുറപ്പിൽ കൂടി സ്വന്തമായി അക്കൗണ്ട് തുടങ്ങുന്നതിനും പൈസ സമ്പാദിക്കാനും സാധിക്കുന്നുണ്ട്. അതുപോലെ പല കാര്യങ്ങൾ മനസ്സിലാക്കാനും മറ്റുള്ളവരെ പറഞ്ഞ് മനസ്സിലാക്കാനും സാധിക്കുന്നുണ്ട്. അതിലുപരി എനിക്ക് എന്റെ വാർഡിൽ വലിയൊരു കാര്യം ചെയ്ത് സാധാരണക്കാരായ സ്ത്രീകളുടെ പ്രയാസം നീക്കുന്നതിന് കഴിഞ്ഞു. ഈ വാതിൽ പല വീടുകളിലും ചാരായം വാറ്റി കുടിൽ വ്യവസായമായി നടത്തി വരുന്നരണ്ടായിരുന്നു. ഒരു ദിവസം എന്റെ അയൽക്കൂട്ടത്തിലും കൃപ അയൽക്കൂട്ടത്തിലും ചാരായം വില്പന നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഇതു നിർത്തുന്നതിന് ഞങ്ങൾ സ്ത്രീകൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങാൻ തീരുമാനിച്ചു. ഞങ്ങൾ 15 പേർ ചേർന്ന് രാമങ്കരി പോലീസ് സ്റ്റേഷൻ, എക്സൈസ് ഓഫീസ്, എസ്.പി.ഓഫീസ് , കളക്ടർ എന്നിവർക്ക് പരാതി കൊടുക്കുവാൻ പോകുന്നതിന് മുൻപ് ഈ കച്ചവടം നടത്തുന്നവരോടും കുടിയ്ക്കാൻ പോകുന്നവരോടും ഞങ്ങൾ പരാതി കൊടുക്കുവാൻ പോകുകയാണെന്ന് അറിയിച്ചിരുന്നു. ഒരു വെള്ളപ്പൊക്ക സമയത്ത് ഓട്ടോ പിടിച്ച് ഞങ്ങൾ പോയി പരാതി കൊടുത്തു. ഓഫീസിൽ എല്ലാം ഞങ്ങളോട് വളരെ മര്യാദയായി ഉദ്യോഗസ്ഥന്മാർ പെരുമാറിയിരുന്നു.

പരാതിയിൽ 100 സ്ത്രീകൾ ഒപ്പിട്ടിരുന്നു. എന്നാൽ എക്സൈസുകാർ വന്ന് അന്വേഷിച്ചു. ഞങ്ങൾ സാധനം കിടക്കുന്ന സ്ഥലം കണ്ടു പിടിച്ച് വീണ്ടും അവരെ വിവരം അറിയിച്ചു. അവർ വന്ന് തിരക്കിയിട്ട് ഒന്നും കിട്ടിയില്ല. ഒരു വീട്ടിൽ ചാരായം വിറ്റത് കണ്ട് ഞങ്ങൾ വലിയ വെള്ളത്തിൽ നീന്തി കയറിചെന്ന് ആ വീട്ടിൽ നിന്ന് കുടിച്ച ആളെ കൊണ്ട് പോലീസിൽ വിളിക്കാം എന്നു പറഞ്ഞപ്പോൾ ഞങ്ങളെ അസഭ്യങ്ങൾ പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ ഞങ്ങൾ പിൻമാറിയില്ല.

ഞങ്ങൾ ഒരു പ്രതിഷേധ സമ്മേളനം നടത്തുവാൻ തീരുമാനിച്ചു. അതിനു വേണ്ടി ഞങ്ങളെ സഹായിക്കാൻ ഒരു മുക്കുടിയനും തയ്യാറായി വന്നു. കുട്ടനാട് വികസന സമിതി അച്ചനെ നേരിൽ ചെന്ന് കണ്ട് യോഗത്തിൽ വരുന്നതിന് ക്ഷണിച്ചു. അന്നത്തെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും ക്ഷണിച്ചുപ. കുടുംബശ്രീ അംഗങ്ങൾ പിരിച്ച് മൈക്ക്, പന്തൽ എല്ലാം സംഘടിപ്പിച്ചു. എന്നാൽ ഞങ്ങൾക്കു വേണ്ടി സംസാരിക്കാൻ അച്ചനും വന്നില്ല പ്രസിഡന്റും വൈസ് പ്രസിഡന്റും വന്നില്ല. അവരെയും ആരെങ്കിലും ഭീഷണിപ്പെടുത്തിയിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്നാൽ ഞാൻ പിന്മാറിയില്ല. എന്റെ സഹോദരിമാർ കുടിയന്മാരായ ഭർത്താക്കന്മാരുടെ തല്ലുകൊണ്ടും അരിവാങ്ങാൻ പൈസയില്ലാതെ കുഞ്ഞുങ്ങൾ പട്ടിണി കിടക്കുന്നതും പഠിക്കുന്ന കുഞ്ഞുങ്ങൾ സ്കൂളിൽ പോകാതെ നരകിക്കുന്നതും കാണുവാൻ ശക്തിയില്ല അതിനായി പോരാടാൻ തീരുമാനിച്ച് ആ സമ്മേളനത്തിൽ എനിക്ക് അറിയാവുന്ന ഭാഷയിൽ സംസാരിക്കുവാനും കഴിഞ്ഞു. പല പുരുഷന്മാരുടെയും അഭിനന്ദനം

കിട്ടി. എന്റെ ഭാഗ്യമെന്നു പറയട്ടെ 6 –ാം വാർഡിലെ കുടിൽ വ്യവസായമായിരുന്ന ചാരായ കച്ചവടം പാടെ നിലച്ചു. പല കുടുംബങ്ങളിലും 10 ശതമാനമെങ്കിലും ഈതു മൂലം സന്തോഷമുണ്ടായി. ഇതിന്റെയെല്ലാം അടിസ്ഥാനം എന്റെ കുടുംബശ്രീ മൂലമുള്ള വളർച്ചയാണ്. ഇത് എന്റെ വലിയ അനുഭവമാണ്.

### *ഒരു നീരൊഴുക്ക് പോലെ*

ചേർത്തല നഗരസഭ 26–ാം വാർഡിലെ അമല അയൽക്കൂട്ടത്തിലെ അംഗമാണ് ഞാൻ. 2003 ൽ ആണ് ഞാൻ അയൽക്കൂട്ട അംഗമായി പേര് രജിസ്റ്റർ ചെയ്തത്. അന്നു മുതൽ 2012 വരേയ്ക്കും അയൽക്കൂട്ടത്തിൽ നിന്ന് മാത്രമല്ല ഈ വാർഡിൽ നിന്നും നല്ല അനുഭവങ്ങളാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. അയൽക്കൂട്ട അംഗമെന്ന നിലയിലും എ.ഡി. എസ് പ്രസിഡന്റ് എന്ന നിലയിലും ഞാൻ പ്രവർത്തിക്കുന്നു. എല്ലാ അയൽക്കൂട്ട അംഗ ങ്ങളിൽ നിന്നും നല്ലൊരു ബന്ധമാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. അതുപോലെ തന്നെ തിരിച്ച് അവർക്കും ഞാൻ നൽകിക്കൊണ്ടിരിക്കുന്നു.

എന്റെ അയൽക്കൂട്ട അനുഭവങ്ങൾ നല്ലൊരു കൂട്ടായ്മയിലേയ്ക്കും സ്ത്രീ ശാക്തീകരണത്തിലേയ്ക്കും പ്രവേശിക്കുവാൻ സാധിച്ചു. കാരണം അടുക്കളയിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന സ്ത്രീകൾ ഇന്ന് പല മേഖലകളിലും പ്രവർത്തിക്കുവാൻ സന്നദ്ധരായിരിക്കുന്നു. ഓരോ ആഴ്അചയിലും ഓരോ അംഗങ്ങളുടെയും വീട്ടിൽ ഒത്തു ചേരുമ്പോൾ പറഞ്ഞറിയിക്കുവാൻ പറ്റാത്ത സന്തോഷമാണ്. കാരണം ആദ്യ കാലങ്ങ ളിൽ ഞങ്ങളുടെ അയൽക്കൂട്ടത്തിൽ 46 അംഗങ്ങൾ ഉണ്ടായിരുന്നു. എല്ലാവരും കൂടിയി രുന്ന് ഓരോ വിശേഷങ്ങൾ പറയുമ്പോൾ പ്രസിഡന്റും സെക്രട്ടറിയും പാസ്സ്ബുക്കിൽ വച്ചിരുന്ന തുക പതിച്ച് കൊടുത്തുവിടും ഇങ്ങനെ പതിച്ചു കൊടുക്കുന്ന ബുക്കുകൾ ആരും ശ്രദാധിക്കാതെ വന്നു. അത് വലിയ പ്രശ്നങ്ങളിലേയ്ക്ക് വരികയും അതുമൂലം അംഗങ്ങളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്തു. ഇത് പിന്നാട് മനസിലായതോടെ അയൽക്കൂട്ടം നല്ല രീതിയിൽ കൊണ്ടുപോകുവാൻ തീരുമാനിച്ചു.

ഇടക്കാലം കൊണ്ട് ഞങ്ങളുടെ അയൽക്കൂട്ടത്തിൽ വിള്ളലുകൾ സംഭവിച്ചു എങ്കിലും അത് വേണ്ട രീതിയിൽ കൈകാര്യം ചെയ്യുവാൻ എല്ലാവരും സഹകരിക്കു കയും പരസ്പരം ഒത്തൊരുമയോടെ മുന്നോട്ടു പോകുവാൻ തയ്യാറാവുകയും ചെയ്തു.

ഇപ്പോൾ എന്റെ അയൽക്കൂട്ടത്തിൽ 20 അംഗങ്ങളാണ് ഉള്ളത്. സെക്രട്ടറി സ്ഥാനം വഹിക്കുന്ന എന്നെ എല്ലാ രീതിയിലും എല്ലാവരും ബഹുമാനിക്കുകയും എന്റെ തീരുമാ നങ്ങലോട് സഹകരിക്കുകയും ചെയ്യുന്നത് വലിയ ഒരു അഭിമാനമായിട്ടാണ് എനിക്ക് തോന്നുന്നത്.

ഇന്ന് അയൽക്കൂട്ടം എന്ന് പറയുന്നത് അഭിമാനിക്കാവുന്ന ഒന്നാണ്. കാരണം സ്ത്രീ ശാക്തീകരണത്തിലൂടെ വീട്ടമമ്മമാർ വളർന്ന് പന്തലിച്ചിരിക്കുകയാണ്. ഒരു രൂപ വേണമെങ്കിൽ തന്റെ ഭർത്താവിന്റെ നേരെ കൈ നീട്ടിക്കൊണ്ടിരുന്നു. ഇന്ന് സ്വന്തമായി വരുമാനം ഉണ്ടാകുവാൻ സാധിക്കുന്നു. അതിലുപരി അയൽക്കൂട്ടത്തിൽ ഓരോ

അംഗവും നിക്ഷേപിച്ചിരിക്കുന്ന തുക 1 രൂപ പലിശയ്ക്ക് വാങ്ങി കുടുംബത്തിലെ കാര്യങ്ങൾക്കായി ചിലവഴിക്കാനും അതുപോലെ ചെറിയ തൊഴിലുകൾ ചെയ്ത് ചെറിയ വരുമാനം ഉണ്ടാക്കുവാനും സാധിച്ചു.

ഓരോ ആഴ്ചയിലും അയൽക്കൂട്ടത്തിൽ വന്നിരിക്കുമ്പോൾ ഓരോരുത്തരുടെയും സുഖദുഖങ്ങൾ അറിയുവാനും അവരുടെ ചുറ്റുപാടുകളെക്കുറിച്ച് മനസ്സിലാക്കുവാനും സാധിക്കുന്നു. എന്നാൽ കഴിയുന്ന അറിവുകൾ പറഞ്ഞുകൊടുക്കുകയും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യാൻ കഴിയുന്നത് എനിക്ക് വലിയൊരു അനുഗ്രഹമായിട്ടാണ് തോന്നുന്നത്. അതുമാത്രമല്ല മറ്റുള്ളവരുടെ സുഖദുഖങ്ങൾക്ക് മുന്നിൽ എന്റെ ജീവിതത്തിലെ സുഖദുഖങ്ങൾ ഒന്നുമല്ലെന്നുകൂടി മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചു.

വാർഡിലെ അയൽക്കൂട്ടങ്ങളുടെ എ.ഡി.എസ് പ്രസിഡന്റ് സ്ഥാനം ലഭിച്ചതോടെ വാർഡുമായി എനിക്കൊരു നല്ല ബന്ധം സ്ഥാപിക്കുവാനും വാർഡിൽ കൗൺസിലറോടൊപ്പം വാർഡുപ്രവർത്തനങ്ങളിൽ പങ്ക് ചേരുവാൻ സാധിച്ചതും വലിയൊരനുഭവമാണ്. അതിനാൽ വാർഡിലെ നിസ്സഹായകരായ കുടുംബാംഗങ്ങളെ കണ്ടെത്തുവാനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുവാനും അവരുടെ കുടുംബ സാഹചര്യങ്ങൾ വാർഡ് കൗൺസിലറെ ബോദ്ധ്യപ്പെടുത്തുവാനും സാധിക്കുന്നു.

ഓരോ മാസവും അയൽക്കൂട്ട സന്ദർശനത്തിനായി പോകുകയും ഓരോരുത്തരും നല്ലരീതിയിലും മോശമായ രീതിയിലും സംസാരിക്കുമ്പോൾ ചില കാര്യങ്ങൾക്ക് മറുപടി പറയുവാൻ സാധിക്കുന്നു. എന്നാൽ ചില കാര്യങ്ങൾക്ക് മറുപടി പറയാൻ സാധിക്കുന്നില്ല. എങ്കിലും അവ പറഞ്ഞറിയിക്കുമ്പോൾ നല്ലൊരനുഭൂതിയാണ് ലഭിക്കുന്നത്. മറ്റൊന്നുമല്ല കുടുംബശ്രീയിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഇങ്ങനെ പറയുവാൻ സാധിച്ചല്ലോ എന്ന് ഞാൻ അഭിമാനിക്കുന്നു.

അയൽക്കൂട്ടം ശക്തമായി മുന്നോട്ടു നയിക്കുന്നതിനായി വരാത്ത അംഗങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയും സംഘട്ടിൻെറ ലോൺ നൽകിയും അതിന്റെ പലിശയും കൂട്ടി നല്ലൊരു തുക ലാഭവിഹിതമായി വർഷത്തിൽ കൊടുക്കുമ്പോൾ എല്ലാവർക്കും ഒരു സഹായവും സന്തോഷവുമാണ് ലഭിക്കുന്നത്. കൂടാതെ ഞങ്ങളുടെ ലിങ്കേജ് ലോൺ വായ്പയിൽ നിന്ന് ലഭിക്കുന്ന മാച്ചിംങ്ങ് ഗ്രാന്റ് കിട്ടിയപ്പോൾ അതിലേറെ സന്തോഷമാണ് തോന്നിയത്. അങ്ങനെ ഓരോ കാര്യങ്ങൾ ചെയ്തുകോടുക്കുമ്പോഴും വലിയൊരനുഭൂതിയാണ് എനിക്ക് കിട്ടുന്നത്. അത്യാവശ്യസമയത്ത് പണത്തിന്റെ ആവശ്യമുണ്ടായാൽ വാങ്ങാൻ സാധിക്കുന്നത് നമ്മുടെ വീട്ടുമുറ്റത്തെ ബാങ്ക് എന്നറിയപ്പെടുന്ന അയൽക്കൂട്ടത്തിൽ നിന്നാണ്. എന്റെ ജീവിതത്തിൽ അയൽക്കൂട്ടമെന്ന സ്വപ്നം ഒരിക്കലും മറക്കുവാൻ സാധിക്കില്ല.

അമല അയൽക്കൂട്ട അംഗം
ലാലി കുര്യാക്കോസ്
അമല എൻ.എച്ച്.ജി

സി.എം.സി 26

***ഐശ്വര്യ കുടുംബശ്രീ***

പരിയാരത്ത് കുളങ്ങര 6 ാം വാർഡിൽ കഴിഞ്ഞ 11 വർഷകാലമായി പ്രവർത്തിച്ച് വരുന്ന ഐശ്വര്യ കുടുംബശ്രീയുടെ ഒരു മെമ്പറായി പിന്നീട് സെക്രട്ടറിയായും പ്രവർത്തിക്കുന്ന എനിക്ക് ഈ കാലഘട്ടങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ ഓർക്കുവാനും പങ്കുവെയ്ക്കുവാനും ഒരുപാട് സാധാരണ ജീവിതാനുഭവങ്ങൾ കാണാൻ കവിഞ്ഞിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനങ്ങളിലൂടെയാണ് സ്ത്രീകളിൽ ഒരു സംഘടിത ബോധം ഉണ്ടാക്കുകയും, സ്ത്രീ അടുക്കളയിൽ ഒതുങ്ങികഴിയേണ്ടവരല്ല എന്നും നമ്മുടെ സമൂഹത്തിന് വേണ്ടി പല കാര്യങ്ങലും ചെയ്യാൻ കഴിയും എന്ന ബോധം എനിക്കുണ്ടായത്.

എന്റെ വാർഡിലെ ഒരുപാട് സ്ത്രീകളുമായി ഇടപഴകുവാനും അവർക്കിടയിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുവാനും ഒരുപാട് നല്ല സൗഹൃദങ്ങളുണ്ടാക്കുവാനും എനിക്ക് കഴിഞ്ഞു. അതിനിടയിൽ ചിരിക്കുന്ന മുഖവുമായി എന്നോടു അടുത്തിരിക്കുന്നവരെയും മനസ്സു നിറയെ കുശുമ്പുമായി നടക്കുന്ന അപൂർവ്വം ചിലരെയും എനിക്ക് കാണുവാൻ കഴിഞ്ഞുട്ടുണ്ട്. ഒരുപാട് ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. സ്ത്രീ എന്ന നിലയിൽ സമ്പാദ്യശീലം വളർത്തിയെടുക്കുവാൻ കുടുംബശ്രീ പ്രവർത്തനത്തിലൂടെ എനിക്ക് കവിഞ്ഞിട്ടുണ്ട്.

നാട്ടിൻ പുറത്തുകാരിയായ എനിക്ക് എന്റെ ഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും അത് ഞങ്ങൾ സാധാരണക്കാർക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് അറിയുവാനും കഴിഞ്ഞത് കുടുംബശ്രീയുടെ പ്രവർത്തനങ്ങളിലുള്ള എന്റെ നേട്ടമായി ഞാൻ കരുതുന്നു.

ഒരു വീട്ടമ്മയായി എന്റെ വീടിന്റെ നാലുചുവരുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന ഞാൻ ഒരു വ്യക്തി എന്ന നിലയിൽ എന്നിലേയ്ക്ക് നോക്കുമ്പോൾ സ്വയം അഭിമാനിക്കുകയും, മറ്റുള്ളവരെ ബഹുമാനിക്കുകയും, മറ്റുള്ളവരാൽ ബഹുമാനിക്കപ്പെടുകയും സഭാകമ്പം മാറി മറ്റുള്ളവരോടൊപ്പം പ്രവർത്തിക്കുകയും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുവാനുള്ള മാനസിക പക്വത എന്നിൽ വളർത്തിയത് കുടുംബശ്രീ പ്രവർത്തനങ്ങളാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ട ഒരു കാര്യം ബാങ്ക് ഇടപാടുകളാണ്.

ബാങ്കിംങ്ങ് ഇടപാടുകളൊക്കെ സാധാരണക്കാർക്ക് അന്യമാണ് എന്ന് കരുതിയിരുന്ന എനിക്ക് കുടുംബശ്രീയിൽ പ്രവർത്തിച്ചതിനു ശേഷം ബാങ്കിംങ്ങ് ഇടപാടുകൾ എല്ലാം നല്ല രീതിയിൽ മനസിലാക്കുവാൻ കഴിഞ്ഞു.

മദ്യവും മയക്കുമരുന്നും സമൂഹത്തിന് ശാപമായ ഈ കാലഘട്ടത്തിൽ കുടുംബത്തിന് നാഥനാകേണ്ട പുരുഷൻ ഇതിനൊക്കെ അടിമയായി കുടുംബത്തെയും കുട്ടികളെയും മറക്കുമ്പോൾ പല കുടുംബങ്ങളിലും കുടുംബത്തിൻരെ ചുമതലകൾ നടത്തുനവാൻ തൊഴിലെടുത്ത് കുടുംബം പോറ്റുന്ന സ്ത്രീയുടെ ശക്തിയെ എനിക്ക് കാണുവാൻ കഴിഞ്ഞു.

ഷീജാ സുരേഷ്
സെക്രട്ടറി
ഐശ്വര്യ കുടുംബശ്രീ
വാർഡ് 6
പരിയാരത്തുകുളങ്ങര

***ഒരുമ***

ഞാൻ കുത്തിയതോട് പഞ്ചായത്തിൽ 7 ാം വാർഡിൽ താമസിക്കുന്ന സുവർണ എന്ന കുടുംബശ്രീ പ്രവർത്തകയാണ്. ഒരു ദിവസം എന്റെ ഭർത്താവ് ഉച്ചയ്ക്ക് ഊണു കഴിക്കുവാൻ വന്നപ്പോൾ എന്നോടു പറഞ്ഞു. എടി വാസന്തിചേച്ചിയുടെ വീട്ടിൽ കുറെ പെണ്ണുങ്ങൾ കൂടുന്നു. നിനക്കും അതിൽ ചേരാൻ പാടില്ലേ. അങ്ങനെ ആദ്യമായി ഒരു ഗ്രൂപ്പിൽ ചേരുകയും അതിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു. ഞങ്ങളുടെ ഗ്രൂപ്പിന്റെ പേര് ശ്രീ ദുർഗ്ഗ എന്നാണ് (2002 മാർച്ച് 17) ഈ ഗ്രൂപ്പിൽ ഞങ്ങൾ 15 പേരടങ്ങുന്നതായിരിന്നു. ഇന്നും ഈ ഗ്രൂപ്പ് നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. ചർച്ചകളും കാര്യങ്ങളും ഉണ്ടാകുമ്പോൾ വലിയബഹളമൊക്കെ ഉണ്ടാവും എങ്കിലും ചർച്ചകൾക്കൊടുവിൽ എല്ലാവരും കളിച്ചും ചിരിച്ചുമേ പിരിയാറുള്ളു.

ഇതിൽ വന്നതിനു ശേഷമുള്ള നേട്ടങ്ങൾ സമൂഹവുമായി നല്ലൊരു ബന്ധം ഉണ്ടായി എന്നതാണ്. ആദ്യം അയൽക്കൂട്ടം പ്രസിഡന്റായി എ.ഡി.എസ് അംഗമായി പിന്നീട് സി.ഡി.എസ് അംഗമായി ഇപ്പോൾ പ്രവർത്തിക്കുന്നത് കൂടാതെ ഞാനൊരു എം.എസ്.എസ് പ്രവർത്തകയും ഇപ്പോൾ അത് ആശ പ്രവർത്തകയുമായി. അങ്ങനെ എനിക്ക് 7-ാം വാർഡിലുള്ള എല്ലാ വീടുകളും അവിടെയുള്ള എല്ലാ ആളുകളുമായി നല്ലൊരു ബന്ധം സ്ഥാപിക്കുവാൻ സാധിച്ചു. അതുകൂടാതെ ഒരു രൂപ പോലും സമ്പാദ്യമായി സൊരുക്കൂട്ടാൻ അറിയില്ലായിരുന്നു. കുടുംബശ്രീയിൽ വന്നതിനു ശേഷം ബാങ്കുമായി ഒരു ബന്ധമുണ്ടായി. ഇന്നിപ്പോൾ എത്ര പണമാണെങ്കിലും ബാങ്കിൽ ഇടുവാനും എടുക്കുവാനും  ഉള്ള അറിവുണ്ടായി. ഇന്ന് ഞാൻ ഒരു ഹോ ഷോപ്പുകൂടി നടത്തുകയാണ്. അങ്ങനെ വളരെ വലുതാണ് എന്റെ നേട്ടങ്ങൾ എന്നു പറയാം.

ഇതിൽ നിന്നും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്നത് ഞങ്ങളുടെ ഗ്രൂപ്പിന്റെ ഷോപ്പർ നിർമാണത്തിന് ലോൺ തന്നു. അതിൽ നിന്നും അൻപതിനായിരം രൂപ എടുത്ത് അതിനാവശ്യമുള്ള സാധനങ്ങൾ വാങ്ങിച്ചു. പതിനെണ്ണായിരം ബാലൻസ് വന്നു. അത് ഞാൻ

അയൽക്കൂട്ടത്തിന്റെ ഷോപ്പറിലാക്കി അന്നത്തെ അയൽക്കൂട്ടം പിരിഞ്ഞ് വീട്ടിലേയ്ക്ക് പോന്നു. ജോലി തികക്കിനാൽ ഷോപ്പർ കൊണ്ടുവന്ന് അടുക്കളമുറിയിലാണ് വെച്ചത്. ജോലിത്തിരക്കിനിടയിൽ ഈ വിഷയം വിട്ടുപോയി രാത്ര കിടക്കാൻ നേരം ഷോപ്പർ അടുത്ത മുറിയിൽ വെച്ചു. പിറ്റേദിവസം രാവിലെ കടയിലെ ആവശ്യത്തിന് പേഴ്സ് നോക്കിയപ്പോൾ പേഴ്സില്ല. അപ്പോൾ തന്നെ എല്ലാ അംഗങ്ങളെയും അറിയിച്ചു. എല്ലാ വരും ആ സമയത്ത് എത്തുകയും എന്നെ ഒറ്റമനസ്സോടുകൂടി എനിക്ക് സപ്പോർട്ട് ചെയ്തു. എന്റെ ഭർത്താവിന്റെ വെളിച്ചപ്പാട് അനുഗ്രഹിക്കുംപോലുള്ള ഒരു ഭീഷണിപ്പെ ടുത്തൽ നാളെ നേരം വെളുക്കുമ്പോൾ പേഴ്സും പണവും ഈ കോമ്പൗണ്ടിൽ എത്തി ച്ചില്ലായെങ്കിൽ അത് എടുത്തവർ പോലും ഞെട്ടുന്നതായിരുന്നു ആ സ്വരം. എങ്ങനെയാ യലും പിറ്റേദിവസം വെളുപ്പിന് ഞാനെന്റെ വാതുക്കലിൽ ചെന്ന് നോക്കി അവിടെ കണ്ടില്ല. നിരാശയോടെ അടുക്കളയിൽ വന്ന് കഞ്ഞിക്കലം എടുത്ത് മെഴുക്കി പുറ ത്തേയ്ക്ക് കപ്പച്ചുവട്ടിലേയ്ക്ക് ഒഴിക്കുകയായിരുന്നു. അപ്പോൾ എനിക്ക് ഷോക്ക് അടി ക്കുന്നതുപോലെ എന്റെ പേഴ്സ് അവിടെ കിടക്കുന്നു. എന്റെ ശരാരം മൊത്തം തളർന്ന് ഞാനലർച്ചയോടെ അവിടെ വീണു. കാര്യമെന്തെന്ന് അറിയാതെ എഴുന്നേറ്റു വന്നു ചേട്ടൻ. ഞാനൊരു കണക്കിന് കൈയുയർത്തി പേഴ്സ് കാണിച്ചു കൊടുത്തു. അതിൽ 1500 രൂപ കുറവായിരുന്നു. എന്തായാലും അത് എടുത്തവരോട് എനിക്ക് ഒരു വിദ്വേ ഷവും തോന്നിയില്ല. എന്റെ പ്രാർത്ഥന എന്റെ പേഴ്സ് കിട്ടിയാൽ മതി എന്നായിരുന്നു. ഇന്നും അത് എടുത്തത് ആര് എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ഈ ഒരനുഭവം മാത്രമാണ് എനിക്ക് വിഷമം വരുത്തിയിട്ടുള്ളത്. ഇന്നും എന്റെ അയൽക്കൂട്ടാ ഗങ്ങൾ വളരെ വിശ്വാസത്തോടും സന്തോഷത്തോടും കൂടി എന്നെ സ്വീകരിക്കുന്നു.

എന്ന്

സുവർണ്ണ സുഭഗൻ

***അധ്വാനത്തിലൂടെ സമ്പാദ്യം***

വസുന്ധരാ ദേവി (എ.ഡി.എസ് അംഗം)

എന്റെ പഴയകാല അനുഭവങ്ങളെക്കുറിച്ച് ഞാൻ അല്പം ഓർത്തുപോയി ഏക ദേസം 30 വർഷങ്ങൾക്ക് മുമ്പ് ഗ്രാമപ്രദേശമായ എന്റെ വാർഡിൽ പേപ്പറില്ല, ടി വി ഇല്ല, കമ്പ്യൂട്ടറില്ല. നല്ലയൊരു പുസ്തകം പോലുമില്ല. പിന്നയോ വാർത്തകൾ പരത്തുന്നത് ഒരു ജോലിയുമില്ലാത്ത ഒരു കൂട്ടം സ്ത്രീകൾ.

പരസ്പരം കുറ്റങ്ങബൾ കണ്ടുപിടിക്കാനും മറ്റുള്ളവരെ തരം താഴ്ത്താനുമായി രുന്നു അവരുടെ പ്രവണത. പക്ഷേ ഇപ്പോൾ എത്ര വ്യത്യാസം ഉണ്ടായി കുടുംബശ്രീ, സ്വയംസഹായസംഘം മുതലായ സംഘടനകൾ വന്നതോടുകൂടി സ്ത്രീയുടെ അജ്ഞത മാറി. വെറുതെയിരിക്കുന്ന സമയത്ത് എന്തെങ്കിലും ജോലി ചെയ്ത് പത്തു പൈസ സമ്പാദിക്കണമെന്ന് അത് കരുതി വെയ്ക്കണമെന്നും തോന്നി. ഈ സംഘടനകൾ അവരെ അതിന് പര്യാപ്തരാക്കി. ആഴ്ചയിൽ ഒരു ദിവസം എല്ലാവരും കൂട്ടംകൂട്ടമായി

രുന്ന് കണക്കുകൾ കൂട്ടാനും കുടുംബപ്രശ്നങ്ങൾ ചർച്ചചെയ്യാനും ഒരു ചെറിയ തുക സമ്പാദ്യമായി നിക്ഷേപിക്കാനും ബുദ്ധിമുട്ട് നേരിടുമ്പോൾ അയൽ വീടുകളിൽ നടന്നു ചോദിക്കാതെ നിക്ഷപ തുകയിൽ നിന്നും അല്പം കടമെടുക്കാനും അത് പലനാളായി അടച്ചു തീർക്കാനും ഒരവസരം ലഭിച്ചു.

ആദ്യമാദ്യം പുരുഷന്മാർ ചിലവിനു കൊടുക്കുന്ന പൈസലയിൽ നിന്ന് അവർ അറിയാതെ അരംശം മാറ്റിവെച്ചിരുന്നാണ് സമ്പാദിച്ചിരുന്നത്. പിന്നീട് അത് ശരിയല്ലാ എന്നും സ്വയം അധ്വാനിച്ച് സമ്പാദിക്കുന്നതാണ് അഭിമാനകരമെന്നും മനസ്സിലാക്കി. അങ്ങനെ ചെറിയ സംരഭങ്ങൾ തുടങ്ങി ഒറ്റയ്ക്ക് ഹോലി ചെയ്യുമ്പോൾ മടുപ്പ് തോന്നും അതിന് കൂട്ടായ്മയായി ജോലി ചെയ്താൽ കൂടുതൽ ആദായകരവും വിനോദപ്രദവുമായിരിക്കും. ജില്ലാ കുടുംബശ്രീ മിഷൻ വേണ്ട പ്രോത്സാഹനം കൂടി നൽകിയപ്പോൾ സ്ത്രീകൾക്ക് ഉത്സാഹമായി ഓരോരുത്തരായി ചെയ്യുന്ന ചെറിയ തൊഴിലുകളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് തൊഴിൽ ഗ്രൂപ്പുകൾ രൂപപ്പെട്ടു. അങ്ങനെ കൂട്ടായ്മ ഉണ്ടെങ്കിൽ തങ്ങൾക്ക് എന്ത് ജോലിയും ഏറ്റെടുക്കാമെന്ന് അവർ മനസ്സിലാക്കി.

ജനങ്ങളുടെ ഇടുങ്ങിയ മനസ്ഥിതി മാറി വിശാലമായി ചിന്തിക്കാൻ തുടങ്ങിയ തോടുകൂടി മറ്റുള്ളവരുടെ ദുഖത്തിൽ പങ്കാളികളാവാനും പരസ്പരം സഹായം ചെയ്യാനും ഉത്സുകരായി. പഞ്ചായത്താഫീസ്,വില്ലേജാഫീസ്, ബ്ലോക്ക് ഓഫീസ് എന്നി വിടങ്ങളിൽ സ്വന്തം ആവശ്യങ്ങൾക്ക് പോകാനും അവകാശങ്ങൾ നേടിയെടുക്കാനും ഒരവസരം ലഭിച്ചു. ഒരു ഗ്രൂപ്പിന്റെ പ്രസിഡന്റോ സെക്രട്ടറിയോ ആകുമ്പോൾ പല ഗൃഹങ്ങളിൽ നിന്ന് എത്തുന്ന ഒരു കൂട്ടം ആളുകളുടെ നേതൃത്വം ഏറ്റെടുക്കാനും അവരെ നല്ല വഴിയിലേക്ക് നയിക്കുവാനും പോരായ്മയെ പറഞ്ഞ് മനസ്സിലാക്കാനും സാധിക്കുന്നു.

ഒരു വാർഡിൻരെ നേതൃത്വം വഹിക്കുന്നവരാണല്ലോ എ.ഡി.എസ്. പല ഗ്രൂപ്പുകൾ ചേരുമ്പോൾ ഏകദേശം അഞ്ഞൂറ് കുടുബങ്ങലെങ്കിലും ഒരു വാർഡിൽ ഉണ്ടാകും. ഒരു വാർഡിവ്റെ മുഴുവൻ സുഖദുഖങ്ങൾ അറിയുവാനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സി.ഡി.എസ് ന്റെ ശ്രദ്ധയിൽ പെടുത്തുകയാണല്ലോ എ.ഡി.എസ് ചെയർ പേഴ്സന്റെ ചുമതല ഇങ്ങനെയെല്ലാം ഉള്ള ചുമതല വഹിക്കുനവാനുള്ള ഒരവസരവും ഭാഗ്യവും ലഭിച്ചു എന്നുള്ളത് എന്റെ ഒരനുഭവമാണ്.

പിന്നീട് സി.ഡി.എസ് തലത്തിലും എന്നെ സ്നേഹിക്കുന്ന എന്റെ സഹപ്രവർത്തകർ എന്നെ തിരഞ്ഞെടുത്തുവിട്ടു. തെക്കേക്കര പഞ്ചായത്തിൽ കുടുംബശ്രീ ആരംഭിച്ചപ്പോൾ മുതൽ ഈ സ്ഥനങ്ങളെല്ലാം എന്നിൽ നിഷിപ്തമാണ്. സ്കൂൾ പഠനം കഴിഞ്ഞതിനു ശേഷം ഭർത്താവ്, കുട്ടികൾ ഗൃഹജോലി ഇങ്ങനെ ഒതുങ്ങികൂടി. കുടുംബശ്രീ പരിശീലനങ്ങൾ മീറ്റിംങ്ങുകൾ എന്നിവയിൽ പങ്കാളിയാവാൻ സാധിച്ചതുകൊണ്ട് പുതിയ പുതിയ അറിവുകൾ നേടാൻ കവിഞ്ഞു. അതോടൊപ്പം തന്നെ തൊഴിലുറപ്പ് പദ്ധതിയുടെ മേറ്റായി പ്രവർത്തിക്കാൻ സാധിച്ചു. ആദ്യമാദ്യം അവജ്ഞയോടെ നോക്കി ക്കണ്ടവർ തൊഴിലുറപ്പ് ടീമിന് മനപൂർവ്വം ക്ഷണിക്കാൻ തുടങ്ങി.

***

# ചന്ദ്രൻ അസ്തമിച്ചപ്പോൾ

ഞാൻ അന്ന് അല്പം നേരത്തേ ക്ലാസ്സ് എടുക്കുന്നതിന് സ്കൂളിൽ വന്നു. എന്നും താമസിച്ചാണ് ഞാൻ ക്ലാസ്സിൽ വന്നിരുന്നത്. എന്നാൽ അന്ന് എനിക്ക് സ്കൂളിൽ നേരത്തെ എത്തേണ്ടതായി വന്നു. സ്കൂൾ വരാന്തയിൽ ഒരാൾ കിടക്കുന്നു. എനിയ്ക്ക് ദേഷ്യം വന്നു ഞാൻ അയാളെ വിളിച്ചു ഒന്ന് എഴുന്നേറ്റേ ഇത് സ്കൂളാണ്, ഇവിടെ നിങ്ങൾക്ക് കിടക്കാനുള്ളതല്ല, അയാൾ ഞരങ്ങുകയും മൂളുകയും ചെയ്തിക്കൊണ്ടിരുന്നു. ഞാൻ പിന്നെയും ദേഷ്യപ്പെട്ടു.

'നിങ്ങളോടല്ലേ ഇവിടുന്നുപോകാൻ ' അയാൾ എന്നെ നോക്കി ദയനീയമായി കൈകൂപ്പി എന്നെ എന്നെ ഇവിടുന്ന് ഓടിക്കല്ലേ ഞാൻ എന്തെങ്കിലും ഒക്കെ പണിചെയ്ത് ഇവിടെ ഈ വരാന്തയിൽ കഴിഞ്ഞുകൊള്ളാം അയാൾ കരഞ്ഞു.

ടീച്ചറെ എനിക്കറിയാം ടീച്ചർ എന്നെ സഹായിക്കണം.

എന്റെ മുഖത്ത് ദീനഭാവം

ങ ഇപ്പോൾ പോകു ക്ലാസ്സ് നടക്കട്ടെ നമുക്ക് പിന്നെ കാണാം അയാൾ നടന്നു മറയുന്നത് ഞാൻ വേദനയോടെ നോക്കി നിന്നു. ആ മനുഷ്യനെപ്പറ്റി ഞാൻ അന്വേഷിച്ചു അയാൾക്ക് വീടോ ഭൂമിയോ ഒന്നും തന്നെയില്ല ആരും അഷഅടിക്കാനില്ല അയാളെ എങ്ങനെ സഹായിക്കണം ഞാൻ ആലോചിച്ചു. ചന്ദ്രനെ ഞാൻ പിന്നിട് ഒരു ദിവസം സ്കൂളിൽ വിളിപ്പിച്ചു ചന്ദ്രൻ വിഷമിക്കരുത് ഞങ്ങൾ ചന്ദ്രന് താമസസ്ഥലം ഒരുക്കിത്തരാം അങ്ങനെ ചന്ദ്രൻ പരിസരവാസികൾക്കും, നാട്ടുകാർക്കും ഒരു സഹായിയായി. കുടുംബശ്രീ പ്രവർത്തകർ നടത്തുന്ന ഒരു സർവ്വേയിൽ ഞാൻ അവനെ ഉൾപ്പെടുത്തി ഒന്നും ഇല്ലാത്തവൻ അഡ്രസ്സോ, തിരിച്ചറിയൽ കാർഡോ, റേഷൻകാർഡോ ഒന്നും ഇല്ലാത്തവർ അങ്ങനെ ചന്ദ്രൻ പഞ്ചായത്തിന്റെ കുടുംബശ്രീയുടെ ഭാവമാകുകയായിരുന്നു.

ചന്ദ്രൻ കിട്ടുന്ന ജോലികൾ എല്ലാം ചെയ്യും. കുടുംബശ്രീ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ചന്ദ്രന് താമസം ഒരുക്കികൊടുത്തു. വീട്, വസ്തു, കിണർ, കക്കൂസ്, വസ്ത്രം, ഭക്ഷണം എല്ലാം ഇവിടെ ചന്ദ്രന്റെ കഥ തുടരുകയാണ്. ചന്ദ്രൻ ആരോഗ്യവാനായി, വീട്ടുടമസ്ഥനായി അതാ ചന്ദ്രൻ വാണ്ടും എന്റെ അടുത്തെത്തി.

ടീച്ചർ എന്നെ സഹായിക്കണം ഞാൻ കൗതുകത്തോടെ അവനെ നോക്കി ചന്ദ്രൻ ഒന്നു മിനുങ്ങിയിരിക്കുന്നു. ഇവന് ഇനിയും എന്താണ് ആവശ്യം. അവൻ മടിച്ച്മടിച്ച് എന്നോട് ആവശ്യപ്പെട്ടു ടീച്ചർ എന്റെ ദൈവമാണ്. എനിക്ക് ഒരു പെണ്ണിനെ ഇഷ്ടമാണ്. വിവാഹം നടത്തിതരണം.

എന്റെ നേതൃത്വത്തിൽ കുടുംബശ്രീയുടെ സഹായത്തോടെ ചന്ദ്രന്റെ വിവാഹം നടന്നു. അവർ കുടുംബമായി ഞാൻ അവസാനം കണ്ടു.

ഒ! അവൻ രക്ഷപെട്ടു വർഷം കടന്നു പോയി. ചന്ദ്രന് ഒരു കുഞ്ഞു ജനിച്ചു. കുടുംബശ്രീ പ്രവർത്തകർക്ക് ആഹ്ലാദമായി സപ്രത്യേകിച്ചും ഞാൻ. കുഞ്ഞിന് ഒരു വയസ്സായി. കുഞ്ഞിന്റെ പിറന്നാൾ ആഘോഷിക്കണം. ചന്ദ്രൻ കുഞ്ഞിനെയും എടുത്ത് പിറന്നാൾ സമ്മാനം വാങ്ങാൻ പോയി. റോഡ് സൈഡ് ചേർന്ന് അച്ഛനും മകനും കിന്നാരം പറഞ്ഞ് നടന്നു. അതാ ഔചത്യമില്ലാതെ ഒരു കാലൻ ഒരു വാഹനത്തിന്റെ രൂപത്തിൽ ചന്ദ്രനെ ഇടിച്ചു തെറിപ്പിച്ചു. ഇടിയുടെ ആഘാതത്തിൽ ചന്ദ്രന്റെ കൈയിൽ ഇരുന്ന കുഞ്ഞ് ദൂരെ തെറിച്ചു വീണു. പിന്നിൽ നിന്ന് പാഞ്ഞുവന്ന പാണ്ടി ലോറിക്കടിയിൽ പെട്ട് ചന്ദ്രൻ ചതഞ്ഞരഞ്ഞു. എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ അടർന്നു വീണു. ഹ! കഷ്ടം. പോയി! ഇന്ന് ചന്ദ്രന്റെ സ്ഥാനത്ത് ആ കുഞ്ഞിന്റെ ചുമതല ഞാൻ ഏറ്റെടുത്ത് നടത്തുന്നു. സംതൃപ്തിയോടെ കുടുംബശ്രീയുടെ കരുത്തോടെ.

ചന്ദ്രൻ ഒരു ദു:ഖമായി എന്റെ മനസ്സിൽ അവശേഷിക്കുന്നു.

കെ.എൽ.പ്രസന്നകുമാരി
പ്രസിഡന്റ്, പത്തിയൂർ ഗ്രാമപഞ്ചായത്ത്.

പെൺകരുത്ത്

സമയം രാത്രി 10.30 മങ്ങിയ വെളിച്ചം കിഴക്ക് കണ്ണ് കാണാത്ത ദൂരത്തോളം പുഞ്ചപ്പാടം ഇരുട്ടിൽ അങ്ങിങ്ങ് കത്തുന്ന മങ്ങിയ വെളിച്ചം പുഞ്ചപാടത്തു നിന്നും ചീവീടിന്റെ ചെവി തുളയ്ക്കുന്ന ശബ്ദം. പടിഞ്ഞാറ് നിന്നും ചീറിപ്പാഞ്ഞ് വരുന്ന ബൈക്കുകൾ, ഇരുട്ടിനെ വകഞ്ഞ് മാറ്റ ബൈക്കിന്റെ പ്രകാശം ബൈക്ക് പെട്ടെന്ന് സഡൻ ബ്രേക്കിട്ടു നിന്നു. കാരണം വഴിതടഞ്ഞു അതാ ഒരു കൂട്ടം സ്ത്രീകൾ കയ്യിൽ കുറുവടി, അരിവാളുകൾ, കറിക്കത്തികൾ ബൈക്കുകാർ ഭയന്നു വിറച്ചു. ബൈക്കിന്റെ പിറകിൽ നിന്ന് അപ്പോൾ കേട്ടു.

എടാ ഓടിക്കോ രക്ഷയില്ല ബൈക്ക് അതിവേഗം തിരിച്ചുപോയി ഇത് ഒരു കഥയല്ല നാടകീയമായ ഒരു സംഭവമാണ്. വളരെ പേരു കേട്ട പ്രസിദ്ധിയുടെ പുകൾപെട്ട ഞങ്ങളുടെ കൊച്ചു ഗ്രാമത്തിൽ നടന്ന സംഭവം. പുരാണങ്ങളിൽ പോലും സ്ഥാനം ലഭിച്ചിട്ടുള്ള ഖാണ്ഡവവനം ദഹിച്ചുണ്ടായത് എന്നറിയപ്പെടുന്ന ഗ്രാമം. എന്നാൽ ഇന്ന് കള്ളച്ചാരാത്തിന് കുപ്രസിദ്ധി േടിയ പത്തിയൂർ കരിപ്പുഴ ഉള്ളിട്ട പുഞ്ചയിൽ കള്ളുവാറ്റുന്നവർ, കച്ചവടം ചെയ്യുന്നവരെ പിടികൂടാൻ ഒരു കൂട്ടം സ്ത്രീകൾ നടത്തിയ സമരത്തിന്റെ കഥയാണ്.

ഒരു രാത്ര ഏകദേശം 22 വയസ്സുള്ള ഒരു പെൺകുട്ടി എന്റെ വീട്ടിൽ കരഞ്ഞുകൊണ്ട് കയറിവന്നു.

'എന്താമോളേ' എന്തുപറ്റി ചേച്ചീ! എന്നേ രക്ഷിക്കണം എന്റെ വീടിന്റെ പരിസരത്ത് ഒരു കൂട്ടം ജനങ്ങൾ മദ്യപിക്കുന്നു അവർ എന്റെ വീടിന്റെ കതകിന് മുട്ടുന്നു എനിക്ക് അവിടെ ജീവിക്കാൻ കഴിയില്ല.

ശരി കുഞ്ഞെ നീ ഇന്ന് രാത്രി വീട്ടിൽ പോയി സുഖമായി ഉറങ്ങ്. അവളെ സമാധാനിപ്പിച്ചു പറഞ്ഞയച്ചു.
പിറ്റേദിവസം ഞങ്ങൾ ഒത്തുകൂടി ആലോചിച്ച് ഇതിന് എന്താണ് ഒരു പോംവഴി. വാറ്റും ചാരായ വിൽപനയും നിർത്താൻ പല പരിപാടികളും ആവിഷ്കരിച്ചു. അതിൽ ഏറ്റവും നല്ല തീരുമാനമായത് കുടിക്കാൻ വരുന്നവരെ പിൻതിരിപ്പിക്കുകയെന്നതായിരുന്നു.

ഞങ്ങൾ ആ പ്രദേശത്തെ മുഴുവൻ സ്ത്രീകളെയും സംഘടിപ്പിച്ചു കക്ഷി രാഷ്ട്രീയ ഭേദമന്യേ ജാതി മതങ്ങൾക്ക് അതീതമായി കുടുംബശ്രീയുടെ കീഴിൽ ഞങ്ങൾ സംഘടിപ്പിച്ചു. ഞങ്ങളുടെ സമരം രാത്രിയിലായിരുന്നു. മദ്യപാനികൾ കൂട്ടത്തോടെ എത്തുന്ന വഴിയിൽ ഇരുട്ടത്ത് ഞങ്ങൾ പതിയിരുന്നു. അപ്പോൾ ഞങ്ങൾക്ക് ഭയം ഇല്ലായിരുന്നു. ഒരു പോലീസിന്റെയും സഹായം ഇല്ലായിരുന്നു. നല്ലവരായ നാട്ടുകാർ ഞങ്ങളെ അകമഴിഞ്ഞു പ്രോത്സാഹിപ്പിച്ചു. നീണ്ട പത്ത് ദിവസം രാത്രിയിൽ കള്ളചാരായവുമായി എത്തുന്നവർ വരാതെയായി. സമീപത്തായി വാറ്റുചാരായ വില്പന നടത്തിയിരുന്ന വീട്ടിലേയും മദ്യപിക്കാൻ ആളുകൾ എത്താതെയായി. കുടിക്കാൻ വരുന്നവർ സ്ത്രീകളുടെ മുമ്പിൽ പിടിച്ചുനിൽക്കാനാവാതെ പിൻവാങ്ങി. വില്പന നടക്കാതെ കച്ചവടം അവസാനിച്ചു. അവസാനം ചാരായം വാറ്റിയ വ്യക്തി തന്നെ ആ തൊഴിൽ ഉപേക്ഷിക്കുന്നു എന്ന് ഞങ്ങൾക്ക് വാക്ക് തന്നു. ഇന്ന് അദ്ദേഹം സാമാന്യം നല്ല ഒരു തടിക്കച്ചവടക്കാരനാണ്. മാന്യമായി സമൂഹത്തിൽ ജീവിക്കുന്നു. ഞങ്ങൾക്ക് ധൈര്യം തന്ന കുടുംബശ്രീ അനീതിക്കെതിരെ പോരാടാൻ ഞങ്ങളെ പഠിപ്പിച്ചു. ഒരു നാടിനെ ശാപത്തിൽ നിന്നു മുക്തമാക്കാനും.

ശ്രീകൃഷ്ണ കുടുംബശ്രീ

ഞാൻ അഹല്യ
ചെന്നത്തല നവധാര കുടുബശ്രീ

2002 –03 കാലഘട്ടങ്ങളിലാണ് ഞങ്ങളുടെ നാട്ടിൽ കുടുംബശ്രീ യൂണിറ്റ് ആരംഭിക്കുന്നത്. ആദ്യമായി വാഴക്കൂട്ടം കടവിവ് സമീപം കുറച്ച് വനിതകളെക്കൂട്ടി കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി പൊതുയോഗം വിളിച്ചുകൂട്ടി പൊതുയോഗത്തിൽ 21 വനിതകൾ പങ്കെടുത്തു. ആ യോഗത്തിൽ വച്ച് തന്നെ തെരഞ്ഞെടുപ്പ് നടത്തി. അന്നത്തെ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ ആണ് യോഗം ആരംഭിച്ചത്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിനെക്കുറിച്ചും മെമ്പർ നല്ലരീതിയിൽ ക്ലാസ്സ് എടുത്തു. കൂടാതെ ഇപ്പോൾ ഞങ്ങൾക്ക് എന്തു സംസയം ഉണ്ടായാലും വിളിച്ചാൽ യാതൊരു മടിയും കൂടാതെ ഞങ്ങളുടെ യോഗത്തിൽ പൊന്നമ്മ മെമ്പർ വരുമായിരുന്നു. യോഗത്തിൽ പ്രസിഡന്റായി ജഗദമ്മ പുരുഷോത്തമനെയും സെക്രട്ടറിയായി രമണി ശശിധരനെയും മറ്റ് മൂന്ന് വാളണ്ടിയേഴ്സായി രജനി അശോകനെയും, സുജാത കൃഷ്ണനെയും, മണിയമ്മ രാഘവനെയും തെരഞ്ഞെടുത്തു.

എന്നാൽ എന്റെ അവസ്ഥ പരിതാപകരമായിരുന്നു. നിത്യവും മദ്യപിച്ച് വവീട്ടിലെത്തുന്ന ഭർത്താവ്, വീട്ടിൽ നിത്യം കലഹം  എന്നാൽ ഞാൻ പിന്മാറിയില്ല. ഞാൻ അദ്ദേഹത്തെ കൂടുതൽ സ്നേഹിച്ചു. സ്നോഹത്തോട് അദ്ദേഹത്തെ ഉപദേശിച്ചു. കാലക്രമേണ പാമ്പ് പത്തി താഴ്ത്തും പോലെ അദ്ദേഹം സ്വയം താഴാൻ തുടങ്ങി. ഇപ്പോൾ ആവശ്യത്തിൽ കൂടുതൽ എന്നോടോ മക്കളോടോ, അയൽക്കാരോടോ ഒന്നും പറയാറില്ല. തന്നെയുമല്ല മറ്റുള്ളവരെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും തുടങ്ങി. ഇത് കുടുംബശ്രീയിൽ ചേർന്നതിനു ശേഷം എനിക്കുണ്ടായ പ്രധാന അനുഭവമാണ്. ഞങ്ങൾ കുടുംബശ്രീ രൂപീകരിച്ചതിനു ശേഷം ഞങ്ങളുടെ കുടുംബശ്രീയുടെ പേര് പറഞ്ഞില്ലല്ലോ? നവധാര എന്നാണ് ഞങ്ങളുടെ കുടുംബശ്രീയുടെ പേര്. ഞങ്ങളുടെ കുടുംബശ്രീയുടെ പേരിൽ സന്തോഷ് ക്ലബ്ബ് ജലോത്സവത്തിന് ഒരു ട്രോഫി നൽകുകയുണ്ടായി. അന്നത്തെ മാവേലിക്കര എം.പി.രമേശ് ചെന്നിത്തല ഞങ്ങളുടെ ട്രോഫി ഏറ്റുവാങ്ങി. അതിനുശേഷം എനിക്ക് മറക്കുവാൻ പറ്റാത്ത ഒരനുഭവം ഉണ്ടായി. ചെന്നിത്തലയുടെ തന്നെ ഉത്സവമാണ് മുമ്പ് പറഞ്ഞ ജലോത്സവം. 2003 ൽ നടന്ന ജലോത്സവത്തിൽ പങ്കെടുക്കുന്നതിനായി വിശിഷ്ടാതിഥിയായി എത്തുന്നത് പ്രശസ്ത സിനിമാ താരങ്ങളായ കാവേരിയും ഗിന്നസ് പക്രുവും. ഇവരെ സ്വീകരിക്കുന്നതിന് അന്നത്തെ കുടുംബശ്രീ സെക്രട്ടറിയായിരുന്ന എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ആയിരക്കണക്കിന് ജനങ്ങൾ വരുന്ന ഒരുത്സവത്തിന് ആ ക്ലബ്ബിന്റെ ബാഡ്ജ് കുത്തി വിശിഷ്ടാതിഥിയെ സ്വീകരിച്ച രംഗം ഇന്നും മറക്കാൻ പറ്റാത്ത ഒരനുഭവം തന്നെയാണ്. അതുവരെ ഭൂമിയിൽ ഞാനും ജനിച്ചു ജീവിച്ചു എന്നല്ലാതെ ഒരു നേട്ടവും കൈവരിക്കാത്ത ഞാൻ കുടുംബശ്രീ രൂപീകരിച്ച അതിൽ ഇങ്ങനെ ഒരു സ്ഥാനം കിട്ടി. സമൂഹത്തിൽ പ്രധാന പരിപാടികൾ നടക്കുമ്പോൾ അതിലും ഒരു പങ്കാളിയാകുവാൻ സാധിക്കുന്നത് തീർകത്തും അഭിമാനകരമാണ്. ഓരോ വർഷവും ക്ഷമയോടുകൂടി കുടുംബശ്രീയിൽ പ്രവർത്തിച്ചതിന്റെ പലമായി എ.ഡി.എസ് പ്രസിഡന്റായി അതിലുപരി സി.ഡി.എസ് അംഗവുമായി. ഇനിയും ഈ വാർഡിൽ ബാലസഭ രൂപീകരിക്കാനും നമ്മുടെ നാട്ടിലെ അനീതി അക്രമം എന്നിവ തെറുക്കുന്നതിന് നമ്മുടെ കുടുംബശ്രീ പ്രവർത്തകരും ബാലസഭ കുട്ടികളും മുന്നോട്ടു വരേണ്ടിയിരിക്കുന്നു. എ.ഡി.എസ് പ്രസിഡന്റായതിനു ശേഷം ആടൂരിൽ നടന്ന രണ്ട് ദിവസത്തെ ക്ലാസ്സിലും തുരുവല്ല ബോധനയിൽ നടന്ന നാല് ദിവസത്തെ ക്ലാസ്സിനും പങ്കെടുക്കുവാനും സാധിച്ചു.

ബഹു.ചെയർ പേഴ്സനോടൊപ്പം നാല് ദിവസം പങ്കിടാൻ പറ്റിയ അനുഭവം ജീവിത കാലം മുഴുവൻ ഓർത്ത് വെയ്ക്കാൻ പറ്റിയ അനുഭവമാണ്. നല്ല കുറെ സി.ഡി.എസ് മെമ്പർമാരെ കിട്ടിയതും സി.ഡി.എസിലേക്ക് വന്ന നല്ല അനുഭവം തന്നെ. കൂടാതെ പുരുഷൻമാർ പോലും ചെയ്യുവാൻ ഭയപ്പെടുന്ന ഒരു ജോലിയും സ്ത്രീയായ ഞാൻ ചെയ്യുന്നുണ്ട്. ജോലിയെന്തെന്നല്ലേ? പറയാം പാടത്ത് അകത്തോട്ടും പുറത്തോട്ടുമുള്ള മോട്ടോർ പമ്പ് പ്രവർത്തിപ്പിക്കുന്നത് ഞാനാണ്. കഴിഞ്ഞ 6,7 വർഷക്കാലമായി ഞാനാണ് മോട്ടോർ അടിക്കുന്നത്. അതിനു വേണ്ട് പ്രോത്സാഹനം തരുന്നതാകട്ടെ എന്റെ ഭർത്താവും. ഈ മോട്ടോർ അടിക്കുന്നതിന് വേണ്ടി രാപകൽ

കഷ്ടപ്പെടണം അത്ര പെട്ടെന്ന് ചെയ്യുവാൻ പറ്റുന്ന ഒരു പണിയല്ലിത്. ഈ ജോലിയും തൊഴിലുറപ്പു പദ്ധതിയിലുള്ള വരമ്പ് കുത്ത്, ചിറ പിടിക്കുന്ന പണി അങ്ങനെ പുരുഷന്മാരുടെ കുത്തകയായിരുന്ന പണികളായിരുന്നു ഈ പണി. സസന്തോഷം ഈ ജോലികൾ ഞാനും ചെയ്യുന്നു എന്നത് അഭിമാനകരമായി തോന്നുന്നു. മാന്യമായി ജോലി ചെയ്ത് ജീവിക്കുന്നതിന് മറ്റുള്ളവർക്ക് മാതൃകയാകാനും കഴിഞ്ഞതിൽ അഭിമാനിക്കുന്നു.

എന്ന് സ്നേഹപൂർവ്വം
രമണി ശശിധരൻ
എ.ഡി.എസ് പ്രസിഡന്റ്സി.ഡി.എസ് അംഗം
വാർഡ് 1

ജീവിത യാത്ര

സാധാരണ കുടുംബത്തിൽ 4 പെൺമക്കളും ഒരു ആൺകുട്ടിയും ഉള്ള വീട്ടിൽ ജനിച്ച് പ്രി ഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ്, തയ്യൽ പഠിച്ചു. 2 മാസം കൊണ്ട് തയ്യൽ പരിശീലനം പൂർത്തിയാക്കി. വീട്ടിൽ ഇരുന്ന് തുണികൾ തയ്ക്കാൻ കഴിഞ്ഞു. അതിൽ നിന്നു കിട്ടിയ വരുമാനം ചേച്ചിമാരുടെ വിവാഹത്തിന് മാതാപിതാക്കളെ സഹായിച്ചു. വീട്ടിലെ ഇളയ മകളായ എന്റെ വിവാഹവും കഴിഞ്ഞതോടെ അച്ഛന്റെ ചായക്കട നിർത്തി. വീട്ടിൽ നിന്ന് ഒരുവിധ സാമൂഹിക പ്രവർത്തനങ്ങളിലും പുറത്തുപോകൻ അനുവദിച്ചിരുന്നില്ല. എന്നാൽ 9 വർഷത്തിന് മുമ്പ് ഒരു ദിവസം ഞാൻ താമസിക്കുന്ന വാർഡിലെ വാർഡ്മെമ്പർ ഒരു അയൽക്കൂട്ടം കൂടുന്നതിന് ക്ഷണിക്കുകയുണ്ടായി. യോഗത്തിൽ 17 അംഗങ്ങൾ പങ്കെടുത്തു. എന്നെ ആ സംഘത്തിലെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അങ്ങനെ ഞാൻ പഞ്ചായത്ത് എവിടെ ആണ് എന്നും പഞ്ചായത്തിന്റെ പ്രവർത്തനത്തെക്കുറിച്ചും ജനകീയ ആസൂത്രണം വഴി പഞ്ചായത്ത് നൽകുന്ന സഹായങ്ങളെക്കുറിച്ചും അറിഞ്ഞു. ആങ്ങനെ കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ വാർഡു തലങ്ങളിൽ എത്തി. പിന്നീട് വാർഡ് തല പ്രസിഡന്റ് ആയി മൂന്നു വർഷം. അതിനുശേഷം പഞ്ചായത്തിന്റെ സി.ഡി.എസ് അംഗമായി തിരഞ്ഞ് എടുത്തു. കുടുംബശ്രീ പ്രവർത്തനം തുടങ്ങിയതിൽ പിന്നെ ഞാൻ സാമൂഹ്യ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്താൻ തുടങ്ങി. സമൂഹത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ എങ്ങനെ സഹായിക്കുമോ എന്ന് തിരിച്ചറിഞ്ഞ് കൂടുതൽ സമയവും അതിനുവേണ്ടി ചിലവഴിച്ചു. എന്റെ വാർഡിലെ രോഗികളായ 10 പേർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ ഫണ്ടിൽ നിന്ന് ഞാൻ സഹായം വാങ്ങിക്കൊടുത്തു. വാർഡിലെ പാവപ്പെട്ട കുടുംബത്തെ കണ്ടെത്തി വാർഡുതലത്തിൽ ഭക്ഷണസാധനവും തുണികളും കൊടുത്ത് സഹായിക്കാൻ കഴിഞ്ഞു. വാർഡിലെ പ്രാസമുള്ളവർക്ക് പെൻഷൻ അപേക്ഷ നൽകി. വവളരെ ബുദ്ധിമുട്ടി വാർഡിൽ നേത്യ ചികിത്സാ ക്യാമ്പ് വെച്ച് 280 അംഗങ്ങളെ

പങ്കെടുപ്പിച്ച് 3 പേർക്ക് ഓപ്പറേഷൻ നടത്താൻ കഴിഞ്ഞു. ഇതിനെല്ലാം ഇടയിലും എന്റെ തയ്യൽ ജോലിയും എന്റെ ഭൂമിയിൽ ഞാൻ എല്ലാ കൃഷികളും നട്ടിരുന്നു. കോഴി, ആട്, പശു, എല്ലാ വളർത്തുമൃഗങ്ങളെയും പരിപാലിക്കുകയും ചെയ്തു. ഒരിക്കൽ എന്റെ മകന് പനി വന്നപ്പോൾ ആശുപത്രിയിൽ കൊണ്ടുപോകാൻ 100 രൂപ എടുക്കാൻ എനിക്ക് ഇല്ലാതിരുന്ന സമയം ഉണ്ടായിട്ടുണ്ട്. എന്നാൽ കുടുംബശ്രീ പ്രവർത്തനങ്ങളിൽക്കൂടി ഒട്ടനവധി നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. പിന്നീട് ഒരു തയ്യൽ യൂണീറ്റ് തുടങ്ങുകയും സി.ഡി.എസിന്റെ സഹായത്തോടെ ലോണും, ഗ്രാൻറും കൂടി പശു വളർത്താൻ യൂണീറ്റ് തുടങ്ങുകയും ചെയ്തു. ഇപ്പോൾ ആരുടെയും അനുമതിക്ക് കാത്തിരിക്കാതെ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കാനും വീട്ടുകാര്യങ്ങൾ നടത്താനും സ്വന്തമായി സാധിക്കുന്നുണ്ട്. എന്റെ എല്ലാ സാമൂഹ്യ പ്രവർത്തനങ്ങളിലും എന്റെ ഭർത്താവ് പൂർണമായും സഹായിക്കാറുണ്ട്. ഭർത്താവിന്റെ നല്ല മനസുകൊണ്ട് എനിക്ക് ഒരു ദിവസത്തിന്റെ മുക്കാൽ സമയവും സമൂഹത്തിന് വേണ്ടി പ്രവർത്തിക്കാൻ കഴിയുന്നത്. അതിനാൽ ഞാൻ അഭിമാനം കൊള്ളുന്നു. ഇനിയും നാടിന്റെ പുരോഗതിക്ക് വേണ്ടി ഞാൻ ഒരു പ്രതിഫലവും വാങ്ങാതെ പ്രവർത്തിക്കും. ഇതിനിടയിൽ ഞാൻ എന്റെ കുടുംബത്തിന്റെ വരുമാനവും കണ്ടെത്തുന്നുണ്ട്.സ്ത്രീ ശാക്തീകരണത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഇറങ്ങിച്ചെന്ന് നാലു വാക്ക് സംസാരിക്കാൻ സഭാകമ്പം കൂടാതെ കഴിയുന്നുണ്ട്. ഇത് എല്ലാ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽകൂടി ഉണ്ടായ നേട്ടമായി ഞാൻ കാണുന്നു.

എന്ന്,
രമാ ഉണ്ണികൃഷ്ണൻ
സൗഭാഗ്യ കുടുംബശ്രീ

ഉയർച്ചയുടെ പടവുകൾ

7 വർഷക്കാലമായി ഞാൻ കുടുംബശ്രീ എന്ന പ്രസ്ഥാനത്തിൽ എത്തിയിട്ട് ഇതിൽ എത്തി എത്തിപ്പെടാൻ എന്നെ ഏറ്റവും കൂടുതൽ നിർബന്ധിച്ചത് എന്റെ ഭർത്താവ് ആണ്. ഞാൻ ഒരു സ്റ്റാഫ് നേഴ്സായിരുന്നു. കുടുംബശ്രീ കൂടുന്ന സമയത്ത് എത്തിപ്പെടാൻ സാധിക്കാത്തതുകൊണ്ട് ഒന്നു മടിച്ചു. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം പൗർണമി കുടുംബശ്രീയിൽ അംഗമായി. അടുത്ത യോഗം മുതൽ സംഘട്ടിൽ ചെന്നു. ഈ സമയങ്ങളിൽ ഓണത്തോടനുബന്ധിച്ചാണ് അയൽക്കൂട്ട വാർഷികവും തിരഞ്ഞെടുപ്പും നടക്കുന്നത്. അങ്ങനെ സംഘത്തിന്റെ സെക്രട്ടറിയായി. എനിക്ക് പ്രവർത്തനങ്ങൾ ഒന്നും തന്നെ അറിയില്ലായിരുന്നു. അന്നത്തെ പ്രസിഡന്റ് ഗീതാ ഗോപാലകൃഷ്ണനും അംഗങ്ങളും എന്നെ നല്ലതുപോലെ സഹായിച്ചു.

അടുത്തു തന്നെ കുടുംബശഅരീ വാർഷികം വന്നു. എ.ഡി.എസ് ആയി. സി.ഡി.എസ് ൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ വാർഡുതലത്തിൽ വേണ്ടരീതിയിൽ നടത്തി. ആരോഗ്യ പ്രവർത്തനങ്ങൾ നടത്തി. 2007 ൽ തിരഞ്ഞെടുപ്പിൽ സി.ഡി.എസ്

മെമ്പർ ആയി. അന്നത്തെ ചെയർ പേഴ്സൺ അജിതാ കണ്ണനൊപ്പം പഞ്ചായത്തിലെയും സി.ഡി.എസ് ലെയും പ്രവർത്തനത്തിൽ ഒപ്പം നിൽക്കാൻ പറ്റി. പഞ്ചായത്തിലെ അഗതി ആശഅരയ പദ്ധതി പ്രജക്ടുണ്ടാക്കാനും സാധിച്ചു. 2008 ലെ തിരഞ്ഞെടുപ്പിൽ ചെയർ പേഴ്സൺ ആയി. 99 കുടുംബശ്രീകളുടെ ചുമതലയേറ്റു. ചെയർപേഴ്സൺ എന്ന നിലയിൽ പ്രവർത്തനം ഒന്നും തന്നെ അറിയില്ലായിരുന്നു. ആദ്യ മീറ്റിംഗിൽ ജില്ലാ മിഷനിൽ അന്നത്തെ ക്ഷേമകാര്യം കുഞ്ഞുമോൾ വിജയകുമാറിന്റെ കൂടെയായിരുന്നു എത്തിയത്. ആദ്യപങ്ങൾ, സാറിന്റെ ക്ലാസ്സ് അത് ശരിക്കും ഒരു ഊർജ്ജം ആയിരു്നനു. എന്നെ ഏറ്റവും തളർത്തിയത് നീലംപേരൂർ പഞ്ചായത്തിന്റെ അന്നത്തെ അവസ്ഥ വളരെ താഴഎയായിരുന്നു. അവിടെ നിന്ന് പഞ്ചായത്തിന്റെ ഓരോ പ്രവർത്തനത്തിലൂടെ കൈപിടിച്ച് ഉയർത്തി. മിഷൻ പറയുന്ന ഓരോ കാര്യങ്ങളും അതിവേഗം നടത്തി. എന്റെ ഈ പഞ്ചായത്ത് പ്രവർത്തനത്തിൽ അന്നത്തെ വാർഡ് മെമ്പർ ശ്രി. ഗോപാലകൃഷ്ണൻ അവർകൾ നല്ലതുപോലെ സഹായച്ചു. നിയമ സാക്ഷരത, ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ, ട്രെയിനിംഗുകൾ നടത്തുകയും പല പഞ്ചായത്തുകളിൽ ക്ലാസ്സ് എടുക്കാനും സാധിച്ചു. ഇത് എന്റെ വലിയ അനുഭവമാണ്.

2008 ഡിസംബറിൽ ഗവ.പുതിയ ബൈലൊ നടപ്പിലാക്കുകയും അതുവഴി തെരഞ്ഞെടുപ്പ് വരുകയും ജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പു വന്നു. വീണ്ടും ചെയർ പേഴ്സൺ ആയി. 110 കുടുംബശ്രീ രൂപം നൽകി. ബാങ്കിലെ ലിങ്കേജ് ലോൺ, മാസചന്തകൾ, ഓണ ചന്തകൾ, സംഘകൃഷികൾ, വാർഷികങ്ങൾ എല്ലാം നല്ല രീതിയിൽ നടത്താൻ സാധിച്ചു. 6 ആട്,ഗ്രൂപ്പ 5 എം ഇ, ഒരു പാലപ്പം യൂണീറ്റ്, ഇത്രയും ഗ്രൂപ്പിന് മിഷന്റെ സബ്സിഡി വാങ്ങി കൊടുക്കുവാൻ സാധിച്ചു. ആറ് പഞ്ചായത്തിൽ എന്റെ പഞ്ചായത്തിന് രണ്ടാം സ്ഥനത്ത് എത്തിച്ചു. ഓണ ചന്തയക്ക് ബി ഗ്രേയ്ഡിങ്ങ് വാങ്ങാൻ കഴിഞ്ഞു. ആശഅരയ പദ്ധതിയിൽ ശ്രീദേവി എന്ന അമ്മയുണ്ട്. വയസ്സ് 65 ആ അമ്മ പറയുന്നത് ഞാൻ ആണ് അവരുടെ ദൈവം എന്നാണ്. എനിക്ക് ആഹാരം, വസ്ത്രം എല്ലാം തരുന്നത് അവളാണ്. ഞാൻ കൊടുത്ത വസ്ത്രമാണ് എവിടെ പോയാലും ഉടുക്കുന്നത്. ഇത് മാത്രം മതി ജീവിതത്തിൽ സംതൃപ്തിയേകാൻ.

മറ്റൊരനുഭവം, കുടുംബശ്രീ അംഗങ്ങളുടെ കോടികളുടെ നിക്ഷേപം ഉള്ള ഒരു ബാങ്കാണ് കൈനടി. അന്നത്തെ ഫീൽഡ് ഓഫീസർ കുടുംബശ്രീയ്ക്ക് ലോൺ തരില്ല എന്ന് പറഞ്ഞു. ഞാനും പഞ്ചായത്ത് പ്രസിഡന്റും ഇടപെട്ടിട്ടും ലോൺ തന്നില്ല. ഞങ്ങൾ ബാങ്കിന്റെ ഒരു ദിവസത്തെ പ്രവർത്തനംനിർത്തുമെന്നും നിക്ഷേപം പിൻവലിക്കുമെന്നും പറഞ്ഞു സമര മുഖത്തേയ്ക്ക് ഇറങ്ങിയതിന്റെ ഫലമായി ഫീൽഡ് ഓഫീസർ തന്നെ എന്നെ വിളിച്ചു പറഞ്ഞു ലോൺ തരാം. യൂണിറ്റിനെ വിട്ടുകൊള്ളാൻ വീട് എന്ന സ്വപ്നം സാക്ഷാൽകരിക്കാൻ കുടുംബശ്രീയുടെ ഭവനശ്രീ എന്ന വായ്പ എടുത്തവനിതകൾക്ക് അത് തിരിച്ചടയ്ക്കാൻ പറ്റാത്ത ആധാരം നഷ്ടപ്പെടും എന്ന അവസ്ഥയിൽ കൈതാങ്ങി വന്ന കഴിഞ്ഞ ഗവൺമെന്റ് കുടിശ്ശിഖ എഴുതി തള്ളിയപ്പോൾ അതിന്റെ ഭാഗമായി എന്റെ 27 അംഗങ്ങൾക്കും ആധാരം തിരിച്ചു നൽകാൻ സാധിച്ചു.

ഭക്ഷ്യസുരക്ഷയെ മുൻനിർത്തി സ്ത്രീകൾ ചെയ്യുന്ന സംഘകൃഷി എന്ന പദ്ധതിയിൽ ഈ പഞ്ചായത്തിന്റെ 23 ജെ.എൽ.ജി ഗ്രൂപ്പിന് 3 ലക്ഷം രൂപ ഇൻസെന്റീവ് നേടി കൊടുക്കാൻ സാധിച്ചു. ഈ സംവിധാനത്തിന്റെ ഭാഗമായി വാർഷികങ്ങൾ, സംരഭംങ്ങൾ, സ്ത്രീ പദവി സ്വയം പഠനം അഗതി ആശ്രയ, ബാലസഭ, സംഘകൃഷി തൊഴിലുറപ്പ് എന്നീ പദ്ധതികളിൽ അവരുടെ ഒപ്പം ഒരു കോർ–നേറ്ററാകാൻ സാധിച്ചു. അതുപോലെ തൊഴിലുറപ്പിൽ ഒരു വർഷം 50 തൊഴിൽ ചെയ്യുവാൻ സാധിച്ചു. അങ്ങനെ 3 1/2 വർഷത്തെ വെളിയനാട് ബ്ലോക്കിൽ നീലം പേരൂർ പഞ്ചായത്തിനെ 2–ാം സ്ഥാനം എത്തിക്കാൻ കഴിഞ്ഞു.

2012 ജനുവരി വീണ്ടും ചെയർപേഴ്സണായി പങ്കെടുത്ത ട്രെയിനിംഗ് സെന്ററുകൾ തിരുവന്തപുരം,പഴകുളം, സോക്ഷ്യോ. ഇവിടെയൊക്കെയുള്ള അനുഭവങ്ങൾ മറ്റൊരു ജീവിത പാതയിൽ എത്തിച്ചു. ജെന്ററിന്റെ ഭാഗമായി സ്ത്രീ പദവി സ്വയം പഠനത്തിലൂടെ സ്വയം പര്യാപ്തതയിൽ എത്തുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും സാധിച്ചു. എന്റെ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പ്രാവർത്തികമാക്കാനും ഈ പഠനം എന്നെ സഹായിച്ചു. ബഹുമുഖ പ്രതിഭകളായ വിശിഷ്ട വ്യക്തികൾക്ക് ഒപ്പം പല വേദികൾ പങ്കെടുക്കാൻ സാധിച്ചു.

എന്നെ വേദനിപ്പിച്ച മറ്റൊരു സംഭവം ജെ.എൽ.ജി ചെക്ക് വിതരണം. വലിയ അപവാദങ്ങൾ കേൾക്കേണ്ടി വന്നു. പഞ്ചായത്തിൽ പ്രശ്നമായി തളർന്നില്ല. ഇതിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധമുട്ടായി മാത്രം കണ്ട് മുന്നോട്ടുപോകുന്നു. കുടുംബശ്രീയുടെ ഭാഗമായി ഒരു അക്കൗണ്ടന്റ് വന്നു. ഈ പ്രവർത്തനത്തിൽ നല്ലൊരു പങ്ക് അദ്ദേഹത്തിന്റെ കൂടിയാണ്. 3 കമ്പ്യൂട്ടർ വാങ്ങി. അക്ഷയവഴി കമ്പ്യൂട്ടർ രഠിച്ചു. അത് കൈകാര്യം ചെയ്യാൻ പഠിച്ചതും ജീവിതത്തിലെ ഒരു വലിയ അനുഭവമാണ്. എന്റെ സഹപ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, മെമ്പർ സെക്രട്ടറി എന്നിവർ ഞങ്ങളോടൊപ്പം ഉണ്ട്. ഇനി മൂന്ന് വർഷക്കാലവും പഞ്ചായത്തിനും, കുടുംബശ്രീയ്ക്ക് വേണ്ടി അവരോടൊപ്പം എന്റെ എല്ലാ കഴുവും സമയവും ചിലവഴിക്കും. ഒരു വീട്ടമ്മയും നേഴ്സുംകൂടിയായ ഞാൻ സംഘടനയുടെ പ്രവർത്തനം അറിയാത്ത ഒരു ഓഫീസ്, ബാങ്ക് എന്ന് ഇവിടങ്ങളിൽ പോയി ഒരു വാക്ക് സംസാരിക്കാൻ പേടിച്ച എനിക്ക് സാമൂഹികമായി സാമ്പത്തികമായി സ്ത്രീ ശാക്തീകരണത്തിലൂടെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.ഇതാണ് എന്റെ ഏഴ് വർഷക്കാലത്തെ നേട്ടങ്ങളും, ഉയർച്ചയും കോട്ടങ്ങളും ഇതിനെല്ലാം പ്രചോദനം നല്കിയ എന്റെ ഭർത്താവിനും, കുട്ടികൾക്കും പൗർണമി കുടുംബശ്രീ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഇങ്ങനെ അനുഭവം എഴുതാൻ അവസരം ഒരുക്കിയ സംസ്ഥാന മിഷനും ജില്ലാമിഷനും കുടുംബശ്രീ എന്ന പ്രസ്ഥാനത്തിനും എല്ലാ വിധ നന്മകളും ഭാവുകങ്ങളും നേരുന്നു. എന്നെന്നും ഈ പ്രസ്ഥാനം കുടുംബിനികളുടെ 'കണ്ണാടി' ആകട്ടെയെന്ന് ആശംസിച്ചു കൊള്ളുന്നു.

എന്ന്

പ്രമീളാ സോമൻ
സി.ഡി.എസ് ചെയർ പേഴ്സൺ
നീലം പേരൂർ, ആലപ്പുഴ

****

എന്റെ കുടുംബശ്രീ അനുഭവക്കുറിപ്പ്

തികച്ചും യാഥാസ്ഥിതികമായ ഒരു കുടുംബത്തിലെ വീട്ടമ്മയായിരുന്നു ഞാൻ. കുടുംബശ്രീയിൽ അംഗമാകുന്നതു വരെ ഞാൻ ഒരു പൊതു പ്രവർത്തനത്തിനോ എന്തിലേറെ എന്റെ സമീപത്തുള്ള എല്ലാ കുടുംബങ്ങൾ പോലും എനിക്ക് ശരിക്ക് അറിയില്ലായിരുന്നു.

ഇപ്പോൾ ഞാൻ കുടുംബശ്രീയിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് അഞ്ച് വർഷം കഴിഞ്ഞു. അതിന് ശേഷം എനിക്ക് ആഴ്ചതോറും ഓരോ കുടുബങ്ങളിൽ പോകാൻ സാധിക്കുന്നു. കുടുംബശ്രീയുടെ പരിധിയിൽ നിന്ന് അവരെ സഹായിക്കാനും സാധിക്കുന്നു. അതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. കുടുംബശ്രീയിൽ വന്നതിന് ശേഷം ഞാൻ പൊതു പ്രവർത്തനങ്ങളിലും, പൊതുയോഗങ്ങളിലും പങ്കെടുക്കുകയും എവിടെയും ചെന്ന് അവനവന്റെ കാര്യം തുറന്നു പറയാൻ പ്രാപ്തിയായിട്ടുണ്ട്.

ഒരു അമ്പലത്തിൽ പോകാൻ 10 രൂപ വേണമെങ്കിൽ എന്റെ ഭർത്താവിനെ ആശ്രയിക്കണമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ കുടുംബശ്രീയിൽ നിന്നും ലോൺ എടുത്ത് ഒരു കറവപ്പശുവിനെ വാങ്ങിക്കുകയും അതിന്റെ ആധായം കൊണ്ട് എന്റെ വ്യക്തിപരമായ കാര്യങ്ങൾ സാധിക്കാനും മിച്ചം വരുന്നതുകൊണ്ട് എന്റെ ഭർത്താവിനെ കുടുംബകാരണങ്ങളിൽ സഹായിക്കാനും സാഥിക്കുന്നു. അരതുപോലെ എന്റെ കുടുംബശ്രീയിൽ നിന്നും ലഭിക്കുന്ന ആദായം കൊണ്ട് എനിക്ക് സാമ്പത്തിക ഭദ്രത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാം കുടുംബശ്രീയിൽ ചേർന്നതു കൊണ്ട് എനിക്കുണ്ടായ നേട്ടങ്ങളാണ്.

കുടുംബശ്രീയിൽ അംഗമായതിന് ശേഷം ശാക്തീകരണം നേടാനും, സാമൂഹികമായും, ആരോഗ്യപരമായും, വിദ്യാഭ്യാസപരമായും വളരെയധികം മുന്നേറാൻ സാധിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ പറയാൻ എനിക്ക് കഴിയും. വരും തലമുറയേയും കുടുംബശ്രീയാക്കുന്ന വടവൃക്ഷത്തിന്റെ കീഴിൽ കൊണ്ടുവരാൻ വേണ്ടി നാം ഓരോരുത്തരും പ്രയത്നിക്കുകയും അങ്ങനെ ഈ ലോകം മൊത്തം കുടുംഭസ്രീയെന്ന പ്രസ്ഥനം പടർന്ന് പന്തലിക്കട്ടെയെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഇന്ന് ഞാൻ ഐശ്വര്യ കുടുംബശ്രീയുടെ സെക്രട്ടറിയാണെന്ന് പറയുന്നതിൽ അഭിമാനം കൊള്ളുന്നു. അതിൽ ഞാൻ കൃതാർത്ഥയാണ്. ധന്യയാണ്.

ശോഭന

ഐശ്വര്യ കുടുംബശ്രീ

****

പതിമൂന്ന് പൂക്കൾ

ചേച്ചിയേ ചേച്ചിയേ എന്നു നാനാക്ഷി നിലവിളിച്ചുകൊണ്ട് മുൻ വശത്തുള്ള റോഡിലേയ്ക്ക് നടന്നു കയറി. എന്നാടി മീനാക്ഷി നീ രാവിലെ വിളിച്ചുകൂവിക്കൊണ്ട് വരുന്നത് ലക്ഷ്മി ചേച്ചി വിളിച്ചു ചോദിച്ചു. ചേച്ചി ഇന്ന് ഫെബ്രുവരി മാസം 3-ാം തീയതിയല്ലേ. നമ്മുടെ ഭാഗത്ത് ഒരു അയൽക്കൂട്ടം ഉണ്ടാക്കണമെന്ന് നമ്മുടെ മെമ്പർ സുരേഷ് കുമാർ പറയുന്നു. അതിനു വേണ്ടി ചേച്ചിയും, മോഹിനി, കുഞ്ഞുമോൾ, തങ്കമ്മ എന്നിവരെയും കൂട്ടി താളിപ്പറമ്പിൽ വരണം. അങ്ങോട്ടു ചെല്ലുമ്പോൾ മുളമുറ്റത്തുള്ള പുഷ്പവല്ലിയെക്കൂടി വിളിച്ചേക്കണം. മറക്കരുതേ.

ചേച്ചി എപ്പോഴാണെടി വരേണ്ടത്. 3/2/2012 2 മണിക്ക് ശേഷം കമലമ്മ ഉദയാനന്ദന്റെ വീട്ടിലാണ് വരേണ്ടത്. ഞാനും അവിടെ വരാം.

2 മണിയായപ്പോൾ 5 പേരും കൂടി താളിപ്പറമ്പിൽ എത്തി. അവിടെ വേറെയും ചിലർ കൂടിയുണ്ടായിരുന്നു. ശ്രീ.സുരേഷ് കുമാറിന്റെ നേതൃത്വത്തിൽ 21 പേരടങ്ങുന്ന ഒരു സംഘം രീപീകരിച്ചു. അതിൽ നിന്നും സെക്രട്ടറിയും പ്രസിഡന്റും 3 കമ്മറ്റിയംഗംങ്ങളെയും തെരഞ്ഞെടുത്തു. അപ്പോൾ മോഹിനിക്കൊരു സംശയം. സെക്രട്ടറിയും പ്രസിഡന്റും ആരാണ്. അതിനുത്തരം പറഞ്ഞത് കുഞ്ഞുമോളാണ്. അതോ.. പ്രസിഡന്റ് എന്ന് പറഞ്ഞാൽ സംഘത്തെ നയിക്കുന്നു. സെക്രട്ടറി എന്നു പറഞ്ഞാൽ സംഘത്തിന്റെ എഴുത്തു കുത്തുകൾ നടത്തുന്ന ആൾ.

ശ്രീമതി അമ്മിണിക്കുട്ടി, ശ്രീമതി.സിന്ധുമോൾ എന്നിവരെ പ്രസിഡന്റായും, സെക്രട്ടറിയായും സുരേഷ് സാറിന്റെ നിർദ്ദേശം അനുസരിച്ച് തെരഞ്ഞെടുത്തു. അതിനു ശേഷം സംഘം പ്രവർത്തിക്കുന്ന രീതികളെക്കുറിച്ചും വിശദീകരിച്ചു. അപ്പോൾ തങ്കമ്മയ്ക്കൊരു സംശയം എന്തിനാ ഇങ്ങനെയൊരു സംഘം രൂപീകരിക്കുന്നത് എന്ന് തങ്ങളിൽ തങ്ങളിൽ രഹസ്യം പറഞ്ഞു. ഇതു കേട്ട് സുരേഷ് സാറിന്റെ അടുത്ത് ചോദിച്ചു. സാർ എന്തിനാണ് ഇങ്ങനെ ഒരു യോഗം ഇതിന്റെ ആവശ്യം ഒന്നു മനസ്സിലാക്കി തരുമോ. ഞങ്ങൾ സ്ത്രീ ജനങ്ങൾക്ക് ഇതിനെക്കുറിച്ചൊന്നും അറിയത്തില്ല. ശരി എല്ലാവരും അവിടെ ഇരിക്ക് ഞാൻ പറയാം ശ്രദ്ധിച്ചു കേൾക്കണം. സുരേഷ് സാർ പറഞ്ഞുതുടങ്ങി. ആദ്യമായി നമ്മുടെ രാജ്യത്ത് ഇങ്ങനൊരു സംഘം രൂപീകൃതമായത് 1998 ൽ ആണ്. ഈ സംഘം കൊണ്ട് സ്ത്രീ ജനങ്ങൾക്ക് വളരെയേറെ നേട്ടങ്ങൾ ഉണ്ട്. സ്ത്രീകൾ തന്നെയാണ് ഇതിന്റെ ഭരണാധികാരികൾ. ഗ്രാമീണ സ്ത്രീകളുടെ ദാരിദ്ര്യ നിർമാർജ്ജനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാഴ്ചയിൽ ഒരാൾ 10 രൂപ സ്വരൂപിച്ച് നിക്ഷേപിക്കുന്നു. 21 പേരുണ്ടെങ്കിൽ 210 രൂപ. അങ്ങനെ ഓരോ മാസവും കിട്ടുന്ന തുക ബാങ്കിൽ അക്കൗണ്ട് ചേർത്ത് നിക്ഷേപിക്കുന്നു. ഈ നിക്ഷേപം 6 മാസം കഴിയുമ്പോൾ നല്ലൊരു തുകയാകുന്നു. ഈ വിവരം ബാങ്കുകാരോട്

പറയുന്നു. ബാങ്കുകാർ ഗ്രേഡിങ് നടത്തി നല്ല മാർക്കുണ്ടെങ്കിൽ ബാങ്കിൽ നിന്നും ഇറക്കിയതിന്റെ ഇരട്ടി വായ്പയായി നൽകുന്നു. തുഛമായ പലിശ അതിന് ഈടാക്കുകയുള്ളൂ. ഇങ്ങനെ ഓരോ ഗ്രൂപ്പിനും ബാങ്കിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് കൂടുതൽ സഹായം ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന സഹായം കുടുംബത്തിന്റെയും, നാടിന്റെയും പുരോഗതിക്ക് സഹായകമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതുമൂലം സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്ങനെ നമ്മുടെ കൈനകരി പഞ്ചായത്തിലും ഓരോ വാർഡു തലത്തിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. അതിനു വേണ്ട അറിവും പറഞ്ഞുകൊടുക്കുന്നതിന് ജില്ലാതലം, ബ്ലോക്ക് തലം, പഞ്ചായത്ത് തലം, വാർഡുതലം എന്നിങ്ങനെയുള്ള തലങ്ങളിൽ നിന്നും അറിവും, കാര്യപ്രാപ്തിയുമുള്ള ചെറുപ്പക്കാരെ തെരഞ്ഞെടുത്ത് ഉദ്ദേശകരമായി നിയോഗിച്ചിട്ടുണ്ട്. അതിലൊരാളാണ് ഞാൻ – സുരേഷ് സാർ കൂട്ടിച്ചേർത്തു.

ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പുഷ്പവല്ലി ഓടിക്കിതച്ച് വരുന്നത് കണ്ട് എല്ലാവരും ചിരിച്ചു. എന്താ പുഷ്പവല്ലി വല്ലാതെ വിയർക്കുന്നുണ്ടല്ലോ? എന്താ താമസിച്ചത്.

പുഷ്പവല്ലി – ഒന്നും പറയേണ്ട ലക്ഷ്മിചേച്ചി വിളിച്ചപ്പോൾ റേഷൻ കടയിൽ പോയിരുന്നു. അവിടെ ചെന്നപ്പോൾ കടയിൽ ഈ അയൽക്കൂട്ട രൂപീകരണത്തെക്കുറിച്ചും സ്വയം സമ്പാദ്യശീലത്തെ മെച്ചപ്പെടുത്തുന്ന കാര്യങ്ങളെക്കുറിച്ചും ഒരാൾ പറയുന്നത് കേട്ടു. കുറച്ച് സമയം ഞാനതു കേട്ടുനിന്നി. അതാണ് താമസിച്ചത്. ശരി,ശരി എന്ന് സുരേഷ് സാർ പറഞ്ഞു. എന്നിട്ട് നിങ്ങൾ ഇപ്പോൾ ഒരു സ്വയം സഹായസംഘം രൂപീകരിച്ചു. ഇനി അതിനൊരു പേര് നിർദ്ദേശിക്കണം. ആരു പറഞ്ഞാലും പ്രശ്നമില്ല. അപ്പോൾ ശ്രീമതി ലില്ലിക്കുട്ടി എഴുന്നേറ്റ് നിന്ന് ചെറുപുഷ്പം എന്ന പേരു നിർദ്ദേശിച്ചു. എല്ലാവരും അത് അംഗീകരിച്ചു. ആ പേരിപ്പോൾ അന്വർത്ഥമായി. ചെറുപുഷ്പം ഇപ്പോൾ ഒരു വലിയ പുഷ്പമായി. 10 രൂപ സമ്പാദ്യമായി തുടങ്ങിയ ഞങ്ങളുടെ സംഘത്തിന് ഒരാൾക്ക് 7485 രൂപ നിലവിലുണ്ട്. സുരേഷ് സാർ സംഘത്തെ വിലയിരുത്തിക്കൊണ്ട് ഈ സ്വയംസഹായ സംഘങ്ങളെല്ലാം കുടുംബശ്രീ ആക്കി മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

അപ്പോൾ ഞങ്ങളുടെ കൂട്ടത്തിലുള്ള തങ്കമ്മയ്ക്ക് ഒരു സംശയം അല്ല സർ എന്താണ് കുടുംബശ്രീ. അതോ, അത് ഞാൻ നിങ്ങളോട് ആദ്യം ചെറുതായി പറഞ്ഞിട്ടുള്ളതാണ്. 1998 മേയ് 17–ാംതീയതി മലപ്പുറം ജില്ലയിൽ കോട്ടക്കുന്ന് മൈതാനിയിൽ വെച്ച് പ്രഖ്യാപിച്ച ദാരിദ്രനിർമാർജ്ജന മിഷനാണ് കുടുംബശ്രീ.

ഇപ്പോൾ ഞങ്ങളുടെ ചെറുപുഷ്പം അയൽക്കൂട്ടം ചെറുപുഷ്പം കുടുംബശ്രീയായി പ്രവർത്തിക്കുന്നു. ഇങ്ങനെ എല്ലാ യൂണിറ്റും കുടുംബശ്രീയായി മാറിയിരിക്കുന്നു. ഇതിന് സെക്രട്ടറിയും പ്രസിഡന്റും മൂന്ന് വാളന്റിയർമാരും ഉണ്ട്. ഇത് തെരഞ്ഞെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നു. അപ്പോൾ മോഹിനിയും തങ്കമ്മചേച്ചിയും കൂടി

ഒരുപോലെ പറയുന്നു അത് ശരിയാണ് ഇപ്പോൾ അയൽക്കൂട്ടത്തിൽ രണ്ടു പ്രാവശ്യം ഇലക്ഷൻ നടന്നു. ഇന്ത്യൻ ഭരണഘടനയിലെ വോട്ടിംങ്ങ് ചട്ടങ്ങൾ തന്നെയാണ് ഇവിടെയും നടക്കുന്നത്. 3 വർഷത്തിലൊരിക്കൽ വോട്ടെടുപ്പ് നടത്തുന്നു. അയൽക്കൂട്ടം എ.ഡി.എസ്, സി.ഡി.എസ് എന്നിങ്ങനെ 3 തലത്തിലാണ് ഇലക്ഷൻ നടത്തുന്നത്. ഇതിൽനിന്നും സി.ഡി.എസ് ചെയർപേഴ്സണെ തെരഞ്ഞെടുക്കുന്നു. സി.ഡി.എസ് ചെയർ പേഴ്സൺ എല്ലാ യൂണിറ്റിന്റെയും നനേതൃത്വം വഹിക്കുന്നു. ഞങ്ങളുടെ ചെയർപേഴ്സൺ കമലമ്മ ഉദയനാന്ദമാണ്.

സുരേഷ് സാർ നിങ്ങൾ പിരിഞ്ഞു കിട്ടുന്ന പണം എന്തുചെയ്യുംകുഞ്ഞുമോൻ സാർ ഞാൻ പറയാം. ഞങ്ങൾ അക്കൗണ്ട് ചേർത്തിട്ടുള്ള ബാങ്കിൽ നിക്ഷേപിക്കും. കുറച്ചധികം പൈസ ആകുമ്പോൾ ഇറക്കുമുതലിന്റെ 1/3 വായ്പ ആയി എടുക്കാം.

****

# *നേർക്കാഴ്ച*

21 വർഷത്തെ അധ്യാപന ജീവിതത്തിൽ നിന്നും നല്ലതും ചീത്തയും ആയ അനുഭവങ്ങൾ എനിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. എല്ലാം അനുഭവങ്ങളും ഇവിടെ പങ്കുവെയ്ക്കാൻ സാധിക്കില്ലല്ലോ? അനുഭവങ്ങൾ എല്ലാം തന്നെ ജീവിത പാതയിലെ മുന്നോട്ടുള്ള ചവിട്ടുപടികൾ ആയിരുന്നു എന്ന് തന്നെ പറയാം. എന്റെ എല്ലാ അനുഭവങ്ങളും പുസ്തകത്തിൽ ഒളിപ്പിച്ചുവച്ച മയിൽപ്പീലി പോലെ ഞാൻ ഇപ്പോൾ മനസ്സിൽ സൂക്ഷിക്കുന്നു.

കുടുംബശ്രീയിലെ ഒരംഗം എന്ന നിലയിൽ എന്റെ അനുഭവം ഞാൻ ഇവിടെ വിവരിക്കട്ടെ. ഒരു ദിവസം രാവിലെ സ്കൂളിലെത്തി ഓഫീസിൻഫെ വാതിൽക്കൽ ഒരു കുട്ടിയുടെ അമ്മ നിൽപ്പുണ്ടായിരുന്നു. ആ അമ്മയെ ഞാൻ ഗീത എന്ന് പേരിട്ടു വിളിക്കുന്നു. യഥാർത്ഥ പേര് വെളിപ്പെടുത്താൻ നിർവാഹമില്ല. ദയവായി സഹകരിക്കുക. ഞാൻ ഗീതയോട് ചോദിക്കാൻ തുടങ്ങിയതും അവർ എന്നോട് പറയാൻ തുടങ്ങി. മാഡം ഞാൻ മാഡത്തിനെ കാണാൻ ഇവിടെ നിൽക്കുകയാണ്. എനിക്ക് വളരെ സുപ്രധാന കാര്യം മാഡത്തിനോട് പറയാനുണ്ട്. കാരണമെന്താണെന്ന് എന്ന് ഞാൻ ഉൽകണ്ഠയോടെ ചോദിക്കുകയുണ്ടായി.

കണ്ണിൽ നിന്ന് ധാരയായി വരുന്ന കണ്ണുനീർ ഞാൻ കാണാതെ പുറം തിരിഞ്ഞ് ഒപ്പികൊണ്ട് എന്നോടു പറഞ്ഞു.

മാഡം ഷിബു (യഥാർത്ഥ പേരേ അല്ല) ഇപ്പോൾ പണ്ടത്തെപ്പോലെയല്ല. എന്നും കള്ളും കുടിച്ചുകൊണ്ടാണ് വരവ്. ഇപ്പോൾ ദൂരെയെവിടെയോ ആണ് പണിക്കു പോകുന്നത്. എവിടെയാണെന്ന് ചോദിച്ചാൽ പറയുകയില്ല. എല്ലാ ദിവസവും അഞ്ഞൂറു രൂപ കിട്ടുന്നുണ്ട്. വെറും നൂറ് രൂപയാണ് ചിലവിന് തരുന്നത്. എന്തെങ്കിലും ചോദിച്ചാൽ അടി തുട

ങ്ങും. കുട്ടികൾക്ക് ഇപ്പോൾ പേടിയാണ്. കൂട്ടത്തിൽ അമ്മായിയമ്മയുടെ വക വേറെയും. എനിക്ക് ഒരു സ്വസ്ഥതയും ഇല്ല. (അവർ വിങ്ങിപ്പൊട്ടുകയാണ്) എനിക്ക് ജീവിക്കണമെന്നുപോലും ഇപ്പോൾ ഇല്ല. രണ്ടു കുഞ്ഞുങ്ങളങ്ങ ഇല്ലേ? അവർ ഇല്ലായിരുന്നുവെങ്കിൽ ഞാൻ... മുഴുവിപ്പിക്കാതെ ഏങ്ങലടിച്ച് കരയാൻ തുടങ്ങി.

മാഡം മാഡത്തിന് ഷിബുവിനെ വലിയ കാര്യമാണെന്ന് എനിക്കറിയാം അതുകൊണ്ടാണ് മാഡത്തിനെ ഞാൻ കാണാൻ വന്നത്. മാഡം ഷിബുവിനെ വിളിച്ച് ഈ കാര്യത്തെക്കുറിച്ച് ഇത് സംസാരിതക്കാണം. ഞൻ വന്നാണ് ഇത് പറഞ്ഞതെന്ന് ഒരുക്കലും ഷിബു ഇതറിയരുത്.

ഞാൻ ഒരു മാസത്തിലേറെയായി സന്തോഷമായി ഒരുമിച്ചിരുന്ന് ആഹാരം കഴിച്ചിട്ടുതന്നെ കുട്ടികളെ കണ്ടുകൂടാ, എന്നെ കണ്ടുകൂടാ അമ്മായിയമ്മ എരിവു കൂട്ടുമ്പോൾ എരിവു കൂട്ടുമ്പോൾ ഒന്നുകൂടി കലികയറും. ഞാൻ ഗീതയുടെ ചുമലിൽ തട്ടികൊണ്ട് പറഞ്ഞു സാരമില്ല. നമുക്ക് ഇതിന് ഉടനെതന്നെ പരിഹാരം ഉണ്ടാക്കാം. ഗീത ഇപ്പോൾ സമാധാനമായി പോകൂ. കണ്ണുനീർ വലത്തെ കൈകൗണ്ട് തേച്ച് കളഞ്ഞ് അവർ ഒന്നും പറയാതെ നടന്നു നീങ്ങി. ഞാൻ കുറെ നേരം അവരെത്തന്നെ നോക്കി നിന്നു. കുട്ടികലെ ചേർക്കാനും മറ്റും എന്ത് ഉത്സാഹത്തോടെയാണ് രണ്ട് പ്രേും വന്നിരുന്നത്. ഇപ്പോൾ ഇങ്ങനെയും മനുഷ്യർ എത്ര പെട്ടെന്നാണ് മാറുന്നത്. എല്ലാം സഹിക്കാനും ക്ഷമിക്കാനും സ്ത്രീകളും. അവൾ അമ്മ അല്ലേ.

ഈ ഊഴിയിൽ വേറെ ആർക്ക് വരാനാണ്. ഓഫീസിൽ കയറി കസേരയിൽ ഇരുന്ന ഉടൻതന്നെ വേറെ ഔദ്യോഗിക കാര്യങ്ങൾ ഒന്നും നോക്കാതെ തന്നെ ഷിബുവിനെ ഫോൺ വിളിച്ചു. ഷിബു എന്തു പറ്റി? കുട്ടികൾ വളരെ ഗ്ലൂമിയാണല്ലോ? പണ്ടത്തെ ഉൽസാഹമൊന്നും അവർക്കില്ലല്ലോ ? പഠനത്തിൽ തീരെ ശ്രദ്ധയില്ലല്ലോ? കുടുംബത്തിൽ എന്തെങ്കിലും പ്രശ്നം അതോ നിങ്ങൾ തമ്മിൽ എന്തെങ്കിലും പ്രശ്നം.

ഏയ് ഇല്ല മേഡം ഞങ്ങൾ തമ്മിൽ യാതൊരു പ്രശുനവുമില്ല. എന്താ മാഡം എന്തുപറ്റി?

മനസ്സിൽ കള്ളത്തരം വെച്ചുകൊണ്ടുള്ള പരച്ചിലാണെന്ന് അപ്പോൾ തന്നെ മനസ്സിലായി. എങ്കിലും ഞാനും ഒന്നും അറിയാത്തതുപോലെ സംസാരിക്കുവാൻ തുടങ്ങി.

കുട്ടികൾ വളർന്നു വരികയാണ്. അച്ഛനാണ് കുട്ടികൾക്ക് മാതൃകയാകേണ്ടത്. അച്ഛനും അമ്മയും തമ്മിൽ എന്ത് പ്രശ്നം ഉണ്ടെങ്കിലും കുട്ടികളുടെ മുന്നിൽ വെച്ചാകരുത്. നമ്മൾ എല്ലാവരും കുഞ്ഞുങ്ങൾക്കു വേണ്ടിയാണ് ജീവിക്കുന്നത്. അവരാണ് നമ്മുടെ പ്രതീക്ഷ. അവർക്ക് അച്ഛനോടോ അമ്മയോടോ ഒരു നീരസം തോന്നിയാൽ അത് മാറാൻ വളരെ വലിയ വില കൊടുക്കേണ്ടി വരും. കുഞ്ഞുങ്ങളുടെ മുന്നിൽ മാതാപിതാക്കൾ ദൈവം ആണ്. പൂജിക്കേണ്ട അവർ നിന്ദിക്കേണ്ടി വരരുത്. ഞാൻ രണ്ടാഴ്ച കഴിഞ്ഞ് വിളിക്കും. ഇപ്പോൾ ഞാൻ വിളിച്ചത് കുട്ടികളുടെ പഠനത്തിലും സ്വഭാവത്തിലും കണ്ട മാറ്റം അനുസരിച്ചാണ്. അടുത്ത വിളിയ്ക്ക് അവർ സന്തോഷവന്മാരായിരിക്കണം. കൂട്ടത്തിൽ നിങ്ങളുടെ ജീവിതവും.

മരുപടിയായി ഒന്നും തരാതെ തന്നെ ഷിബു ഫോൺ വെച്ചു.

ഞാൻ ഓർത്തു ഷിബുവിന് ഞാൻ പറഞ്ഞത് ഇഷ്ടമായില്ലേ ഭാര്യയെ അപ്പോൾ തന്നെവിളിച്ച് വഴക്ക് പറയുമോ എന്നൊക്കെ.

രണ്ടാഴ്ചകഴിഞ്ഞപ്പോൾ ഞാൻ ശരിക്കും മറന്നുപോയി ഷിബുവിനെ വിളിക്കാൻ. ഇപ്പോൾ എനിക്ക് ഒരു ഫോൺ വന്നു. ഷിബുവിന്റെ മാഡം കുട്ടികൾ അടുത്തു തന്നെ നിൽപ്പുണ്ട് കൂടെ ഗീതയും ഉണ്ട്. അവരോട് മാഡം തന്നെ ചോതിച്ചോട്ടെ അപ്പോ ഴേയ്ക്കും ഷിബു മോളുടെ കൈയിൽ ഫോൺ കൊടുത്തു. രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന അവൾ കൊഞ്ചി പറഞ്ഞു അച്ഛനിപ്പോൾ മിടുക്കാനാണ് ടീച്ചറേ. എല്ലാവരും കൂടി ഇതു കേട്ട് ചിരിക്കുന്ന ശബ്ദം എനിക്ക് ഫോണിൽക്കൂടി കേൾക്കാമായിരുന്നു. എനിക്ക് വളരെ സന്തോഷം തോന്നി.

ഗീതയുടെ കൈയിൽ കൊടുക്കട്ടെ ഷിബു.

ശരി ഞാൻ പറഞ്ഞു.

മാഡം ഞങ്ങൾ ഇപ്പോൾ വളരെ സന്തോഷത്തിലാണ്. മാഡം അന്നു വിളിച്ചു പറ ഞ്ഞതിൽപിന്നെ നല്ല മാറ്റം ഇത്രയും പെട്ടെന്ന് ഇങ്ങനെ മാറുമെന്ന് ഞാൻ വിചാരിച്ചില്ല മാഡം.

ശരി അതുകേട്ടാൽ മതി. മനസ്സിൽ ഒരു കുളിർകാറ്റ് വീശുന്ന പ്രതീതി. അതോടെ ഫോൺ വച്ചു.

നമ്മുടെ സത്യസന്ധതയോടു കൂടി ഒരു വാക്ക് മനസ്സിൽ നിന്നും ആത്മാർത്ഥ മായി വരുന്ന ഒരു സ്വാന്തനം ഇവയെല്ലാം ഒരാളെ മാറ്റിയെടുക്കാൻ സാധിക്കും എന്ന് എനിക്ക് മനസ്സിലായി. കൂടാതെ ഒരാളിലർപ്പിക്കുന്ന വിശ്വാസം ഇതും പ്രാധാന്യമേറിയ താണ്. ആ വിശ്വാസം തകരാതെ അതിനു കൊടുക്കുന്ന പ്രാധാന്യം എല്ലാം തന്നെ മനുഷ്യ മനസ്സിനെ ഇളക്കി മറിക്കുന്നു.

ഭർത്താക്കന്മാരുടെ മദ്യപാനം ഇന്നും സ്ത്രീകളെ ദുഖത്തിലാഴ്ത്തുന്ന പ്രശ്നമാ ണ്. ഷിബുവിനെപോലുള്ള ഒരാൾ 1% മാത്രമേയുള്ളൂ ബാക്കി 99% ഉപദേശങ്ങൾക്ക് അടിമപ്പെടാതെ മദ്യത്തിന് അടിമകൾ ആകുന്നു. എന്റെ ഒരു ഫോൺ വിളി ആ കുടുംബ ത്തിന്റെ കെടാൻ പോകുന്ന സന്തോഷത്തെ തിരികെ കൊണ്ടുവന്നു എന്ന് അറിഞ്ഞ പ്പോൾ എനിക്ക് അത് ഒരു പുത്തൻ അനുഭവമായി മാറി.

വരും തലമുറകളെങ്കിലും ദുശ്ശീലങ്ങൾക്ക് പുറമേ പോകരുത് എന്നുമാത്രമാണ് പ്രർത്ഥന.

സന്ധ്യ
വിസ്മയ കുടുംബശ്രീ

****

# അനുഭവങ്ങളിലെ തണൽ

ഇടുക്കി ജില്ലയിലെ മലയോര ഗ്രാമത്തിലെ ഹിന്ദു എസ്.ഒ വിഭാഗത്തിൽ ഉൾപ്പെട്ട ആളാണ്. ഞാൻ ഏറ്റവും നല്ല കർഷകനുള്ള അവാർഡ് നല്കി സർക്കാരും ജനങ്ങളും ആദരിച്ച ഒരു കർഷകന്റെ മകനായി ജനിച്ച് കാട്ടരുവികളുടെ കളകളാരവവും പ്രഭാത ത്തിലെ കോടമരങ്ങളും, മലനിരകളെ തലോടി എത്തുന്ന കുളിർകാറ്റും, പക്ഷിമൃഗാതിക ളുടെ കളകളജനവും കാതിനും കരളിനും കുളിർമയായി, പച്ചപിടിച്ച പ്രകൃതിയുടെ ഹൃദയതുടിപ്പുകളിലേയ്ക്ക് ഞാൻ വളർന്നു.

പഠനത്തിനു ശേഷം ജോലിയ്ക്ക് വേണ്ടിയുള്ള അന്വേഷണത്തിനിടയിൽ സഹക രണ ബാങ്കിൽ ട്രെയിനായി പോകുന്നതിനിടയിൽ 1998 കുടുംബശ്രീ പദ്ധതി കേരളത്തി ലാരംഭിക്കുന്ന കാലഘട്ടത്തിൽ തന്നെ ആ ചെറിയ ഗ്രാമത്തിൽ പല അയൽക്കൂട്ട രൂപീക രണത്തിന് മുൻകൈ എടുക്കുകയും, സ്ത്രീകലെ അതിന്റെ ലക്ഷ്യത്തെപ്പറ്റി ആവ ശ്യകതയെപ്പറ്റി പറഞ്ഞ് മനസ്സിലാക്കി കൊടുക്കുന്ന കൂട്ടത്തിൽ ഞാനും പങ്കുചേർന്നു. 1998 ൽ അതിലൊരരു അയൽക്കൂട്ടത്തിന്റെ സെക്രട്ടറി സ്ഥാനം എന്നെ ഏൽപ്പിക്കുകയും 2003 വരെ സജീവമായി ആത്മാർത്ഥതയോടെ തന്നെ പ്രവർത്തിക്കുകയും ചെയ്തിരു ന്നു. അവിടെയെല്ലാം അയൽക്കൂട്ടങ്ങളുടെയും ചെറുതും വലുതുമായ സമ്പാദ്യങ്ങൾ നിക്ഷപിക്കുന്നത് സഹകരണ ബാങ്കിലായിരുന്നു. സഹകരണബാങ്കിലെ ഭരണസമിതി യുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലായിരുന്നു കുടുംബശ്രീയുടെ ക്ലാസ്സുകൾ നടത്തിയിരുന്നത്. അതിനാൽ ഈ പ്രസ്ഥാനത്തെപ്പറ്റി നല്ല അറിവുള്ളവരു മായി എനിക്ക് ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ നിന്നൊക്കെ ലഭിച്ച ഊർജ്ജസ്വലത യാവാം എന്റെ മുന്നോട്ട് യാത്രകളിൽ ജീവിതത്തിന്റെ കാഴ്ചപാടുകളിൽ എനിക്ക് കരു ത്തേകിയിരുന്നതെന്ന് പിന്നീട് തോന്നിയിരുന്നു.

2003 ൽ വിവാഹത്തിന് ശേഷം ചെങ്ങന്നൂരിലേയ്ക്ക് വരികയും കുടുംബമായി കുട്ടികളെ പരിപാലിച്ച് സ്കൂളിലേയ്ക്ക് വിട്ടപ്പോൾ വീണ്ടും സമൂഹത്തിനിടയിലേയ്ക്ക് കുടുംബശ്രീ അയൽക്കൂട്ടങ്ങലിലേയ്ക്ക് എത്തച്ചേരാനുള്ള മൂടിവെച്ച മനസ്സിലെ ത്വര വീണ്ടും മുളപൊട്ടി വരികയായി. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് സ്ത്രീകൾക്കിടയിൽ നല്ലൊരു പ്രകടനം കാഴ്ചവെയ്ക്കാനുള്ള മനസ്സുമായെത്തിയ ശ്രീമതി രമണി സുധാകരൻ നമുക്കിടയിൽ ഒരയൽക്കൂട്ടം രൂപീകരിക്കണമെന്ന് മോഹ മായി വരികയും, ഞാനുൾപ്പെടെ ചുറ്റുപാടുമുള്ള സ്ത്രീകളെയും അതിലംഗമാക്കാൻ തീരുമാനിച്ച് ചെഹ്ങന്നൂർ മുനിസിപ്പാലിറ്റി കുടുംബശ്രീ യൂണിറ്റിന് കീഴിലുള്ള 16 ാം വാർഡിലെ അന്നത്തെ കൗൺസിലറായ ശ്രീമതി ശോഭ വർഗീസിന്റെ അദ്ധ്യക്ഷതയിൽ 2009 മാർച്ച് 29 ാം തീയതി അയൽക്കൂട്ട രൂപീകരണത്തിന് വേണ്ട നിർദ്ദേശങ്ങൾ തരി കയും ''തണൽ'' എന്ന പേരിൽ അയൽക്കൂട്ടം രൂപീകരികികുകയും ചെയ്തു.

കുടുംബശ്രീ സമൂഹത്തിൽ സ്ത്രീ ശാക്തീകരണം ദാരിദ്ര്യ നിർമാർജ്ജനം കുടുംബത്തിൽ സാമൂഹിക ഭദ്രത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ഈ പ്രസ്ഥാനം വളർച്ചയുടെ പടവുകൾ താണ്ടുകയാണ്.

നിരാശരായി ജീവിതത്തെ ഉറ്റുനോക്കിയ ഒരുപാട് നിസംഗരായ സ്ത്രീകൾ പ്രതിസന്ധികളെ തരണം ചെയ്ത് ജീവിത വിജയം കണ്ടെത്താൻ, അവരുടെ മനസ്സിന് കരുത്ത് നൽകാൻ ഈ പ്രസ്ഥാനം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ സ്തിരീകൾക്കെതിരെയുള്ള അനീതികൾക്കെതിരെ പേടികൂടാതെ അപ്പോൾ തന്നെ പ്രതികരിക്കാനുള്ള കഴിവുണ്ടായി.

ഉയർന്ന ഏഫീസുകളിലും മേലധികാരികളെടുക്കുന്നത് വരെ അന്വേഷണം തുടരാൻ ഇന്ന് സ്ത്രീകൾ പ്രാപ്തരായി. നിയന്ത്രണമില്ലാതെയുള്ള മദ്യപാനം മൂലം എത്രയോ കുടുംബങ്ങൾ, ബന്ധങ്ങൾ, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം, ഭാവി എല്ലാം ശിഥിലമായി പോകുന്നു. ഒരു കൂട്ടായ്മയുടെ പ്രതികരണം ഉണ്ടായിട്ടുണ്ടെങ്കിൽ അത് കുടുംബശ്രീയുടെ പേരിലുല്ള ശക്തിമാത്രമാണെന്ന് മാധ്യമങ്ങൾ എത്രയോ തവണ നമ്മളെ കാണിച്ചു തരുന്നു.

വാർഡ് സഭകളിലും, റോഡ് പരിസര ശുചാകരണ പ്രവർത്തനങ്ങളിലും ഞങ്ങൾ സജീവമായിത്തന്നെ പ്രവർത്തിച്ചു വരുന്നു. അയൽക്കൂട്ടത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വാർഡ് കൗൺസിലറും അയൽക്കൂട്ടങ്ങൾക്ക് പ്രോത്സാഹനം നൽകി പോരുന്നു. വിവാഹം, ചികിത്സ അംഗങ്ങളുടെ ചെറുതും വലുതുമായ സന്തോഷങ്ങളിൽ, ദുഖങ്ങളിൽ പങ്ക് ചേർന്ന് ചെറിയൊരു തുക സഹായമായി നൽകി പോരുന്നു. ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ, റാങ്ക് കിട്ടിയ കുട്ടികൾക്ക് പ്രേത്സാഹന സമ്മാനമായി ചെറിയ ധന സഹായങ്ങളും നൽകിപോരുന്നു. എല്ലാം ഈ കൂട്ടായ്മയിലൂടെ മാത്രമേ സാധിക്കൂ. ഒരു വ്യക്തിക്ക് മാത്രം ചെയ്യാൻ ആഗ്രഹമുണ്ടെങ്കിൽപോലും ആരും പ്രാപ്തരല്ല. അതിന് അയൽക്കൂട്ടം കൂടിയേ പറ്റൂ.

പ്രസിഡന്റിന്റെ കൂടെയുള്ള പ്രവർത്തനം ശ്രീമതി സരോജനിയെ വളരെയേറെ ആത്മാർത്ഥതയോടെതന്നെ ഈ പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്നതു കൊണ്ടാവാം ഇങ്ങനെയൊരു തൃപ്തികരമായ സമീപനം അവരിൽ നിന്നും ഞങ്ങൾക്കനുഭവപ്പെട്ടിരിക്കുന്നത്. ജോലി തേടിയുള്ള എന്റെ യാത്രയ്ക്കൊടുവിൽ ഞാനെത്തപ്പെട്ടിരിക്കുന്നത് ആല്പപുഴ ജില്ലയിലെ ട്രൈബൽ ഓാോപീസിൽ ആദിവാസികളുടെ ക്ഷേമത്തിനായി എസ്.ഒ പ്രമോട്ടറായി ജോലിയിൽ പ്രവേശിച്ചിരിക്കുകയാണ്. ഇതിലേക്കുള്ളതിൽ പങ്കെടുക്കാനുള്ളപ്പോൾ സാമൂഹിക പ്രവർത്തനം എന്തെങ്കിലുമുണ്ടോ എന്ന ചോദ്യത്തിനുത്തരവും ഈ അയൽക്കൂട്ട പരിവർത്തനം മാത്രമാണ് എനിക്ക് പറയാനുണ്ടായിരുന്നത്.

കുടുംബശ്രീ സ്വയംതൊഴിൽ പദ്ധതിയിൽ പഠിച്ച എനിക്ക് സി.ഡി.എസ് പദ്ധതി പ്രകാരം തൊഴിൽ തുടങ്ങാൻ എനിക്ക് 50000/- രൂപ പതിനായിരം രൂപ സബ്സിഡി നനിരക്കിൽ അനുവദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി ഒരു സ്ഥാപനം എന്റെ ഭർത്താവുമൊത്ത് ചെറിയ ഒരു വരിമാനമാർഗമായി മുന്നോട്ടുപോകാൻ കഴിയു

ന്നു. അയൽക്കൂട്ടത്തിലെ മറ്റെല്ലാ അംഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ലോൺ നൽകുന്നതിനും, ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കുടുംബശ്രീയിൽ നടന്നു വരികയാണ്.

കുടുംഭത്തിലെ തിരക്കുകൾതക്കിടയിലും അയൽക്കൂട്ടത്തിന്റെ മാസക്കണക്ക് കൊടുക്കുവാനും മറ്റ് ആവശ്യങ്ങൾക്കുമായി എ.ഡി.എസ് എത്തുമ്പോൾ പല കാര്യങ്ങളും സംശയങ്ങളും ചോദിച്ച് നേരം പോകുന്നത് അറിയില്ല സംസാരത്തിനൊടുവിൽ മനസ്സിന്റെ വിശാലത കൂടി എന്നു തോന്നിയാണ് മടങ്ങാറുള്ളത്. അയൽക്കൂട്ടത്തിൻരെ പ്രവർത്തനം മന്ദഹതിയിലാണ് തുടരുന്നതെന്നറിഞ്ഞാൽ എ.ഡി.എസ് ഭാരവാഹികൾ അയൽക്കൂട്ടം പ്രസിഡന്റ് , സെക്രട്ടറി എന്നിവരെ വിളിച്ചുവരുത്തി നന്നായി ശാസിക്കുകയും നല്ല പ്രവർത്തനവുമായി മുന്നോട്ടുപോകാൻ നിർദ്ദേശിക്കുകയും ചെയ്യും. ആ സമയത്ത് ഉണ്ടാകുന്ന ദേഷ്യവും ,വിദ്വേഷവും മറന്ന് പിന്നീട് നമുക്ക് പറയാനുള്ള വിവരങ്ങളെല്ലാം വളരെ ക്ഷമയോടെ കേൾക്കാനുള്ള സന്മനസ്സും അവരിൽ നിന്നുണ്ടാകുന്നുണ്ട്.

കുടുംബശ്രീ പ്രസ്ഥാനം ഒരിക്കലും ഒരു രാഷ്ട്രീയതയുടെയും വരിഞ്ഞുകെട്ടൽ ഉണ്ടാകാൻ പാടില്ല. നാളിതുവരെ ഉണ്ടായിട്ടില്ലെന്നാണ് എന്റെ വിശ്വാസവും. സമൂഹത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങളിലേയ്ക്ക് എല്ലായ്പ്പോഴും ഇറങ്ങിച്ചെല്ലാൻ ഈ സ്വാതന്ത്ര്യം തന്നെ വേണം. അതിന് അതിർ വരമ്പുകൾ പാടില്ല. സ്ത്രീകൾക്ക് നേരെയുള്ള അനീതിക്കെതിരെ നീതി ലഭിക്കാൻ നിയമ പാലകരുടെ സഹായം മറ്റൊരു തടസ്സവുമില്ലാതെ ഈ പ്രസ്ഥാനത്തിന് ലഭിച്ചിരിക്കണം എന്നൊരു നിർദ്ദേശവുമുണ്ടെനിക്ക്.

നാളയിലേക്കുള്ള ജീവിത പ്രാരാബ്ദങ്ങൾക്കിടയിൽ പകലന്തിയോളം പണിയെടുത്ത് ഭർത്താവിന്റെ വരുമാനത്തോടു ചേർത്തുവെച്ച് കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ അവരുടെ പ്രതീക്ഷകൾക്കൊത്ത് ജീവിക്കാൻ നെട്ടോട്ടമോടി തിരികെ വരുമ്പോൾ അവളിലെ ചാപല്യത്തെ, ബലഹീനതയെ, നിസ്സംഗതയെ, ഒരിക്കലും നമ്മുടെ സമൂഹവും, സംസ്കാരവും ചൂഷണം ചെയ്യരുത്. അവൾ സുരക്ഷിതയായി വീട്ടിലെത്തേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമായി കരുതണം. നിയമപാലികരും ആ സുരക്ഷിതത്വം ഉറപ്പു വരുത്താൻ ജാഗ്രതയോടെ ഇരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വരും തലമുറകളെ  വളർത്തിയെടുക്കാൻ പേടി കൂടാതെ കളിച്ചു വരേണ്ട ബാല്യങ്ങളെ കപടതയുടെ മുഖംമൂടിയണിഞ്ഞ് അവരുടെ ജീവിതത്തിലേയ്ക്ക് കരിനിഴൽ വീഴ്ത്തരുത്.

മനസ്സിലെ സ്നേഹവും, ആർദ്രതയും, നന്മയും നഷ്ടപ്പെടുമ്പോൾ എന്തുംെ ചെയ്യുമെന്നുള്ള സ്വാതന്ത്ര്യവും അഹങ്കാരവും മറ്റു ഹൃദയങ്ങളെ.... ഞരമ്പുകളെ കീറിമുറിച്ച് ചോരപ്പുഴ ഒഴുക്കി.

എത്രയോ അമ്മമാരുടെ ഹൃദയം നുറുങ്ങിയ വിലാപം കേട്ടല്ലോ.....

പീഢിപ്പിക്കപ്പെട്ട പിഞ്ചുകുഞ്ഞുങ്ങലുടെ ദീനരോദനം കേട്ടല്ലോ. പ്രഭാതം നമ്മെ ഉണർത്തേണ്ടത് ആ പഴയ പക്ഷികളുടെ പാട്ടുകൾ തന്നെയാണ് കാതിലെന്നും കുളിർമ.

ആ തണുത്ത കാറ്റും, മഞ്ഞുതുള്ളിയും പ്രകൃതിയിലെ പച്ചപ്പും തന്നെയാണ് നമ്മുടെ മനസ്സിനെ കുളിരണിയിപ്പിക്കേണ്ടത്.

കുടുംബശ്രീയുടെ നാളിലേയ്ക്കുള്ള എല്ലാ നല്ല പരവർത്തനങ്ങൾക്കും, നല്ല കാഴ്ചപ്പാടുകൾക്കും, സ്ത്രീകൾക്കെതിരെയുള്ള ഇതിക്രമിച്ചു വരുന്ന അനീതികൾക്കെതിരെ കുടുംബശ്രീ മുന്നേറ്റം കുറിയ്ക്കുന്നതിലേയ്ക്ക് എന്നിലെ കരുത്തും, എന്റെ ഹൃദയത്തിൻരെ കൈയ്യൊപ്പും ചേർത്ത് വയ്ക്കുന്നു.

സ്നേഹപൂർവ്വം
അനിമോൾ സേതു
(സെക്രട്ടറി)
തണൽ അയൽക്കൂട്ടം
അങ്ങാടിക്കൽ

****

# *ഓർമകൾ തീരുന്നില്ല*

2001 ൽ കുടുംബശ്രീ രൂപീകരണ ചടങ്ങിൽ എന്നെ വന്നു വിളിച്ചപ്പോൾ ഞാൻ മടിച്ചു. എന്നാൽ എന്റെ ഭർത്താവ് എന്നെ നിർബന്ധിച്ച് പറഞ്ഞയച്ചു അവിടുത്തെ യോഗത്തിൽ വെച്ച് ആ കുടുംബശ്രീ യൂണിറ്റിൻരെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അന്നുമുതൽ ഇന്നുവരെയും കുടുംബശ്രീയുടെ സജീവ പ്രവർത്തകയാണ്. ഈ കാലയളവിൽ എനിക്ക് കിട്ടിയിട്ടുള്ള അനുഭവങ്ങൾ ഒരു പക്ഷ ഒരു നോവൽ രചിക്കുവാൻ മതിയാകുന്നതാണ്. എന്നാൽ ഞാനൊരു എഴുത്തുകാരിയല്ലാത്തതിനാൽ അതെനിക്കു സാധ്യമല്ല കുടുംബശ്രീയുമായി ബന്ധപ്പെട്ട് കിട്ടിയിട്ടുള്ള ക്ലാസ്സുകൾ ആൾക്കാരുമായിട്ടുള്ള ബന്ധങ്ങൾ പ്രശ്നങ്ങളഅം നേരിടേണ്ട വിധങ്ങൾ ഒന്നും വിലമതിക്കാനാവാത്തതാണ്.

അനുഭവക്കുറിപ്പുകൾ എഴുതുവാൻ പറഞ്ഞപ്പോൾ ധാരാളം അനുഭവങ്ങളിൽ നിന്ന് ഏതെഴുതണമെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുന്നില്ല. മറ്റുള്ളവർക്ക് നിസ്സാരമെന്ന് തോന്നുമെങ്കിലും എനിക്ക് മറക്കുവാൻ പറ്റാത്ത ഒന്നുരണ്ടു കാര്യങ്ങൾ മാത്രം കുറിക്കുകയാണ്.

2006 ൽ നാട്ടിലുടനീളം ചിക്കൻ ഗുനിയ പിടിപെട്ട നാളുകളിൽ എന്നെയും ആ രോഗം ബാധിച്ചു അടുത്ത ആശുപത്രിയിൽ നിന്നും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്തു. അവിടെ ആരു ദിവസങ്ങൾ മരണത്തോട് മല്ലടിച്ചു വെന്റിലേറ്ററിൽ ഞാൻ കിടന്നു. ഡോക്ടർമാർ രണ്ടു മണിക്കൂർ വിധിയെഴുതിയ എന്നെ

എന്റെ നാട്ടുകാരുടെയും ബന്ധുക്കളുടെയും പ്രാർത്ഥനയുടെ ഫലമായി വീണ്ടും ജീവിതത്തിലേയ്ക്ക് കൂട്ടിക്കൊണ്ട് വലന്നു. വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച സമയം എന്റെ കുടുംബശ്രീക്കാർ നിലവിളക്ക് കത്തിച്ച് അതിന് ചുറ്റുമിരുന്ന് എന്റെ ജീവൻ തിരിച്ചു കിട്ടുന്നതിനു വേണ്ടി പ്രാർത്ഥിച്ചു. പല കുടുംബശ്രീ അംഗങ്ങളും എനിക്ക് വേണ്ടി അമ്പലങ്ങളിലും പള്ളികളിലും നേർച്ച നേർന്നു. എന്നെകാണാൻ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് ഈ നാട്ടുകാർ മിക്കവർ്ും എത്തിക്കൊണ്ടിരുന്നു. എന്റെ ഒരു കൂട്ടുകാരി പിന്നീട് എന്നോടു പറഞ്ഞു. ചേച്ചീ കോട്ടയത്തോയ്ക്ക് വരുമ്പോൾ വഴിയിൽ കാണുന്ന എല്ലാ അമ്പലങ്ങൾക്കു മുമ്പിലും ഞാൻ കൈകൂപ്പി. ബസ്സിലിരുന്ന് വഴിയിൽ കാണുന്ന അമ്പലങ്ങളിലോയ്ക്ക് നോക്കി ചേച്ചിയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപ്പോൾ എനിക്ക് ഒരു നാണവും തോന്നിയില്ല എന്ന്. മറ്റൊരാൾ പറഞ്ഞത് തങ്കമണി ആശുപത്രിയിലായിരുന്നപ്പോൾ ഇവിടുത്തെ അമ്പലത്തിലെ കണ്ഠാകർണ സ്വാമി ഇവിടെ ഇല്ലായിരുന്നു. ഞങ്ങളെല്ലാവരും കൂടി സ്വാമിയെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് അയച്ചിരിക്കുകയാണെന്ന്.

കുറെ ദിവസങ്ങൾക്കുശേഷം ഞാൻ വീട്ടിലെത്തി അപ്പോഴാണ് ഈ നാട്ടുകാരുടെ സ്നേഹം ശരിക്ക് മനസ്സിലായത്. എനിക്ക് ഓരോ ദിവസവും ഓരോ വീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുവന്നു തന്നു. വസ്ത്രമലക്കാനും എന്നെ കുളിപ്പിക്കാനുമെല്ലാം എന്റെ കുടുംബശ്രീക്കാരുടെ സഹായമുണ്ടായിരുന്നു. വിസ്താര ഭയത്താൽ ഇനി ഈ കാര്യം വിശദീകരിക്കുന്നില്ല.

മറ്റൊരു കാര്യം എന്റെ വീടിന്റെ ഉൽഘാടനത്തന് മുമ്പ് ഞാൻ വീണ്ടും ആശുപത്രിയിൽ അഡ്മിറ്റായി. അതിനാൽ ആളുകള ക്ഷണിക്കാൻ പോകാൻ കഴിഞ്ഞില്ല. എന്റെ വാർഡിൽ 15 കുടുംബശ്രീ യൂണീറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവരെയെല്ലാം ക്ഷണിക്കണമെന്ന് എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു. അനാരോഗ്യം മൂലം പോകുവാനും കഴിഞ്ഞില്ല. എ.ഡി.എസ് പ്രസിഡന്റും എ.ഡി.എസി.ൻരെ മറ്റൊരംഗവും ചേർന്ന് ഈ വിവരം എല്ലാ യൂണീറ്റുകളിലും അറിയിച്ചു. ഉൽഘാടനദിവസവും തലേദിവസവും എന്റെ എല്ലാ യൂണിറ്റുഖലുടെ സഹകരണവും ഉണ്ടായിരുന്നു. ഇതിനെല്ലാം ഞാൻ കുടുംബശ്രീയോട് കടപ്പെട്ടിരുന്നു. ഇത്രനാളും ആ പ്രവർത്തനങ്ങളിൽ സജീവമായതു കൊണ്ടാണ് ആൾക്കാരുടെ മുഴുവൻ സ്നേഹവും ലഭിക്കുന്നത്. എവിടെ ചെന്നാലും ഒരു കുശലാന്വേഷണം, ഒരു ചിരി ഇത് കിട്ടാതിരിക്കില്ല. ചേർത്തല തെക്ക് പഞ്ചായത്തിലെ ഒട്ടു മിക്കവനുമായി പരിചയമായി.

കുടുംബശ്രീയിൽ പ്രവർത്തിക്കുന്നതുകൊണ്ട് ആരോടും ക്ഷമിക്കുവാൻ മടിയില്ല. ആരോടും പിണങ്ങുവാനും തോന്നുന്നില്ല. ലോകം മുഴുവനും നിറഞ്ഞുനിൽക്കുന്ന ഈ വൻ വൃക്ഷത്തിന്റെ ഏറ്റവും ചെറിയ ഇലയായി പ്രവർത്തിക്കുവാൻ കഴിയുന്നത് മഹാഭാഗ്യമായി കരുതുന്നു.

ഓർമ്മകൾ തീരുന്നില്ല

തങ്കമണി ബാലചന്ദ്രൻ

11–ാം വാർഡ്
എ.ഡി.എസ്.സെക്രട്ടറി

****

# *മരിക്കാത്ത ഓർമ്മകൾ*

ചലിക്കുന്ന ഓർമ്മകളുടെ സാദ്ധ്യതകൾ തേടിയുള്ള ഈ അനുഭവ യാത്രയിൽ മരിക്കാത്ത കുറെ ഓർമ്മകൾ എന്നെ തേടിയെത്തി. സൂക്ഷമമായ കഥാഗതികളിലൂടെ കുടുംബശ്രീ എന്റെ പ്രധാന വഴിത്തിരിവായി.

എന്റെ പേര് ബിന്ദു ഷാജി. എഴഉപുന്ന ഗ്രാമ പഞ്ചായത്തിലെ 13–ാം വാർഡിലെ ഐശ്വര്യ കുടുംബശ്രീയുടെ പ്രസിഡന്റാണ് ഞാൻ. സാമാന്യം ഇടത്തരം കുടുംബ ത്തിലെ ഒരു അംഗമാണ് ഞാൻ. എന്റെ വിവാഹ ശേഷം ഞാൻ ഈ നാട്ടിവൽ വന്ന്കുറ ച്ചുകാലത്തിനു ശേഷം ഞങ്ങൾ 17 അംഗങ്ങൾ ചേർന്ന് ഒരു പച്ചമരത്തണലിൽ കൂടു കയും ഒരു കുടുംബശ്രീ അയൽക്കൂട്ടം കൂടുകയും ചെയ്തു. എന്റെ ജീവിതത്തിലെ ഒരു സൂര്യോദയമായിരുന്നു അത്. സ്കൂൾ കോളേജ് തലത്തിൽ പഠിച്ചപ്പോഴല്ലാതെ പുറത്തിറ ങ്ങിയിട്ടില്ലാത്ത ഞാൻ ഗ്രൂപ്പിന്റെ പല കാര്യങ്ങൾക്കായി പല സ്ഥലങ്ങളിൽ പോകാൻ തുടങ്ങി. ആദ്യമാദ്യം ഒരു ഏഫീസിൽ ചെന്നാൽ എങ്ങനെ പെരുമാറണം എന്തു പറ യണം എന്നൊന്നും ഒരു വ്യക്തത ഇല്ലായിരുന്നു. കുടുംബശ്രീയുടെ സംഘടനാ സംവി ധാനത്തിന്റെ കെട്ടുറപ്പിൽ വിവിധ തരത്തിലുള്ള ട്രെയിനിങ്ങുകളിൽ പങ്കെടുത്ത് ആർജ്ജവം നേടാനും അത് മറ്റുള്ളവരിലേയ്ക്ക് പകർന്ന് കൊടുക്കുവാനും എനിക്ക് സാധിച്ചു. ഒരയൽക്കൂട്ടമെന്നു പറയുമ്പോൾ അതിൽ പല കുടുംബങ്ങളുടെ ഒത്തുചേര ലുണ്ടാവുകയും അതോടൊപ്പം എല്ലാ കുടുംബത്തിന്റെ യും ആവശ്യങ്ങൾ, വിഷമങ്ങൾ, സ്ഥിതിഗതികൾ എന്നിവ മനസ്സിലാക്കാൻ നമ്മുക്ക് കഴിയുകയും ചെയ്യുന്നു. സ്നേഹം നിറഞ്ഞ ഒത്തിരി നിമിഷങ്ങൾ...... ഏറ്റവും പ്രധാനമായ കാര്യം ഒത്തിരി സാമ്പത്തിക പ്രതിസന്ധികൾ എനിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. അതിൽ 90% എന്നെ സഹായിച്ചത് എന്റെ അയൽക്കൂട്ടമാണ്. എന്റെ പ്രമാണം വെച്ച് ലോൺ വാങ്ങി കുടിശ്ശികയിൽ കിടന്ന പ്പോഴാണ് ആദ്യമായി എനിക്ക് അയൽക്കൂട്ടത്തിൽ നിന്ന് 30000 രൂപ തന്ന് സഹായിച്ചത്. എന്റെ കാര്യങ്ങൾ നടത്തിത്തന്ന എന്റെ അയൽക്കൂട്ടമാണ് ഇന്ന് എനിക്ക് സർവ്വം. എല്ലാ ത്തിനുമുപരി പുറത്തിറങ്ങുമ്പോൾ ആളുകളോട് എങ്ങനെ പെരുമാറണം എന്ന് എന്റെ മനസ്സിലാക്കി തന്നത് കുടുംബശ്രീ എന്ന സംഘടനാ സംവിധാനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അവസരത്തിലാണ്. നമ്മുടെ ചിന്തകൾക്ക് ഭാവനയുടെ ഈടുപടം സമ്മാനിക്കുന്നതും, ആത്മധൈര്യത്തിന്റെ പുതുവിഹായസ് പ്രധാനം ചെയ്യുന്നതും അക്കാലയളവിൽ കുടുംബശ്രീയുടെ ഏരോ പ്രവർത്തനങ്ങളുമായിരുന്നു. മധുരിക ഭാവ

നയുണർത്തിയ കുടുംബശ്രീ കാഴ്ചയ്ക്കപ്പുറം. ഇന്ന് ഞാൻ എന്തെങ്കിലുമൊക്കെ ആയിട്ടുണ്ടെങ്കിൽ അതിനൊക്കെ എന്നെ സഹായിച്ചത് എന്റെ കുടുംബശ്രീയാണ്. എ.ഡി.എസ് തലത്തിലും, സി.ഡി.എസ് തലത്തിലും പ്രവർത്തിച്ച ഞാൻ 2008ലെ ഇലക്ഷന് വൈസ് ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ടു. അന്നുമുതൽ കൂടുതൽ ട്രെയിനിങ്ങുകളും വീടുവിട്ട് മാറി നിന്ന് ഒത്തിരി ക്യാമ്പുകളിൽ പങ്കെടുക്കുകയും ഒത്തിരി അറിവുകൾ സമ്പാദിക്കുവാനും സാധിച്ചു. അറിവുകളുടെ പുതുവിഹായസ് അതിനുശേഷം ഞങ്ങളുടെ കുടുംബശ്രീയിൽ ഒരു പ്രശ്നമുണ്ടായപ്പോൾ ഞങ്ങൾ സി.ഡി.എസ് അംഗങ്ങളെല്ലാവരും തന്നെ ഒറ്റക്കെട്ടായി നിന്ന് ആ പ്രശ്നം പരിഹരിക്കുകയും ജനങ്ങലുടെ മുന്നിൽ തലയുയർത്തി നടക്കുവാൻ ഇപ്പോഴും സാധിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ അക്കൗണ്ടിന്റെ സഹായം എടുത്തു പറയേണ്ടതാണ്. തുടർന്ന് ചെയർപേഴ്സൺ സ്ഥാനം ഏറ്റപ്പോൾ ഏറ്റവും ബൃഹത്തായ പദ്ധതിയായ അഗതി ആശ്രയയിൽ പങ്കെടുക്കുവാനും അവരുടെ വിഷമങ്ങളറിഞ്ഞ് അതിനിടപെടുവാനും സാധിച്ചു. ചെയർപേഴ്സൺ എന്ന നിലയിൽ കുടുംബശ്രീയിലേയ്ക്ക് കടന്നു വരുമ്പോൾ മാനസികമായ ഒരു ബൃഹത് ദൗത്യബോധം എന്റെ ചിന്തകളിൽപോലും ഉരുത്തിരിയപ്പെട്ടിരുന്നു. ഏതു മേഖലയിലും നമ്മൾ ഇടപെടുമ്പോഴും നമുക്ക് വീട്ടിൽ സ്വാതന്ത്ര്യം ഉണ്ടാവണം. കുടുംബശ്രീ, എ.ഡി.എസ്, സി.ഡി.എസ് തലത്തിൽ വന്നപ്പോഴും എനിക്ക് എല്ലാത്തിലും പങ്കെടുക്കാനും സാധിച്ചത് എന്റെ ഭർത്താവിന്റെ സ്വതന്ത്രമായ ഇടപെടൽമൂലം മാത്രമാണ്. എന്ത് കാര്യത്തിലും എനിക്ക് സപ്പോർട്ടാകുന്ന എന്റെ കുടുംബമാണ് എന്റെ ഇന്നത്തെ സമ്പാദ്യം. അതുപോലെ പ്രധാനപ്പെട്ടതാണ് എന്റെ കുടുംബശ്രീയും. ഇന്ന് ഞാൻ എവിടെയും ചെന്ന് എന്റെ ആവശ്യം അറിയിക്കുവാൻ എന്നെ ധൈര്യവതിയാക്കിയത് എന്റെ കുടുംബശ്രീയാണ്. എല്ലാത്തിനുമുപരി എന്റെകൂടെ എന്റെ സഹപ്രവർത്തകർ നിന്നതും അതോടൊപ്പം ചെയർ പേഴ്സണായിരിക്കെ ബാലസഭ റിസോഴ്സ് പേഴ്സനെ കണ്ടെത്തിയതും ആ വ്യക്തിയിൽ നിന്നും ഞങ്ങളുടെ പഞ്ചായത്തിന്റെ ബാലസഭ കുട്ടികൾ ഒരു സ്വത്തായി തുടരുകയും ചെയ്യുന്നു. എനിക്ക് മറക്കാൻ പറ്റാത്ത ഒരു അനുഭവം (2011 ലെ) ഇലക്ഷന്റെ ആവശ്യമായി പോകേണ്ടി വന്നപ്പോൾ എനിക്കൊരു വാഹനാപകടമുണ്ടായി അതുമായി കുറച്ചുകാലം ആശുപത്രിയിൽ കിടക്കേണ്ടി വന്ന സാഹചര്യത്തിൽ ധാരാളം തുക ആവശ്യമുള്ള സമയത്ത് കൈയ്യിൽ ഒരു രൂപപോലുമില്ലാത്ത സമയത്ത് നിമിഷങ്ങൾക്കുള്ളിലാണ് എന്റെ അയൽക്കൂട്ട പ്രവർത്തകർ എന്റെ ഗ്രൂപ്പിൽ നിന്ന് 25000 രൂപ എനിക്ക് ആശുപത്രിയിൽ കൊണ്ടുവന്ന് തന്നത്. എന്റെ കുടുംബം എന്ത് ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ ഒരു കൈത്താങ്ങായി വന്ന എന്റെ അയൽക്കൂട്ടത്തെ നന്ദിയോടെ ഞാനിന്നും സ്മരിക്കുന്നു. പ്രവർനമറ്റ സമയത്തും സഹപ്രവർത്തകരുടെ സ്വാന്തന സ്പർശം ഏറ്റവും എനിക്ക് സന്തോഷം തന്ന കാര്യം അപകടത്തെത്തുടർന്ന് ആശുപത്രിയിലായ സമയത്ത് എന്നെ ആശ്വസിപ്പിക്കുവാൻ എന്റെ അഗതി ആശ്രയയിൽപ്പെട്ട അമ്മച്ചിമാർ വന്നത് ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു. എന്റെ സഹപ്രവർത്തകർ, വിവിധഗ്രീപ്പിലെ പ്രവർകർ എല്ലാവരുടെയും

കൂട്ടായ്മ ഞാൻ അനുഭവിച്ചു. ഇന്ന് ഞാൻ ജനങ്ങൾക്ക് വേണ്ടി അവരുടെ ഓരോ ആവശ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നു. അതിരറ്റ ആത്മ സംതൃപ്തിയോടെ.

എന്റെ ഗ്രൂപ്പ് ആരംഭിച്ചിട്ട് 10 വർഷം പിന്നിടുമ്പോഴും ഇന്നും പഞ്ചായത്തിലെ ഒന്നാംതര ഗ്രൂപ്പായി പ്രവർത്തിക്കുന്നു. എന്നതിന്റെ ചാരിതാർത്ഥ്യം എനിക്കുണ്ട്. ഇന്ന് പ്രവർത്തന മേഖലകൾ പലത് പിന്നിടുമ്പോഴും എന്നെ സഹായിച്ച പഞ്ചായത്ത് ഉദ്യോഗസ്ഥർ കുടുംബശ്രീ മിഷനിലെ വിവിധ പഞ്ചായത്തിലെ അംഗങ്ങൾ, ജന പ്രതിനിധികൾ, സഹപ്രവർത്തകർ എല്ലാവരെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് നിർത്തുന്നു, മരിക്കാത്ത ഓർമ്മകൾ എന്നിലലിയുന്ന ഈ നിമിഷത്തിൽ.

****

## ഞാനും തുഴയട്ടേ ആറ്റുവഞ്ചി

എന്റെ പേര് സുശ്ശീല.റ്റി, എന്റെ ഭർത്താവിന്റെ പേര് സുന്ദരൻ.ജി, എനിക്ക് രണ്ട് ആൺമക്കൾ. മൂത്തമകൻ അഖിൽ.എസ്, ഇളയ മകൽ അഭിജിത്ത്.എൻ.എസ്. ഇതാണ് എന്റെ കുടുംബം. ചരിത്ര പ്രസിദ്ധമായ ജലോത്സവം നടക്കുന്ന പായിപ്പാട് ആണ് എന്റെ ജന്മദേശം. എന്റെ നാടിന്റെ പ്രത്യേകത കർഷകരും കർഷകതൊഴിലാളികളും, മത്സ്യതൊഴിലാളികളും ആണ്. വളരെ മത സൗഹാർദ്ദത്തോടു കഴിയുന്നതാണ് എന്റെ നാട്. എന്റെ നാടിൻരെ സമ്പത്ത് എന്നു പറയുന്നത് അച്ചൻ കോവിലാറും, പമ്പയാറും, വയലോലകളുമാണ്. ഒരു ഗ്രാമത്തിന്റെ ശാലീനതകളും അറിഞ്ഞാണ് ഞാൻ വളർന്നത്.

2001 ൽ ഞാൻ ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടത്തിലെ അംഗമായിരുന്നു. പിന്നീട് 2002 ൽ അയൽക്കൂട്ടങ്ങളെ കുടുംബശ്രീയിലേക്ക് മാറ്റി. അങ്ങനെ ഞങ്ങളുടെ അയൽക്കൂട്ടം കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തു. പായിപ്പാട് ''ഭാവന'' കുടുംബശ്രീ അംഗമാണ് ഞാൻ. സാക്ഷരതാ മിഷന്റെ പ്രേരക് ആയി ജോലി നോക്കുകയും കുടുംബശ്രീ പ്രവർത്തനവുമാണ് എന്റെ സാമൂഹിക പ്രവർത്തനം. കുടുംബശ്രീയിൽ വാർഡുതലങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനവും സാമൂഹ്യബോധവൽക്കരണവും എന്നീ പരിപാടികളുമായി സുഗമമായി പ്രവർത്തിച്ചു വരുന്ന സമയത്താണ് 2004 ൽ എന്റെ ജീവിതത്തെ വഴിമുട്ടിച്ച സംഭവമുണ്ടായത്. വിസയ്ക്കായി ഒരു ല്ഖത്തി ഇരുപത്തി അയ്യായിരം രൂപയായി. ഇതിന്റെ തുക ഞങ്ങൾ സ്വർണം പണയം വെച്ച് 38,000 രൂപയും ബാക്ക് എന്റെ സ്വന്തം വീടിന്റെ ആധാരം പണയപ്പെടുത്തിയുമാണ് ഇത്രയും തുക ഏജൻസിയെ അൽപ്പിച്ചത്. ഗൾഫിൽ എത്തിയപ്പോഴാണ് കള്ളവിസയായിരു്നനു എന്ന് അറിയുന്നത്. ഈ സാഹചര്യത്തിൽ ഞങ്ങളുടെ കുടുംബത്തിന് നിലനിൽക്കാൻ ഒരു സെന്റ് ഭൂമിയോ നിത്യജീവിതത്തിനായി യാതൊരു വരുമാന മാർഗ്ഗമോ ഒന്നു തന്നെ

യില്ല. നാട്ടിൽ ഞാനും രണ്ട് കുട്ടികളും എന്തു ചെയ്യണമെന്ന് ഒരു ലക്ഷ്യവുമില്ല. ഭർത്താവ് എവിടെയോ നിന്ന്ഫോൺ ചെയ്തു പറഞ്ഞു നമ്മൾക്ക് ജീവിക്കാൻ ഒരു മാർഗ്ഗവുമില്ല. ആത്മഹത്യയല്ലാതെ വേറൊരു മാർഗമില്ല. കുട്ടികളെ സ്കൂളിൽ അയയ്ക്കേണ്ട. സത്യത്തിൽ ഞാനും ആലോചിച്ചതാണ് എങ്ങനെ ജീവിക്കും. ആരും സഹായിക്കാനില്ല. അടുത്ത സുഹൃത്തുക്കളോടു പോലും പറഞ്ഞില്ല. കുട്ടികളുമായി ജീവിതം അവസാനിപ്പിക്കാം എന്നു തന്നെ തീരുമാനിച്ചു,അപ്പോഴും ഞാൻ ഒരു കുടുംബശ്രീ പ്രവർത്തകയായിരുന്നു. യോഗങ്ങളിൽ പോകുകയും അവരുമായി സഹകരിക്കുകയും ഇതിൻരെ മുകളിലുള്ളവരുമായി നല്ല ഇടപെടലുകൾ നടത്തുകയും ചെയ്തുകൊണ്ടിരു് ന്നനു. എന്റെ ബാഗ്യവസാൽ അന്നത്തെ കുടുംബശ്രീ ചാർജ്ജ് ഓഫീസർ എന്റെ പ്രശ്നങ്ങൾ അറിയുകയും എന്നെ സഹായിക്കുകയും ചെയ്തു.

****

നിർമാമല്യത്തിലെ വഞ്ചിക്കാരി

നിർമ്മാല്യം കുടുംബശ്രീയുടെ സെക്രട്ടറിയായ ലേഖാ സുധാകരൻ ഈ യൂണീറ്റിലെ അംഗമായ ശുഭാ ശിവദാസനുവേണ്ടിയാണ് ഈ അനുഭവക്കുറിപ്പ് എഴുതുന്നത്. ആദ്യം മുഖവുരയില്ലാതെ പറയട്ടെ ഈ ശുഭാ ശിവദാസൻ ബധിരയും മൂകയുമായ ഒരു യുവതിയാണ്. അവളുടെ ഭർത്താവും ഈ വൈകല്യത്തിനുടമയാണ്. പക്ഷേ അവളെ ഞങ്ങൾ കുടുംബശ്രീയിൽ അംഗമാക്കി. യോഗങ്ങളിൽ അവൾ കൃത്യമായി പങ്കെടുക്കുന്നുണ്ട്. ശുഭയ്ക്ക് എല്ലാ കാര്യങ്ങളും മനസ്സിലാക്കുവാൻ ഉള്ള കഴിവുണ്ട്. ബധിരയും മൂകയുമായ ഒരു യുവതിയെ കുടുംബശ്രീയിൽ അംബമാക്കുന്നത് തെറ്റാണെന്ന് പലരും അഭിപ്രായപ്പെട്ടു. പക്ഷെ ഞാൻ അത് കണക്കിലെടുത്തില്ല. അവൾക്കും ചില ആഗ്രഹങ്ങൾ ഒക്കെയില്ലേ. കുടുംബശ്രീയിൽ എല്ലാ ആഴ്ചയിലും മുടങ്ങാതെ അവൾ തൃഫ്റ്റ് തുക അടയ്ക്കുകയും അവളുടെ മക്കളുടെ കാര്യങ്ങൾക്ക് വേണ്ടിയും മറ്റും എടുക്കുന്ന വായ്പതുക കൃത്യമായി തിരിച്ചടയ്ക്കുകയും ചെയ്യുന്നുണ്ട്. അവളെ ഞങ്ങളഅം ബാങ്കിൽ കൊണ്ടുപോകുകയും ബാങ്കിൽ നിക്ഷേപം അടയ്ക്കുന്ന കാര്യങ്ങളും മററും മനസ്സിലാക്കി കൊടുത്തിട്ടുണ്ട്. അവൾക്ക് എഴുതുവാൻ അറിയാത്തതുകൊണ്ടാണ് അവൾക്ക് വേണ്ടി സെക്രട്ടറിയായ ഞാൻ ഈ കുറിപ്പ് എഴുതുന്നത്. യോഗത്തിൽ അവൾ വന്നാൽ ആംഗ്യഭാഷയിൽ തൻരെ കാര്യങ്ങൾ എല്ലാം ഓരോ അംഗങ്ങളുമായി പങ്കുവെയ്ക്കും. ഇത് എല്ലാവർക്കും ഭയങ്കര സന്തോഷമാണ്.
ശുഭാ ശിവദാസനുവേണ്ടി നിർമ്മാല്യം കുടുംബശ്രീയുടെ സെക്രട്ടറി

ലേഖാ സുധാകരൻ

****

കുടുംബശ്രീ കൊണ്ടുള്ള നേട്ടം

കുടുംബശ്രീ എന്നു പറയുന്നത് ദാരിദ്ര്യ നിർമാർജ്ജിതവും ഒരു പരിധിവരെ സമ്പാദ്യശീലവും അംഗങ്ങളുടെ കൂട്ടായ്മയുമാണ്. പുറം ലോകവുമായി യാതൊരു ബന്ധവുനില്ലാതെ യിരുന്ന വീട്ടമ്മമാർക്ക് കുടുംബശ്രീ കൂട്ടായ്മയിലൂടെ അറിവിന്റെ പടി വാതിൽ തുറന്ന് കൊടുക്കുവൻ സാധിച്ചിട്ടുണ്ട്.

ദാരിദ്രനിർമ്മാർജ്ജനം ലക്ഷ്യംവെച്ചുകൊണ്ട് അവരെ തൊഴിൽ ചെയ്യാൻ പ്രാപ്ത രാക്കുകയും ഒരു പരിധിവരെ സമ്പാദ്യശീലം വളർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

കുടുംബശ്രീ സംഘടിപ്പിക്കുന്ന ആഴ്അചതോറുമുള്ള മീറ്റിംങ്ങുകൾ, സെമിനാറുകൾ, നിർദ്ദേശങ്ങൾ എന്നിവ കൂടുതൽ അറിവ് പകർന്നുകൊടുക്കുവാനും സമൂഹത്തിന്റെ മുൻപിൽ സ്വന്തമായി അഭിപ്രായങ്ങൾ പറയുവാനുള്ള കഴിവും, കാര്യപ്രാപ്തിയും കുടുംബശ്രീ മുഖേമ സാധിക്കുന്നു.

അമിതമായി പലിശകൊടുത്ത് വായ്പ എടുക്കുന്ന കുടുംബങ്ങൾക്ക് (ബ്ലെയ്ഡ് മാഫിയകളെ പേടിക്കാതെ) ഏറ്റവും കുറഞ്ഞ പലിശയ്ക്ക് കൈവശമുള്ള തുക അടച്ച് കടം വീട്ടാനും പരാതിയോ പരിഥയരമ ഒന്നും തന്നെയില്ലാതെ അടയ്ക്കുന്ന പലിശ ചിലവുകഴിഞ്ഞ് ഏണത്തിന് തിരിച്ചുകിട്ടുന്നതും കുടുംബത്തിനും കുടുംബനാഥനും ഒരു സഹായവുമാണ്.

സ്വയം സൊവിൽ കണ്ടെത്താൻ ബവൺമെന്റ് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുക്കുകയും അംഗങ്ങൾക്ക് ഇഷ്ടമുള്ള തൊഴിൽ തിരഞ്ഞെടുക്കുവാൻ കുടുംബശ്രീയിലൂടെ സഹായിക്കുന്നു. ഇത് കുടുംബശ്രീയുടെ ഒരു പ്രത്യേകതയാണ്.

ആഭരണ നിർമ്മാണം, കുട,സോപ്പുപൊടി, ബുക്ക് ബയന്റിംഗ്, കൃഷി, കച്ചവടം, പശുവളർത്തൽ, ആട്, കോഴി, കാടക്കോഴി, തേനീച്ച, കന്നുകുട്ടി, തയ്യൽ, അച്ചാറുകൾ, പൊടിവർഗ്ഗങ്ങൾ ഇങ്ങനെ പലവിധ പ്രോജക്ടുകൾ ഉണ്ട്. അംഗങ്ങൾക്ക് യോജ്യമായത് സ്വീകരിക്കാം. ആവശ്യമുള്ള പ്രോജക്ടിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്ത്കൊടുക്കുന്നു കുടുംബശ്രീമൂലം.

ഞാൻ ജൈവവളനിർമ്മാണ യൂണീറ്റ് എടുത്തു.

മണ്ണിര കംമ്പോസ്റ്റ്നിർമ്മാണം കൊണ്ട് പല ഗുണങ്ങളാണ് ഉണ്ടാകുന്നത്. രാസവളപ്രയോഗം ഒരു പരിധിവരെ കുറയ്ക്കുവാനും വീടും പരി,രവും വൃത്തിയായി സൂക്ഷിക്കുവാനും അടുക്കളയിലെ മാലിന്യം നിർമാർജ്ജനം ചെയ്യുവാനും മണ്ണിര കംമ്പോസ്റ്റ്കൊണ്ട് സാധിക്കുന്നു. വീട്ടിലെ വേസ്റ്റുകളും, കരിയിലയും, ചപ്പും ചവറും മണ്ണിര കംമ്പോസ്റ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. മണ്ണിര കമമ്പോസ്റ്റ് നിർമാണത്തിന് ഉപയോഗിക്കുന്നു. മണ്ണിര കംമ്പോസ്റ്റ് വാണിജ്യാടിസ്ഥാനത്തിൽ ചെയ്യാൻ സാധിക്കുന്നത്ാണ്. കുറഞ്ഞ ജോലി മാത്രമേ ആവശ്യമുള്ളൂ. മണ്ണിരയെ വിറ്റും, വളം വിറ്റും വരുമാനം വർദ്ധിപ്പിക്കാം. മണ്ണിരയുടെ ഗ്രേവി (വെള്ളം) ഒരു ഉത്തേജന മരുന്നാണ്. 180000 രൂപയുടെ മണ്ണിരയെ വിൽക്കുവാനും ലോഡുകണക്കിന് വളം വിൽക്കുവാനും കുടുംബശ്രീ

മുഖേന എനിക്ക് സാധിച്ചിട്ടുണ്ട്. ഇന്നും കൃഷിക്ക് ആവശ്യമായ വലം ഉല്പാദിപ്പിക്കുന്നു. റബ്ബർ കൃഷിക്ക് വളം പല അംഗങ്ങളും വാങ്ങുന്നുണ്ട്. ഇതെല്ലാം തന്നെ കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെ സാധിച്ചതിനായതിനാൽ കുടുംബശ്രീയിലൂടെ എല്ലാ പ്രവർത്തകരോടും നന്ദി ഈ സമയം അറിയിച്ചുകൊള്ളുന്നു.

പല തലമുറകളിൽ ജീവിക്കുന്നവീട്ടമ്മമാരെ കുടുംബശ്രീയൂണീറ്റുകളാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൊണ്ടുവരാൻ സഹായിച്ചത്. ആയതിനാൽ പുറം ലോകം കാണാത്ത സ്ത്രീകൾക്ക് ഒരടുക്കും ചിട്ടയും നല്ല വരുമാന മാർഗ്ഗവും ഉണ്ടായതുമൂലം കുടുംബത്തിനും കുടുംബനാഥനും ഒരു കൈത്തണലാകുകയും ചെയ്യുന്നു. ഈ പ്രവർത്തനം മൂലം വീടിനും സമൂഹത്തിനും നാടിനും വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന. ഈതും കുടുംബശ്രീയുടെ മറ്റൊരു നേട്ടമാണ്.

നമ്മുടെ കൊച്ചുകേരളം കുടുംബശ്രീ മൂലം സമ്പത്തിൻരെയും സമൃദ്ധിയുടെയും കൂട്ടായ്മയുടെയും ഐശ്വര്യപൂർണമായ കേരളമായിത്തീരാൻ ആശിക്കുന്നു.

****

കർമ്മസാരഥി

ചുനക്കര ഗ്രാമ പഞ്ചായത്തിൽ 2000 ജൂലൈ മാസത്തിൽ കുടുംബശ്രീ പ്രസ്ഥാനം രൂപീകരക്കുന്നത്ന് മുന്നോടിയായി മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് ട്രെയിനിംഗ് കിട്ടിയതിന് ശേഷം ചുനക്കര പഞ്ചായത്തിലെ എല്ലാ വാർഡിലെ സ്ത്രീകളെ വിളിച്ചുകൂട്ടി ശില്പശാല നടത്തി അതിനു ശേഷം എല്ലാ വാർഡുകളിലും യൂണീറ്റുകളും എ.ഡി.എസ് കളും രൂപീകരിച്ചു. സി.ഡി.എസ് രൂപീകരണ വേളയിൽ അന്നത്തെ പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം സി.ഡി.എസ് ചെയർ പേഴ്സൺ ആകണമെന്നു പറഞ്ഞപ്പോൾ ഞാൻ അക്ഷരാർത്ഥത്തിൽ നടുങ്ങിപ്പോയി. തൽക്ഷണം തന്നെ പൊതുവായ ഒരു തെരഞ്ഞെടുപ്പിൽ എന്റെ പേര് നിർദ്ദേശിക്കുകയും അതിന് പിൻതുണയ്ക്കുകയും ചെയ്ത് സി.ഡി.എസ് ചെയർ പേഴ്സൺ ആയി ഏഴ് വർഷക്കാലം കുടുംബശ്രീയുടെ പ്രർത്തനങ്ങളിൽ നേതൃത്വം വഹിക്കാൻ സാധിച്ചിട്ടുണ്ട്.

മൂന്ന് വയസ്സു മാത്രമുള്ള എന്റെ മകളെ സംരക്ഷിക്കേണ്ട കാലഘട്ടത്തിൽ അവളെ പ്രായമായ അമ്മുമ്മയുടെ കൈകളിൽ ഏൽപ്പിച്ചിട്ടാണ് ഞാൻ സന്നദ്ധസേവകയായി സമൂഹത്തിലേയ്ക്ക് ഇറങ്ങിത്തിരിച്ചത്. ഞാൻ എന്ന വ്യക്തിയെ കുടുംബശ്രീ പ്രസ്ഥാനത്തിൽ കൂടി വലുതാക്കിയെടുത്തപ്പോൾ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ പ്രവർത്തിക്കണം എന്നായിരുന്നു. ആദ്യനിർദ്ദേസം. ഈ സംഘടന ലോകരാജ്യത്ത് അറിയപ്പെടുന്നതിൽ അഭിമാനം കൊള്ളുന്നു. ഞങ്ങളുടെ പഞ്ചായത്തിലെ ശ്രദ്ധേയമായ ഒരു പ്രോജക്ടാണ് അഗതി ആശ്രസ പദ്ധതി. അഗതിയെ കണ്ടെത്തുന്നതിനു വേണ്ടി വാർഡിൽ പോയപ്പോൾ ഒരു വീടിന്റെ മൂലയിലായി തലയ്ക്ക് സ്ഥിരമില്ലാത്ത അമ്മയും മകളും ആരാരും ശ്രദ്ധിക്കാതെയും വോട്ടവകാശം പോലുമില്ലാത്ത ഇവരെ ആ പുര

യുടെ മൂലയിൽ നിന്നും മാറ്റി. ഞങ്ങൾ ആരാണെന്നുപോലും അറിയാതെ എന്തൊക്കെയോ സ്വയം പിറുപിറുത്തുകൊണ്ടുള്ള ആ രംഗം ഇന്ന് ജീവിതത്തിന് വലിയൊരനുഭവമാണ്. അവർക്ക് ഭക്ഷണം, വസ്ത്രം, വീട്, മരുന്ന്, കുടിവെള്ളം എന്നിവ എത്തിക്കുന്നതിന് ഞങ്ങൾ വലിയൊരു പരിശ്രമം നടത്തിയത് ഒരിക്കലും മറക്കാത്ത ഒരനുഭവമാണ്. അടുത്ത വാർഡിൽ പോയപ്പോൾ അതിലും ദുഖകരമായ ഒരു കാഴ്ചയാണ് കണ്ടത്. ക്യാൻസർ രോഗം ബാധിച്ച് അച്ഛനും, വലുവിന്റെ അസുഖമുള്ള അമ്മയേയും കൊണ്ട് നിസ്സഹായയായി നിൽക്കുന്ന ഒരു പിഞ്ചു കുഞ്ഞിന്റെ രംഗം എന്റെ ധിച്ചു. പിന്നീട് ആ അച്ഛൻ മരിക്കുകയും ഇന്ന് അവൻ വളർന്ന് വലുതായി ഡിഗ്രിക്ക് പഠിക്കുകയും ചെയ്യുന്നു. അവൻ പോകുന്ന മേഖലയിൽ എല്ലാം ഞാനെന്ന വ്യക്തിയെ ദൈവമായി പറയുമ്പോഴും അതും എന്റെ ഒരനുഭവമാണ്.

ബാലസഭാ കുട്ടികളെക്കൊണ്ട് ജില്ലാ പാർമെന്റിന് പോയപ്പോൾ എന്റെ പഞ്ചായത്തിലെ അഗതിയിൽ ഉൾപ്പെടുന്ന കുട്ടിയെകൊണ്ടാണ് പോയത്. തലയ്ക്ക് സ്ഥിരമില്ലാത്ത അച്ഛനും രോഗം ബാധിച്ച അമ്മയുമാണ് ആ കുട്ടയ്ക്കുള്ളത്. ആലപ്പുഴയിൽ വെച്ച് കളക്ടറുമായി കുട്ടി സംവാദം നടത്തിയപ്പോൾ അവരുടെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പഠിക്കാൻ കറന്റ് ഇല്ലാ എന്നു പറഞ്ഞപ്പോൾ ആ നിമിഷം തന്നെ കളക്ടർ ഇലക്ട്രിസിറ്റിയിൽ വിളിച്ച് പറഞ്ഞ് ഞങ്ങൾ ട്രെയിനിംഗ് കഴിഞ്ഞ് വീട്ടിൽ വരുന്നതിന് മുമ്പ് അവർക്ക് വെളിച്ചം കിട്ടിയ സംഭവവും ജീവിതത്തിന്റെ മറ്റൊരനുഭവമാണ്.

2005 ൽ ബാലസഭ കുട്ടികളെക്കൊണ്ട് പുനലൂരുലെ ന്യൂ ഇയർ ആഘോഷവും സന്തോഷത്തിന്റെ ഒരനുഭവമാണ്. ഒരു ദിവസം മുഴുവൻ ഞങ്ങളുടെ പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടന്ന സ്ത്രീയെക്കൊണ്ട് പോലീസ് സ്റ്റേഷനിൽ പോയതും അവരെക്കൊണ്ട് ഒരു രാത്രി മുഴുവനും അവിടെ നിന്നതും മറ്റൊരനുഭവ കഥയാണ്. ആങ്ങനെ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. അതിലുപരി സ്ത്രീ പദവി സ്വയം പഠനവും, സ്ത്രീയും ആരോഗ്യവും, നിർഭയ പദ്ധതിയും ഇനിയും പുതിയ പുതിയ പദ്ധതികൾ വീണ്ടും ഈ മഹത്തായ സ്ത്രീകളുടെ കൂട്ടായ്മയിൽ ഉയർന്ന് വരട്ടെയെന്ന് പ്രതീക്ഷിക്കുന്നു. ഇനിയും വീറോടും, വാശിയോടും പ്രവർത്തിക്കുന്നതിന് എനിക്കും എന്നെപ്പോലുള്ള സ്ത്രീകൾക്കും ശക്തി പകരട്ടെയെന്ന് പ്രത്യാശയോടെ നിർനത്തുന്നു.

****

## *വെളിച്ചം*

വെൺമണി പഞ്ചായത്തിലെ ഒരു കുടുംബശ്രീ അംഗമാണ് ഞാൻ. ഞാൻ 8 വർഷമായി കുടുംബശ്രീയിൽ വരുന്നതിന് മുമ്പ് എനിക്ക് നമ്മുടെ സമൂഹമായിട്ട് ഒരു ബന്ധ

വുമില്ലായിരുന്നു. ഒരു ഏഫീസിൽ പോകുന്നത്നോ നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനോ സാധിച്ചിട്ടില്ല.

എന്റെ കുടുംബം എന്ന് പറയുന്നത് ഞാനും എന്റെ രണ്ട് ആൺമക്കളും അടങ്ങുന്നതാണ്. 6 വർഷം മുമ്പ് എന്റെ ഭർത്താവ് എന്നെയും എന്റെ മക്കളെയും ഉപേക്ഷിച്ചു പോയി. എന്റെ ഭർത്താവ് നാട്ടിൽ ജോലി ചെയ്യുന്നതിനിടയിൽ ഗൾഫിൽ പോയി. അതുനുശേഷം എന്നയോ എന്റെ മക്കളെയോ തിരിഞ്ഞു നോക്കിയിട്ടില്ല. അന്ന് എന്റെ മകൾ 9 ാം ക്ലാസ്സിൽ പഠിക്കുന്ന സമയം എന്റെ മക്കൾക്ക് പഠനത്തിനു പോലും ഒരു സഹായം ചെയ്തുതരില്ലായിരുന്നു.

അങ്ങനെ വളരെ ബുദ്ധിമുട്ട് ഉള്ള സമയത്ത് എന്റെ കുടുംബശ്രീ അംഗങ്ങൾ എനിക്ക് ഒരു ചെറിയ തുക വായ്പയായി തന്ന് എന്നെ സഹായിച്ചു. അങ്ങനെ എന്റെ കുട്ടികളെ പഠിപ്പിക്കുന്നതിന് ഇന്നും എന്റെ കുടുംബശ്രീയിൽ നിന്നും വായ്പ നൽകുന്നു. ആ തുക അടയ്ക്കാൻ താമസിച്ചാലും അവർക്ക് എന്നോട് പരിഭവം ഇല്ല. ഇന്ന് രണ്ട് വീടുകളിൽ ജോലിക്ക് പോയി എന്റെ കുഞ്ഞുങ്ങളെ വളർത്തുന്നുന്നു. അതിന് എനിക്ക് മനോധൈര്യം നൽകിയത് എന്റെ കുടുംബശ്രീയാണ്. അതുപോലെ തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ കാർഡ് എടുത്ത് ജോലി ചെയ്ത് ആ തുകയും എനിക്കും കുഞ്ഞുങ്ങൾക്കും ഒരു ലഹായം ആണ്. ഇതിന് എല്ലാം എന്നെ സഹായിച്ചത് എന്റെ കുടുംബശ്രീയാണ്.

രാജി

അയൽക്കൂട്ട അംഗം.

****

പിന്നിട്ട പാതയിൽ എന്നെ ഞാനാക്കിയ കുടുംബശ്രീ

14 വർഷങ്ങൾക്ക് മുമ്പുള്ള ഭൂതകാലത്തിലേയ്ക്ക് തിരിയുന്ന ജീവിതത്തിന്റെ കണ്ണാടി. അതിൽ തെളിയുന്ന നാട്ടുവിശേഷങ്ങളും, സമൂഹമന്മയും, ജീവിത ബദ്ധപ്പാടിൽ ഒരാശ്രയമായി തീർന്ന കുടുംബശ്രീ അയൽക്കൂട്ടക്കഥ എന്നെ ഞാനാക്കിയ കുടുംബശ്രീ.

പച്ചപിടിച്ചു പരന്നു കിടക്കുന്ന പാടങ്ങളും മണ്ടരി ബാധിച്ച് അവശരായ് നിൽക്കുന്ന തെങ്ങിൻ പുരയിടവും കൃഷി ഒരു സംസ്കാരമാക്കി മാറ്റുകയും കൃഷി മാത്രം ആശ്രയിച്ചും, കന്നുകാലികളെ വളർത്തിയും എവിടെയും നെയ്ത്തെറികളുടേയും തൊണ്ടു തല്ലുന്നതിന്റെയും ശബ്ദം കാതിൽ അലയടിച്ചു ഉയർന്നിരുന്ന ഒരു ഗ്രാമ പ്രദേശം ചെത്തിക്കാട്ട് പ്രദേശം. 1999 ജൂലൈ മാസം വരെ അതും അല്ലെങ്കിൽ 2000 –ാമാണ്ട് ആഗസ്റ്റ് 20 –ാം തീയതിക്ക് മുമ്പ് വരെ ഞാൻ വെറുമൊരു വീട്ടമ്മയായിരുന്നു. കയർ മേഖലയായിരുന്നു ഞങ്ങളുടെ ഉപജീവന മാർഗ്ഗം. രാവിലെ വീട്ടിലെ ജോലികൾ തീർത്തിട്ട് തൊണ്ട്തല്ലി കയർ പിരിക്കുകയായിരുന്നു നിത്യവും. അങ്ങനെ ഞങ്ങൾ അയൽക്കാർ കുറച്ച് സ്ത്രീകൾ ഒരുമിച്ച് നാട്ടുവർത്തമാനങ്ങളും തമാശകളും പറഞ്ഞിരു

ന്നു. കശുമാവിന്റെ തണലിൽ ചകിരി പിരിക്കുമ്പോൾ നാട്ടിലെ സാമൂഹ്യ പ്രവർത്തകരും പാർട്ടിക്കാരും കൂടി വന്നിട്ട് പറഞ്ഞു. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾക്കായി ഒരു അയൽക്കൂട്ടം തുടങ്ങുവാൻ പോകുന്നു. അതിൽ അയൽപക്കക്കാർ കൂടിയായിരിക്കണം ഒത്തിരി അകലെയുള്ളവർ വേണ്ട അങ്ങനെ വീട്ടിൽ ഭർത്താവും മറ്റുള്ളവരും രാഷ്ട്രീയ രംഗത്തു തന്നെ നിൽക്കുന്നവരായതുകൊണ്ട് എനിക്ക് വളരെ എളുപ്പം ഈ രംഗത്ത് പ്രവർത്തിക്കാൻ അവസരമുണ്ടായിരുന്നു. അന്ന് ശ്രീ. ഇ.കെ.നയനാർ കേരളം ഭരിക്കുന്ന കാലം.ബഹു.ഡോ.തോമസ് ഐസക് എം.എൽ.എ ആയിരുന്ന കാലഘട്ടം. കേരളത്തിലെ ജനങ്ങളുടെ സുവർണകാലം. രാഷ്ട്രീയ പ്രവർത്തകരും, സാമൂഹിക പ്രവർത്തകരും ചേർന്ന് സ്ത്രീകളുടെ ഒരു യോഗം പ്ലാൻ ചെയ്തു. ഞാൻ നടന്ന് എല്ലാ അയൽക്കൂട്ടുകാരെയും വിളിച്ചു. അങ്ങനെ ഒരു അയൽക്കൂട്ട യോഗം ചേർന്നു. അതു പിന്നിട്ട് കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം ആയിട്ട് മാറി.

കുടുംബശ്രീ എന്താണോ, എന്തിനെന്നോ അറിയാത്ത കു◌ിറെ പാവപ്പെട്ട സ്ത്രീകളുടെ ജീവിതബദ്ധപ്പാടുകൾക്ക് അർത്ഥവും വ്യാപ്തിയും ആശയവിനിമയവും കൈവരിച്ച് സമൂഹ നന്മയ്ക്ക് ഒരു കൂട്ടായ പ്രവർത്തനം കുടുംബശ്രീ എന്നറിയിച്ചു. ആങ്ങനെ ഞങ്ങൾ 36 പേർ അടങ്ങുന്ന യൂണീറ്റ് രൂപീകരിച്ചു. എല്ലാവരും കൂടി തീരുമാനിച്ചു അനില തന്നെ പ്രസിഡന്റ് ആകുന്നതാണ് നല്ലത്. അങ്ങനെ 2000–ാം ആഗസ്റ്റ് 20–ാം തീയതി ഞങ്ങളുടെ സ്നേഹയൂണീറ്റ് നിലവിൽ വന്നു. ആഹ്ലാദത്തിന്റെ നാളുകളായിരുന്നു ഞങ്ങൾക്ക് സന്തോഷത്തോടു കൂടി ഇതിന്റെ കാര്യങ്ങൾ വിശദമാക്കി തരുവാൻ അന്നത്തെ പഞ്ചായത്ത് കമ്മറ്റി ഒരു ഫാക്കൽറ്റി ടീം തെരഞ്ഞെടുത്തിരുന്നു. അതിൽ നമ്മെ വിട്ടു പിരിഞ്ഞ ഭദ്രൻ സാറുമുണ്ടായിരുന്നു. സാറായിരുന്നു പഞ്ചായത്തിന്റെ മുക്കാൽ പ്രദേശത്തും കുടുംബശ്രീ അംഗങ്ങളെ ശക്തരാക്കിയിരുന്നത്. 2000 –ാം ആണ്ടു മുതൽ 3 വർഷക്കാലം യൂണിറ്റിന്റെ പ്രസിഡന്റ്, തുടർന്ന് 3 വർഷക്കാലം എ.ഡി.എസ് സെക്രട്ടറിയായും 2 വർഷം സി.ഡി.എസ് പ്രസിഡൻ◌ായും കുടുംബശ്രീ സംഘടന സമവിധാനത്തിന്റെ തലപ്പത്ത് തന്നെ അഭിമാനകരമായ് പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തനം കൊണ്ട് നമുക്ക് ആർക്കെങ്കിലും എന്തെങ്കിലും ഒക്കെ ചെയ്യുവാൻ എന്തെന്നാൽ പരസഹായം ആ കൃത്യം നിർവഹിക്കാനും എനിക്ക് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വീടില്ലാത്തവർക്ക് വുടുംബശ്രീവവി ഭവന വായ്പ തുടങ്ങിയപ്പോൾ എന്റെ വാർഡിൽ ആകെ 23 അംഗങ്ങൾക്ക് വായ്പ കൊടുക്കുവാനും അതോടൊപ്പം എന്റെ യൂണീറ്റിൽ 9 അംഗങ്ങൾക്ക് വായ്പ വാങ്ങിക്കൊടുക്കുവാനും സാധിച്ചത് ഏറ്റവും കൂടുതൽ മനലസ്സിന് സന്തോഷം ആയിട്ടുണ്ട്. ആതുപോലെ അഗതി ആശ്രയയിൽ ഉളഅ◌പ്പെട്ട അഞ്ച് പേർ ഉണ്ട്. എന്റെ വാർഡിൽ വീടില്ലാത്തവർക്ക് വീട്, മരുന്ന്, ഭക്ഷണം, കരന്റ്, ആഹാരകിറ്റ്, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ വാങ്ങിച്ചുകൊടുത്ത് അവരുടെ സന്തോഷത്തിനും അംഗീകാരത്തിനും പാത്രമാകുവാനും കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ പറഞ്ഞാലും പറഞ്ഞാലും തീരില്ല. ലോകം അറിയുന്ന പഞ്ചായത്തിന്റെ കുടുംബശ്രീ സി.ഡി.എസ് തലപ്പത്തിരുന്ന്

പാവപ്പെട്ടവർതക്കായ് ശബ്ദമുയർത്തുവാൻ സാധിച്ചത് തന്നെ ജീവിതത്തിൽ എന്നും ഓർമ്മയിൽ സൂക്ഷിക്കുവാൻ ഒരു പൊൻ തൂവൽ തന്നെയാണ്. അഗതികളായ അമ്മമാരുടെ അനുഗ്രഹവും ഉണ്ടാകുന്നുണ്ട്.

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം നിലവിൽ വന്നപ്പോൾ ഞങ്ങളുടെ പരിസരത്തിലെ പ്രമാമികൾ ഞങ്ങളെ കളിയാക്കുകയും ആവശ്യമില്ലാത്ത കാരണങ്ങളാൽ കുറയധികം വിഷമിക്കുകയും ചെയ്തിരുന്നു. ഭർത്താവിന്റെയൊപ്പം ഭാര്യയേയും പൊതു ബരണത്തിനായിട്ടിരിക്കുന്നു. ചരിത്രം ഉറങ്ങുന്ന വിപ്ലവത്തിന്റെ മണ്ണാണ്. ആയതുകൊണ്ട് തന്നെ ഞങ്ങൾ പതറിയില്ല. പണ്ഡിതനെന്നോ പാമരനെന്നോ നോക്കാതെ എല്ലാവർക്കും പ്രവർത്തിക്കുവാൻ പ്രായഭേദമന്യേ അവരവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി സുതാര്യത കൈവരിച്ച ഒരു പ്രസ്ഥാനം മറ്റൊന്നില്ലായിരുന്നുവെന്നും അറിഞ്ഞു.

കുടുംബശ്രീ പ്രസ്ഥാനത്തൽ പ്രവർത്തിക്കുവാൻ സാധിച്ചതുകൊണ്ട് എത്രയെത്ര ട്രെയിനിംങ്ങുകൾ കാണാത്ത സ്ഥലങ്ങൾ എത്ര ജില്ലയിലെ ആൾക്കാരെ പരിജയപ്പെടാനും, അവരുമായ് ആശയങ്ങൾ കൈമാറുവാനും എനിക്ക് അറിയാത്ത ഒത്തിരി കാര്യങ്ങൾ മറ്റ് ജില്ലയിലെ കുടുംബശ്രീ പ്രവർത്തകരിൽ നിന്ന് പഠിക്കുവാനും സാധിച്ചിട്ടുണ്ട്. കോട്ടയം, കൊല്ലം, തിരുവന്തപുരം, കൊട്ടാരക്കര, എർണാകുളം എന്നിവടങ്ങളിൽ കുടുംബശ്രീയുടെ ട്രെയിനിങ്ങുകൾ പങ്കെടുക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണീറ്റിലും വാർഡിലും പഞ്ചായത്തിലും നിറഞ്ഞ സാന്നിദ്ധ്യം കുടുംബശ്രീയ്ക്ക് വേണ്ടി ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ട്. ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരാ പ്രാവർത്തകരാക്കാനും സ്ത്രീകളിൽ നിന്നും കുടുംബങ്ങളിലേയ്ക്കും കുടുബങ്ങളിൽ നന്ന് സമൂഹത്തിലേയ്ക്കും എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനും നല്ല അംഗീകാരവും കിട്ടിയിട്ടുണ്ട്. എല്ലാത്തിനും ഉപരിയായി കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ശ്രീ. അലിയാർ സാറിന്റെ ഒരച്ഛന്റെ സ്ഥാനത്ത് നിന്നുകൊണ്ടുള്ള വഴക്കുപറച്ചിലുകളും അറിവിന്റെ ആസ്ഥാനം വായനയിലൂടെ മാത്രം എന്ന അറിവും പകർന്നു തന്നിരുന്നു.

ഒരു ഓഫീസുകളിലോ, ബാങ്കുകളിലോ ധൈര്യപൂർവ്വം പോകുവാൻ മടിയായിരുന്ന എനിക്ക് കുടുംബശ്രീയിൽ വന്നതോടെ എത്രയെത്ര ബാങ്കുകൾ, ഓഫീസുകൾ എന്നിവടങ്ങളിൽ കയറിച്ചെല്ലാനും, ചെന്നാൽ സി.ഡി.എസ് പ്രസിഡന്റാണ് എന്നു പറഞ്ഞാൽ ഇരിക്കുവാൻ കസേര തരുന്ന ഒരു അംഗീകാരവും കിട്ടിയിട്ടുണ്ട്. കുടുംബശ്രീ എന്ന പേടകത്തിനുള്ളിൽ എന്തെല്ലാം വിഭവങ്ങൾ ഉണ്ട്. വീടില്ലാത്തവർക്ക് വീട്, ആശ്രയം ആരും ഇല്ലാത്തവർക്ക് ആനുകൂല്യം, കൃഷിക്ക് ആനുകൂല്യം, ബാലസഭ, സമ്പാദ്യം, സാമ്പത്തികം ഇതിനെക്കാൾ ഉപരിയായ് സ്ത്രീകളുടെ ഉന്നമനത്തിനും സമത്വത്തിനും ഉതകുന്ന സ്ത്രീശാക്തീകരണം എന്നിവയിൽ ഊന്നിക്കൊണ്ട് പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്.

ജീവിതത്തിൽ മറക്കാനാവാത്ത ഒരു ദിവസം കുടുംബശഅരീ 10 –ാം വാർഷികം, ആലപ്പുഴയിൽ നടന്ന നാൾ പഞ്ചായത്തിന്റെയും സി.ഡി.എസ് ന്റെയും പ്രവർത്തനത്തെ

മുൻ നിർത്തി ഏറ്റവും നല്ല സി.ഡി.എസി നുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കകയും അതിൽ ഒന്നാം സ്ഥാനം നേടുവാൻ സാധിക്കുകയും ചെയ്തു. ആലപ്പുഴ കടപ്പുറത്ത് വച്ച് സാഗരം സാക്ഷിയാക്കി, ബഹു.മന്ത്രിയിൽ നിന്നും ഏറ്റവും നല്ല സി.ഡി.എസി നുള്ള അവാർഡ് ഏറ്റുവാങ്ങാൻ സാധിച്ചതുതന്നെ എനിക്ക് ജീവിതത്തിൽ മറക്കുവാൻ പറ്റാത്തതും ഓർമ്മയിൽ സൂക്ഷിക്കുവാനും ഉള്ള ഒരു അനുഭവമായ് കരുതുന്നു. സ്റ്റേറ്റ് മിഷന്റെ അവാർഡ് ദാന ചടങ്ങിൽ എർണാകുളത്തും പങ്കെടുത്തു. അവിടെയും സ്റ്റേജിൽ നിന്നും സർട്ടിഫിക്കറ്റും, ക്യാഷ് ചെക്കും കൈപ്പറ്റുവാനും അവസരം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന ഏജൻസിയായ കുടുംബശ്രീയെ മാറ്റിയതുകൊണ്ട് തന്നെ ദൂരദർശൻ നടത്തിയ പ്രോഗ്രാം ഗ്രീൻ കേരള എക്സ്പ്രസ് പ്രസിഡന്റായ് അതിലും ഞാൻ സന്തോഷത്തോടുകൂടി പോയിരുന്നു.

സി.ഡി.എസ് പ്രസിഡന്റായും, എ.ഡി.എസ് സെക്രട്ടറിയായും പ്രവർത്തിച്ച് പഞ്ചായത്തിലും, വാർഡിലും, പാവപ്പെട്ട സ്ത്രീകൾക്കായിട്ട് നല്ല കാര്യങ്ങൾ ചെയ്തു കൊടുക്കുവാനും പഞ്ചായത്തിന്റെ എല്ലാ പ്രവർത്തനത്തിനും ഒപ്പം നിൽക്കുവാനും സാധിച്ചിട്ടുണ്ട്. വെറുമോരു വീട്ടമ്മയായ് മാത്രം കഴിഞ്ഞിരുന്ന എനിക്ക് ഇത്രയധികം സമ്മാനങ്ങളും അതിലുപരി അംഗീകാരവും നേടി തന്നത് കുടുംബശ്രീ കൂട്ടായ്മ ഒന്നു തന്നെയാണ്. ഡയറക്ടർ ശാരദാമുരളീധരനും, അലിയാൻ സാറും ഒരിക്കലും മനസ്സിൽ നിന്ന് മായാത്ത ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ഒട്ടനവധി അറിവിന്റെ പേടകങ്ങളഅം തുറന്ന് തരുകയും ചെയ്ത അറിവിന്റെ ഒരായിരം ഓർമകൾ എനിക്ക് കിട്ടിയത് ഓരോ കുടുംബശ്രീ കൂട്ടായ്മയ്ക്കും എന്നെകണ്ട് കഴിയുന്ന തരത്തിൽ എത്തിച്ചിട്ടുണ്ട്. ഒട്ടനവധി ഉദ്യോഗസ്ഥന്മാരെ മിഷൻ പ്രവർത്തകരെ പരിചയപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തകരെ പരിചയപ്പെടുവാനും സാധിച്ചിട്ടുണ്ട്. കുടുംബശ്രാ പ്രവർത്തകരെ പരിചയപ്പെടുവവാനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തക ആക്കിയതുപോലെ തന്നെ എന്റെ സമൂഹം എന്റെ വാർഡിന്റെ പ്രതിനിധിയാക്കുവാനും പഞ്ചായത്തിന് തന്നെ ഏറ്റവും കൂടുതൽ വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി വിജയിക്കുവാനും അങ്ങനെ ജനപ്രതിനിധിയാകുവാനും കുടുംബശ്രീ എന്നെ തുണച്ചു. സംഘടനാ സംവിധാനത്തിലുള്ള കുടുംബശ്രീ സി.ഡി.എസിന്റെ തലപ്പത്ത്, പഞ്ചായത്ത് പ്രസിഡന്റിന്റെ അടുത്ത സ്ഥാനത്ത് ചെയർ പേഴ്സൺ കസേരയുടെ അനുഭൂതി ഇപ്പോൾ കിട്ടുന്നില്ല. 18 വാർഡിന്റെയും അംഗീകാരവും ജനസമ്മിതിയും ഇപ്പോൾ ഇല്ലായെന്ന് തോന്നുന്നു. ഒരു വാർഡിലേയ്ക്ക് ഒതുങ്ങിപോയതുകൊണ്ടാണ് ഇത്രയും കാലം കുടുംബശ്രീ പ്രവർത്തനം കൊണ്ട് പാവപ്പെട്ട സ്ത്രീകൾക്കായി എന്തെങ്കിലും ഒക്കെ നേടി കൊടുക്കുവാൻ എനിക്ക് എന്നെ ഞാനാക്കിയ കുടുംബശ്രീ കൊണ്ട് സാധിച്ചിട്ടുണ്ട്. പിന്നിട്ട പാതയിലെ ഓർമ്മക്കുറിപ്പുകൾ ഇവിടെ നിർത്തുന്നു.

അനിലാ ബോസ്

കഞ്ഞിക്കുഴി സി.ഡി.എസ്

# എന്റെ വിജയഗാഥ

പ്രിയ സുഹൃത്തേ...

അങ്ങനെയാണോ ഞാൻ സംബോധന ചെയ്യേണ്ടത്.. എനിക്ക് അറിയില്ല. കുടുംബശ്രീ പ്രസ്ഥാനത്തിലേയ്ക്ക് ഞാൻ വരുവാൻ ഉണ്ടായ സാഹചര്യം എന്റെ തൊട്ട് അടുത്ത അയൽക്കാരനും എല്ലാവരും ആത്മമിത്രമായി കാണുന്ന കളത്തിൽ ഗോപി എന്ന ഗോപിച്ചേട്ടൻ ഒരു ദിവസം പറഞ്ഞു, അത്യാവശ്യമായി നിങ്ങൾ പത്ത് പന്ത്രണ്ട് സ്ത്രീകൾ ഒത്തുകൂടി ഒരു ഗ്രൂപ്പായി ഒരു അയൽക്കൂട്ടം തുടങ്ങണമെന്ന്. അങ്ങനെയാണ് ഞാൻ കുടുംബശ്രീയിൽ വരുന്നത്. തുടർന്ന് പത്ത് വർഷക്കാലത്തിന് ശേഷം സി.ഡി.എസ്. ചെയർപേഴ്സൺ എന്ന പദവി ലഭിക്കുകയും ചെയ്തു. അതിനുശേഷം ഉത്തരവാദിത്വവും ജോലിഭാരവും ഓർത്തപ്പോൾ ഇത് എനിക്ക് പറ്റില്ല ഒഴിഞ്ഞുപോകണം എന്ന് ചിന്തിക്കുമ്പോൾ ആണ് എന്റെ പഞ്ചായത്തിലുള്ള അഗതി ആശ്രയ കുടുംബത്തിൽപെട്ട 14 വയസ്സുള്ള ജാസ്മിൻ എന്ന കുട്ടിയെ ഒരു സാമൂഹ്യദ്രോഹി പീഡിപ്പിക്കുകയും സഹിക്കാവുന്നതിലും അപ്പുറം ആയപ്പോൾ ഇവൾ (നാക്കിന് കെട്ടുള്ളതും, നടക്കുവാൻ ബുദ്ധിമുട്ട് ഉള്ളതും ആണ്) തൊട്ട് അയൽവക്കകാരോട് പറയുകയും അവർ അത് ഗൗരവത്തിൽ എടുക്കുകയും ചെയ്തില്ല. അതിനുശേഷം ശരീരഭാഗങ്ങൾ കടിച്ചുമുറിച്ച പാടുകൾ കാണിച്ചപ്പോൾ അയൽവാസികൾ ഈ സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കിയത്. അപ്പോൾതന്നെ ആ വാർഡിലെ കുടുംബശ്രീ യൂണിറ്റ് ഇടപെടുകയും ഒരു ലോക്കൽ ചാനൽ ഈ വിവരം പുറത്ത് വിടുകയും ചെയ്തു. ഇത് ചാനലിലൂടെ കാണുവാൻ ഇടയായ ഞാൻ പെട്ടെന്ന് എന്റെ സഹപ്രവർത്തകരേയും വനിത മെമ്പർമാരേയും വിവരമറിയിക്കുകയും ഉടൻ ആ വീട്ടിൽ ചെല്ലുകയും ചെയ്തു. ആ വീട്ടിലെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. മത്സ്യകച്ചവടം നടത്തുന്ന മുഴുക്കുടിയനായ പിതാവും ബുദ്ധിസ്ഥിരത ഇല്ലാത്തതായി ജനങ്ങൾക്ക് തോന്നിക്കുകയും വിധത്തിലുള്ള മാതാവും, കാശിനുവേണ്ടി ഏതു മാർഗ്ഗവും സ്വീകരിക്കുന്ന (കിടക്കയിൽ നിന്നും എഴുന്നേൽക്കാൻ സാധിക്കാത്ത) പിതാവിന്റെ അമ്മയും, രണ്ട് അനുജത്തിമാരും അടങ്ങുന്നതാണ് ജാസ്മിന്റെ കുടുംബം. അതിലും പരിതാപകരമായ ഒരു കെട്ടുറപ്പില്ലാത്ത കുടിൽ. ഈ അവസ്ഥ കാണാൻ ഇടയായ ഞാൻ ജില്ലാ മിഷന്റേയും, എന്റെ സഹപ്രവർത്തകരുടേയും, പഞ്ചായത്ത് ഭരണസമിതിയുടേയും സമ്മതത്തോടെ ഇതിനൊരു പരിഹാരം കണ്ടെത്തി ആ കുടുംബത്തിലെ പെൺകുട്ടികളെ രക്ഷപെടുത്തുന്നതിനുവേണ്ടിയുള്ള കഠിനയപ്രയത്നം ആരംഭിച്ചു. ഈ സംഭവവുമായി ആ കുടുംബത്തോട് കൂടുതൽ അടുത്തപ്പോൾ ആണ് മറ്റ് രണ്ട് കുട്ടികൾക്കും നേരെ ഈ ആളിൽ നിന്നു തന്നെ ഉപദ്രവം ഏൽക്കേണ്ടി വന്നിട്ടുണ്ട് എന്നറിഞ്ഞത്. ഇത് അറിഞ്ഞ ഞാൻ എത്രയും വേഗം കുട്ടികളെ ആ വീട്ടിൽ നിന്നും മാറ്റി താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് നീങ്ങി. അങ്ങനെ മായിത്തറയിലുള്ള ജുവനൈയിൽ കോടതിയിൽ ഹാജരാക്കുകയും, തുടർന്ന് വീട്ടിലേക്ക് കുട്ടികളെ വിട്ടാൽ കുട്ടികളുടെ ഭാവി ജീവിതം ദുരിതപൂർണ്ണമായിരിക്കുമെന്ന് ബോധ്യം വരികയും ജാസ്മിൻ എന്ന കുട്ടിക്ക് എങ്ങനെയെങ്കിലും രക്ഷപെടണം എന്ന് പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ മൂന്ന് പെൺകുട്ടികളുടേയും പിതാവിന്റെയും അയൽപക്കകാരുടേയും സി.ഡി.എസ്. അക്കൗണ്ടന്റിന്റേയും കായംകുളം പോലീസ് സ്റ്റേഷനിൽ നിന്നും ഉള്ള വനിതാ പോലീസിനേയും കൂട്ടി ആലപ്പുഴയിലുള്ള മഹിളാമന്ദിരത്തിൽ താമസിപ്പിക്കുവാനും എനിക്ക് സാധിച്ചു. ഇപ്പോൾ ആ കുട്ടികൾ എറണാകുളം കാക്കനാട്ട് ഉള്ള പെൺകുട്ടികളെ മാത്രം താമസിപ്പിക്കുന്ന ഗവൺമെന്റ് ജുവനൈൽ ഹോമിൽ സന്തോഷത്തോടെ ജീവിക്കുന്നു. ഈ ഒരു സംഭവുമായി എനിക്ക് മുന്നോട്ട് പോകുവാൻ സാധിച്ചത് കുടുംബശ്രീ എന്ന പ്രസ്ഥാനം ഉള്ളത്കൊണ്ട് മാത്രമാണ്. എന്റെ ഈ ഉയർച്ചയിലും വിജയത്തിലും പങ്ക് കൊള്ളുവാൻ എന്നെ ഈ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവന്ന ഗോപിച്ചേട്ടൻ ഇന്ന് ജീവിച്ചിരിക്കുന്നില്ല

എന്നുള്ള ഒരു വലിയ വിഷമം മാത്രമേ എനിക്കുള്ളൂ. ഞാൻ കാണിച്ച ആത്മധൈര്യം ഓരോ സ്ത്രീക്കും പ്രചോദനമാകട്ടെ !
ജ്യോതി ഋഷികേശ്

**സമർപ്പണം**

ഇത് എന്റെ സ്നേഹിതയുടെ അനുഭവക്കുറിപ്പാണ്. അവളുടെ അനുഭവ സാക്ഷ്യങ്ങൾക്കുവേണ്ട് ഞാൻ ഇത് സമർപ്പിക്കുന്നു. നിത്യപട്ടിണിയും മുഴുക്കുടിയനുമായ ഒരു ഭർത്താവാണ് ഇവൾക്ക് ഉള്ളത്. അവൾ ആത്മഹത്യയുടെ വക്കിൽ നിൽക്കുമ്പോൾ ആണ് ഒരു അമൃത് എന്നപോലെ കുടുംബശ്രീ പ്രസ്ഥാനത്തിലേയ്ക്ക് കൈപിടിച്ച് കൊണ്ടുവന്നത്.

അങ്ങനെയിരിക്കെ ഒരു ഉച്ചനേരത്ത് എന്റെ ഒരു പരിചയക്കാരി ശാന്തമ്മ വീട്ടിൽ വന്നു. അവൾ പറഞ്ഞു എടോ പഞ്ചായത്ത് ഓഫീസിൽ ഒരു മീറ്റിംഗ് ഉണ്ട്. നമ്മുടെ വാർഡിൽ സ്ത്രീകൾക്ക് മാത്രമുള്ളതാണ് എന്ന്. നീ വരുന്നോ ? എന്തെങ്കിലും പ്രയോജനമുള്ളതാണോ എന്ന് നോക്കാം. ഉടുക്കാനൊരു നല്ല തുണിയില്ല. ചേട്ടൻ പണ്ട് കൊണ്ടുവന്ന ഒരു സാരി നിറം മങ്ങിയതിരിപ്പുണ്ട്. അതിന് പറ്റിയ ബ്ലൗസില്ല. എന്തായാലും നീയിതിലേവാ. ഒക്കുമെങ്കിൽ ഞാനൂടെ വരാം.

ഉച്ചയായപ്പോൾ അവർ വന്നു. അവർ ഒരു സാരിയും ബ്ലൗസും കൊണ്ട് വന്ന് എന്നെ ഉടുപ്പിച്ചു. ഞാനും അവളുടെ കൂടെ പോയി. കുട്ടികൾ സ്കൂളിൽ നിന്നും വരാറാകുമ്പോൾ തിരികെ വന്നാൽ മതിയല്ലോ. ഇവിടുത്തെയാൾ അവിടെ പോയതാണ്. വരുന്നത് എന്ത് കോലത്തിലാണോ ആവോ ?

ഞങ്ങൾ ചെല്ലുമ്പോൾ വാർഡുമെമ്പറും സി.ഡി.എസ്. പ്രവർത്തകരും കുറെ സ്ത്രീകളുമുണ്ട്. മീറ്റിംഗ് തുടങ്ങാറായി. സി.ഡി.എസ്. പ്രവർത്തക സ്ത്രീകൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് കുറെ കാര്യങ്ങൾ പറഞ്ഞു. പഞ്ചായത്ത് വാർഡ്മെമ്പറും പ്രസംഗിച്ചു. ഇതിൽ നിന്നും എനിക്ക് മനസ്സിലായത് ഇതാണ്. സ്ത്രീകളുടെ കൂട്ടായ്മയിലൂടെ ഒരൊറ്റ ഗ്രൂപ്പായോ എന്തെങ്കിലും തൊഴിൽ ചെയ്താൽ അതിൽ നിന്നും കിട്ടുന്ന വരുമാനം നമുക്ക് നിത്യവൃത്തിക്ക് ഉപയോഗിക്കാം. അതിന് മുതൽമുടക്കാൻ സി.ഡി.എസ്. മുഖേന ബാങ്കിൽ നിന്നും ലോൺ സംഘടിപ്പിച്ചു തരും. ഉണ്ടാക്കുന്ന വസ്തുവിന് വിപണി കണ്ടുപിടിച്ച് വിൽക്കുക. തുശ്ചമായ പലിശയും മുതലും ബാങ്കിൽ അടയ്ക്കണം. അങ്ങനെ നമ്മൾ ഒരു തൊഴിലാളിയോ തൊഴിലുടമയോ ആകും.

എന്റെ അവസ്ഥ ഇപ്പോൾ പരിതാപകരമാണ്. ഇതുപോലെ എന്തെങ്കിലും ഇല്ലെങ്കിൽ പിടിച്ചുനിൽക്കുവാൻ പറ്റില്ല. ഞാൻ പിന്നൊന്നും ചിന്തിച്ചില്ല. ഞാനും അതിൽ അംഗമായി. കുടുംബശ്രീയിൽ ഞങ്ങൾ 10 പേർ ചേർന്ന് ഒരു ഗ്രൂപ്പായി രജിസ്റ്റർ ചെയ്തു. താമസിയാതെ ബാങ്കിൽ നിന്നും ലോൺ അനുവദിച്ചു. ചെയ്യേണ്ട ജോലിയുടെ ഒരു പ്രോജക്ട് അവതരിപ്പിച്ച് അംഗീകാരം വാങ്ങിയാണ് ലോൺ അനുവദിച്ചത്. റെഡിമെയ്ഡ് ഡ്രസ്സുകൾ ഉണ്ടാക്കി വീടുകൾതോറും കൊണ്ടുവന്ന് വിൽക്കുക. അതാണ് പ്രോജക്ട്.

രണ്ട് തയ്യൽമെഷീൻ വാങ്ങി. തുണി പർച്ചെയ്സ് ചെയ്തു. നാലഞ്ച് പേർക്ക് തയ്യൽ അറിയാവുന്നതുകൊണ്ട് അവർ തയ്യിക്കു. കുറേപ്പേർ തുണി വെട്ടിക്കൊടുക്കും. ഡ്രസ്സ് റെഡിയായാൽ ഞങ്ങൾ മൂന്നാലു പേർ വില്പന നടത്തുവാൻ തയ്യാറായി. എന്തായാലും അതൊരു നല്ലപരിപാടിയായി വിജയിക്കുവാൻ തുടങ്ങി. ആദ്യമൊന്നും വലിയ കച്ചവടമൊന്നും നടന്നില്ല. പക്ഷേ നാളുകൾ ചെല്ലുന്തോറും ഞങ്ങളുടെ ഉല്പന്നങ്ങൾക്ക് ഡിമാന്റായി തുടങ്ങി. ചില തുണിക്കടക്കാർ ഞങ്ങളുടെ ഉത്പന്നങ്ങൾ വാങ്ങുവാൻ തുടങ്ങി. അതു ഞങ്ങളുടെ കുടുംബശ്രീയ്ക്ക് ഒരു നല്ല തുണയായി.

അഡ്വാൻസായി അവർ തുണി തരും, നമ്മൾ തയ്യിച്ചുകൊടുത്താൽ. ബാങ്കിൽ നിന്നും എടുത്ത തുക കൃത്യമായി അടയ്ക്കുവാൻ സാധിച്ചു.

എന്റെ ഭർത്താവിന് ആദ്യമൊന്നും അത്ര ഇഷ്ടമല്ലായിരുന്നു. പക്ഷേ ഞാനത് കാര്യമാക്കിയില്ല. എനിക്കു കുട്ടികളെ വളർത്തണ്ടേ .... ? കാലചക്രം ഉരുണ്ടുകൊണ്ടേയിരുന്നു. എന്റെ മകൻ +2 കഴിഞ്ഞു. ഇളയമകൾ 8 ൽ ആയി. കുട്ടികൾ വളർന്നപ്പോൾ അവരുടെ പ്രേരണയിൽ ചന്ദ്രേട്ടന്റെ മനസ്സ് മാറുവാൻ തുടങ്ങി. കുടി വല്ലപ്പോഴുമായി കുറയുവാൻ തുടങ്ങി. വീട്ടിൽ വഴക്ക് കുറഞ്ഞ് തുടങ്ങി. എന്തെങ്കിലുമൊക്കെ വീട്ടിൽ കൊണ്ടുവരുവാൻ തുടങ്ങി. മോൻ ഡിഗ്രിക്കായി. മകൾ +1 നും. എല്ലാം കണ്ണടച്ചുതുറക്കും മുമ്പേ ശരിയായിക്കൊണ്ടിരിക്കുകയാണെന്നൊരു തോന്നൽ, തോന്നലല്ല, ശരിയാണ്. വീട്ടിൽ ഐശ്വര്യം കളിയാടാൻ തുടങ്ങിയ ലക്ഷണം. ചേട്ടൻ കുടി നിർത്തി. ചെയ്ത തെറ്റിന് എന്നോട് മാപ്പ് ചോദിച്ചു. കഥകളെല്ലാം മാറിതുടങ്ങി.

കുടുംബശ്രീ പ്രവർത്തനം കൊണ്ട് എന്റെ ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി. ചേട്ടനും സന്തോഷമായി. കുടുംബശ്രീ കൊണ്ടുള്ള വരുമാനവും ചേട്ടന്റെ വരുമാനവും കൊണ്ട് ഇന്ന് എന്റെ വീട് ഐശ്വര്യപൂർണ്ണമായി. എന്റെ ജീവിതത്തിന്റെ കഥ മാറിക്കൊണ്ടിരിക്കുന്നു. കുടുംബശ്രീക്ക് നന്ദി.

രമ സി.ഡി.എസ്.

## അഗ്നിപരീക്ഷണങ്ങൾ

ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് വളർന്ന ഞാൻ, വിവാഹത്തിനുശേഷം ആലപ്പുഴ നഗരസഭയിലെ എ.എൻ പുരം വാർഡിൽ കുടുംബസമേതം താമസിച്ചുവരുന്നു. എന്റെ ഭർത്താവിന് തൊഴിൽ പടക്കനിർമ്മാണമായിരുന്നു. രണ്ട് പെൺകുട്ടികളും, അമ്മയും അടങ്ങുന്നതായിരുന്നു എന്റെ കുടുബം. ആറ് വർഷം മുമ്പ് എന്റെ ഭർത്താവിന് നെഞ്ചുവേദന ഉണ്ടാകുകയും, അതിനെതുടർന്ന് പണിക്കുപോകുവാന് സാധിക്കാതെ ചികിത്സയിൽ കഴിയുകയും ചെയ്തു. പെട്ടെന്ന് അമ്മയ്ക്കും ഒരു അപകടം ഉണ്ടായി. രണ്ട് രോഗികളും പഠിക്കുന്ന മക്കളും, ജീവിതപ്രാരാബ്ധങ്ങളുമായി ഞാൻ പകച്ചു നിന്നു. അമ്മ ക്ലീൻ കേരള യൂണിറ്റിൽ വർക്ക്ചെയ്തു കൊണ്ടിരിക്കുയായിരുന്നു. അമ്മയ്ക്ക് പകരം ആ തൊഴിലിൽ ഞാൻ വർക്ക് ചെയ്യുവാൻ തുടങ്ങി. ഇതിനിടയിൽ ഭർത്താവ് മരണപ്പെട്ടു. പറഞ്ഞറിയിക്കുവാൻ പറ്റാത്ത അവസ്ഥയായിരുന്നു എനിക്ക്. ഞാൻ അച്ഛനും അമ്മയ്ക്കും ഒറ്റ മകളായിരുന്നു. വേദനകൾ പങ്കുവെയ്ക്കുവാൻ സഹോദരങ്ങൾപോലും ഇല്ലാത്ത അവസ്ഥ. എന്റെ കുടുംബയൂണിറ്റിലെ (ക്ലീൻ കേരള) അംഗങ്ങൾ, എനിക്ക് സഹോദരങ്ങളേക്കാൾ ഉപരിയായി മറ്റാരൊക്കെയോ ആയിതീർന്നു. എല്ലാ ദുഃഖങ്ങളിലും സന്തോഷങ്ങളിലും അവർ പങ്കുചേർന്നു. കുട്ടികളെ പഠിപ്പിക്കുവാൻ കഴിഞ്ഞു. മൂത്തവൾ പ്രീഡിഗ്രി വരെ പഠിച്ചതിനുശേഷം തയ്യൽ പഠിച്ചു. ഇപ്പോൾ വിവാഹിതയാണ്. ഇളയവൾ ഇപ്പോൾ എം.ബി.ബി.എസ്സിന് പഠിക്കുന്നു. അതിൽ അത്യധികം സന്തോഷമുണ്ട്. അച്ഛന്റെ ആഗ്രഹം എന്റെ മകൾ നിറവേറ്റി. പക്ഷേ അത് കാണാൻ അദ്ദേഹം ഇല്ലാതായി.

ഇന്ന് ഞാൻ കുടുംബശ്രീയിലൂടെ സമൂഹത്തിലേയ്ക്ക് ഇറങ്ങിവന്നതാണ് എന്റെ കുടുംബത്തിന് ഉണ്ടായ മാറ്റത്തിന് കാരണം. ജീവിതത്തിൽ പകച്ചുനിന്നിരുന്ന അവസ്ഥയിൽ എന്നെ കൈപിടിച്ച് ഉയർത്തിയത് എന്റെ കുടുംബശ്രീ ആണ്.

എ.എൻ.പുരം എ.ഡി.എസ്.

## സൗഹൃദം

അത്തിമരത്തണലത്തിരുന്നു ഞാൻ
എത്തിപിടിച്ചതാണീ സൗഹൃദം
ഒത്തിരിയൊത്തിരി ചിന്തിച്ചെടുത്തു ഞാൻ
ഇത്തിരി നേരത്തിൽ മെനഞ്ഞൊരീകൂട്ടിൽ നിന്ന്

ഉള്ളുതുറന്നുപറഞ്ഞു പലപ്പോഴും
ഉള്ളിന്റെയുള്ളിലെ തീനാളങ്ങൾ
മുള്ളുവേലികൾ തെല്ലുമേ ഇല്ലാത്ത
നല്ലാണ്ടിതൊന്നു പണിതുയർത്തി

ഞെട്ടറ്റുവീണൊരാ സ്നേഹബന്ധങ്ങളെ
ആശതൻ നൂലിനാൽ തുന്നിക്കൊരുത്തിട്ടു
ഗാന്ധിയും മാർക്സും നെഞ്ചോടുചേർത്തവർ
നാടിൻ കുതിപ്പായി പ്രിയദർശിനിമാർ

വാനോളം എത്തി വിൺതാരമായവർ
വെനീസിന്റെ മണ്ണിനെ തൊട്ടുണർത്തി
നൂറുമൊരായിരം ലക്ഷവുമൊന്നിച്ച
നേരിന്റെ അമൃതാമീ കുടുംബശ്രീ.

ജ്യോതി സന്തോഷ് (കളർകോട് എ.ഡി.എസ്.)

## പുനർജന്മം

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിലെ അംഗമാണ് ഞാൻ. കുടുംബശ്രീയിൽ ചേരുന്ന സമയത്ത് എനിക്ക് ത്രിഫ്റ്റ് തുകയായ 15 രൂപ എല്ലാ ആഴ്ചയിലും അടയ്ക്കാൻ നിവൃത്തിയില്ലായിരുന്നു. കാരണം ഞാൻ ഒരു വീട്ടിലെ അടുക്കളപ്പണി ചെയ്താണ് കുടുംബം പോറ്റിയിരുന്നത്. ഞാനും ഭർത്താവും രണ്ട് പെൺമക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. കുട്ടികൾ രണ്ടും പത്താം ക്ലാസ്സ് വരെ മാത്രമേ പഠിച്ചിട്ടുള്ളൂ. ഭർത്താവ് വല്ലപ്പോഴും കൂലിപ്പണി ചെയ്തുകിട്ടുന്ന കാശ് മുഴുവനും മദ്യപിച്ചു നശിപ്പിക്കുന്ന ഒരാളായിരുന്നു. കുടുംബശ്രീയിൽ ചേർന്ന് ആറ് മാസം കഴിഞ്ഞപ്പോൾ 500 രൂപ വായ്പ എടുത്ത് 5 കോഴികളെ വാങ്ങി വളർത്തുവാൻ തുടങ്ങി. അതിൽ നിന്നും വളരെ കൂടുതൽ ആദായം കിട്ടി. ഈ തുക സ്വരൂപിച്ച് വച്ചും വീണ്ടും ഗ്രൂപ്പിൽ നിന്ന് ലോൺ എടുത്തും ഒരു പശുകുട്ടിയെ വാങ്ങി. അതും എനിക്ക് വളരെ പ്രയോജനം ചെയ്തു. എല്ലാ ആഴ്ചയിലും കൃത്യമായി ലോൺ തിരിച്ചടവ് നടത്തുന്നതുകൊണ്ട് എത്ര രൂപ ലോൺ വേണമെങ്കിലും മിതമായ പലിശയ്ക്ക് എനിക്ക് ഗ്രൂപ്പിൽ നിന്നും ലഭിച്ചിരുന്നു. എന്റെ മൂത്തമകളുടെ വിവാഹമായപ്പോൾ അവൾക്ക് വേണ്ട അൽപസ്വല്പ ആഭരണങ്ങളും ഞാൻ വാങ്ങി വച്ചിരുന്നു. വിവാഹത്തിന് ആവശ്യമായ പലചരക്ക് സാധനങ്ങൾ വാങ്ങുന്നതിന് ഗ്രൂപ്പ് ലോൺ തന്നു. മകളുടെ വിവാഹം ഭംഗിയായി നടത്തുവാൻ സാധിച്ചു. ഇത്രയും സഹായങ്ങൾ കുടുംബശ്രീയിൽ നിന്നും ലഭിച്ചപ്പോൾ ഭർത്താവിന്റെ മദ്യപാനത്തിനും അല്പം അയവ് തുടങ്ങി. എന്റെ രണ്ടാമത്തെ മകളുടെ വിവാഹവും ഭംഗിയായി നടത്തുവാൻ സാധിച്ചു. ഇപ്പോൾ വളരെ സമാധാനത്തോടെയുള്ള ജീവിതമാണ് എനിക്ക്. കുടുംബശ്രീ എന്നും കൂടെയുള്ളവരെ സഹായിക്കുവാൻ കഴിവുള്ളതാണെന്ന് എന്റെ അനുഭവത്തിൽ നിന്നും ഞാൻ മനസ്സിലാക്കി. അതുകൊണ്ട് ഈ കുടുംബശ്രീ ഉള്ളിടത്തോളംകാലം ഞാൻ അതിൽ പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകുന്നു. എന്റെ പേര് വെളിപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

സി.ഡി.എസ്. തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

## വഴിത്തിരിവ്

ഞാൻ കണ്ണൂർ ജില്ലയിലാണ് ജനിച്ചതും വളർന്നതും എന്റെ വിദ്യാഭ്യാസം നടന്നതും. വീട്ടിൽ എനിക്ക് എല്ലാവിധ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. അവിടെ ഞാൻ പൊതുരംഗത്ത് പ്രവർത്തിച്ചിരുന്നു. എന്റെ വിവാഹം നടന്നത് ആലപ്പുഴ ജില്ലയിലെ നെടുമുടി എന്ന ഗ്രാമത്തിലുള്ള വളരെ പുരാതനവും പ്രസിദ്ധവുമായ ആഢ്യകുടുംബത്തിലാണ്. ഇവിടെയുള്ള ആളുകളുടെ ജീവിതരീതി എന്നെ വളരെ അത്ഭുതപ്പെടുത്തി. ഞാൻ ജനിച്ചുവളർന്ന സാഹചര്യത്തിൽ നിന്നും വളരെ വ്യത്യസ്തമയ ജാതിചിന്തയും മറ്റുള്ളവരോടുള്ള അസഹിഷ്ണുതയുമായിരുന്നു കാരണങ്ങൾ. ആറ് വർഷത്തോളം എനിക്ക് അയൽക്കാരെപ്പോലും അറിയില്ലായിരുന്നു. സ്വന്തമായി പത്ത് രൂപ എടുക്കുന്നതിന് ഞാൻ വളരെയധികം വിഷമിച്ചിട്ടുണ്ട്. ഭർത്താവിന്റെ കയ്യിൽ നിന്ന് എന്തെങ്കിലും ആവശ്യത്തിന് കാശ് തരില്ലായിരുന്നു. ആരെങ്കിലും കല്ല്യാണത്തിനോ മറ്റ് ചടങ്ങുകൾക്കോ വിളിച്ചാൽ എനിക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. അയൽവക്കത്തുള്ള സഹോദരിമാർ പാടത്ത് പണിക്കു പോകുന്നവരാണ്. അവർ ജോലി ചെയ്തുകൊണ്ടുവരുന്ന കാശ് കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിനും മറ്റ് കാര്യങ്ങൾക്കും ഉപയോഗിക്കുന്നത് കാണുമ്പോൾ

വളരെയധികം വിഷമിക്കുമായിരുന്നു. കൂലിപ്പണിക്ക് പോകുവാൻ മറ്റുന്ന സാമൂഹിക സാഹചര്യമായിരുന്നില്ല ഞങ്ങളുടെ വീട്ടിലേത്.

2000ൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ സ്വയംസഹായസംഘം രൂപീകരിച്ചപ്പോൾ അയൽക്കൂട്ടം സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. അതോടെ അയൽപക്കത്തുള്ളവരെ അറിയാൻ തുടങ്ങി. 2002 ൽ നെടുമുടി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ രൂപീകരിച്ചപ്പോൾ വാർഡുതല എ.ഡി.എസ്. സെക്രട്ടറിയായും സി.ഡി.എസ്. അംഗമായും പ്രവർത്തിക്കുവാൻ തുടങ്ങി. അത് എന്റെ ജീവിതത്തിലെ ഒരു വഴിത്തരിവായിരുന്നു. അടുക്കളിയിൽ മാത്രം ഒതുങ്ങിയിരുന്ന ഞാൻ എന്റെ വാർഡിലെ എല്ലാ ജനങ്ങളുമായും സഹകരിക്കുവാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടാനും തുടങ്ങി. വാർഡ് മെമ്പർ ചെയ്യേണ്ട പലകാര്യങ്ങൾക്കും ജനങ്ങൾ എന്റെ അടുത്ത് വരുന്ന അവസ്ഥയുണ്ടായി. ഇന്ന് ഏത് ആൾക്കൂട്ടത്തിൽ നിന്നാലും തിരിച്ചറിയപ്പെടുന്നു. കേരളത്തിന്റെ ഏത് ഭാഗത്തും ഒറ്റയ്ക്ക് യാത്ര ചെയ്യാനുള്ള തന്റേടം ഉണ്ടായെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നത്. ഞങ്ങളുടെ എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ ആർ.പി.യായി പ്രവർത്തിക്കുവാൻ സാധിച്ചു. വിവിധ ജില്ലകളിലുള്ള സഹോദരിമാരെ പരിചയപ്പെടുവാൻ സാധിച്ചു. എനിക്കുണ്ടായിട്ടുള്ള ഒരനുഭവം ഞാൻ സി.ഡി.എസ്. ചെയർപേഴ്സണായി ചാർജ്ജ് എടുത്തയുടൻതന്നെ സി.ഡി.എസ്സിൽ ഒരു പരാതി കിട്ടി. ഒരു അയൽക്കൂട്ടത്തിലെ അംഗമാണ് പരാതി തന്നത്. ആ അയൽക്കൂട്ടത്തിലെ സെക്രട്ടറിക്ക് ആ അംഗം അയൽക്കൂട്ടത്തിൽ തുടരുന്നത് ഇഷ്ടമായിരുന്നില്ല. എല്ലാ യോഗങ്ങളിലും രണ്ടുപേരും തമ്മിൽ പ്രശ്നമാണ്. ഈ അംഗം സെക്രട്ടറിയെ ചീത്തവിളിക്കുമെന്നുള്ളതാണ് പ്രധാന പ്രശ്നം. പരാതി സി.ഡി.എസ്സിൽ അറിയിച്ചതനുസരിച്ച് പ്രസിഡന്റിനെ അറിയിക്കുകയും, ആ വാർഡിലെ മെമ്പർമാരുമായി പ്രസ്തുത അയൽക്കൂട്ടത്തിൽ പോകുവാൻ പ്രസിഡന്റ് നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് ഞാനും വാർഡ് മെമ്പറും ഒരു സി.ഡി.എസ്. അംഗവും കൂടി അയൽക്കൂട്ടത്തിൽ ചെല്ലുകയും കാര്യങ്ങൾ വിശദമായി ചോദിച്ചറിയുകയും ചെയ്തു. രണ്ടുപേരെയും വിളിച്ച് കാര്യങ്ങൾ മനസ്സിലാക്കി. പല ആളുകളും പരിഹരിക്കാൻ ശ്രമിച്ചിട്ടും തീരാത്ത പ്രശ്നമായിരുന്നു അയൽക്കൂട്ടത്തിൽ ഉണ്ടായിരുന്നത്. അതിൽപിന്നീട് ആ ഗ്രൂപ്പിൽ യാതൊരുവിധ വിഷയങ്ങളുമില്ലാതെ എല്ലാവരും ഒത്തൊരുമയോടെ പോകുന്നതായി അറിയാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ഞാൻ ആ ഗ്രൂപ്പിലുള്ള അംഗങ്ങളെ കാണുമ്പോൾ കാര്യങ്ങൾ അന്വേഷിക്കാറുണ്ട്.

കുടുംബശ്രീയിൽ അംഗമായതിനുശേഷം നാടിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാകുവാനും തൊഴിലുറപ്പുപദ്ധതിയിൽ മേറ്റാവാനും ആരോഗ്യരംഗത്ത് പ്രവർത്തിക്കുകവഴി ആശാപ്രവർത്തകയാകാനും സി.ഡി.എസ്. ചെയർപേഴ്സൺ സ്ഥാനത്ത് വരാനും സാധിച്ചതിൽ കുടുംബശ്രീക്ക് ഏറ്റവും വലിയ പങ്കുണ്ട്. ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്ത് കുടുംബശ്രീ പ്രസ്ഥാനം നിലവിൽ വന്നില്ലായിരുന്നുവെങ്കിൽ ഞാൻ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമോ എന്നുപോലും സംശയമാണ്. കുടുംബശ്രീ എന്നെ വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും, സമൂഹത്തിലും സ്വന്തമായ ഒരു വ്യക്തിത്വം ഉണ്ടാക്കുന്നതിൽ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഇത് കുടുംബശ്രീയുടെ മാത്രം അവകാശമാണ്. അതിനാൽ കുടുംബശ്രീയെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കാൻ ശ്രമിക്കും.

ജയശ്രീ നെടുമുടി സി.ഡി.എസ്. ചെയർപേഴ്സൺ

# തിരികെ കിട്ടിയ ജീവിതം

എന്റെ പേര് പ്രസന്നകുമാരി. ഞാൻ ഭരണിക്കാവ് പഞ്ചായത്തിൽ തെക്കേമങ്കുഴിയിൽ 18–ാം വാർഡിൽ താമസിക്കുന്നു. 9 വർഷമായി ഞാൻ കുടുംബശ്രീയിൽ പ്രവർത്തിക്കുന്നു. 6 വർഷമായി കുടുംബശ്രീ സെക്രട്ടറിയാണ്. ഇപ്പോൾ ഞാൻ എ.ഡി.എസ്. സെക്രട്ടറിയും ആണ്. കുടുംബശ്രീ എന്ന പ്രസ്ഥാനം എനിക്ക് ധൈര്യവും, ആത്മവിശ്വാസവും മാത്രമല്ല എന്റെ ജീവിതം പോലും തിരിച്ചുതന്നു.

ഞാനും ഭർത്താവും 2 കുട്ടികളും കൂടി സുഖമായി വലിയ ബുദ്ധിമുട്ടില്ലാതെ കഴിയുകയായിരുന്നു. എന്നാൽ പെട്ടെന്നൊരുദിവസം എല്ലാ സന്തോഷവും തല്ലിക്കെടുത്തിക്കൊണ്ട് ആ ദിവസം വന്നു. ഇപ്പോൾ അതെപ്പറ്റി ഓർക്കാൻ പോലും പേടിയാണ്.

ഒരു ഞായറാഴ്ച ദിവസം വൈകിട്ട് 3.30 ന് ഞാൻ കുടുംബശ്രീയോഗം കൂടാൻ പോയി. 5.10 ആയപ്പോൾ യോഗം പിരിഞ്ഞു. അന്ന് കുടുംബശ്രീയിലെ പിരിഞ്ഞുകിട്ടിയ തുകയും, വായ്പാ തിരിച്ചടവും എല്ലാം കൂടി 6000 രൂപയോളം ഉണ്ടായിരുന്നു. ആ തുക കുടുംബശ്രീ അംഗത്തിനെ ഏൽപ്പിച്ചുവെങ്കിലും സുഖമില്ലാത്തതിനാൽ എന്നെതന്നെ ബാങ്കിൽ അടയ്ക്കുവാൻ ഏൽപ്പിച്ചു. ഞാൻ വീട്ടിൽ വന്നപ്പോൾ എന്റെ ഭർത്താവ് തലേദിവസം വാങ്ങിയ വെള്ളഷർട്ട് ഇട്ട് ഒരുങ്ങിനിൽക്കുന്നു. എവിടെ പോകുന്നുവെന്ന് ചോദിച്ചപ്പോൾ വെറുതെ പുതിയ ഷർട്ട് ഇട്ടുനോക്കിയിതാണെന്ന് പറഞ്ഞു. മക്കൾ അച്ഛനെ കളിയാക്കി പറഞ്ഞു അച്ഛൻ സുന്ദരനായി എന്ന്. തമാശയും മറ്റുകാര്യങ്ങൾ പറഞ്ഞും ഞങ്ങൾ ഏറെ സന്തോഷത്തോടെ സംസാരിച്ചിരുന്നു. പെട്ടെന്ന് അദ്ദേഹം താഴെവീണു. ഞാനും മക്കളും ആകെ പേടിച്ച് നിലവിളിച്ചു. തെട്ട് അടുത്തുള്ളവർ ഓടിക്കൂടി. ബോധമില്ലാതെ വിയർത്തുകുളിച്ചു കിടക്കുന്ന എന്റെ ഭർത്താവിനെ കുലുക്കിവിളിച്ച് ഞാനും മക്കളും ബഹളമുണ്ടാക്കി. കരഞ്ഞുകൊണ്ട് മോനോട് പറഞ്ഞു വണ്ടിവിളിക്കാൻ. ആരൊക്കെയോ എവിടെയൊക്കെയോ പോയി വണ്ടി വിളിച്ചുവെങ്കിലും കിട്ടിയില്ല. പെട്ടെന്ന് മോൻ വാർഡ് മെമ്പറായ ശശിധരൻ നായരെ വിളിച്ചു വിവരം പറഞ്ഞപ്പോൾ അദ്ദേഹം കൂട്ടുകാരനേയും വിളിച്ച് കാറുമായി വന്നു. പക്ഷേ പൈസ ഇല്ലാത്ത കാര്യം അപ്പോഴാണ് ഓർമ്മ വന്നത്. അദ്ദേഹത്തിന്റെ പോക്കറ്റിലുള്ളത് വെറും 76 രൂപ മാത്രം. ഞാനാകെ തകർന്നു. പിന്നെ ഞാനൊന്നും ചിന്തിച്ചില്ല, കുടുംബശ്രീയിലെ തുക എടുത്തുകൊണ്ട് അദ്ദേഹവുമായി വി.എസ്.എം. ഹോസ്പിറ്റലിലേക്ക് പോയി. ഡോക്ടർ പരിശോധിച്ചിട്ടു പറഞ്ഞു, 24 മണിക്കൂർ കഴിയാതെ ഒന്നും പറയാൻ പറ്റില്ല. 520 രൂപയുടെ ഒരു ഇഞ്ചക്ഷൻ ഉടൻ എടുക്കണമെന്ന് ഡോക്ടർ പറഞ്ഞു. വാർഡ് മെമ്പർ പെട്ടെന്ന് വന്നതുകൊണ്ട് അദ്ദേഹത്തിന്റെ കൈയ്യിലും പണമില്ലായിരുന്നു. ഞാൻ പറഞ്ഞു, എന്റെ കൈയ്യിൽ കുടുംബശ്രീയുടെ രൂപ ഉണ്ട് എന്ന്. അത് സാരമില്ല ആദ്യം ജീവൻ രക്ഷിക്ക് ബാക്കി കാര്യം പിന്നീടാവാം എന്ന് അദ്ദേഹവും പറഞ്ഞു. തുകയടച്ച് ഇഞ്ചക്ഷൻ എടുത്ത് ഐ.സി.യു.വിൽ കയറ്റി. മരണത്തോട് മല്ലിടുന്ന എന്റെ ഭർത്താവിനുവേണ്ടി ഞാൻ ഉള്ളുരുകി ദൈവത്തെ വിളിച്ചു. 2 ദിവസമായിട്ടും കണ്ണുപോലും അദ്ദേഹം തുറന്നില്ല. എല്ലാ പ്രതീക്ഷയും കൈവിട്ടു. എന്റെ കുടുംബശ്രീക്കാരും, നാട്ടുകാരും, പഞ്ചായത്ത് പ്രതിനിധികളും എല്ലാം ആശുപത്രിയിൽ വന്ന് എന്നെ ആശ്വസിപ്പിച്ചു. പക്ഷേ വിശ്വാസം നഷ്ടപ്പെടുന്നതുപോലെ എനിക്ക് തോന്നി. കാരണം എല്ലാവരും എന്നെ അറിയിക്കാതെ പരസ്പരം രഹസ്യമായി പറയുന്നു. ഞാൻ ചിന്തിച്ചു, എന്റെ കുഞ്ഞുങ്ങൾ, അവരെയും കൊണ്ട് ഞാൻ എന്തുചെയ്യും. ശരീരം തളരുന്നതുപോലെ തോന്നി. അപ്പോഴറിയുന്നു, ഓപ്പറേഷൻ നടത്തണം, വേറെ ഹോസ്പിറ്റലിൽ എത്തിക്കണം. ഓപ്പറേഷന് രണ്ടുലക്ഷം രൂപയോളം വേണം. ഞാനാകെ തകർന്നു. ആരൊക്കെയോ എന്നോട് വിവരം പറഞ്ഞു. പക്ഷേ ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു. എന്റെ ചേട്ടനെ എങ്ങനെയെങ്കിലും

രക്ഷിക്കണം. പിന്നെ ഞാനൊന്നും അറിഞ്ഞില്ല. മെമ്പർ മുൻകൈ എടുത്ത് ഓപ്പറേഷൻ നടന്നു. ഇന്ന് അദ്ദേഹം പൂർണ്ണ ആരോഗ്യത്തോടെ ഇരിക്കുന്നു. സന്തോഷത്തോടെ ഞങ്ങൾ കഴിയുന്നു. കുടുംബശ്രീയിലെ ആ രൂപ അന്ന് എന്റെ ഇല്ലായിരുന്നുവെങ്കിൽ ആദ്യം എടുക്കേണ്ട ആ ഇഞ്ചക്ഷൻ എടുക്കാൻ കഴിയുമായിരുന്നില്ല. ആ പൈസയാണ് എന്റെ ജീവിതം എനിക്ക് തിരികെ തന്നത്. ആ തുക അദ്ദേഹം സുഖമായി എത്തിയതിനുശേഷം കുടുംബശ്രീ പ്രസിഡന്റിനെ ഏൽപ്പിക്കുകയും ചെയ്തു. എന്റെ ബന്ധുക്കളേക്കാൾ എന്നെ സഹായിച്ച കുടുംബശ്രീ പ്രസ്ഥാനത്തോട് ഞാനും എന്റെ കുടുംബവും മരിക്കുംവരെ കടപ്പെട്ടിരിക്കുന്നു. കുടുംശ്രീയ്ക്ക് ആയിരമായിരം നന്ദി.

ഇപ്പോൾ ഏത് കാര്യം സാധിക്കുന്നതിനും മറ്റും, ഏത് ഓഫീസുകളിൽ പോകുന്നതിനും എനിക്ക് ധൈര്യം തന്നത്, കണക്കുകൾ കൈകാര്യം ചെയ്യാനും, ബാങ്കിൽ പോകാനും ഒക്കെ എനിക്ക് ധൈര്യം തരുന്നതും എന്റെ കുടുംബശ്രീയിലെ പ്രവർത്തനത്തിലൂടെയാണ്. ഈ പ്രസ്ഥാനത്തെ ഞാൻ സ്നേഹിക്കുന്നു. ആദരിക്കുന്നു.

പ്രസന്നകുമാരി
എ.സി.ഡി.എസ്. സെക്രട്ടറി – വാർഡ് 18

## പുനർജ്ജനി

സ്ഥിരബുദ്ധിയില്ലാത്തതും ചിന്തിച്ചു പ്രവർത്തിക്കുവാൻ കഴിയാത്തതും, വളരെയേറെ ദാരിദ്ര്യം അനുഭവിക്കുകയും, സമ്പന്നരുടെ വീടുകളിൽ പുറംപണികൾ ചെയ്യിക്കുകയും, പ്രതിഫലമായി കൊടുക്കുന്ന 10 രൂപയും, അവരുടെ വീടുകളിൽ ബാക്കിവരുന്ന ഭക്ഷണങ്ങൾ ഈ സ്ത്രീക്ക് നൽകുകയും അവരത് ആഴ്ചകളോളം വച്ച് കഴിക്കുകയും ചെയ്തുവന്നിരുന്നു. കുളിക്കുകയോ നല്ല വസ്ത്രങ്ങൾ ധരിച്ചു നടക്കാൻ പേടിയുള്ളതുകാരണം സമൂഹത്തിൽ പ്രായഭേദമില്ലാതെ നടക്കുന്ന സ്ത്രീ പീഢനങ്ങൾ തന്നെയാണ്, സാമൂഹ്യദ്രോഹികൾ ഈ സ്ത്രീയേയും ശല്യപ്പെടുത്താത്തത് അഗതി ആശ്രയ പദ്ധതിയിൽ അംഗമായതിനാലാണ്. പലരും ശ്രദ്ധിക്കാതെയും അറപ്പോടെയും വെറുപ്പോടെയും കണ്ടിരുന്ന ഈ സ്ത്രീക്ക് താങ്ങും തണലുമേകാൻ ഒരു കുടുംബശ്രീ പ്രവർത്തക എന്ന നിലയിൽ എനിക്ക് സാധിച്ചു. ആരോ ഇഷ്ടദാനമായി കൊടുത്ത സ്ഥലത്തും ഒരു കൂരയ്ക്കുള്ളിലായിരുന്നു ഇവരുടെ ജീവിതം. ഇവരുടെ വീടും പരിസരവും വൃത്തിയാക്കികൊടുക്കുകയും, കുളിക്കാനും നന്നായി വസ്ത്രം ധരിക്കുവാനും സമുഹത്തെ പേടിക്കാതെ ജീവിക്കുവാനും ആത്മവിശ്വാസം പകർന്നുകൊടുക്കുവാനും സാധിച്ചു. മാസങ്ങൾ കടന്നുപോയി. ഒരു ദിവസം ഒരാൾ എന്നോടുവന്നു പറഞ്ഞു ശോഭയ്ക്ക് സുഖമില്ലാതെ കിടക്കുകയാണ്. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. നേരിയ ഒരു ശ്വാസത്തോടെ മലമൂത്രവിസർജ്യത്തിൽ കിടക്കുന്ന ശോഭയെ. പെട്ടെന്നുതന്നെ താങ്ങിയെടുത്ത് വൃത്തിയാക്കുകയും,മെമ്പറുടെ സഹായത്തോടെ ക്രിസ്ത്യൻ സോഷ്യൽ സർവ്വീസിൽ വർക്ക് ചെയ്യുന്ന ഷാജി എന്ന വ്യക്തിയെ വിവരമറിയിച്ചതനുസരിച്ച് വണ്ടിയുമായി വരികയും ഞങ്ങൾ കഫർണ്യ എന്ന അഗതിമന്ദിരത്തിലെത്തിക്കുകയും അവർ ഈ സ്ത്രീയെ ഏറ്റെടുത്ത് ചികിത്സകൾ നൽകി ജീവൻ രക്ഷിച്ചു. ഇടയ്ക്ക് ഒരുനാൾ ശോഭയെ കാണാൻ ചെല്ലുമ്പോൾ പച്ചപ്പുൽ പരവതാനി വിരിച്ച മുറ്റത്ത് പലപ്രായത്തിലുള്ള ഒരു കൂട്ടം ശോഭമാരെ എനിക്ക് അവിടെ കാണാൻ കഴിഞ്ഞു. അവരുടെ കൂട്ടത്തിൽ മരണം ഉറപ്പായെന്ന് കരുതികൊണ്ടുചെന്ന ശോഭ തന്നെ കാണാൻ എത്തിയവരെപ്പോലും മറന്നു ചിരിച്ചുല്ലസിച്ചു, പൂർണ്ണ ആരോഗ്യവതിയായി ഒരു കുഞ്ഞിനെപ്പോലെ നടന്നു കയറുന്നതും നോക്കിനിന്ന എന്റെ മനസ്സിൽ ഒരായിരം

ദൈവങ്ങളെ തൊഴുതാലും കിട്ടാത്ത ആത്മസംതൃപ്തിയുമായി പുനർജ്ജനിയായ ശോഭയുടെ ഒരുപിടി ഓർമ്മയോടെ ഞാൻ തിരികെ നടന്നു. ആർക്കും വേണ്ടാത്തതും ആരുമില്ലത്തതുമായ ശോഭയുടെ കഥ ഇനിയും ഒരായിരം ശോഭമാരെ സംരക്ഷിക്കുവാനുള്ള സന്മനസ്സും തന്റേടവും ഓരോ കുടുംബശ്രീ പ്രവർത്തകർമുണ്ടാകട്ടെയെന്നും ആശംസിച്ചുകൊണ്ട്

സസ്നേഹം
വിജയകുമാരി ശശിധരൻ
ജനനിഗ്രൂപ്പ്
അരൂർ

## അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

കരുവാറ്റ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ശ്രീശക്തി കുടുംബശ്രീ അംഗങ്ങൾ എഴുതുന്ന കഥാരചന. ഞങ്ങൾ ഏപ്രിൽ മാസത്തിൽ കരുവാറ്റ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഞങ്ങളുടെ പ്രദേശം എന്ന് പറയുന്നത് ഏകാന്തതയിലുള്ള ഒറ്റപ്പെട്ടതുമായതാണ്. കരുവാറ്റ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ഉൾപ്പെടുന്ന അവികസിതമേഖലയിലെ കണ്ണഞ്ചേരി പുതുവൽ ആണ്. ഞങ്ങളുടെ കുടുംബശ്രീ അംഗങ്ങളും 2 പൊതുവിഭാഗവും അടങ്ങുന്നതാണ് കുടുംബശ്രീ.

ഞങ്ങളുടെ യൂണിറ്റിലെ മുഴുവൻ അംഗങ്ങളും പാവപ്പെട്ടവരും കർഷക തൊഴിലാളികളുമാണ്. ഞങ്ങൾ വളരെയധികം കലാപരിപാടികൾ ചെയ്യുന്നവരാണ്. ഗ്രൂപ്പ് അംഗങ്ങളിൽ പലരും നാടൻപാട്ട്, വഞ്ചിപ്പാട്ട്, ഞാറുപാട്ട്, തിരുവാതിരകളി തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കുന്നവരാണ്. ഒരു ശിങ്കാരിമേളം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ കഴിഞ്ഞു എന്നുള്ളതിൽ ഞങ്ങൾക്ക് അതീവ ചാരിതാർത്ഥ്യമുണ്ട്. ഇതിലൂടെ ഞങ്ങൾക്ക് സാമ്പത്തിക ഉന്നമനം നേടുവാൻ കഴിഞ്ഞു. ഞങ്ങൾ അടുക്കളയിൽ നിന്നും പൂർണ്ണമായി അരങ്ങത്തേക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു.

അതുപോലെ തന്നെ ജീവകാരുണ്യപ്രവർത്തനങ്ങളും പരസ്പരസഹകരണത്തോടുക കൂടിയുള്ള പരിപാടികളും ചെയ്തുവരികയാണ്. ഞങ്ങളുടെ പ്രദേശം ഒറ്റപ്പെട്ട മേഖലയായിരുന്നതുകൊണ്ട് മറ്റുള്ളവരുമായി സഹകരിക്കുന്നതിന് ആദ്യകാലങ്ങളിൽ ബുദ്ധിമുട്ടായിരുന്നു. ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ ഞങ്ങൾ പങ്കാളികളായതിനാൽ എല്ലാ മേഖലകളിലുമുള്ള ആൾക്കാരുമായി സഹകരിക്കുവാനും അനുഭവങ്ങൾ പങ്കിടുവാനും ഞങ്ങൾക്ക് കഴിഞ്ഞു. ഈ അവസരം ഞങ്ങൾക്ക് ഒരുക്കിത്തന്നത് കുടുംബശ്രീയാണ്. ഞങ്ങൾക്ക് കുടുംബശ്രീ പ്രസ്ഥാനത്തോട് പറഞ്ഞറിയിക്കാൻപറ്റാത്ത നന്ദിയും കടപ്പാടുമുണ്ട്.

ശ്രീശക്തി കുടുംബശ്രീ
വാർഡ് 5
കരുവാറ്റ ഗ്രാമപഞ്ചായത്ത്

# ഒരൊപ്പിന്റെ വില

കരുവാറ്റ ഗ്രാമപഞ്ചായത്തിൽ ജനിച്ചുവളർന്ന ഒരാളാണ് ഞാൻ. എന്റെ കുടുംബം പാരമ്പര്യമായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നവരാണ്. കരുവാറ്റയിൽ 2002ൽ ആണ് കുടുംബശ്രീ രൂപീകരിക്കുന്നത്. അന്ന് ഞാൻ സാക്ഷരതായജ്ഞത്തിൽ പങ്കാളിയാകുകയും അതിന്റെ പ്രവർത്തനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് 2002 ൽ ഞാൻ താമസിക്കുന്ന വാർഡിലെ പഞ്ചായത്ത് മെമ്പറായ ശ്രീ. ബെൻസിലാൽ ഒരു ദിവസം രാവിലെ എന്റെ വീട്ടിൽ വന്ന് എന്നോട് പറയുകയാണ് വൈകുന്നേരം 3 മണിക്ക് നമ്മുടെ അയൽപ്പക്കത്തെ സ്ത്രീകളെ എല്ലാം വിളിച്ചുകൂട്ടി ഒരു കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കുന്നു. ആ യോഗത്തിൽ എത്തണമെന്ന്. ഞാൻ മൂന്ന് മണിക്കുതന്നെ അവിടെയെത്തി. അവിടെ 27 സ്ത്രീകൾ വന്നു. അവരെ ഉൾപ്പെടുത്തി ഒരു യൂണിറ്റ് രൂപീകരിച്ചു. അങ്ങനെ ഞാൻ ആ യൂണിറ്റിൽ ഒരു അംഗമായി. ഞങ്ങളുടെ യൂണിറ്റിന്റെ പേര് സ്നേഹദീപം എന്നായിരുന്നു. അന്നുമുതൽ ഇന്നുവരെ യാതൊരു മുടക്കവും കൂടാതെ ഞങ്ങൾ യൂണിറ്റ് കൂടുന്നു. എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നുമുണ്ട്. തുടർന്ന് ഞാൻ ടി യൂണിറ്റിന്റെ സെക്രട്ടറിയായും എ.ഡി.എസ്. അംഗമായും എ.ഡി.എസ്. സെക്രട്ടറിയായും സി.ഡി.എസ്. മെമ്പറായും ഒക്കെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ജനങ്ങളുടെ ഇടയിൽ എനിക്ക് പ്രത്യേക സ്ഥാനം തന്നെ കിട്ടുകയും ചെയ്തു. കുടുംബശ്രീ പ്രവർത്തനത്തിലെ എന്റെ പങ്കാളിത്തവും പ്രവർത്തനവും വിലയിരുത്തിയിട്ടാവാം 2005 ലെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കരുവാറ്റ പഞ്ചായത്തിൽ 11–ാം വാർഡിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സാരഥിയായി എന്നെ മത്സരിപ്പിക്കുകയും അന്ന് ജയിച്ചുവന്ന മെമ്പറന്മാരിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷത്തോടെ എനിക്ക് വിജയിക്കുവാനും കഴിഞ്ഞു. ഇതൊന്നും എന്റെ മികവായി ഞാൻ കരുതുന്നില്ല. എന്നെ ഞാനാക്കിയത് കുടുംബശ്രീയിലൂടെ ഉള്ള എന്റെ പ്രവർത്തനം തന്നെയാണ്. അത് വളരെ അഭിമാനത്തോടെ എനിക്ക് പറയുവാൻ കഴിയും. സ്ത്രീകൾക്ക് 50% സംവരണത്തിന് നമ്മൾ മുറവിളി കൂട്ടുമ്പോൾ ത്രിതല സാരഥികളായി സ്ത്രീകളുടെ പേര് പരിഗണിക്കാൻ ഇടയായത് തന്നെ ഈ വലിയ സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീയാണ്. അങ്ങനെ പഞ്ചായത്തിന്റെ ഉയർന്ന പദവിയായ പഞ്ചായത്ത് പ്രസിഡന്റ് പദവിയിലേയ്ക്ക് എന്നെ പരിഗണിച്ചത് തന്നെ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ കരുത്തും ശക്തിയും തന്നെയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. യോഗങ്ങളിൽ സംസാരിക്കുവാനും മൈക്ക് പിടിച്ച് സംസാരിക്കുവാനും ഒക്കെ എന്നെ പ്രാപ്തയാക്കിയത് കുടുംബശ്രീയാണ്. എനിക്ക് കിട്ടിയ ആ വലിയ പദവി കരുവാറ്റ കുടുംബശ്രീ പ്രസ്ഥാനത്തിന് ഏറ്റവും കുടുതൽ ഗുണകരങ്ങളായ പദ്ധതി ആവിഷ്ക്കരിക്കുവാനും അത് കുടുംബശ്രീ അംഗങ്ങളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുവാനും എനിക്ക് കഴിഞ്ഞു. ഇതൊക്കെ എഴുതുവാനും എന്റെ ജീവിതത്തിൽ മരണം വരെ എനിക്ക് മറക്കാൻ കഴിയാത്ത ഒരു തിക്താനുഭവം കൂടി എനിക്ക് ഉണ്ടായി. 2000ൽ കുടുംബശ്രീ സി.ഡി.എസ്. യൂണിറ്റുകൾക്ക് ബൾക്ക് ലോൺ എടുത്തുകൊടുക്കുന്നതിന് തീരുമാനിക്കുകയും ബാങ്കിൽ അതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് വലിയ സന്തോഷത്തോടെ സി.ഡി.എസ്സിന് അനുവദിക്കപ്പെട്ട ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപ അവസാനനിമിഷം നഷ്ടപ്പെട്ട ഒരനുഭവം ബോണ്ടിൽ ഒപ്പു വയ്ക്കേണ്ട സമയത്ത് ഒരു സി.ഡി.എസ്. അംഗം ഒപ്പ് വയ്ക്കില്ലായെന്ന് പറയുകയും അത് എന്തിന്റെ പേരിലായാലും അവസാന നിമിഷത്തിലെ ഒരു സ്ത്രീയുടെ ചതിയിൽ ഒരു പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ ഓണത്തോടടുത്ത സമയത്ത് ഈ പണവും പ്രതീക്ഷിച്ചിരുന്ന പാവങ്ങളായ കുടുംബശ്രീ അംഗങ്ങൾക്ക് ആ ഓണക്കാലത്ത് തോരാത്ത കണ്ണീരും വേദനയും മാത്രമേ നൽകാൻ അന്ന് എനിക്കും സി.ഡി.എസ്സിനും കഴിഞ്ഞുള്ളൂ.

എന്നാൽ ആ ഒപ്പ് വയ്ക്കാത്ത അംഗത്തെ ഒഴിച്ചു നിർത്തിക്കൊണ്ട് സി.ഡി.എസ്. കൂടി പുതിയ തീരുമാനമെടുത്ത് ജില്ലാ സഹകരണബാങ്കിന് നൽകുകയും അന്ന് കണ്ണീരോടെ എന്റെ മുന്നിൽ നിന്ന കുടുംബശ്രീ അംഗങ്ങളെ സമാധാനപ്പെടുത്തുവാനും ഞാൻ ആത്മഹത്യ ചെയ്യാതെ ആ പ്രതിസന്ധി ഘട്ടത്തിൽ എനിക്ക് ധീരമായി തീരുമാനങ്ങൾ എടുക്കുവാനും കഴിഞ്ഞത് ഈ കുടുംബശ്രീയുടെ ശക്തിയാണ് എന്ന് വിശ്വസിക്കുന്നു. അന്ന് എന്റെ മുന്നിൽ നിസ്സഹായരായി നിന്ന സി.ഡി.എസ്. ചെയർപേഴ്സണേയും ചാർജ്ജ് ഓഫീസറേയും സഹകരണ ബാങ്കിന്റെ മാനേജർ മാധുരി മാഡത്തേയും ഒക്കെ സമാധാനിപ്പിച്ച് സധൈര്യം ഞങ്ങൾ സി.ഡി.എസ്. കൂടി തീരുമാനമെടുത്ത് ജില്ലാ ബാങ്കിൽ സമർപ്പിച്ച് വീണ്ടും 30–ാമത്തെ ദിവസം ലോൺ വാങ്ങി കരുവാറ്റയിലെ കുടുംബശ്രീ അംഗങ്ങൾക്ക് കൊടുക്കുവാൻ കഴിഞ്ഞു. എന്റെ മനസ്സിന് ഏറെ വേദനയുണ്ടാക്കിയ ആ സംഭവം ഒരിക്കലും മറക്കുവാൻ കഴിയില്ല. എന്റെ ആ പ്രതിസന്ധിഘട്ടത്തിൽ എന്നെ ഏറെ സഹായിച്ചത് ജില്ലാ ബാങ്കിന്റെ ബോർഡ് കമ്മറ്റിയാണ്. ജില്ലാ ബാങ്കിന്റെ കരുവാറ്റ ശാഖയിൽ എത്തിയ ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപ തിരിച്ചയക്കാൻ എടുക്കുമ്പോൾ അന്നത്തെ മാനേജരായിരുന്ന മാധുരി മാഡത്തിൽ കണ്ണുകളിൽ നിന്ന് കണ്ണുനീരല്ല പൊഴിഞ്ഞത്, ചോരയാണ്. അതുകണ്ടുനിന്ന ചാർജ്ജ് ഓഫീസറും ചെയർപേഴ്സൺ ശോഭനയും ഞാനും ഒരുപോലെ കരഞ്ഞു. സത്യത്തിനും നീതിക്കും എന്നും വിലയുണ്ടെന്ന് എന്നെ പഠിപ്പിച്ച അനുഭവമായിരുന്നു എനിക്കത്. 30–ാമത്തെ ദിവസം ലോൺ വിതരണം ചെയ്യാൻ ഞങ്ങൾക്ക് കഴിഞ്ഞു. എന്നാൽ അന്ന് ജില്ലാമിഷന്റെ നേതൃത്വത്തിൽ ഇത് പരിഹരിക്കുവാൻ ഞങ്ങളുടെ പഞ്ചായത്തിൽ സി.ഡി.എസ്സിന്റെ പൊതുസഭ വിളിച്ചതല്ലാതെ ആരും തന്നെ ഞങ്ങളെ സഹായിക്കാൻ ജില്ലാമിഷനിൽ ഉണ്ടായിരുന്നില്ല. അപ്പോഴാണ് എനിക്ക് തോന്നിയത് ഒരു സ്ത്രീയുടെ വേദന അറിയണമെങ്കിൽ ഒരു സ്ത്രീ തന്നെ വേണം. ജില്ലാമിഷന്റെ ഉന്നത സ്ഥാനങ്ങളിൽ സ്ത്രീയായിരുന്നുവെങ്കിൽ എന്റെ വേദന ഒരുപക്ഷേ അവർക്ക് മനസ്സിലാകുമായിരുന്നു. എന്റെ അനുഭവത്തിൽ എനിക്ക് തോന്നിയത് ഒരു സ്ത്രീക്ക് എല്ലാം തകിടം മറിക്കുവാനും എല്ലാം നന്നായി കൊണ്ടുപോകുവാനും കഴിയും എന്നതാണ്. ഒരൊപ്പിന്റെ വിലയെന്തെന്ന് അന്ന് ഞാൻ പഠിച്ചു. എന്റെ സഹോദരിമാരോട് എനിക്ക് പറയുവാനുള്ളത് നേരും നെറിയും ഉണ്ടെങ്കിൽ ഈ പ്രസ്ഥാനം ഉന്നതോന്നതം ഉയരും ഞങ്ങളെപ്പോലെയുള്ള കുടുംബശ്രീ അംഗങ്ങളുടെ മനസ്സ് തുറക്കുവാൻ ഒരവസരം തന്നതിന്, ഈ പുസ്തകങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നന്മകൾ നേർന്നുകൊണ്ട് നിർത്തുന്നു.

രുഗ്മിണി രാജു
കൊല്ലംപറമ്പിൽ

## മകളുടെ വേർപാട്

അന്നൊരു ഞായറാഴ്ചയായിരുന്നു. എന്റെ വീടിന്റെ അയൽപ്പക്കത്തുള്ള തോട്ടയ്ക്കാട്ടു വീട്ടിലെ പെൺകുട്ടികളും ഷെമീനയും താഹിറയും എല്ലാകൂടി ചേർന്ന് അയൽക്കൂട്ടം രൂപീകരിക്കുന്നു എന്നു കേട്ടു. എന്താണ് ഈ അയൽക്കൂട്ടം ? എനിയ്ക്ക് അതൊന്ന് അറിഞ്ഞാൽ കൊള്ളാം എന്നു തോന്നി. ഞാൻ അവരുടെ അടുത്തെത്തി. എന്താടി മക്കളെ ഈ അയൽക്കൂട്ടം, അവര് പറയുന്നത് കേട്ടപ്പോൾ കൊള്ളാമല്ലോടി, എന്നെക്കൂടി കൂട്ടാമോ എന്ന് ചോദിച്ചു. അപ്പോൾ അവര് പറഞ്ഞു അമ്മയ്ക്ക് 65 വയസ്സില്ലേ അപ്പോ 60 വയസ്സുകഴിഞ്ഞാൽ അംഗമാക്കത്തില്ല എന്നു പറഞ്ഞു. ഞാൻ വിഷമിച്ചു നിൽക്കുമ്പോൾ എന്റെ മകൾ സുഭദ്രയ്ക്ക് ആഗ്രഹം തോന്നിയത്. അമ്മേ ഞാൻ അയൽക്കൂട്ടത്തിൽ അംഗമാകട്ടെ. ശരി മോളെ. പക്ഷേ പ്രശ്നം ഉണ്ടല്ലോ. ഞാൻ എങ്ങനെ ആമിനാടീച്ചറുടെ വീട്ടിൽ ജോലിയ്ക്ക് പോകും ? ജോലിയ്ക്ക് പോയില്ലെങ്കിൽ നമ്മൾ എങ്ങിനെ ജീവിക്കും. സാരമില്ല മോളെ. നിനക്ക് പോവാൻ പറ്റാത്തപ്പോ അമ്മ പോവാം. കാര്യങ്ങൾ അവരോടു പറയാം എന്നു പറഞ്ഞു. അങ്ങനെ എന്റെ മകൾ സുഭദ്ര ദർശന ഗ്രൂപ്പിൽ അംഗമായി. പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നോട്ടു പോവാൻ തുടങ്ങി. അംബികയുടെയും നജ്മയുടെയും എല്ലാം നേതൃത്വത്തിൽ സോപ്പുപൊടി ഉണ്ടാക്കുവാൻ തുടങ്ങി. ലക്ഷ്മിക്കുട്ടിയും, ഹസീനയുമെല്ലാം കൂടി പച്ചക്കറി ഇടുവാൻ തുടങ്ങി. റിവോൾവിംഗ് ഫണ്ട്, മാച്ചിങ്ങ് ഗ്രാന്റ്, ലോൺ തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ ഗ്രൂപ്പിനെത്തേടി എത്തി. ഹായ് .... എല്ലാവർക്കും സന്തോഷം. എല്ലാവരും സാമ്പത്തികമായും മെച്ചപ്പെട്ടു തുടങ്ങി. സത്യം പറഞ്ഞാൽ ഞാൻ ആ ഗ്രൂപ്പിൽ ചെല്ലുമ്പോൾ അതിലെ അംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയും അവരുടെ സ്നേഹവും വഴക്കും എല്ലാം ഞാൻ അനുഭവിക്കുകയായിരുന്നു. 2010 ലെ ഒരു തിങ്കളാഴ്ച ഒട്ടും വിചാരിക്കാതെ ആമിന ടീച്ചറുടെ വീട്ടിൽ നിന്നും ഒരു ഫോൺകോൾ ഞങ്ങളെ തേടിയെത്തി. എന്റെ മകൾ സുഭദ്രയ്ക്ക് സുഖമില്ല എന്നായിരുന്നു. ഞങ്ങൾ അവിടെ എത്തി. അവളെ ഹോസ്പിറ്റലിൽ എത്തിച്ചു. പക്ഷേ ദൈവം എന്നോട് കരുണ കാട്ടിയില്ല. എന്റെ മകൾ എന്നേയ്ക്കുമായി ഈ ലോകത്തോട് വിടപറഞ്ഞു. അതിൽ നല്ലവരായ എന്റെ നാട്ടുകാരും വീട്ടുകാരും എന്നെ അകമഴിഞ്ഞ് സഹായിക്കുകയും ചെയ്തു. കൂട്ടത്തിൽ പഞ്ചായത്തിൽ നിന്ന് ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം എനിയ്ക്ക് വീട് ലഭിക്കുകയും അങ്ങനെ ഒരു ചെറിയ വീടിന്റെ ഉടമസ്ഥയാവുകയും ചെയ്തു. അങ്ങനെ എന്റെ സുഖത്തിലും ദുഃഖത്തിലും എന്നോടൊപ്പം നിന്ന കുടുംബശ്രീ എന്ന പ്രസ്ഥാനം രൂപീകരിച്ച ഗവൺമെന്റിനോടുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ലോകമുള്ള കാലംവരെയും ഇതു നിലനിൽക്കട്ടെ എന്നാശംസിച്ചുകൊണ്ട് നിർത്തുന്നു.

എന്ന്
തുളസീഭായ്